കേരളീവിഹാരം

എന്ന

സമസ്തകേരള

സാഹിത്യപരിഷത്ത്

സപ്തമസമ്മേളനം

റിപ്പോർട്ട്.

K. JACOB THOMAS MEMORIAL SAHITYA PUBLIC LIBRARY
MANNARGHAT



കോഴിക്കോട് 1933 ഏപ്രിൽ.

വില 1ക. 8ണ.

കേരളീവിഹാരം

എന്ന

സമസ്തകേരള

സാഹിത്യപരിഷത്ത്

സപ്തമസമ്മേളനം

റിപ്പോർട്ട്.



കോഴിക്കോട്.

1933 ഏപ്രിൽ.

വില 1ക. 8ണ.

S. D. Printing Works, Etc., Ltd., Ernakulam.

1934.

സമസ്തകേരളസാഹിത്യപരിഷത്ത്.



സപ്തമസമ്മേളനം-കോഴിക്കോട്-1933.

അധ്യക്ഷൻ-മഹാമഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്.

അവതാരിക.

സമസ്തകേരളസാഹിത്യപരിഷത്തുവക സപ്തമസമ്മേളനത്തിന്റെ റിപ്പോർട്ട്, അല്പം താമസിച്ചിട്ടാണെങ്കിലും, ഇതാ സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു. അന്നത്തെ പ്രബന്ധങ്ങളും പ്രസംഗങ്ങളും മുഴുവൻ ഇതിൽ ചേർക്കാനോ, ചേർത്തിട്ടുള്ളവ തന്നെ കായ്പരിപാടിയനുസരിച്ചു ക്രമപ്പെടുത്തുവാനോ ഞങ്ങൾക്കു സാധിച്ചിട്ടില്ല. പ്രബന്ധങ്ങളും കവിതകളും തൽക്കർത്താക്കന്മാരിൽനിന്നു കിട്ടുന്നതിനു ഞങ്ങൾ വിചാരിച്ചിരുന്നതിലധികം കാലതാമസം വേണ്ടിവന്നു. വളരെ കാത്തിരുന്നിട്ടും കിട്ടാത്ത ചിലതു പത്രങ്ങളിൽനിന്നു തേടിപ്പിടിച്ചു ചേർക്കേണ്ടിവന്നിട്ടുണ്ട്. ഈ രണ്ടുവിധത്തിലും ഞങ്ങളുടെ കയ്യിൽ വന്നുചേരാത്ത ഒന്നുരണ്ടെണ്ണം ഇനിയും ബാക്കിയുണ്ടെന്നു ഖേദസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

റിപ്പോർട്ടു പ്രസിദ്ധീകരണം കഴിയുന്നതും വേഗത്തിലായാൽകൊള്ളാമെന്നു ഒരഭിപ്രായമുണ്ടായിരുന്നതുകൊണ്ട്, കായ്പരിപാടിയേയോ വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ചുള്ള ക്രമത്തേയോ ഗണിക്കാതെ അച്ചടി ആരംഭിക്കേണ്ടിവന്നു. എങ്ങനേയായാലും ഒന്നുരണ്ടു വിഷയങ്ങളൊഴിച്ചു ബാക്കിയെല്ലാം ഇതിൽ ചേർക്കാൻ സാധിച്ചതിൽ ഞങ്ങൾക്കു വലിയ ചാരിതാർത്ഥ്യമുണ്ട്. പ്രബന്ധകർത്താക്കന്മാർ ഹാജരില്ലാതിരുന്നതുകൊണ്ടു സമ്മേളനത്തിൽ വായിക്കാൻ തരപ്പെടാത്ത പ്രബന്ധങ്ങളും, നിർവ്വാഹകസംഘത്തിന്റെ തീരുമാനമനുസരിച്ചു്, ഈ റിപ്പോർട്ടിൽ ചേർത്തിട്ടില്ല.

പ്രസ്തുതറിപ്പോർട്ടു പ്രസിദ്ധീകരിക്കുന്നവിഷയത്തിൽ പ്രൂഫ് പരിശോധിച്ചുംമറ്റും ഞങ്ങളെ സ്നേഹപൂർവ്വം സഹായിച്ച ശ്രീമാന്മാരായ പണ്ഡിതർ പി. എസ്. അനന്തനാരായണശാസ്ത്രികൾ, പ്രൊഫെസർ പി. ശങ്കരൻനമ്പ്യാർ, വിദ്വാൻ ഏ. ഡി. ഹരിശർമ്മ എന്നീ മാന്യന്മാരോടു ഞങ്ങൾക്കുള്ള ഹൃദയപൂർവ്വമായ കൃതജ്ഞതയെ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്നു

നിർവ്വാഹകസംഘത്തിനുവേണ്ടി,

പ്രസാധകൻ

വെള്ളാട്ട കരുണാകരൻനായർ.

വിഷയവിവരം.

			പുറം
1.	മംഗളഗാനം.	ശ്രീമാൻ വി. ഉണ്ണികൃഷ്ണൻനായർ	1
2.	പ്രാർത്ഥന (കവിത)	,, കൂട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്	2
3.	സ്വാഗതപ്രസംഗം	,, പാട്ടത്തിൽ നാരായണമേനോൻ	3
4.	അദ്ധ്യക്ഷപ്രസംഗം	മഹാമഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്	6
5	പ്രദർശനോദ്ഘാടനപ്രസ്താവം	ശ്രീമാൻ ആറ്റൂർ കൃഷ്ണപ്പിഷാരടി	11
6	പ്രകൃതിയിലെ കവിത (കവിത)	,, കൂട്ടമത്തുകുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്	17
7	സാഹിതീസ്തോത്രം (കവിത)	,, യസ്. ശ്രീധരൻനമ്പൂതിരി	21
8.	ഭാഷാപോഷണോപായങ്ങൾ	,, മൂത്തിരിങ്ങോട്ട് ഭേത്രാതൻനമ്പൂതിരിപ്പാട്	24
9.	ഇന്നത്തെ ലോകം (കവിത)	,, പി. വി. കൃഷ്ണവാരിയർ	26
10.	പൂരക്കളി	,, മൂക്കോത്തു കുമാരൻ	33
11.	വൃത്തസല്ലാപം (കവിത)	,, ചങ്ങരംകോത കൃഷ്ണൻകുത്താവ്	44
12.	സാമൂതിരികോവിലകവും സാഹിത്യവും	,, ഉള്ളൂർ	50
13.	ഇന്നുഞാൻ, നാളെനീ (കവിത)	,, ജീ. ശങ്കരക്കുറുപ്പ്	85
14.	ഹാസസാഹിത്യം	,, പുത്തേഴത്തു രാമൻമേനോൻ	86
15.	ഒരു യോഗി, അഥവാ, അമ്മയും മകനും (കവിത)	,, വടക്കംകൂർ രാജരാജവർമ്മരാജാ	99
16.	ആട്ടക്കഥയുടെ പ്രത്യേക സ്വഭാവവും പരിഷ്കാരവും	,, പി. കൃഷ്ണൻനായർ	104
17.	വരുമ്പോലെ വരട്ടെ (കവിത)	,, തേലക്കാട്ട് ശങ്കരൻനമ്പീശൻ	110
18.	ഫലിതസാഹിത്യം	,, ഇ. വി. കൃഷ്ണപിള്ള	111
19.	ചേവടിത്താരിൽ നമസ്കരിക്കാം (കവിത)	,, മൂത്തിരിങ്ങോട്ട് ഭേത്രാതൻനമ്പൂതിരിപ്പാട്	119
20.	ദേവവൈദ്യന്മാർ	,, വടക്കേപ്പാട്ട് നാരായണൻനായർ	121
21.	സാഹിതീസപര്യ (കവിത)	,, കെ. യൻ. വാസുദേവൻനമ്പൂതിരി	125
22.	മലയാളഭാഷാകവിതയുടെ ആധുനികഗതി	,, കെ. സി. വീരരായൻരാജാ	128

			പുറം.
23.	സാഹിത്യനിരൂപണം	ശ്രീമാൻ ടി. കെ. രാമൻമോനാൻ	138
24.	അമ്മാനാട്ടം	,, കെ. പി. കരുപ്പൻ	141
25.	മംഗളം (കവിത)	,, പി. കുഞ്ഞിരാമൻനായർ	145

അനുബന്ധം.

I.	പ്രദർശനം	i
II.	സാമത്ഥ്യപരീക്ഷകർ	ii
III.	കായ്പരിപാടി	iii
IV.	കായ്വിചാരയോഗങ്ങൾ	v
V.	സ്വാഗതസംഘം	x
VI.	സമ്മേളനനിർവ്വഹണസംഘത്തിന്റെ യോഗനടപടിച്ചുരുക്കം	xi
VII.	കണക്കുകർ	xv

പിഴതിരുത്തൽ.

പുറം.	വരി.	അബദ്ധം.	സുബദ്ധം.
16	13	പൂവ്വനധ	പൂവ്വധന
35	6	ഐഹിക	ഐഷ്ടിക
53	18	നേരിട്ട നില്ലാത	നേരിട്ട നില്ലാര
57	9	ചക്രവത്തിനാം	ചക്രവത്തിനാ
57	11	ചക്രവത്തിഃ	ചക്രവത്തീ
58	18	ഇരുഗുവ	ഇരുഗുപ
59	27	ഗുരുവഃ	ഗുരവഃ
60	4	വിജയയം	വിജയയാ
61	10	ശ്രോത്രദേശഃ	ശ്രോത്രദേശം
61	22	മഹാസപാദ്യ	മനാസപാദ്യ
62	17	ഭ്രയിഷ്ട	ഭ്രയിഷ്ടു
62	24	സൂയ്യാലോക	സൂയ്യാലോകെ
63	15	ഡമരുദ്ദീപ്പ	ഡമരുദ്ദീപ്പ
64	22	യൌവ്വനൻ	യൌവനൻ
64	23	കാക്കശ്ശേരിതന്നെ	കാക്കശ്ശേരി തൻെറ
67	5	ഭോഭോ	ഭോഭോഃ
68	9	അഭ്യാഗതോദ്ഭ്ര	അഭ്യാഗതോസ്മി
70	15	സേവിപ്പൂ	സേവിച്ചൂ
72	7	മണിക്കോടയിൽ	മണിക്കോട്ടയിൽ
76	20	മപാദാന	മഹാദാന
77	27	നീളാ	നിളാ
79	4	അവനമശ്രീമൽ	അവനമച്ഛ്രീമൽ
79	11	മുസദ്ധാ	സമൃദ്ധാ
80	21	ഗവേഷണന്മാരുടെ	ഗവേഷകന്മാരുടെ
82	26	രാജ്ഞാ	രാജ്ഞ്യാ
88	22	കുണ്ടന്മാമൻ	കുണ്ടന്മാമൻ

പുറം.	വരി.	അബദ്ധം.	സുബദ്ധം.
91	8	ചരിത്രംസംബന്ധം	ചരിത്രസംബന്ധം
91	30	മാത്രമാണെന്ന	മാത്രമാണെന്നാകുന്ന.
91	30	കാണുന്ന.	കാണുന്ന
98	27	പതിതത്വം	പതനം
102	7	ലക്ഷ്മ	ലക്ഷ
107	16	ആഹ്ലാത	ആഹ്ലാദ
107	40	മങ്ങാതോത്തു	മങ്ങാതോത്ത്
110	15	പരിഷ്കാരസ്ഥിക്ക്	പരിഷ്കാരസ്ഥിതിക്ക്
114	29	പ്രസ്താനം	പ്രസ്ഥാനം
115	14	എന്നാണ്	എന്നറിഞ്ഞു.
115	34	ഉത്തരാദ്ധം	ഉത്തരാദ്ധം
116	14	അനുരാഗബന്ധൻ	അനുരാഗബന്ധൻ
128	5	പ ൃസാഹിത്യം	പദ്യസാഹിത്യം



മംഗളഗാനം.

("ജഗദോദ്ധാരണാ" എന്ന മട്ട്.)

ജഗദാഹ്ലാദിനി ശാരദെ വരവാണി (ജഗ)

1. ജഗദാഹ്ലാദിനി ജഡതമോഭേദിനി
കവിഹൃദയവേദിനി ശാരദെ വരവാണി (ജഗ)

2. മൃദുഗാനമാധുരീ ലഹരീ വിഹാരിണി
അവികലകലാമയി ശാരദെ വരവാണി (ജഗ)

3. കരുണാമയി, ജനി-മൃതിതാപഭഞ്ജിനി
സഹൃദയാനന്ദരഞ്ജിനി, ശാരദെ വരവാണി (ജഗ)

വി. ഉണ്ണികൃഷ്ണൻ നായർ.

പ്രാർത്ഥന.

1.

സമ്പാദ്യംസാഹിതീമാധുരി,യതിനുതകും കാവ്യസാരക്കരിമ്പിൻ
കമ്പാംവിഷ്ണുംതകർത്താ,രുചിപെരുകി രസാസ്വാദമിങ്ങേകുവാനായ്,
നിൻപാദംതന്നെ ഞങ്ങൾക്കൊരുഗതി, വിശദജ്ഞാനമായ് നീണ്ടൊരാറാ-
ക്കൊമ്പാളുംതമ്പുരാനേ! ഗജമുഖവടിവായ് നിന്ന തങ്കത്തിടമ്പേ!

2.

വീണക്കമ്പികൾമീട്ടിടുന്നസമയം വാർകുന്തളപ്പൂവൊട്ടം
വീണക്കമ്പിതഭൃംഗമാലതുടരും നാനാപശബ്ദങ്ങളെ
പ്രാണപ്രേമരസായനപ്പടി നുകർന്നീടുന്ന നിൻ കണ്ണിണ-
ക്കോണല്ലോ ശരണം ജഗത്തിനഖിലജ്ഞാനപ്രദേ! ശാരദേ!

3.

പൂവ്വംഗോകുലവശ്യമന്ത്രരവമായേ,തേതു സന്താനമാം
നീർവഷ്ടിപ്പൊരുശംഖനാദസുഖമസ്സാന്ദീപനിക്കേകിയോ,
പോർവന്നപ്പൊഴതജ്ഞനന്ന ഭഗവദ്ഗീതാഖ്യയേ,തായത-
ക്കാർവർണ്ണൻ ഭഗവാന്റെ തങ്കമുരളീനാദം മുഴങ്ങുന്നിതാ!

4.

ഭോഗത്തിന്നല്ലമർത്ത്യപ്പിറവിയിതു മഹാത്യാഗമാജ്ഞിക്കുവാ,നാ-
വാഗത്താതനെ രാമൻ, രഘുപതിചരിതംതന്നെയാണാടികാവ്യം;
ഭ്രഗർഭത്തിങ്കൽനിന്നജനകതനയപോലാരിൽനിന്നിപ്പവിത്ര-
പ്രാഗത്ഭ്യാകാവ്യമുണ്ടാ,യരുളുക കവിതാദേവതാപസേന്ദ്രൻ.

5.

ആരിബ്രഹ്മാണ്ഡവൃക്ഷത്തിനു മറയടിവേരൊന്നുനാലെന്നുകണ്ടു,
നേരിട്ടാർ കാണുകയാൽ തൽഫലപടലി പുരാണേതിഹാസദ്വയമായീ,
ശൌരിക്കും സാക്ഷിയാരാപ്രഥിതവൃഷി മഹാഭാരതഗ്രന്ഥകാരൻ
വാരിക്കോരിത്തരട്ടേ പരിചൊട്ട "പരിഷത്തി"നു സാഹിത്യധർമ്മം.

6.

തന്നെത്താൻ കണ്ടുമർത്ത്യക്കനുപമസുഖസാമ്രാജ്യപട്ടം ലഭിപ്പാൻ
തന്നുള്ളജ്ഞാനകാവ്യാവലിമണിമകുരം തീർത്തൊരത്തീർത്ഥപാദൻ,
അന്നക്കൈപ്പിള്ളിയില്ലത്തിനു തൊട്ടകറിയാ മുണ്ണിനമ്പൂതിരിപ്പാ-
ടിന്നപ്പൊൻകിണ്ടികൊണ്ടിങ്ങരുളുക "പരിഷത്തി"കുലത്തീർത്ഥതീർത്ഥം.

7.

സമ്മോദാൽക്കൈരളീദേവിയെ ലളിതപദന്യാസയെത്താളിയോല
പ്പൊന്മഞ്ചത്തിങ്കൽ വെച്ചും പ്രണയമൊടുകിളിപ്പാട്ടുപാടിച്ചുമെമ്മെ

വിണ്മച്ചിൽതന്നെലാളിപ്പൊരു കുലപതി തുഞ്ചത്തെഴുത്തച്ഛനെന്നും
ധർമ്മത്തെദ്ദേശകാലോചിതമിഹ "പരിഷത്തി"ങ്കൽവർഷിച്ചിടട്ടേ.

8.

"കൃഷ്ണാട്ടം", "രാമനാട്ടം", "കഥകളി", സരസം "തുള്ള"ലും, കാവ്യമാർഗ്ഗം
നിഷ്ണാതംകൈരളിക്കായഭിനവമരുളും "കൃഷ്ണഗാഥാ"ദിയേവം,
ഉഷ്ണാംശുച്ഛായ "ഗൈവ്വാണിയു"മഥ "തമിഴാം"വെണ്ണിലാവുംകലർത്തി
തൃഷ്ണാശാന്തിക്കുനീന്താൻവിലസിന കമലക്കൈരവപ്പൊയ്കവെൽക.

കൂട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്.

സ്വാഗത പ്രസംഗം.

വന്ദ്യന്മാരായ തിരുമനസ്സുകൊണ്ടും വിശ്രുതന്മാരായ സാഹിത്യനായകന്മാർക്കും മാന്യ മഹതീമഹാന്മാർക്കും നമസ്കാരം. സാഹിത്യപരിഷത്തിന്റെ സപ്തമസമ്മേളനത്തിനു സന്നിഹിതരായിട്ടുള്ള നിങ്ങളെ എല്ലാവരെയും സ്വാഗതസംഘം പ്രതിനിധിയുടെ നിലയിലും എന്റെ സ്വന്തനിലയിലും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുകൊള്ളുന്നു. പല സ്ഥലങ്ങളിൽനിന്നുമായി അനേകം അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചു ഇവിടെ വന്നിട്ടുള്ള നിങ്ങളെ സ്വീകരിക്കുവാനും സൽക്കരിക്കുവാനും ഞങ്ങൾ ഹൃദയപൂർവ്വം ശ്രമിച്ചിട്ടുണ്ടെങ്കിലും അതെല്ലാം വേണ്ടപോലെയായിട്ടുണ്ടെന്നു ഞങ്ങൾ കരുതുന്നില്ല. ഞങ്ങളുടെ ഏർപ്പാടുകളിൽ വല്ല വീഴ്ചകളും നേരിട്ടാൽ മഹാന്മാരായ നിങ്ങൾ അതു ക്ഷമിച്ച് കരുണാപൂരസ്സരം ഞങ്ങളെ അനുഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു. ഈ സമ്മേളനത്തിന്റെ നടത്തിപ്പിനു അത്യന്തപരിശ്രമം ചെയ്തിട്ടുള്ളവരിൽ ഏറ്റവും അല്പമായി ശ്രമിച്ചിട്ടുള്ളതു ഞാൻതന്നെയാണ്. എന്റെ ഇപ്പോഴത്തെ സ്ഥിതികൊണ്ട് എനിക്കു കായ്മായ യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഇതിൽ വന്നിട്ടുള്ള വീഴ്ചകൾക്കു മുഴുവൻ എന്നെ കുറ്റപ്പെടുത്തിയാൽ മതി. അഭിനന്ദിക്കുവാൻ വല്ലതുമുണ്ടെങ്കിൽ അതിനു എന്റെ സഹപ്രവർത്തകന്മാർ മാത്രമാണവകാശികൾ. ഇതിനുവേണ്ടി അത്യുത്സാഹം ചെയ്തിട്ടുള്ള എന്റെ സഹപ്രവർത്തകന്മാരുടെ പേരുകൾ പ്രത്യേകം പ്രത്യേകം പറയുന്നതു് ആവശ്യമാണെന്നു തോന്നുന്നില്ല. ഇത്രമാത്രമെ ഇതിനെപ്പറ്റി പറയുവാൻ ഞാൻ വിചാരിക്കുന്നുള്ളൂ.

ഇനി മാമൂൽപ്രകാരം സ്വാഗതസംഘാദ്ധ്യക്ഷൻ സമ്മേളനവിഷയത്തെപ്പറ്റി ഒരു നിരൂപണം ചെയ്യുകയാണ് വേണ്ടതു്. ആ നിലയ്ക്കു, ഇവിടെ മലയാളഭാഷയുടെ കഴിഞ്ഞകാലത്തെ നില, ഇന്നത്തെ സ്ഥിതി, ഇനി വരുത്തേണ്ടുന്ന മാറ്റങ്ങൾ, ഇതുകളെപ്പറ്റി വിമർശിക്കണം. അതിനു ഞാൻ ഒരുങ്ങുന്നില്ല. ഞാൻ അതിനധികാരിയുമല്ല. ഈ കോഴിക്കോട് സാഹിത്യപരമായ ഇത്തരം സമ്മേളനങ്ങൾക്കു തികച്ചും

അഹ്തയുള്ളതാണ്. സാമൂതിരിമഹാരാജാക്കന്മാരുടെ രക്ഷയിലും ലാളനയിലും കേരളം മുഴുവൻ കേളികേട്ട സാഹിത്യസദസ്സും അതിലെ ഒരു കാലത്തെ 18½ കവികളും വിഖ്യാതിപ്പെട്ടിരുന്നതു ഇവിടെയാണല്ലൊ. പക്ഷെ ഇന്നത്തെ കോഴിക്കോട്ട അന്നത്തേതിൽനിന്നു വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടു്. സാമ്പത്തികമായും സാമുദായികമായും വ്യാവസായികമായും കോഴിക്കോടിന്നു് അന്നത്തേക്കാൾ അഭിവൃദ്ധിതന്നെയായിരിക്കാം. എന്നാൽ സാഹിത്യത്തിൽ വലിയ അധഃപതനമാണു് ഉണ്ടായിട്ടുള്ളതു്. ഉദാഹരണമായി ഒരു സംഗതി എടുക്കാം. 18½ കവികളിലെ "അരക്കവി" ധാരാളം സംസ്കൃതപാണ്ഡിത്യവും "ഭക്തിയും", "വിഭക്തിയും" എല്ലാമുള്ള ആളായിരുന്നിട്ടും മറ്റുള്ളവരെപ്പോലെ മുഴുവനും സംസ്കൃതത്തിലല്ലാതെ "ഭാഷയിൽ"ക്കൂടി, അതായതു നല്ല "മണിപ്രവാളത്തിൽ", രചിച്ചിരുന്ന ഒരു കവിയായിരുന്നതിനാലാണു് "അരക്കവി" യായിത്തീർന്നതു്. ഇതിൽനിന്നു് അന്നുള്ളവർ കവിയുടെ ശ്രേഷ്ഠതക്കു മാനദണ്ഡമായി കല്പിച്ചിരുന്ന ഔന്നത്യം എത്ര മഹത്തായിരുന്നുവെന്നു ചിന്തിക്കാമല്ലൊ. ഇപ്പോൾ ½ എന്നതു പോയി മാഹാണിയെന്നല്ല 'ഇല്ലിയും' 'ഇമ്മിയും'ക്കൂടി സാഹിത്യമില്ലാത്ത ഞാൻ ഈ പ്രദേശത്തെ സാഹിത്യലോകത്തിന്റെ പ്രതിനിധിയായി നിങ്ങളെ സ്വാഗതംചെയ്യാൻ ഈ സ്ഥാനത്തു വന്നതുതന്നെ ഇവിടത്തെ കേരളസാഹിത്യത്തിന്റെ അധഃപതനമത്രെ കാണിക്കുന്നതു്. അതുകൊണ്ടുതന്നെയാണു പരിഷൽസമ്മേളനം ഇവിടെവെച്ചു കൂടേണ്ടതും. ഇതുനിമിത്തം ജനങ്ങളുടെ ഇടയിൽ ഒരു ഉണർവ്വുണ്ടാകുന്നതാണല്ലൊ. പരിഷത്തുകൊണ്ടു സാധിക്കേണ്ട കാര്യങ്ങൾ ഇന്നിന്നതാണെന്നു വിവരിക്കുവാൻ ഞാൻ ഒരുക്കമില്ല. എന്നാൽ പാമരന്മാരുടെ പ്രതിനിധിയുടെ നിലയിൽ അവരിൽ ഒരാളായ ഞാൻ ഒന്നുരണ്ടു സംഗതികൾ പറയുവാനാഗ്രഹിക്കുന്നു.

സുഖജീവിതയാത്രയ്ക്കത്യാവശ്യമായ ജ്ഞാനാർജ്ജനത്തിനും സാമ്പത്തികവർദ്ധനയ്ക്കും ഒരു പ്രധാനവാഹനം സ്വഭാഷയാണു്. അതുമൂലംവേണം മുഖ്യമായി ലോകജ്ഞാനവും ഹൃദയാനന്ദവും സാമ്പത്തികോൽക്കർഷത്തിനാവശ്യമായ പ്രകൃതിശാസ്ത്രപരിജ്ഞാനവും ഉണ്ടാകൽ. അപ്രകാരമുള്ള ജ്ഞാനാർജ്ജനം ധനസമ്പാദനം ഈ രണ്ടു മുഖ്യ വിഷയങ്ങൾക്കും സ്വഭാഷ അഭിവൃദ്ധിപ്പെടണം. ജ്ഞാനത്തിന്റെയും ആനന്ദത്തിന്റെയും വർദ്ധനയെ സംബന്ധിച്ചേടത്തോളം അതിന്നു പദ്യാപേക്ഷമായ മാർഗ്ഗങ്ങളാകുന്ന പദ്യകാവ്യപരിഷ്കരണത്തെപ്പറ്റി എനിക്കു പ്രത്യേകമായ അറിവില്ലാത്തതിനാൽ അതിനെപ്പറ്റി അധികമൊന്നും പറയുന്നില്ല. സാമ്പത്തികവിഷയത്തിൽ പൊതുജനങ്ങൾക്കു തക്ക അറിവുണ്ടാക്കുവാൻ പ്രകൃതിശാസ്ത്രപ്രതിപാദനത്തിനുതകത്തക്കവണ്ണം ഗദ്യകാവ്യംതന്നെ നന്നായിത്തീരണം. അതിനുതകത്തക്കവിധം ഭാഷ ലളിതവും സുഗമവും ആകയും അതിൽ സാങ്കേതികപദങ്ങൾ വേണ്ടുംവണ്ണം ഉണ്ടായിരിക്കയും ചെയ്താൽ അ

വിഷയം പരക്കെ ജനങ്ങളുടെ ദൃഷ്ടിയിലും മനസ്സിലും എത്തിക്കാം. ആ കുറവു തീർക്കുന്നതു സമ്മേളനാനുഗ്രഹങ്ങളിൽ ഒന്നാകുന്നു. ആവക പദങ്ങൾ അതുകളുടെ മൂല സ്ഥാനമായ പാശ്ചാത്യഭാഷകളിൽനിന്നോ സംസ്കൃതത്തിൽനിന്നോ എടുക്കാം. ഏതാണ് ഇതിൽ നല്ലതെന്നോ പക്ഷാന്തരമുള്ളൂ. അതു നമ്മുടെ സൌകര്യത്തിന്നനുസരിച്ചാവാം. നമ്മുടെ നിത്യോപയോഗത്തിലുള്ള ഭാഷയിൽ ഇംഗ്ലീഷ് അധികം കലരുന്നുണ്ടു്. അതിനാൽ ഈ വാക്കുകൾ കഴിയുന്നേടത്തോളം അതിൽനിന്നെടുക്കുന്നതു നന്നായിരിക്കും. സംസ്കൃതത്തിൽനിന്നുതന്നെ വേണമെന്നു നിർബന്ധിക്കണമെന്നില്ല. പക്ഷെ എല്ലാം സൌകര്യംപോലെയാവാം. വിശേഷിച്ചു പാമരന്മാരുടെ എല്ലാവിധ ജ്ഞാനവർദ്ധനവിന്നും ഗദ്യകാവ്യംതന്നെ വേണം. വിജ്ഞാനത്തിന്നും വിനോദത്തിന്നും പദ്യങ്ങൾക്കു മുൻഗണനയുണ്ടു്. ഗദ്യത്തിന്നും ആവക ഗുണങ്ങളില്ലെന്നില്ല. സാധാരണ എല്ലാവക്കും നിത്യോപയോഗം ഗദ്യംകൊണ്ടാണല്ലൊ. അതിനാൽ അതിനെ ഇനിയും പരിഷ്കരിക്കണമെന്നാണ് എന്റെ പ്രാർത്ഥന. ഗദ്യം ഇപ്പോൾ പോഷിച്ചു വരുന്നുണ്ടു്. പക്ഷെ ചിലർ അതിൽ നിഷ്കർഷ കാണിക്കുന്നില്ല. ചില ഗദ്യങ്ങൾ മനസ്സിലാവാൻ പദ്യത്തെക്കാൾ പ്രയാസം. ഒരാൾ ഒരിക്കൽ മലയാളത്തിലുള്ള ഒരു ഗദ്യം വായിച്ചിട്ടു, "ഇതു മലയാളത്തിലായാൽ നന്നായിരുന്നു" എന്നു പറകയുണ്ടായി. (ഫസ്തതാഡനം) വാസ്തവത്തിൽ അതു മലയാളമായിരുന്നു. പക്ഷെ അതു് ഒരു പ്രത്യേക ഭാഷാസമുച്ചയമായിരുന്നു. മേൽപ്പറഞ്ഞ അഭിപ്രായം ഇന്നത്തെ പല ഗദ്യങ്ങളെക്കുറിച്ചും ശരിയാകുന്നു. ഗഹനങ്ങളായ അപൂർവ്വ സംസ്കൃതപദങ്ങൾ തിരഞ്ഞെടുത്തു കുത്തിച്ചെലുത്തുവാനുള്ള വാസന പലർക്കും കാണുന്നുണ്ടു്. ഇതിൽനിന്നെല്ലാം നിവൃത്തിമാർഗ്ഗം തേടി ഗദ്യത്തിന്നു ശോഭനമായ ഭാവിയെ പ്രതീക്ഷിക്കുകയും അതിന്നായി മഹാന്മാരായ നിങ്ങളോടു അപേക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കുവാൻ ഇതു നല്ല ഒരു സന്ദർഭം മേലിൽ ഉണ്ടാവുകയില്ല.

ഇന്നത്തെ അദ്ധ്യക്ഷൻ ഏറ്റവും മഹാനാണ്. കോഴിക്കോട്ടുവെച്ചു കൂടുന്ന ഈ വിധം ഒരു സമ്മേളനത്തിന്നു കൊച്ചി രാജവംശത്തിലെ വിദ്വാനും വിശ്രുതനും ആയ ഒരംഗമല്ലാതെയാണ് അദ്ധ്യക്ഷനാകേണ്ടതു്. ദേഹാസ്വാസ്ഥ്യനിമിത്തം സാമൂതിരിപ്പാട്ടു തിരുമനസ്സിൽനിന്നു വന്നിട്ടില്ലെങ്കിലും അവിടത്തെ അടുത്ത സ്ഥാനവാഹിയായ ഏറാൾപ്പാട്ടതമ്പുരാൻ തിരുമനസ്സിലെ ആഗമനം ആ കുണ്ഠിതത്തെ ഇല്ലാതാക്കുന്നുണ്ടു്. ഈ സാഹിത്യപരിഷത്തിന്റെ നിലനില്പിന്നു വേണ്ടതായ അടിസ്ഥാനക്കല്ലും അതിന്റെ പ്രധാന ശക്തിതന്നെയും മഹാനായ ഇന്നത്തെ അദ്ധ്യക്ഷനായ ഈ തിരുമേനിയാണെന്നു പറയുന്നതിൽ അതിശയോക്തിയില്ലെന്നു പറയാം. ഇങ്ങനെയുള്ള ഒരു മഹാമനസ്സിന്റെ അദ്ധ്യക്ഷതയിൽ കാര്യവിചാരം നടത്തി നമ്മുടെ ഉദ്യമത്തെ വിജയകരമാക്കിത്തീർക്കുവാൻ ഞാൻ സാദരം ഒരിക്കൽക്കൂടി നമസ്കാരപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷപ്രസംഗം. *

വിദ്വൽപരിഷത്തിനു സാഷ്ടാംഗപ്രണാമം—

മാലയിടീച്ചാൽമാത്രമെ അദ്ധ്യക്ഷവരണമാവുകയുള്ളുവെന്നായിരിക്കാം നിശ്ചയം. പക്ഷെ എനിക്കൊരപേക്ഷയുണ്ട്. ഈ കനം നീക്കാൻ (മാല) എന്നെ നിങ്ങൾ അനുവദിക്കണം. (ചിരി) മഹാന്മാക്കൾ മഹതികൾക്കും വന്ദനം! സാഹിത്യപരിഷത്തിന്റെ ഈ സമ്മേളനത്തിനദ്ധ്യക്ഷനായി ക്ഷണിച്ചപ്പോൾ അതു സ്വീകരിക്കാൻ ലേശം മടിയുണ്ടായില്ല. അതു് ഈ സ്ഥാനത്തിനുള്ള അത്യാഗ്രഹംകൊണ്ടായിരിക്കാം. പക്ഷെ പിന്നീട്ട പുനരാലോചന ചെയ്തപ്പോഴാണു കുറെ അബദ്ധമായോ എന്നു തോന്നിയതു്. എന്തെന്നാൽ സമസ്തകേരളസാഹിത്യപരിഷത്തു കൂടിത്തുടങ്ങീട്ടു ഇതു 7-ാമത്തെ കൊല്ലമാണു്. ആദ്യംമുതൽ ഒരുകൊല്ലം ഒഴികെ എല്ലാ സമ്മേളനത്തിലും പങ്കുകൊള്ളാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ടു്. എടപ്പള്ളി പരിഷത്തുമുതൽ കൊല്ലത്തുവെച്ചു കൂടിയ സമ്മേളനംവരെ അദ്ധ്യക്ഷസ്ഥാനത്തേക്കു ഒരാളെമാത്രമല്ല പലരേയുമാണു സ്വീകരിക്കാറുള്ളതു്. ഈ ഏർപ്പാടിനു പക്ഷെ ഞാനും കാരണഭ്രതനായിരിക്കാം. സാഹിത്യരംഗത്തിലെങ്കിലും സമുദായമത്സരം ഉണ്ടാവാതെ കഴിയട്ടെ എന്നും കേരളത്തിലെ സാഹിത്യനായകന്മാരിൽ പ്രധാനികളെ കൊല്ലംതോറും പൊതുജനങ്ങളുടെ മുമ്പാകെ മാറി മാറി അവതരിപ്പിക്കാൻ കഴിയുമല്ലൊ എന്നും കരുതി, ആദ്യ സമ്മേളനംമുതൽ നന്നാലുപേരെവീതം നാലു സമ്മേളനങ്ങൾക്കു് അദ്ധ്യക്ഷനായി എടുത്തിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണു് ഈ സമ്പ്രദായം ഭംഗിയല്ലെന്നു ചിലർക്കു തോന്നിയതു്. ഈ തോന്നലിനുള്ള കാരണം എനിക്കു മനസ്സിലായില്ല. ഇപ്പോഴും അതു് എനിക്കു മനസ്സിലായി കഴിഞ്ഞിട്ടില്ല. കൊല്ലത്തുവെച്ചു കൂടിയ സമ്മേളനംവരെ മേല്പറഞ്ഞ സമ്പ്രദായമായിരുന്നു അംഗീകരിച്ചിരുന്നതു്. പിന്നീടു് ഏറണാകുളത്തുവെച്ചു് ഒരാൾ അദ്ധ്യക്ഷനായാൽമതിയെന്നു നിശ്ചയിച്ചു. ഇന്നത്തെ സ്ഥിതിയും അങ്ങിനെതന്നെ. ഇതു വലിയൊരു ഭാരമാണെന്നു ഞാൻ ആദ്യം പറഞ്ഞതു മാലയെപ്പറ്റി മാത്രമല്ല. ഇതുയും വമ്പിച്ച ചുമതലയെപ്പറ്റി ആലോചിച്ചപ്പോഴാണു് എനിക്കു സംശയങ്ങൾ തോന്നിയതു്. എനിക്കു കായ്മയായി പുറംപൂച്ചല്ലാതെ മറ്റൊന്നുമില്ല. കഴിഞ്ഞ 38 കൊല്ലമായി ഞാൻ മലയാളഭാഷയുടെ ഉൽക്കർഷത്തിനു കഴിയുന്ന ശ്രമങ്ങൾ ചെയ്യുവരുവാൻ തുടങ്ങീട്ടു്. എങ്കിലും ആ വിഷയത്തിൽ ഞാനെന്തെങ്കിലും പ്രവർത്തിച്ചുവെന്നു പറയുവാൻ മനസ്സാക്ഷി എന്നെ അനുവദിക്കുന്നില്ല. 1070 മുതൽ (കൊല്ലവർഷം) ക്കുള്ള എന്റെ ഉദ്യമങ്ങൾകൊണ്ടു് എനിക്കു തോന്നീട്ടുള്ളതു പ്രവൃത്തിപരിധി ക്രമേണ വിപുലമാവുകയാണെന്നും എന്നാൽ നമ്മുടെ പദ്ധതിയിൽ

---

* മൂർക്കോത്തുറിപ്പോർട്ടിന്റെ സംഗ്രഹം.

എന്തോ ഒരു തകരാറുണ്ടെന്നും ആകുന്ന —എന്റെ പിൻഭാഗത്തിരിക്കുന്നവരെ (ഉള്ളൂർ തുടങ്ങിയവരെ ഉദ്ദേശിച്ചു) ഞാൻ വിസ്മരിച്ചുകൂടാ. എനിക്കുള്ള യോഗ്യത വയൊവൃദ്ധത്വം മാത്രമാണ്. എന്റെ മാന്യ സ്നേഹിതൻ ഉള്ളൂരിനേക്കാൾ പ്രായത്തിൽ ഞാൻ കവിഞ്ഞുനില്ക്കുമെന്നാണു തോന്നുന്നതു്. അതുകൊണ്ടായിരിക്കാം എന്നെ ഈ സ്ഥാനത്തേക്കു ക്ഷണിച്ചതു്. സാഹിത്യത്തിലും അതിനുവേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളിലും എന്നേക്കാൾ ഗുരുതരം കൂട്ടുന്നവർ ഇവിടെത്തന്നെ വളരെയുണ്ടാകും. ഭാരവാഹികത്വം പക്ഷെ തെറ്റിദ്ധരിച്ചിട്ടുണ്ടാവാം. വളരെ കാലമായി ഓരോ തരത്തിൽ എന്റെ പേരു കേൾക്കാനിടവന്നിട്ടുണ്ടായിരിക്കാം. ട്രാംകാറിലും, തീവണ്ടിയിലും മറ്റും "ബിസ്സി" എന്നു വലിയക്ഷരത്തിൽ എഴുതിപതിച്ചിട്ടുണ്ടാവും. അതു വായിക്കുന്നവർ തങ്ങൾക്കു അതൊന്നും ഒരിക്കലും ആവശ്യമില്ലാത്തവരാണെങ്കിൽകൂടി അതു സ്വപ്നംകാണുന്നതുപോലെ സ്വാഗതസംഘക്കാർ പേരുകേട്ട് എന്തൊക്കെയൊ തെറ്റിദ്ധരിച്ചിട്ടുണ്ടാവണം. സ്വാഗതസംഘാദ്ധ്യക്ഷൻ എന്നെപ്പറ്റി എന്തൊക്കെയൊ പറവാൻ പുറപ്പെട്ടു. പക്ഷെ എന്റെ പ്രാർത്ഥനകൊണ്ടും ദൈവാധീനംകൊണ്ടും ആ ഉപദ്രവം ഉണ്ടായില്ല. (ഹസ്തതാഡനം)

"കനിഞ്ഞുകയറണം ഞെളിഞ്ഞിറങ്ങണം" എന്നു മാതാമഹി പറഞ്ഞുകേട്ടിട്ടുണ്ടു്. അതായിരിക്കണം തനിക്കു സാഹിത്യമില്ലെന്നും സാഹിത്യത്തിൽ ഈ പ്രദേശം പിന്നോക്കമാണെന്നും സ്വാഗതസംഘാദ്ധ്യക്ഷൻ പറയുവാനുള്ള കാരണം. തുപ്പാപ്പൂർ സ്വരൂപവും പെരുമ്പടപ്പുസ്വരൂപവും നൽകിയ ആതിഥ്യം സ്വീകരിച്ചുകഴിഞ്ഞു നമ്മൾ ഇപ്പോൾ ഇവിടെ എത്തിയിരിക്കുന്നു. കടത്തനാട്ടു് ഉദയവർമ്മരാജാവു മുതലായവരുടെ സ്ഥിതി ആലോചിച്ചാൽ ഇവിടെ സാഹിത്യകാരന്മാരില്ലെന്നു ആർ പറയും? ഇന്നലത്തെ ഉദ്യാനവിരുന്നു (ശ്രീമാൻ വി. ഉണ്ണികൃഷ്ണൻനായർക്കു നൽകിയ ഒരു സത്കാരത്തെ സൂചിപ്പിച്ചു) നൽകിയതു് ആർക്കായിരുന്നു? അദ്ദേഹം ഒരൊന്നാന്തരം സാഹിത്യകാരനും കവിയുമല്ലെ? എന്റെ പിന്നിൽത്തന്നെ വളരെ മാന്യന്മാർ ഇരിക്കുന്നതു ഞാൻ വിസ്മരിക്കുന്നില്ല. ദക്ഷിണായനം കഴിഞ്ഞു് ഉത്തരായണമാണിപ്പോൾ തുടങ്ങിയിരിക്കുന്നതു്.

ഏതായാലും ഈ സ്ഥാനം സ്വീകരിച്ചു. ഇവിടേക്കു പുറപ്പെടുകയുംചെയ്തു. ഇനി ഇവിടെ എത്തിയാൽ എന്തു പറയണമെന്നായിരുന്നു ആലോചന. ചർവ്വിതചർവണമല്ലാതെ ഒന്നും തരമില്ല. കഴിഞ്ഞ ആറു പരിഷത്തുകളിൽ വിളിച്ചു നിലവിളിക്കാത്ത വിഷയങ്ങളൊന്നും ബാക്കിയില്ല. ഇവിടെ "ഗണപതിമുതൽ ശങ്കരാചാര്യരുടെ കമണ്ഡലുവരെ" പ്രാർത്ഥിച്ചു കേട്ടു. അതോടുകൂടി ഏനിക്കൊന്നു തോന്നി ഒരു കാര്യം നിശ്ചയിച്ചു. അതു് മറെറാന്നുമല്ല. ഇതിന്റെ (പരിഷത്തിന്റെ) ആവശ്യമെന്തു്? കൊല്ലംതോറും ഈ ക്ഷാമകാലത്തു വളരെ പണംപിരിച്ചു ചെലവുചെയ്തു ക്ലേശിച്ചു ഇങ്ങനെ ഓരോ യോഗങ്ങൾ കൂടീട്ടു എന്താണ് ഫലം? ഒന്നുമില്ല. ശൂന്യം: എന്നെല്ലാം പത്രങ്ങളിലും മറ്റും ആക്ഷേപം പുറപ്പെടുവിച്ചു കാണാറുണ്ടു്. ശരിയാ

ണത്. പറയുന്നതിന്റെയും ഉദ്ദേശിക്കുന്നതിന്റെയും ശതാംശം ഫലമായിട്ടില്ല. പക്ഷെ എല്ലാറ്റിനും മുമ്പിൽ വേണ്ടതു വിചാരമാണ്. പറയുന്നതുകൊണ്ടു മാത്രം ഫലമില്ല. ആദ്യമായി വിചാരിക്കണം. പിന്നീടു പറയുക, പ്രവൃത്തിക്കുക. ഹൃദയപൂർവ്വമായ വിചാരമാണ് പ്രധാനം. ലോകം ആഡംബരപ്രധാനമാണ്. വെറും തത്വം മാത്രം അവലംബിച്ചാൽ കാര്യങ്ങൾ നടക്കുവാൻ പ്രയാസം. രുചിഭേദം എവിടേയും കണ്ടുവരുന്നതാണ്. പുരാണങ്ങൾ എടുത്തു നോക്കിയാൽ കാണുന്നതെന്തു? കാമലോഭാദികൾതന്നെ. സീതയെ രാവണൻ അപഹരിച്ചു. അതിനാൽ ശ്രീരാമൻ എത്രയെല്ലാം പരിഭ്രമിച്ചു. എന്തെല്ലാം പ്രയാസപ്പെടേണ്ടിവന്നു? ഭാരതത്തിൽ കാണുന്നതെന്ത്? കുറച്ചു ഭൂമി കിട്ടുന്നതിനായി ധർമ്മപുത്രർ എത്രവളരെ സാഹസങ്ങൾ ചെയ്യേണ്ടതായിവന്നു. ഈ വർണ്ണനകളെല്ലാം ലോകചിത്തത്തെ സദിഷ്യത്തിൽ അവതരിപ്പിക്കുവാൻ എന്നല്ലാതെ വേറെ എന്തിനാണ്? കൃഷ്ണൻ വെണ്ണ കട്ടു. ഒരു കള്ളനെ തിരുത്തിപ്പെടുവാൻ അതു പോരെ. ആ കൃഷ്ണന്റെ മറ്റു നല്ല പ്രവൃത്തികളേയും അവൻ പിൻതുടരുവാൻ ക്രമേണ ശ്രമിക്കുകയായി. ഇതുപോലെതന്നെയാണ് പരിഷത്തു മുതലായ കാര്യങ്ങളും. രോഗശമനത്തിനു 'കഷായിനാ' മാത്രം മതി. എന്നാൽ അതു കഴിക്കുന്നതിനു പഞ്ചസാരക്കൂടി വേണ്ടിവരും. അതിനാൽ കഷായിനായോടുകൂടി പഞ്ചസാരചേർത്തു കൊടുക്കുന്നു. എല്ലാ പ്രവൃത്തികൾക്കും ഒരു തത്വമുണ്ട്. പക്ഷെ ആഡംബരത്തിൽകൂടി വേണം അഭിവൃദ്ധിയിലെത്തുവാൻ. എടപ്പള്ളിവെച്ചാരംഭിച്ച പരിഷത്തു എന്തുകൊണ്ടു കോഴിക്കോട്ടു വന്നു. പരിഷത്തിനെ നിലനിർത്തണമെന്നും അതുകൊണ്ടു ആവശ്യമുണ്ടെന്നുമുള്ള വാഞ്ഛയുടെ പ്രതിഫലനമാണതു്. നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു ഇനിയും വളരെകാലം വേണ്ടിവരാവുന്നതാണ്. നമ്മുടെ കാലനിർണ്ണയത്തിനുള്ള അളവുകോൽ കൊണ്ടു ഈ വക പരിശ്രമങ്ങളെ അളന്നു കണക്കാക്കിക്കൂടാ. ഇതു കുറച്ചല്ലെ സാധിച്ചുള്ളൂ? എന്നല്ലാ, ഇത്രയെങ്കിലും സാധിച്ചില്ലെ? എന്നാണ് നാം അഭിമാനപൂർവ്വം ചിന്തിക്കേണ്ടതു്.

ആദ്യം ഒന്നുമുണ്ടായിരുന്നില്ല. യോഗംക്രട്ടം, പ്രസംഗിക്കും, പ്രമേയം പാസ്സാക്കും, പിരിയും അത്രതന്നെ. എന്നാൽ അതിനും ചില ഫലങ്ങൾ—ഗർഭത്തിലെങ്കിലും—ഉണ്ടായിട്ടുണ്ടു്. ജീവചരിത്രഗ്രന്ഥനിർമ്മാണത്തിൽ എന്റെ സ്നേഹിതനായ മൂക്കോത്തു കുമാരൻ പരിശ്രമിച്ചിട്ടുണ്ടു്. ഫലം മുഴുവനും പൂർത്തിയായിട്ടില്ലെന്നേയുള്ളൂ. ശ്രീമതി തോട്ടേക്കാട്ടു മാധവിഅമ്മ മുതലായവരും പരിഷൽപ്രമേയങ്ങൾക്കനുസരിച്ചു പരിശ്രമിച്ചുവരുന്നുണ്ടു്. നമ്മുടെ പരിശ്രമങ്ങൾ എങ്ങനെയായാലും നശിക്കയില്ല. ഒരു ഫലം മണ്ണിൽവീണു ചീഞ്ഞളിഞ്ഞുപോയാലും അതിന്റെ വിത്തുകൾ നശിക്കയില്ല. അതിനാൽ യാതൊരു പരിശ്രമത്തേയും നാം അപലപിക്കേണ്ടതില്ല.

എന്നാൽ നമുക്കതു കരുതി തൃപ്തിപ്പെടാമൊ? ഒരിക്കലും പാടില്ല. നമ്മുടെ ആദർശങ്ങൾക്കവസാനമില്ല. സ്വാഗതസംഘാദ്ധ്യക്ഷൻ ഭാഷയെപ്പറ്റി ചില സംഗതികൾ പറഞ്ഞു കേൾക്കുകയുണ്ടായി. അക്കൂട്ടത്തിൽ ഭാഷയിൽ സാങ്കേതികപദങ്ങളില്ലെന്നു പറഞ്ഞതിനോടു്—അതിൽ കുറെ യാഥാർത്ഥ്യമുണ്ടെങ്കിലും—ഞാൻ തികച്ചും യോജിക്കുന്നില്ല. സാങ്കേതികപദങ്ങൾ ഭാഷയിലുണ്ടോ? ഉണ്ടു്. എന്നാൽ എവിടെയാണതു്? ചിതലിന്റെ വായിലും ചില നിലവറകളിലും. ഫിസിക്സിനു ഡാക്ടർ ഗുണ്ടർട്ടുസായ്പിന്റെ കാലത്തുണ്ടായ ഒരു തർജ്ജിമ ഞാൻ കണ്ടിട്ടുണ്ടു്. അതിൽ പല സാങ്കേതികപദങ്ങളും ഉണ്ടു്. തൃശ്ശൂർപരിഷത്തിൽ ഇങ്ങനെയുള്ള അനേകം പഴയ ഗ്രന്ഥങ്ങളെ പ്രദർശിപ്പിച്ചിരുന്നു. പക്ഷെ അതിൽനിന്നു ത്യാജ്യഗ്രാഹ്യതയെ നോക്കി വേണ്ടതു സ്വീകരിക്കാൻ ചിലരുണ്ടാകണം. ഇങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യാൻ ഒരു ഏർപ്പാടു വേണം. അതിന്നു് എന്തു പേർ കൊടുത്താലും അതാണു നമുക്കാവശ്യം.

ഭാഷാഭേദത്തെപ്പറ്റി പറയുന്നതായാൽ അതു തട്ടത്താൽ നില്ക്കുന്നതല്ല. വേണമെങ്കിൽ എല്ലാ വിഷയങ്ങളിലും ഉത്തമമായ ഗ്രന്ഥങ്ങൾ നിർമ്മിക്കണം. അനന്തരം ഗ്രന്ഥകർത്താക്കന്മാർ യോജിച്ചു് ഒരു പദ്ധതി നിർദ്ദേശിക്കുന്നതായാൽ പക്ഷെ അതു സാധിച്ചേക്കാം. അതിന്നു് ആളില്ല, പണമില്ല, പ്രോത്സാഹനമില്ല. വഞ്ചി മുങ്ങുവാൻകാലത്തു പാമരത്തിന്മേൽ കയറി, വഞ്ചിയിലിരിക്കുന്നവരോടു വഴിവാട പ്രാർത്ഥിക്കുവാൻ പറഞ്ഞതുകൊണ്ടു ഫലമില്ല. ഞാൻ സങ്കടംകൊണ്ടുമാത്രമാണു്, ആരേയും ആക്ഷേപിക്കുവാനല്ല ഇതെല്ലാം പറഞ്ഞതു്. വെറുതെ വിമർശനത്തിന്നു പുറപ്പെട്ടതുകൊണ്ടു് ഉദ്ദേശ്യങ്ങൾ സാധിക്കുമെന്നു കരുതേണ്ടതില്ല.

യഥാർത്ഥസാഹിത്യത്തിന്റെ രീതി, ഉദ്ദേശം ഇതെല്ലാം ഭിന്നമാണു്. അതിനെ അറിയുവാനൊ പുറത്തിറക്കാനൊ ആളുകൾ കുറയും. യോഗികളും കവികളും, അല്ലെങ്കിൽ സാഹിത്യകാരന്മാരും ഒരുപോലെയാണു്. അവർ സത്പ്രേരണപ്രധാനികളായിരിക്കണം. ഇന്നത്തെ നില അതല്ല. ഉപജീവനമാർഗ്ഗം അന്വേഷിച്ചലയുകയാണു് അധികം സാഹിത്യകാരന്മാരും. പുരാണകവി എന്നു പറയുന്നതു് ആരെയാണു്? ഒരു പഴയ കവി എന്ന അർത്ഥത്തിലല്ല അതു്. കവികളുടെ സൃഷ്ടി പുറമെയല്ല. അവർ ഹൃദയത്തിൽനിന്നതന്നെ സൃഷ്ടിചെയ്യുന്നു. അങ്ങനെയുള്ള ദിവ്യന്മാരാണു് യഥാർത്ഥ കവികൾ. കവികളുടെ ഹൃദയം അതുകൊണ്ടാണു് അക്ഷോഭ്യമായിരിക്കണമെന്നു പറയുന്നതു്. വിമർശനം എപ്പോഴും പരിശുദ്ധസ്നേഹത്താൽമാത്രം പ്രേരിതമായിരിക്കണം. എന്നാൽമാത്രമെ അതിന്റെ ദിവ്യത്വം-പരിശുദ്ധത-ശോഭിക്കുകയുള്ളു.

വിമർശനങ്ങൾ ദ്വേഷബുദ്ധികൊണ്ടാവരുതു്. സ്നേഹമുള്ള ദിക്കിൽമാത്രമെ വിമർശനത്തിന്നവകാശമുള്ളു. ഒരു പട്ടി വന്നു് എന്തെങ്കിലും കട്ടതിന്നാൽ നാം വെറുതെ അതിനെ ആട്ടി ഓടിക്കുന്നതേയുള്ളു. നമ്മുടെ സ്വന്തം ആളുകളിൽ ആരെങ്കിലുമാണങ്ങനെ ചെയ്തിട്ടുള്ളതെങ്കിൽ നാം ക്ഷോഭിക്കുന്നു. എന്തുകൊണ്ടു്? സ്നേഹത്താൽ; സ്വ

ന്തം ആളുകളോടുള്ള സ്നേഹത്താൽ അവർ നന്നാവണമെന്നുവെച്ചിട്ട്. ഇന്നതു ഇന്ന രീതിയിൽ വേണമെന്ന് ആക്കും പറയുവാൻ പ്രയാസമാണ്. നമ്മുടെ ലോകം "പരി ഭ്രമലോക"മായിരിക്കുന്നു. സാഹിത്യം ഉണ്ടാക്കി ഉണ്ണാവുന്ന ഒന്നല്ല. തല്ക്കാലത്തെ ഉല്ക്ക ണ്ഠാകുലമായ സ്ഥതിക്ക് "ആകാശവിമാന മനസ്ഥിതി" എന്നു വേണമെങ്കിൽ പറയാം. അനേകം പ്രാരബ്ധങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും ഇടയ്ക്ക് ഈവകക്കൊന്നും സമയം കാണുകയില്ല. അങ്ങനെ സാധിക്കുന്നവർ വളരെ അപൂർവ്വം. ഒരാളെ വേണമെങ്കിൽ ചൂണ്ടിക്കാണിക്കാം. (ഉള്ളൂരിനെ ഉദ്ദേശിച്ച്) പല ഉത്തരവാദങ്ങളും പദവികളും വഹിക്കുന്നതിനിടയിൽ ഇതിനും മിനക്കെടുന്നതാരാണ്! നമ്മുടെ കോട്ടങ്ങൾ നാംതന്നെ കണ്ടറിയണം. സങ്കടപ്പെട്ടുമ്പോൾ വ്യസനിക്കാം. അതുമാത്രമെ പാടുള്ളൂ. അതു ദോഷമാവരുതു്.

ഇനി ഇവിടെ വേണ്ടതു വിഷയനിർണ്ണയസഭ രൂപീകരിക്കയാണ്. റജിസ്റ്റ് ചെയ്ത ഒരു സമാജം നമുക്കിപ്പോളുണ്ട്. അതാണൊന്നു സാധിച്ചിട്ടുള്ളതും. അന്ന് ഏ പ്പെട്ടുത്തീട്ടുള്ള സംഘങ്ങളും ഉപസംഘങ്ങളും ഉറങ്ങിക്കിടപ്പാണ്. ചിലരുടെ പ്രത്യേക പരിശ്രമത്താൽ കൊച്ചിയിൽ ഇതു റജിസ്റ്റ് ചെയ്യാൻ സാധിച്ചു. അതിനുശേഷം ദ്വൈ-മാ ത്തെ ത്രൈമാസികവും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. നമുക്കു ശക്തി തികയുന്നതുവരെ ഈ "ത്രൈമാസികം"കൊണ്ടു ജീവിക്കാം. മാസികകാര്യത്തിന് ഇപ്പോഴും ഒരു നേതാവില്ല. അവയെ വേണ്ടവഴിക്കു തിരിക്കണം. പത്രങ്ങളെ സംബന്ധിച്ചേടത്തോളം ഒരു സംഘ ബലമില്ല, സംഘടനയില്ല. പത്രധർമ്മവും മര്യാദയും പിന്നെ ഉപദേശിക്കുന്നതാരാണ്? അതിർ കവിയുമ്പോൾ ചിലപ്പോൾ സർക്കാർ ഉപദേശിക്കും! എന്തു്? വായ മൂടുവാൻ!! (ഹാസ്യാരോഷം). അവർക്കും ഒരുമവേണം. ഭാഷാപോഷിണിസഭയുടെ കാലംമുതല്ക്കു തന്നെ ഒരു സംഘം ഏർപ്പെട്ടുത്തുവാൻ ശ്രമിച്ചുവന്നിട്ടുണ്ട്. പക്ഷെ എല്ലാം അലസ തയിലാണ്ടുകിടക്കുന്നു.

തെക്കരെന്നും വടക്കരെന്നുമുള്ള വ്യത്യാസംതന്നെപോട്ടെ. തെക്കും വടക്കും നമുക്കു വേണ്ട. നാലുകെട്ടു മതി. നമുക്കു അതിൽ ഒരുമിച്ചുകൂടുക. ഞാൻ തെക്കും വടക്കും ഒരു വ്യത്യാസവും കാണുന്നില്ല. കടൽവാരം, മലവാരം, കുന്ന്, മണല് ഇതെല്ലാം അവിടേയും ഇവിടേയും ഒരുപോലെതന്നെ. തെങ്ങും, കാട്ടം അവിടേയും ഇവിടേയും വ്യത്യാസമില്ല. പിന്നെ തെക്കനെന്നും വടക്കനെന്നും നാം എന്തിനു ഭിന്നിക്കുന്നു. നാം ഇപ്പോൾ വടക്കെ തലക്കലെത്തി. ഇനി ഏറെ തെക്കോട്ടു (യമലോകത്തേക്കു) പോവാതെ സൂക്ഷിക്കുകയാണു വേണ്ടതു്. ഇനി അധികമൊന്നും ഇപ്പോൾ പറയേണ്ടതായിട്ടില്ല. അനേകം വിഷയങ്ങൾ നടക്കേണ്ടതായിട്ടുള്ളതിനാൽ അതുകളിൽ നിങ്ങളുടെ ശ്രദ്ധാപൂർവ്വമായ സഹകരണത്തെ ക്ഷണിച്ചുകൊണ്ടും ഒരിക്കൽക്കൂടി വന്ദനം പറഞ്ഞുകൊണ്ടും ഞാൻ തല്ക്കാലം ഇതവസാനിപ്പിക്കുന്നു.

രാമവർമ്മ (അപ്പൻ) തമ്പുരാൻ.

പ്രദർശനോദ്ഘാടനപ്രസ്താവം.

വിദ്വൽപരിഷദ്നേമഃ.

"ആസ്താം താവദിയം പ്രസൂതിസമയേ ദുർവ്വാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീശയ്യാച സാംവത്സരീ
ഏകസ്യാപി നഗർഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോപി തനയസ്തസ്യൈ ജനന്യൈ നമഃ"

എന്ന മാതൃവന്ദനശ്ലോകം സ്ഥൂലഭൂതമയമായിക്കാണുന്ന നമ്മുടെ ഈ സ്ഥൂല ദേഹത്തിന്റെ ജനനത്തിലും വളർച്ചയിലും കഷ്ടപ്പെട്ട ക്ലേശമനുഭവിച്ച ജനനിയായ മാതാവിനെ വന്ദിക്കുന്ന സംഗതി മാത്രമല്ല പ്രതിപാദിച്ചിട്ടുള്ളത്. സൂക്ഷ്മഭൂതമയമായ മനസ്സിന്നു ജന്മം നൽകി വേണ്ടതുപോലെ വളർത്തിവന്ന മാതൃഭാഷാദേവിയെ വന്ദിക്കുന്ന സംഗതിയും വ്യംഗ്യരീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആദികാലത്തു് ഓരോ അക്ഷരങ്ങളും മുക്കിമൂളി ഞെരുങ്ങിപ്പുറപ്പെടുവിക്കുന്നതിലുള്ള ക്ലേശം, വിദ്യാഭ്യാസത്തിലുണ്ടാകുന്ന മടി, പഠിച്ചതു കുറെയെല്ലാം മറന്നു ചുരുങ്ങിപ്പോവുക, അബദ്ധവും സുബദ്ധവും കൂട്ടികലർത്തിധരിച്ചുപോവുക മുതലായി ഭാഷാമാതാവിന്നനുഭവിക്കേണ്ടിവരുന്ന പല സങ്കടങ്ങളും ഈ ശ്ലോകത്തിൽത്തന്നെ ധ്വനിപ്പിച്ചിട്ടുണ്ടല്ലോ. അഭിജ്ഞന്മാർ നിറഞ്ഞിട്ടുള്ള ഈ സദസ്സിൽ ആവക ഓരോ വ്യംഗ്യാംശങ്ങളെയും പ്രത്യേകം എടുത്തു വിവരിച്ചു സമയം കളയുന്നതു് അവിവേകമായതിനാൽ അതിന്നു ഞാൻ ഒരുങ്ങുന്നില്ല.

ആ വിധത്തിൽ പൂർവ്വികപരമ്പരയായിത്തന്നെ നമ്മുടെയെല്ലാം അന്തരാത്മാക്കളുടെ മാതാവായ ഭാഷാസരസ്വതീദേവിയുടെ പുണ്യമഹോത്സവം നടത്തുന്നതിന്നായിട്ടാണല്ലോ 'കേരളവിദ്യാശാല' എന്ന കേരംവിപ്പെട്ട ഈ സരസ്വതീക്ഷേത്രത്തിൽ നാമെല്ലാം കൂടിയിരിക്കുന്നതു്. ഉത്സവം നടത്തുന്നതിൽ ആദ്യമായിച്ചെയ്യേണ്ട പ്രധാനകർമ്മം അതിന്നു യോഗ്യനായ ഒരു തന്ത്രിയെ മുറപ്രകാരം വരിച്ചു് എല്ലാ ഭാഗങ്ങളും നടത്താൻ തുടങ്ങപ്പെട്ടുകയാണു്. എല്ലാ അംശങ്ങൾകൊണ്ടും സരസ്വതീക്ഷേത്രത്തിലെ മഹോത്സവം നടത്താൻ വേണ്ട യോഗ്യതകൊണ്ടും അനന്യസാധാരണമായ വിധം തികഞ്ഞിട്ടുള്ള തന്ത്രിയെത്തന്നെ ചടങ്ങനുസരിച്ചു വരിച്ചു പവിത്രംകൊട്ടുത്തു സ്ഥാനത്തവരോധിച്ചുകഴിഞ്ഞു. ഉത്സവത്തിന്റെ പ്രാരംഭച്ചടങ്ങായ കൊടിയേറ്റവും വളരെ ഭംഗിയായും ശരിയായും തന്ത്രി നടത്തിക്കഴിഞ്ഞു. ഇനി ഓരോരോ ക്രിയകളും തന്ത്രിയുടെ നിർദ്ദേശമനുസരിച്ചു മുറയ്ക്കു തുടങ്ങുകയാണല്ലോ വേണ്ടിയിരിക്കുന്നതു്.

ക്രിയകളെല്ലാം ഭക്തിശ്രദ്ധകളോടുകൂടിച്ചെയ്താലെ വേണ്ട ഫലം സിദ്ധിക്കയുള്ളൂ എന്നാണു് പ്രമാണം. ഭാഷാദേവിയിൽ ഭക്തിയും കർമ്മങ്ങളിൽ ശ്രദ്ധയും വർദ്ധി

ക്കുന്നതിന്ന് ആ ദേവിയുടെ മാഹാത്മ്യവും മഹത്വവും പ്രത്യക്ഷപ്പെട്ടുന്ന ചില ലക്ഷ്യങ്ങളുംകൂടിക്കണ്ടാൽ കൂറെ എളുപ്പമുണ്ടാകുന്നതാണ്. അതിനാൽ ആ സരസ്വതീദേവിയുടെ വിലപിടിച്ച രത്നനിക്ഷേപങ്ങളും പലതും ശേഖരിച്ചുവെച്ചിട്ടുള്ള ഭണ്ഡാരം ഒന്നു കണ്ടു നിങ്ങളുടെ ഭാഷാമാഹാത്മ്യജ്ഞാനത്തിന്ന് ഒരു പുതുമ വരുത്തുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

ഇപ്രകാരമുള്ള സരസ്വതീമഹോത്സവത്തിൽ ദേവിയുടെ ഭണ്ഡാരം തുറക്കുന്നതു് ഇപ്പോൾ അഞ്ചാമത്തെതവണയാണ്. പലതരം രത്നങ്ങളും നിത്യം പെരുമാറിക്കൊണ്ടിരിക്കുന്നവരും അവയുടെ ഗുണദോഷതാരതമ്യം അറിയുവാൻ കെല്പുള്ളവരും അതിന്നു ജനനാൽത്തന്നെ അഹ്തയുള്ളവരുമായ രാജവംശങ്ങളിലെ തമ്പുരാക്കന്മാരുടെ കയ്യിലാണ് ഇതിന്നു മുമ്പിൽ അധികംതവണയും ഈ രത്നഭണ്ഡാരത്തിന്റെ താക്കോൽ ഏല്പിച്ചിരുന്നതു്. ഒരു തവണ മാത്രം ജന്മാകൊണ്ടു രാജവംശക്കാരനല്ലെങ്കിലും സരസ്വതീദേവിയുടെ ധനമഹിമയെപ്പറ്റിയേടത്തോളം ഒരു മഹാരാജപദവിതന്നെയുള്ള മാന്യന്റെ കയ്യിലുമാണ്. അതിന്നുംപുറമെ ഈ തവണ ഒരു വിശേഷംകൂടിയുണ്ടു്. സാമൂതിരികോവിലകത്തും കുന്നലക്കോനാതിരി രാജവംശത്തിന്റെ മറ്റു ചില കോവിലകങ്ങളിലും സൂക്ഷിച്ചിട്ടുള്ള സരസ്വതീരത്നഭണ്ഡാരങ്ങളും ഇവിടെ വരുത്തി പ്രദർശിപ്പിച്ചിരിക്കുന്നു. ആ വിശിഷ്ട ഭണ്ഡാരങ്ങളാകട്ടെ, പതിനെട്ടരക്കവികളെന്ന പേരുകേട്ടവരും ശാസ്ത്രതത്വദ്രഷ്ടാക്കളുമായ പയ്യൂർ പട്ടേരിമാർ, പുനം, ചേലപ്പറമ്പു മുതലായ മഹർഷികല്പന്മാരുടെ ദിവ്യദൃഷ്ടിയിൽ കണ്ടെത്തിയ അനേകം നിധികും അടങ്ങിയവയുമാണ്. അങ്ങനെയുള്ള ഉൽകൃഷ്ടഭണ്ഡാരത്തിന്റെ താക്കോൽ എല്ലാവിധത്തിലും ദരിദ്രനായ എന്നെ ഏല്പിച്ചതന്നതു സരസ്വതീക്ഷേത്രത്തിലെ ഒരു വിശ്വസ്തദാസൻ, അല്ലെങ്കിൽ ക്ഷേത്രങ്ങളിൽ ഉത്സവം മുതലായ അടിയന്തരം നടത്തുമ്പോൾ അതിന്നുവേണ്ട ഉപകരണങ്ങളും ഒരുക്കിക്കാണിപ്പാൻ കുലപരമ്പരയായിത്തന്നെ ചുമതലപ്പെട്ട കഴകക്കാരൻ എന്നതുകൊണ്ടു മാത്രമായിരിക്കണം. ഏതായാലും എന്നെ ചുമതലപ്പെടുത്തിയഭാഗം യഥാശക്തി നിർവ്വഹിക്കാഞ്ഞാൽ ഈ പുണ്യമഹോത്സവത്തിന്നു അതൊരു ന്യൂനതയായി വന്നേക്കുമെന്നുമാത്രമല്ല ഭാഷാദേവീഭക്തദാസനായ എന്റെ കുലധർമ്മത്തെ ഞാനാദരിച്ചില്ലെന്നും വരുമല്ലോ. അതിനാൽ ഈ പരിചാരകന് ഏറെറടുക്കാതെ നിവൃത്തിയില്ലെന്ന വന്നതുകൊണ്ടുമാത്രം ഞാൻ ഈ പ്രവർത്തിക്കൊരുങ്ങിയതാണ്.

ഇവിടെ ശേഖരിച്ചുവെച്ചിട്ടുള്ള ഭണ്ഡാരത്തിലെ പലതരം ധനങ്ങളും കണ്ടു ഭാഷാദേവിയുടെ മാഹാത്മ്യം അനുഭവപ്പെട്ടുന്നതു് ആ ദേവിയിൽ നമുക്കു ഭക്തിവർദ്ധിപ്പാൻ കാരണമാകുമെന്നും കർമ്മങ്ങളും ഭക്തിപൂർവ്വം നടത്തുന്നതു ഫലസിദ്ധിക്കു് അത്യാവശ്യമാണെന്നും മുമ്പ് പ്രസ്താവിച്ചുവല്ലോ. അങ്ങനെ ഭക്തിയോടുകൂടിച്ചെയ്യുന്ന കർമ്മങ്ങൾകൊണ്ടു നമുക്കു സിദ്ധിക്കാനുദ്ദേശിച്ചിട്ടുള്ള ഫലങ്ങളുടെ സ്വഭാവത്തെക്കുറിച്ചു മാത്രമാണ് എനിക്കിവിടെ രണ്ടുവാക്കു പറവാനുള്ളതു്.

ഈ സരസ്വതീഭണ്ഡാരത്തിൽ സാഹിത്യധനങ്ങൾ, കലാധനങ്ങൾ ഇങ്ങനെ രണ്ടു മഹാവിഭാഗങ്ങളാണുള്ളത്. ഈ വിഭാഗം തിരിച്ചിരിക്കുന്നതു പ്രധാനാംശം നോക്കിമാത്രം ചെയ്തതാണെന്നു പ്രത്യേകം പറഞ്ഞുകൊള്ളുന്നു. ഓരോരൊ നാടിനോടും അതാതു നാട്ടിലെ ഭാഷയോടും ബന്ധമില്ലാതെ യാതൊരു ദേശീയകലകളും ഉണ്ടാകുന്നതല്ലല്ലൊ. ഭാഷാസാഹിത്യപരിഷത്തിൽ ദേശീയകലകളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള അടിസ്ഥാനവും അതുതന്നെയാണ്. മേല്പറഞ്ഞ രണ്ടു മഹാവിഭാഗങ്ങളിലും പല അവാന്തരവിഭാഗങ്ങളും കാണുന്നതാണ്. അതിൽ സാഹിത്യവിഭാഗത്തിലാകട്ടെ, ഇതുവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ലാത്ത പഴയ താളിയോലഗ്രന്ഥങ്ങൾ, കേരളത്തിലെ പല സ്ഥലത്തും പണ്ടു രേഖപ്പെടുത്തീട്ടുള്ള താമ്രശാസനങ്ങളുടെയും ശിലാലിഖിതങ്ങളുടെയും പകർപ്പുകൾ, കേരളത്തിൽ അച്ചടിയേർപ്പാടു തുടങ്ങിയകാലത്തു് അച്ചടിച്ചിട്ടുള്ളതും പിന്നെ പ്രസിദ്ധിയില്ലാതായിത്തീർന്നതുമായ ചില പുസ്തകങ്ങൾ മുതലായതാണ് ഒരു വിഭാഗം. ആവക ലക്ഷ്യങ്ങൾ നിഷ്കൃഷ്ടമായിപ്പരിശോധിച്ചു കേരളചരിത്രനിർമ്മാണത്തിനും ഭാഷാചരിത്രനിർമ്മാണത്തിനും ഭാഷാലിപിസാധാരണ്യവ്യവസ്ഥാപനത്തിനും ഉപയോഗപ്പെടുന്ന സംഗതികൾ കണ്ടുപിടിച്ചു് ആ വഴിക്കു കഴിയുന്നേടത്തോളം ശരിയായ ദേശചരിത്രഗ്രന്ഥവും ഭാഷാചരിത്രഗ്രന്ഥവും നിർമ്മിക്കുക, ഭാഷാലിപികളുടെ സംഗതിയിൽ വന്നുകൂടിയ കുഴപ്പം തീർക്കുക, പഴയ ഭാഷാപദങ്ങൾ പലതും കാലഗതിയാൽ മറഞ്ഞുപോയിട്ടുള്ളതു കണ്ടുപിടിച്ചു് അവയിൽ നല്ലതെന്നു തോന്നുന്നവയെല്ലാം സ്വീകരിച്ചു പ്രയോഗത്തിൽ വരുത്തി നടപ്പാക്കുവാനും സാങ്കേതികശബ്ദങ്ങളുടെ വിഷയത്തിൽ പ്രത്യേകിച്ചും പഴയ തറവാട്ടുമുതൽ ഉള്ളേടത്തോളം എടുത്തു പെരുമാറി പോരാതെ വരുന്നതുമാത്രം കടംവാങ്ങണമെന്നു വരുത്താൻ വേണ്ട വഴി തെളിയിക്കുവാനും നോക്കുക, പ്രസിദ്ധപ്പെടുത്തുവാൻ യോഗ്യങ്ങളെന്നു തോന്നുന്ന ആവക പഴയ ഗ്രന്ഥങ്ങളും മറ്റും തക്കതായ വിവരണങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തുക, ഈവക വിഷയങ്ങളിൽ അഭിരുചിയും താല്പര്യവുമുള്ള പണ്ഡിതന്മാർക്കു് ഇന്നിന്നതരം ലക്ഷ്യങ്ങൾ ഇന്നിന്ന സ്ഥലങ്ങളിലുണ്ടെന്നുള്ള വിവരം അറിവുകൊടുക്കുക എന്നിവയാണു് മുഖ്യമായിൽ ഈ പ്രത്യേകവിഭാഗം പ്രദർശിപ്പിക്കുന്നതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള ഫലം. അതിനും പുറമെ, വൈദ്യം, ജ്യോതിഷം, ശില്പശാസ്ത്രം, വൈദികകർമ്മങ്ങൾ എന്നീവക വിഷയങ്ങളിൽ മറ്റു ഭാഷകളിലില്ലാത്ത അനേകം ഉൽകൃഷ്ടഗ്രന്ഥങ്ങൾ നമ്മുടെ പഴയ ഭാഷാഭണ്ഡാരത്തിൽ ഇരിപ്പുണ്ടു്. അവയെല്ലാം നോക്കിയെടുത്തു പ്രസിദ്ധപ്പെടുത്തുന്നതു് അതാതു ശാസ്ത്രങ്ങളുടെ ദേശീയാഭിവൃദ്ധിക്കു കാരണമാണെന്നു മാത്രമല്ല, സാങ്കേതികശബ്ദനിഘണ്ടുക്കൾ നിർമ്മിക്കുന്നതിനും പര്യായപദങ്ങൾക്കു കേരളത്തിലെല്ലാം സാധാരണ്യം നടപ്പാക്കുന്നതിനും ആവക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം അത്യാവശ്യമായിട്ടാണിരിക്കുന്നതു്.

നിന്നുപോയ മാസികകൾ, വർത്തമാനപത്രങ്ങൾ മുതലായതാണു സാഹിത്യവിഭാഗത്തിലെ മറ്റൊരു വകുപ്പു്. ആ മാസികകളിലും പത്രങ്ങളിലും ഭ്രൂതതത്വം, ജ്ഞാനതത്വം, രസതന്ത്രം, പ്രാണിതന്ത്രം, ഔദ്ഭിദതന്ത്രം മുതലായ ശാസ്ത്രീയവിഷയങ്ങൾ

വിവരിക്കുന്ന നല്ലനല്ല ലേഖനങ്ങളും പലതും പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ആവക ലേഖനങ്ങളും തിരഞ്ഞെടുത്തു വിഷയക്രമമനുസരിച്ചു ക്രമപ്പെടുത്തി പ്രത്യേക പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തി ആ വഴിക്കു കഴിയുന്നേടത്തോളം ഭാഷയിൽ ശാസ്ത്രഗ്രന്ഥാഭിവൃദ്ധിയുണ്ടാക്കാനും അവയിൽ പ്രയോഗിച്ചിട്ടുള്ള സാങ്കേതികശബ്ദങ്ങളെ യുക്തമെന്നു തോന്നുന്നേടത്തോളം സ്വീകരിച്ചു പ്രചാരപ്പെടുത്തുവാനും ശ്രമിക്കുകയാണ് ആ വകുപ്പു പ്രദർശിപ്പിക്കുന്നതിന്റെ ഒരുദ്ദേശം പ്രയോജനം ഉദ്ദേശിച്ചിട്ടുള്ളതു്. അതുപോലെതന്നെ സാഹിത്യവിഷയങ്ങളായും ഭാഷാവിഷയങ്ങളായും ഉള്ള ഉത്തമലേഖനങ്ങളും ആവക മാസികകളിലും മറ്റും ധാരാളമുണ്ട്. അവയും തിരഞ്ഞെടുത്തു ക്രമപ്പെടുത്തി പുസ്തകരൂപങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതു സാഹിത്യാഭിവൃദ്ധിക്കും ഭാഷാശാസ്ത്രാഭിവൃദ്ധിക്കും നല്ലവണ്ണം ഉപയോഗപ്പെടുന്നതാണെന്നും ഉദ്ദേശിച്ചിട്ടുണ്ട്.

ആവുന്നതും തെറ്റുകൂടാതിരുന്നു് ആകർഷകമായ രീതിയിൽ അച്ചടിപ്പിച്ചിട്ടുള്ള പ്രസിദ്ധ പുസ്തകങ്ങളും, ഓരോ വിഷയത്തെക്കുറിച്ചും അടുത്തകാലത്തു നിർമ്മിച്ചിട്ടുള്ളവയോ സംഗ്രഹിച്ചു പ്രസാധനം ചെയ്തിട്ടുള്ളവയോ ആയ നവീനപുസ്തകങ്ങളും ഇവയാണ് മറ്റൊരു വിഭാഗം. പ്രസാധനത്തിന്റെയും പ്രസിദ്ധീകരണത്തിന്റെയും രീതിയിൽ ആവക സംഗതികളിലേർപ്പെടുന്നവരുടെ ശ്രദ്ധ മേല്ക്കുമേൽ നിഷ്പ്രയാസമായിപ്പതിയണമെന്നും ആ വഴിക്കു പരിശുദ്ധവും ഹൃദയാകർഷകവുമായ ഭാഷാപുസ്തകങ്ങളായിരിക്കണം പ്രസിദ്ധപ്പെടുത്തുന്നതെന്നു വരണമെന്നും മഹാന്മാരുടെ ജീവചരിത്രങ്ങളും മുതലായ പുതിയ വിഷയങ്ങളിൽ ഗ്രന്ഥകാരന്മാർക്കു താല്പര്യം വർദ്ധിപ്പിക്കണമെന്നുമാണ് ചുരുക്കത്തിൽ ആ വിഭാഗം പ്രദർശിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം.

കലാവിഭാഗത്തിൽ കേരളത്തിലേ പ്രധാന ദേശീയകലകളായിഗ്ഗണിക്കേണ്ടതു ചിത്രം, ശില്പം, സംഗീതം, അഭിനയം, കായികവിനോദം ഇവയാണ്. കേരളത്തിൽ ഈ കലകൾക്കെല്ലാം മറ്റു ഭാരതദേശങ്ങളിലുള്ളവയിൽനിന്നു വളരെ വ്യത്യസ്തമായ വിധത്തിൽ ഒരു പ്രത്യേകദേശീയത്വമുണ്ട്. നമ്മുടെ ദേവാലയങ്ങളിൽ ശ്രീകോവിലിന്റെ ഭിത്തികളിലുംമറ്റും കാണുന്ന പുരാണ കഥാപുരുഷന്മാരുടേയും മറ്റും ചിത്രങ്ങൾക്കും, മരത്തിലും മറ്റും കൊത്തിയുണ്ടാക്കീട്ടുള്ള ദിക്പാലരൂപങ്ങൾ, ഭൂതഗണരൂപങ്ങൾ മുതലായ ശില്പങ്ങൾക്കും പല ആകൃതിയിലുള്ള ദേവാലയങ്ങൾ, നാലുകെട്ട്, എട്ടുകെട്ടുമുതലായ ഗൃഹനിർമ്മാണശില്പങ്ങൾക്കും, പഴയ കൈകൊട്ടിക്കളിപ്പാട്ടുകൾ, കൃഷ്ണനാട്ടപ്പാട്ടുകൾ, കഥകളിപ്പാട്ടുകൾ മുതലായ സംഗീതങ്ങൾക്കും, ക്രൂടിയാട്ടം, കഥകളി മുതലായതിലെ അഭിനയങ്ങൾക്കും, കളരിപ്പയറ്റ്, കയ്യാങ്കളി, പന്തുകളി, കൈകൊട്ടിക്കളി മുതലായ കായികവിനോദങ്ങൾക്കും ദേശീയമായ പ്രത്യേകരീതികളും ചിട്ടകളും സ്പഷ്ടമായറിയത്തക്കവിധത്തിൽത്തന്നെ ഏർപ്പെട്ടിട്ടുണ്ടല്ലോ. ഇവയിൽ ചിത്രകലയെപ്പറ്റിയേടത്തോളം ചില പ്രസിദ്ധസാഹിത്യകാരന്മാരുടെ ഛായാപടങ്ങൾ മാത്രമേ തല്ക്കാലം ഇവിടത്തെ പ്രദർശനഭാണ്ഡാഗാരത്തിൽ ശേഖരിച്ചിട്ടുള്ളൂ. സംഗീതവും അഭിനയകലയോടു ചേർത്തുകൊണ്ടു് ഏതാനും ചില അംഗങ്ങൾമാത്രം ഈ ഉത്സവാവസരത്തിൽ

പ്രത്യക്ഷപ്പെടുത്തുന്നതാണ്. അതുപോലെ കായികവിനോദങ്ങളിലും ഏതാനും ചിലതു മാത്രം കാണിക്കും. ശില്പകലയെപ്പറ്റിയേടത്തോളം തല്ക്കാലം ഒന്നുംതന്നെ ഏറ്റുപാടചെയ്യാൻ സൌകര്യപ്പെട്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ഈ കലാവിഭാഗം പ്രദർശിപ്പിക്കുന്നതിന്റെ ഉദ്ദേശ്യത്തെപ്പറ്റിച്ചിന്തിക്കയാണെങ്കിൽ ഈ വിഷയത്തിൽ പല കാര്യങ്ങളും മാതൃസരസ്വതീഭക്തന്മാരായ നമ്മൾ ഉത്സാഹപൂർവ്വം പ്രവൃത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ബങ്കാളികളുടെയും മറ്റും ചിത്രനിർമ്മാണത്തിനെന്നപോലെ നമ്മുടെ പണ്ടത്തെ ചിത്രനിർമ്മാണത്തിനും അനന്യസാധാരണമായ ഒരു പ്രത്യേക ദേശീയത്വമുള്ളതു് വളരെ വിലപിടിച്ച പൂർവ്വസ്വത്താണ്. അതു നാമാവശേഷമാക്കി കളയാതിരിപ്പാനും മേല്ക്കുമേൽ വർദ്ധിപ്പിപ്പാനുമായി ശ്രമിക്കേണ്ടതു നമ്മുടെ മുമതലയുമാണ്. ആ വഴിക്കു പലതരം അഭിവൃദ്ധികളും നമുക്കുണ്ടാകാനുമുണ്ടു്. അതിനാൽ മിക്കതും നഷ്ടപ്രായമായെന്നു പറയാവുന്നനിലയിൽ ചില ദേവാലയങ്ങളിൽമാത്രം കാണുന്നവയും, അതുതന്നെയും വളരെപ്പഴക്കംചെന്ന മട്ടിലെത്തിയിരിക്കുന്നവയുമായ പലതരം ചിത്രങ്ങളും കൊത്തുപണിത്തരങ്ങളും മറ്റും ഛായയെടുത്തും വ്യക്തമായെഴുതിച്ചും ശേഖരിക്കണം. അതുപോലെ പലതരം ആകൃതികളിലുമുള്ള ശ്രീകോവിലുകളുടേയും പഴയ നാലുകെട്ടുപുര മുതലായതിന്റെയും മാതൃകകളും ശേഖരിക്കണം. ആവക ചിത്രനിർമ്മാണങ്ങളെപ്പറ്റിയും ശില്പനിർമ്മാണങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്ന പഴയ ഗ്രന്ഥങ്ങളും കഴിയുന്നേടത്തോളം കണ്ടുപിടിച്ചു പ്രസിദ്ധപ്പെടുത്തുകയും ആവക കലകൾക്കുള്ള പ്രത്യേക ദേശീയത്വം ഏതേതംശങ്ങളിലാണെന്നു വ്യക്തമാക്കിക്കൊണ്ടു പുതിയ ഗ്രന്ഥങ്ങളും നിർമ്മിച്ചു പ്രചരിപ്പിക്കയുംവേണം. അതുപോയ്തെന്നെ നമ്മുടെ ദേശീയസംഗീതം മിക്കതും നശിച്ചുപോവാൻ തുടങ്ങുന്ന നിലയിലെത്തിയിരിക്കുന്നു. അതു കളയാതെ പ്രയോഗത്തിൽ വരുത്തി പ്രചരിപ്പിച്ചു നിലനിർത്തേണ്ടതു് ആ കലയുടെ പൊതുവായ അഭിവൃദ്ധിക്കുപോലും അത്യാവശ്യമാണ്. സോപാനമാർഗ്ഗം എന്നു പറയുന്ന നമ്മുടെ ഒരു ദേശീയസംഗീതപ്രസ്ഥാനം നഷ്ടപ്രായമെന്ന സ്ഥിതിയിൽത്തന്നെ ആയിക്കഴിഞ്ഞിരിക്കുന്നു. സംഗീതമെല്ലാംതന്നെയും ഏഴു പ്രത്യേകനാമങ്ങളുള്ള സ്വരങ്ങൾ എന്നർത്ഥമായി സപ്തസ്വരങ്ങൾ എന്നു പറഞ്ഞുവരുന്ന പന്തിരണ്ടോ പതിനാറോ സ്വരങ്ങളെക്കൊണ്ടുള്ളതാണെങ്കിലും ഹിന്ദുസ്ഥാനിപ്പാട്ട്, പാർസിപ്പാട്ട്, തെലുങ്കുപാട്ട്, തമിഴ്പ്പാട്ട്, മലയാളപ്പാട്ട് ഇവയിലോരോന്നും കേട്ടുതുടങ്ങുമ്പോൾത്തന്നെ ഇന്നിന്നതാണെന്നു തിരിച്ചറിവാൻ കഴിയുന്നതു് അവയുടെ ഓരോ ദേശീയരീതിക്കും പ്രത്യേക സ്വഭാവമുള്ളതുകൊണ്ടുമാത്രമാണല്ലോ. അതിൽ നമ്മുടെ ദേശീയസംഗീതരീതി വളരെ ഉൽകൃഷ്ടവും സൂക്ഷ്മവുമായ സംഗീതശാസ്ത്രതത്വങ്ങളെ അനുസരിച്ചിട്ടുള്ളതാണ്. ആ വിശേഷംകൊണ്ടുതന്നെ പ്രയോഗത്തെപ്പറ്റിയേടത്തോളം സ്ഥൂലാംശങ്ങളിൽ വളരെ എളുപ്പമുള്ളതും എന്നാൽ സൂക്ഷ്മഭാഗങ്ങളിൽ വളരെയധികം വൈഷമ്യമുള്ളതുമായിട്ടാണ് അതിന്റെ സ്വഭാവമിരിക്കുന്നതും. അങ്ങനെ പ്രത്യേക ഗുണമുള്ള നമ്മുടെ സംഗീതത്തിനു നല്ല പ്രചാരമുണ്ടാക്കുകയും അതിന്റെ പ്രത്യേകതത്വങ്ങളും മറ്റും വിവരിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങളും കണ്ടുപിടിച്ചും പുതുതായി

നിമ്മിച്ചും പ്രസിദ്ധപ്പെടുത്തുകയും ഉടൻതന്നെ ചെയ്യേണ്ടിയിരിക്കുന്നു. അപ്രകാരംതന്നെ കൃഷ്ണനാട്ടം, കഥകളി, ക്രൂടിയാട്ടം, തുള്ളൽ മുതലായ നൃത്തനാട്യകലകളുടെ ദേശീയതപവും മഹിമയും രക്ഷിച്ചു നിലനിർത്തുവാനും, സന്ദർഭശുദ്ധിക്കും ദേശീയസ്വഭാവത്തിനും ന്യൂനത വരാത്തവിധം അവയെ അഭിവൃദ്ധിപ്പെടുത്തുവാനും വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ഓരോന്നിന്റേയും അഭിനയച്ചട്ടങ്ങുകളും മറ്റും വിവരിക്കുന്ന ഗ്രന്ഥങ്ങൾ നിമ്മിച്ചു പ്രസിദ്ധപ്പെടുത്തി ജനസാമാന്യത്തിന് ആ കലകളിൽ സാമാന്യജ്ഞാനവും അഭിനിവേശവും ഉണ്ടാക്കിത്തീർക്കുകയും വേണ്ടിയിരിക്കുന്നു. കായികവിനോദവിഷയത്തിലും പണ്ടത്തെ പതിനെട്ടടവുകളും മറ്റും വിവരിക്കുന്ന പഴയ ഗ്രന്ഥങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തണം. അതിലും പല സമ്പ്രദായഭേദങ്ങളുള്ളതിൽ ഒന്നോടൊന്നിനുള്ള വ്യത്യാസം വിവരിച്ചുകാണിക്കുന്ന പുതിയഗ്രന്ഥങ്ങളുമുണ്ടാക്കണം. ആ വഴിക്കു കായികാഭ്യാസത്തിന്റെ പ്രചാരത്തിനു പുനർജ്ജീവനമുണ്ടാക്കാനും ശ്രമിക്കണം. ഇതൊക്കെയാണു ചുരുക്കത്തിൽ കലാവിഭാഗവകുപ്പുകൾ പ്രദർശിപ്പിക്കുന്നതിന്റെ ഉദ്ദേശ്യങ്ങൾ.

മേല്പറഞ്ഞ രണ്ടു വിഭാഗങ്ങളുടെയും ഈവക ഉദ്ദേശ്യങ്ങൾ സാധിപ്പാൻ ആണ്ടിലൊരിക്കൽ രണ്ടുമൂന്നു ദിവസം ഇങ്ങനെ ഭണ്ഡാരം തുറന്നുവെക്കയും മറ്റും ചെയ്തുകൊണ്ടു ഉദ്ദിഷ്ടപ്രയോജനങ്ങളുടെ യാതൊരംശവുമാവുന്നതല്ലെങ്കിലും ഇന്നിന്ന നിക്ഷേപങ്ങൾ നമുക്കു പൂർവ്വസ്വത്തായിട്ടുണ്ടെന്നും അവ ഇന്നിന്ന സ്ഥലത്തിരിക്കുന്നുണ്ടെന്നും അറിവാൻ ഇതുകൊണ്ടു സംഗതിയാകുമല്ലോ. അതിനാൽ ഓരോ വിഷയത്തിലും ശ്രമിപ്പാൻ താല്പര്യമുള്ളവർക്ക് ആവക പൂർവ്വധനത്തെപ്പറ്റി അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ഭാരം കുറയുന്നതും അവയിലോരോന്നും എടുത്തു പെരുമാറി പുതിയ ധനങ്ങൾ സമ്പാദിപ്പാൻ ആ വഴിക്കു സൌകര്യമുണ്ടാകുന്നതുമാണ്.

അഭ്യർത്ഥന—ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന ലക്ഷ്യങ്ങളിൽ ഓരോന്നിന്റേയും വിഷയവും പ്രതിപാദിച്ചിട്ടുള്ള സംഗതികളുടെ ചുരുങ്ങിയ ഒരു വിവരണവും ചേർത്തു ഒരു പട്ടികയുണ്ടാക്കി അതു പരിഷത്തുവകയായി നടത്തുന്ന ത്രൈമാസികത്തിൽ പ്രസിദ്ധംചെയ്യേണ്ടതുണ്ട്. എന്നാലേ ഓരോ കാര്യത്തിലും പ്രയത്നിപ്പാനൊരുക്കമുള്ള പണ്ഡിതന്മാർക്കു പൊതുവായി വിവരം ഗ്രഹിപ്പാൻ നിവൃത്തിയുണ്ടാകയുള്ളൂ. ഇവിടെ സന്നിഹിതരായവർക്കുതന്നെയും ഈ ഉത്സവത്തിരക്കിന്നിടയിൽ ഓരോന്നിന്റേയും ആവക വിവരങ്ങൾ നോക്കിയെടുപ്പാനിടയുണ്ടാവില്ല. അതിനാൽ പരിഷത്തിൽനിന്നുതന്നെ മേൽപ്രകാരം ഒരു പട്ടികയുണ്ടാക്കുവാനായി ഒരു പ്രത്യേകസംഘത്തെ നിയമിക്കുന്നതിനും പരിഷല്ക്കാലത്തും അടുത്ത രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിലുമായി ആ പട്ടിക പൂർത്തിയാക്കത്തക്കവിധം ഏർപ്പാടുചെയ്യുന്നതിനും അഭ്യർത്ഥിക്കുന്നു. ഈ അഭ്യർത്ഥനയോടുകൂടി മാതൃസരസ്വതീദേവിയെ ഒരിക്കൽകൂടി വന്ദിച്ചുംകൊണ്ടു ആ ദേവിയുടെ വിശിഷ്ടഭണ്ഡാരം കാണ്മാൻ മാന്യ സദസ്യരെ സവിനയം ക്ഷണിച്ചുകൊള്ളുന്നു.

ആറൂർ കൃഷ്ണപ്പിഷാരടി.

പ്രകൃതിയിലേ കവിത.

കേക.

I.

സൃഷ്ടികാലത്തും ശാന്തം! രക്ഷാകാലത്തും ശാന്തം!
വിഷ്ടപത്തിന്റെ നാശകാലത്തും മഹാശാന്തം!!
അജ്ഞാന്തരസമായൊരാകാശത്തിങ്കലതാ
വിശ്വമോഹനം മമ മാതാവിൻ ചന്ദ്രാനനം.
കാറൊളിക്കരിമഷിക്കുന്തലിന്നിടയില-
ഞ്ഞാറു താരങ്ങളുണ്ടു മിന്നുന്ന പുഷ്പങ്ങളായ്.
യത്നമില്ലാതാ വക്ത്രകാന്തിയേ വർദ്ധിപ്പിപ്പാൻ
രത്നകുണ്ഡലമായും തോന്നുന്ന നക്ഷത്രങ്ങൾ.
കണ്ണാന്തൊട്ടടിമലരോളമത്തിരുമെയ്യി-
ലുണ്ടണിഞ്ഞിട്ടു ശുദ്ധം കൌമുദീശുഭ്രാംബരം.
മന്ത്രദ്രഷ്ടാക്കൾ പണ്ടങ്ങൃഷികൾ സാക്ഷാൽകരി-
ച്ചന്തികത്തിലാക്കിയ ശബ്ദബ്രാഹ്മി താൻതന്നെ
സാഹസം ക്രൂരതിന്നു സർവ്വർക്കും സുലഭയായ്
സാഹിതീദേവിയായി നിൽക്കയോ ലോകേശ്വരീ!

II.

പ്രകൃതി, തനിക്കുള്ളിലെന്തൊന്നാണതുതന്നേ
സ്വകൃതിഗ്രന്ഥങ്ങളായ് ചമപ്പൂ ബഹുവിധം.
അക്ഷരം പലവിധം വിന്യാസം പലവിധം
അസ്ഫുടം, സ്ഫുടവുമായ് വിവിധമുച്ചാരണം.
ഭാഷകൾ, വേഷങ്ങളും ജന്തുക്കൾക്കതാതിന്നു
ഭൂഷണങ്ങളായ് തന്നേ നിൽക്കുന്ന വിവിധങ്ങൾ.
ഊഹിച്ചാലറ്റമില്ല ഭാഷകൾക്കെന്നാകിലും
സാഹിത്യമെല്ലാറ്റിലുമൊന്നുപോലൊഴുകയാം.
ആ ഹിമാലയഗിരിനിരകൾക്കിടക്കെല്ലാം
വാഹിനികളായ് നില്പതൊന്നല്ലോ മന്ദാകിനി.

III.

തന്നഴിമുഖശബ്ദംകൊണ്ടാഴി, യടുക്കുന്ന-
വൻനദികൾക്കായേകും സ്വാഗതപ്രശ്നത്തിലും,
തൻതിരക്കരം പൊക്കി സ്വീകരിപ്പതിലും ത-
ന്നന്തരംഗാർദ്രസ്നേഹം കാണിപ്പൂ സാഹിത്യമായ്.

IV.

ആകാശപ്പുലകയിൽ പ്രകൃതിയെഴുതിയ
ലോകമോഹനങ്ങളാം നക്ഷത്രലിപികളെ
വായുവഗ്രജനാഥൻ വൃക്ഷശിഷ്യരെക്കൊണ്ടു
വായിപ്പിക്കുമത്ഭുമല്ലയോ മമ്മരങ്ങൾ.

V.

സ്നാനവും, ഭക്ഷണവും ശരിയായ്ദിനംപ്രതി
ദാനംചെയ്യുന്ന നല്ല തോട്ടക്കാരനേ നന്നായ്
കാനനവാസികളാം ചെറുവല്ലികൾപോലു-
മാനന്ദനൃത്തംചെയ്യുവിളിച്ചും തലോടിയും
ആനനംനോക്കിപ്പുഷ്പപുഞ്ചിരി പൊഴിപ്പതും
മൌനഭാഷയിൽചൊല്ലും സാഹിത്യരസമല്ലൊ.

VI.

ചെന്നിണച്ചുവപ്പു, മത്തുവെണ്ണക്കൊഴുപ്പുമൊ-
ത്തൊന്നിച്ചു നീണ്ടയന്മേനിയും, തെഴുപ്പുമായ്,
കോമളഭലാധരംകൊണ്ടോരോഭാവംകാട്ടി-
ക്കോപംമയിർക്കൊള്ളിക്കുന്നൊരോ മനച്ചുഞ്ചീരകം
വേനലിൽ വാടിക്കുഴഞ്ഞെത്തുയും വിവശമാ-
യാനനം താഴ്ത്തി വീണക്ഷോണിയിൽ കിടക്കവേ
കണ്ണുനീർക്കണം പോലും വാറിയ ശോകത്തിനെ
വർണ്ണിക്കും വിലാപമാം കാവ്യമല്ലയോ തീപ്പു.

VII.

എപ്പൊഴും പുലർച്ചയിലീശ്വരസ്തോത്രം ചൊല്ലി-
സ്സുപ്രഭാതത്തെ കാട്ടിത്തരുന്നപൂങ്കോഴികൾ,
ആദിത്യഭഗവാനേ യച്ചിച്ച ചെമ്പരത്തി-
പ്പൂട്ടളങ്ങളേ ചൂടി മൌലിയിൽ വിശേഷമായ്;
ചെഞ്ചോരക്കവിളിണക്കിടയ്ക്കാവെൺകൊക്കിനാൽ
പുഞ്ചിരിതൂകിച്ചാരുകണ്ണുകൾ കൂമ്പുകിയും;
പ്രകൃതിഞെറിഞ്ഞുടുപ്പിച്ചപൂഞ്ചേലയായി-
പ്പിറകിൽ ചലിക്കുന്നവാലു, മച്ചിറകുമായ്,
പ്രേമസിന്ധുവിൽ നീന്തും കൊച്ചുപാൽത്തിരകളാ-
മോമനക്കുഞ്ഞുങ്ങൾ തൻ നമ്മസല്ലാപം കേട്ടും;
പുത്രവത്സലയായ ധർമ്മദാരങ്ങളേതൻ-
പത്രാകൊണ്ടിടയിടേ വീശിയും, തലോടിയും;
മിത്രങ്ങൾ, തമ്മിൽ,തമ്മിൽ ദൂരേനിന്നയക്കുന്ന-
വർത്തമാനങ്ങളായ ചോദ്യവു,മുത്തരവും;

വീരഭാവത്തേ കാട്ടി, നീന്നൊന്നു വലിഞ്ഞുനി-
ന്നാരമ്യകണ്ഠം പൊക്കിത്താരമാം സ്വരത്താലേ;
ഗംഭീരമധുരമായ് ചൊല്ലിയും ക്രുദ്ധക്രുദ്ധേ
കുംഭിനിപ്പൊൻതാഴികക്കുടങ്ങൾ കുക്കുടങ്ങൾ
അഹസ്സുതോറും നമുക്കെത്രയും മധുരമായ്
ഗൃഹസ്ഥാശ്രമകാവ്യമല്ലയോ നിർമ്മിക്കുന്നു.

VIII.

മഞ്ജരി.

ചാഞ്ഞിളംമാന്തളിർക്കൊമ്പു പററിച്ചെന്ന-
ങ്ങുഞ്ഞാലാട്ടമാട്ടും കോകിലമേ!
എന്തേ! നിൻ പാട്ടിന്നീമാധുര്യ,മീമാവിൻ-
പൂന്തേൻ നുകർന്നുള്ള വീര്യത്താലോ?
കണ്ണുരസായനമുണ്ണികളുമിതു-
വണ്ണം പാടാൻനിൽപ്പു കേവംക്കുംതോറും.
ഭ്രമിക്കു കിങ്കിണീമാലയായ് നിൽക്കുമീ-
യോമൽത്തരംഗിണീ ഗാനംപോലും;
നിൻപാട്ടുപോലേതു മാവാഞ്ഞീവൃക്ഷം, തൻ-
കൊമ്പാൽ വിലക്കുന്നു നിത്തിവെപ്പാൻ.
ഇത്രമധുരമാം നിൻ പാട്ടു പാട്ടുവാ-
നെത്രകാലമായ് ഞാൻ യത്നിക്കുന്നു.
പൈങ്കിളിയീവണ്ണം ചോദിച്ചനേരത്ത-
പ്പൂങ്കോകിലം പാടിയുത്തരമായ്.

IX.

കോമൽകിളി! നിന്റെ ഗാനമാണെങ്ങൾക്കു
പ്രേമതരളമാം വീണാഗാനം.
ഭംഗിയൊഴുകുംനിൻ ചോദ്യമിതുതന്നേ
സംഗീതഗംഗാതരംഗമല്ലോ.
മാതംഗിഗേഹിതൻ തൃക്കയ്യിലാട്ടുന്ന-
നീതന്നേ സംഗീതത്തേൻക്രമല്ലോ!
പച്ചനിറം വീശും വാലും ചിറകുമി-
പ്പച്ചിലമൊട്ടൊത്ത നിൻ മെയ്യലിയും;
കുങ്കുമപ്പൊട്ടെന്നും, നന്മഷിപ്പൊട്ടെന്നും
ശങ്കിപ്പിക്കുന്ന നിൻകണ്ണുരണ്ടും;
കണ്ടത്തിലീശ്വരി ചാർത്തിയ മാലയും
തൊണ്ടിപ്പഴം തോൽക്കും നിൻ പൂങ്കൊക്കും;
കൊഞ്ചിക്കുഴഞ്ഞിവയോരോന്നും ചൊന്നിങ്ങൻ-
നെഞ്ചലിപ്പിപ്പു നിൻ ഗാനംതോറും.

എന്നല്ല, പൈങ്കിളി! നിൻ കൊഞ്ചൽകേളികൾ
എൻ നല്ലഗാനത്തിൻ സമ്മാനമാം.
തങ്കക്കുടാംനിന്റെ പാഠശാലപറ-
പ്പുങ്കിലമാവാത്തൊരഭ്യാസത്താൽ
എത്രയും പാവനം, മോഹനം നിൻഗാനം
കൃത്രിമമല്ലിതു നൈസർഗ്ഗികം.
"വിജ്ഞന്മാരന്യോന്യം കാണുന്ന കാലമെ
വിജ്ഞാനസാധുത്വം തീർച്ചയാവൂ.
നല്ല ശിക്ഷചെയ്ത പണ്ഡിതന്നും തൻക-
ലില്ല വിലാസമക്കാലത്തോളം".
കാളിദാസനേവം ചൊന്നൊരു വാക്യത്തെ-
ക്കാളിങ്ങിനിയെന്തുറപ്പുവേണ്ടു.

X.

മുന്തിരിങ്ങ, തേനും, വാഴപ്പഴം, രസം-
മുന്തിനിൽക്കും നൽക്കരിമ്പിൻചാറും;
ഇമ്മാവിൻ പൂന്തേനുമമ്മയാം വാഗ്ദേവി
യമ്മിഞ്ഞപ്പാലായ്നമുക്കേകുന്നു.
മാതാവിൻ മാഹാത്മ്യം പാട്ടുകതന്നെയാം
പൈതങ്ങളാം നമുക്കെന്നും കൃത്യം.
മാനസമങ്ങിങ്ങു ചാടിപ്പുതറാതേ
സൂനത്തേൻപാനത്താലെന്നപോലെ
ആനന്ദക്കാതലാം മാതാവിൻ വിഗ്രഹ-
ധ്യാനത്താൽ നേടും ലഹരീഗാനം.
അമ്മക്കും, ഭ്രാതാക്കൾം മക്കൾക്കും തൃപ്തിയാം
അമ്മയും, മക്കളും രണ്ടല്ലല്ലൊ.

XI.

ശ്ലോകം.

അബ്ദത്തിൻ ഗർജ്ജനത്തിൽ, ഘനമഴയിലുമാം-
ശ്ലോക സൌഹിത്യഗാനം
ക്ഷുബ്ധക്ഷീരാബ്ധിവത്തിന്നിടയിലുമമൃതാ-
സ്വാദസീൽക്കാരഗാനം;
അബ്ധം, കല്പങ്ങളം, മനപന്തരമിവയുമൊരേ-
മട്ടിൽ നീട്ടിക്കളിപ്പൂ
ശബ്ദബ്രഹ്മാത്മികേ! ശ്രീഭഗവതി! തവ താ-
രുണ്യലാവണ്യഗാനം.

കൂട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണകുറുപ്പ്.

"സാഹിതീസ്തോത്രം."

i.

അജ്ഞാനാവഗ്രഹം നീങ്ങിയ സുകൃതികൾതൻ-
വാസനാഭ്യാസപൂത-
പ്രജ്ഞാവാലത്തിലുണ്ടായ്, പ്രകൃതിയുടെ കളി-
പ്പന്തലിൽ പൊന്തി, മുറ്റും
വിജ്ഞാനപ്പൊൻകുളിർപ്പൂങ്കുലകളിൽ നറുതേൻ
വാക്കുമാവാക് പ്രപഞ്ചോ-
പജ്ഞാതാനന്ദലാസ്യൽകവന നവലതേ!
വെൽക! നീ, വെൽക! നിത്യം.

ii.

വീക്ഷാമാത്രത്തിൽ വിശ്വപ്രകൃതിയുടെ നിഴൽ-
ച്ചേലൊട്ടും, നാളികേര-
ദ്രാക്ഷാപാകത്തിലുംചേർന്നൊഴുകുമുപനിഷൽ-
സൂക്തിതൻ മാധുരിയോടും,
മോക്ഷാഭിഖ്യം സുഖം പേർത്തലമരുളുക, വൈ-
ദർഭിതൻ വിഭ്രമത്തിൽ
സാക്ഷാൽ ക്രീഡയ്ക്കരങ്ങാകിയ സകലകലാ-
ദൈവതസാഹിത്യതതപം.

iii.

ആരാവന്തിത്തുടുപ്പാൽ പ്രകൃതിയുടെ ലലാ-
ടാന്തസീമന്തചിത്രം
നേരായ് നിർമ്മിച്ചിടുന്നു, പുലരിയഭിനയി-
ക്കുന്നു ഹാ! മന്ദഹാസം,
ആരാൽപ്പൂന്തിങ്കൾ വെൺചട്ടിനമിളയിൽ വിരി-
ക്കുന്നു, സൂക്ഷ്മാ നിനച്ചാ-
ലാരാണെന്താണു? വാഗ്ഭംഗനകലയുടെ വൈ-
ചിത്ര്യമീ ചിത്രമെല്ലാം

iv.

നീലത്താളിൽ തനിപ്പൊൻമയലിപിലസിതം
പിൻപുറം, മുൻപുറം നെ-
ല്ലോലപ്പച്ചകിട്ടിൽ തിരളുമണിവെയിൽ
ച്ചാർത്തിനാൽ ചിത്രലേഖം,

കാലഗ്രന്ഥത്തിലല്ലും പകലുമിരുവശം
തേടുമീയേട്ട വായി-
പ്പീലന്ധപ്രായർ ഹാ! നാ, മുലകിതൊരു നിസ-
ർഗ്ഗോജ്വലം സത്ബന്ധം.

v.

വാരാളം വർണ്ണഭേദപ്രഭയോടനുപദം
രാഗസംയോഗമാർന്നി,-
ട്ടാരാലും കാമ്യമായി, ശ്രുതിയിലുമമൃത-
സ്യന്ദമേകുന്നതായി,
സ്ഫാരാലങ്കാരശോഭം ഹൃദയലയമണ-
ച്ചന്തരാഹന്ത! തമ്മിൽ
പ്പോരാട്ടം ചാരു സാരസ്വതകുചയുഗമേ
കാൺമു ഞാൻ കാവ്യമായി.

vi.

ചാരു ശ്രീചക്രവാളാംബരവളഭിയിൽ നാ-
നാപദാർത്ഥങ്ങളം നിർമ്മി-
ച്ചാരുല്ലേഖങ്ങളോരോന്നിരവുപകൽ കുറി-
ക്കുന്നു മായ്ക്കുന്നു വീണ്ടും,
വീരുത്തുംക്രൂടിയാർ തൻ കവിത തലകുലു-
ക്കിപ്പുകഴ്ത്തുന്നു? ഞാനാ-
വാർത്തറിഞ്ഞീടും പ്രകൃത്യംബികയുടെ കവിക-
ർമ്മത്തെയിന്നെത്ര വാഴ്ത്തും?

vii.

കാലം പാർത്തുള്ള തത്തദ്വിഷയലയവശാൽ
സൽക്കവീന്ദ്രക്കുപ്പൂ-
ന്തോലം താനേ തുളുമ്പിച്ചൊരിയുമമൃതനി-
ഷ്യന്ദിവാഗ്ബിന്ദുവർഷം
സ്ഥൂലബ്രഹ്മാണ്ഡമദ്ധ്യേ കിമപി കിമപി നി-
ർമ്മിപ്പതുണ്ടത്തതാത്പര്യാ-
ന്മീലൽസാരസ്യമാളം പ്രകൃതികളകളോൽ
പ്രേക്ഷ്യമാം സൂക്ഷ്മലോകം.

viii.

വൃത്തം പാകത്തിനാന്നും, നഖരപദപരീ-
വാദഭേദം കലന്നും,
ഹൃത്തട്ടിന്നൊത്തുയന്നും, ശ്രുതിമതിമധുരാ-
സാരമാം ധാര വാന്നും,

തത്തൽഭാവപ്രകർഷത്തൊട്ട കവിരസനാ–
മഞ്ചത്ര തഞ്ചി ലീലാ–
ത്തം വയ്ക്കുന്ന സാരസ്വതചതുരകലാ–
ജാലകം നാലുപാട്ടും.

ix.

സ്ഥീതപ്രേമപുതുപ്പൊൻചരടിലണിയെഴും
രീതിയിൽ സ്മൃതമാമീ–
ബ്ഭ്രതഗ്രാമത്തെ വിശേപാത്തരനിലയിലിണ–
ക്കുന്നതേതൊന്നുതാനോ?
ചേതസ്സേ! നീ, മടിക്കാതനവരതമുപാ–
സിക്കുകാപ്പുഷ്കലോദ്യൽ–
ശ്ലീതശ്രീമണ്ഡലത്തിൽ ധവളിമപകരും
വേഭമാമാദികാവ്യം.

എസ്. ശ്രീധരൻ നമ്പൂതിരി.

ഭാഷാപോഷണോപായങ്ങൾ.

(പ്രസംഗം)

മാന്യനായ അദ്ധ്യക്ഷരേ, പ്രിയസഹോദരീസഹോദരന്മാരേ,

"ഇന്നത്തെ ഈ മഹാപണ്ഡിതസദസ്സിൽ ഒരു വാചാപ്രസംഗം ചെയ്യണമെന്ന തൽഭാരവാഹികൾ ആവശ്യപ്പെട്ടകയും അതോടുകൂടി ഞാൻ അല്പം മോഹിക്കയുംചെയ്തു എന്നതു വാസ്തവംതന്നെ. മോഹത്തിന്റെ ഫലമായി പ്രസംഗഭാരം കയ്യേറ്റു. എന്നാൽ ഭാരവാഹികൾ ഇങ്ങനെ പറഞ്ഞിക്കുമെന്ന കരുതിയിരുന്നില്ല. കായ്പരിപാടി പ്രകാരം ഇന്നലെ ഒഴിച്ചുകൂടുവാൻ വയ്യാത്ത ചടങ്ങുകൾകൊണ്ടവസാനിച്ചു. ഇന്നു പ്രസംഗങ്ങളും മറ്റും തുടങ്ങുന്ന ആദ്യത്തെ വാചാപ്രസംഗത്തിന് എന്റെ പേർ ചേർക്കുമെന്നു നിരീച്ചിരുന്നില്ല. എന്താവാം ഇതിനു കാരണമെന്നു ഞാൻ ചിന്തിച്ചു. എന്റെ പ്രസംഗപ്രൗഢിയല്ല, പ്രവർത്തകന്മാരെ ഇതിനു പ്രേരിപ്പിച്ചിട്ടുണ്ടാവുക. സാധാരണയായി പ്രാസംഗികന്മാരുടെ പേരുവിവരം ചേർക്കുന്നതിൽ രണ്ടു സമ്പ്രദായമുണ്ട്; വാരസമ്പ്രദായവും പൂരസമ്പ്രദായവും. നമ്മുടെയിടയിൽ സുലഭമാണല്ലോ വാരം. വാരമിരിക്കുവാൻ വിദ്വാനെയാണു ക്ഷണിയ്ക്കുക പതിവ്. പൂരത്തിനു പ്രധാനം തായമ്പകയാണ്. അതിന് ആദ്യം മോശക്കാരനേയും ക്ഷണിയ്ക്കും. പരിഷൽഭാരവാഹികൾക്കു നമ്പൂരിത്വക്കുറവുള്ളതിനാൽ ഇങ്ങനെ ചെയ്തതാവണം. അല്ലെങ്കിൽ ഞാൻ ബ്രാഹ്മണനാണ്; ഒരുത്തമനമ്പൂതിരി; ബ്രാഹ്മണക്കാണല്ലോ സഭ്യയിൽ മുൻപന്തി. ആ ഉ

പാധിയനുസരിച്ചായാലും എന്റെ ഈ നില ഉചിതംതന്നെ. പിന്നെ കായ്പരിപാടിയിൽ അവസാനമായിക്കാണുന്ന കവിതയും എന്റേതാണ്. അങ്ങനെ എനിയ്ക്കാദ്യവസാനവേഷം കിട്ടിയിരിക്കുന്നു. അല്ലെങ്കിൽ ഭാരവാഹികളുടെ തീപ്പിനെ അതിലംഘിക്കാവുന്നതല്ലല്ലോ. അതിൽ സന്തോഷവുമുണ്ട്. ഇനി നിട്ടിഷ്ടവിഷയത്തിൽ പ്രവേശിച്ചേക്കാം.

പരിഷത്തിൽ എന്തു വിഷയത്തെ അധികരിച്ചാണു പ്രസംഗിക്കേണ്ടതെന്നു ഞാൻ പലവുരു ചിന്തിച്ചു. മറ്റാരും പറഞ്ഞിട്ടില്ലാത്ത ഒന്നിനെപ്പറ്റിയായാൽ കൊള്ളാമെന്നാഗ്രഹിച്ചു. എന്നാൽ ഇതേവരെ ആരും പറഞ്ഞിട്ടില്ലാത്ത ഒരു വിഷയം കണ്ടുപിടിക്കുക സാദ്ധ്യമല്ലെന്നു ബോധപ്പെട്ടു. ചവ്വിതചവ്വണമല്ലാതെ വല്ലതും പറയണമെങ്കിൽ ഇന്നത്തെ സാമ്പത്തികാധഃപതനമോ കോഴിക്കോട്ടേ കപ്പൽഗതാഗതമോ ആവണം വിഷയം. അതു സാഹസമാണല്ലോ. ചവ്വിതചവ്വണമാണെങ്കിൽക്കൂടി ഫലം കൈവരുന്നതുവരെ പറയുന്നതു തെറ്റല്ലെന്ന് ഒടുവിൽ സമാധാനിച്ചു. അതിനാൽ ആ പഴയ പല്ലവിതന്നെയാണിപ്പോഴും പിടിച്ചിരിക്കുന്നതു്. ഭാഷാപോഷണോപായങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ഭാഷാപോഷണപ്രതിബന്ധങ്ങളെപ്പറ്റി പറയുന്നതു പ്രായോഗികമായിരിയ്ക്കും. ഇന്നു മലയാളത്തിനു ആവശ്യമായിരിക്കുന്നതു മറ്റു ഏതു ജീവൽസാഹിത്യത്തിനുമവശ്യം വേണ്ടതായ ആ സംഗതി, —സ്വാതന്ത്ര്യം— ആണ്. എന്നു നാം സ്വന്തം കാലിൽ നില്ക്കുകയും മറ്റും ചെയ്യുന്നുവോ, അന്നേ നമ്മുടെ അഭിവൃദ്ധി പരമകാഷ്ഠയിലെത്തുന്നുള്ളൂ. ഇതിനെന്തൊന്നാണാവശ്യം? അല്ലെങ്കിൽ ഇതിനു പ്രതിബന്ധഹേതുക്കളേവ? എന്റെ എളിയബുദ്ധിയിൽ തോന്നുന്നതു നമ്മുടെ സത്വരപുരോഗമനത്തെ തടയുന്ന പ്രധാന സംഗതികൾ മൂന്നെണ്ണമെന്നാണ്. ഒന്നാമതായി ഭാഷയുടെ അടുക്കും, നമുക്കു ഭാഷയോടുള്ള അടുപ്പവും, ഭാഷാസ്നേഹവുമാണ്. നമുക്കു ഗ്രന്ഥങ്ങളില്ലാത്തതും ഉള്ളവയ്ക്കു അധികാരസ്ഥാനങ്ങളിൽ ആദരം ലഭിക്കാത്തതും എല്ലാം ഈ കാരണങ്ങളാലാണ്. 80 ലക്ഷത്തിൽ പരമുള്ള മലയാളികളിൽ 8000 പേർ ഭാഷയെ ആസ്വദിക്കുന്നുണ്ടോ എന്നു സംശയം. വലിയ ഒരു വിഭാഗം ജനങ്ങൾ സാഹിത്യമെന്നതെന്തെന്നറിയുന്നേയില്ല. നിരക്ഷരകുക്ഷികളാകയാൽ ആഗ്രഹമുണ്ടെങ്കിൽത്തന്നെ ഭാഷയോടടുക്കുവാൻ അവർക്കു ഭാഗ്യമില്ല. രണ്ടാമത്തെ സംഗതി— അതു പറയുവാൻ ഞാൻ ഭയപ്പെടുന്നു; എങ്കിലും പറയാതെ നിവൃത്തിയില്ല; ഭാരവാഹികൾ എന്നെ അനുവദിക്കയും, ഞാനിവിടെ സന്നിഹിതനാകയും, നിങ്ങൾ എന്നിൽനിന്നു ചിലതു പ്രതീക്ഷിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതിനാൽ പറയാതെ തരവുമില്ലല്ലോ—പുതിയ ഇംഗ്ലീഷുഭാഷാഭിജ്ഞന്മാരുടെ ഭാഷാദ്വേഷമാണ്. ഭാഷയെ പുച്ഛരസത്തോടുകൂടി നോക്കുന്ന പലരേയും ഞാനറിയും. മലയാളി എന്നു പറയുവാൻപോലും മടിക്കുന്ന ഒരാളെപ്പറ്റി ഞാൻ എന്നോ കേട്ടിട്ടുള്ളതായോർക്കുന്നു. ഇംഗ്ലീഷുഭാഷാഭിജ്ഞരിൽ ചിലർ ഭാഷാപോഷണോത്സുകരും, വിവർത്തിതഗ്രന്ഥങ്ങളാൽ യഥാർത്ഥഭാഷാപോഷണം നിർവ്വഹിക്കുന്നവരുമായുണ്ട്; അവർ ശ്ലാഘ്യാർഹരുമാണ്. ഇനി ഒരു കൂട്ടം ഭാഷാവിരോധികൾ, തനിസ്സംസ്കൃതപണ്ഡിതന്മാരാണ്. ഭാഷയോടുള്ള ഇവരുടെ നിസ്സാരബുദ്ധി അവാച്യം. പുനത്തിനെ അരക്കവിയാക്കിയ മനഃസ്ഥിതി ഇന്നും നശിച്ചിട്ടില്ല.

മേല്പത്തൂരിനെക്കൊണ്ടു പൂന്താനത്തിനെ എന്തുതന്നെ പറയിച്ചില്ല! അശ്ലീലമയമായ സാഹിത്യമാണു മലയാളത്തിനുള്ളതെന്നവർ പറയും. മലയാളത്തിനു സാഹിത്യമുണ്ടോ എന്നവർ ശങ്കിക്കാതെ ഇരിക്കുന്നില്ല ഇതെത്രയും ശോചനീയം. മൂന്നാമത്തെ പ്രതിബന്ധം വിശദപ്പെടുത്തുന്നതിനുമുമ്പു അല്പം അവതാരിക വേണ്ടിയിരിക്കുന്നു. എന്തെന്നാൽ മഹാകവി ഉള്ളൂർ തുടങ്ങിയ ചിലർ ഇവിടെ അധിക്ഷേപിക്കപ്പെടുന്നില്ലെന്നു പ്രത്യേകം എടുത്തു പറയണം. പ്രത്യുത ശ്ലാഘ്യരുമായ ഉള്ളൂർ അനുകരണയോഗ്യനുംകൂടിയാണെന്നു ഇക്രുട്ടർ മനസ്സിലാക്കണം. തമിഴബന്ധമുള്ള കൊങ്ങന്മാരെപ്പറ്റിയാണു ഞാൻ പറയുന്നതെന്നു നിങ്ങൾ ഊഹിച്ചിരിയ്ക്കും. അവർക്കു കേരളക്കരയിൽ കേരളീയർക്കുള്ള സകല സുഖസൌകര്യങ്ങളും വേണം; ഭാഷയേ സ്നേഹിക്കുവാൻ മാത്രം മനസ്സില്ല. ഒരു മലയാളിസ്നേഹിതനുമായി മലയാളത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന തമിഴൻ മറൊരു തമിഴനെക്കണ്ടാലുടൻ "എന്ന സമാചാരം" എന്നു ചോദിക്കുകയായി. അവരോടു ഞാനപേക്ഷിക്കുന്നു, ഉള്ളൂരിനെ അനുകരിക്കണമെന്നു്.

ഇവിടെ എത്ര കുറച്ചു ആളുകൾമാത്രമാണു ക്രുടിയിട്ടുള്ളതെന്നു ചിന്തിയ്ക്കുക. കുറവാണോ സാഹിത്യസംരംഭങ്ങൾ കെട്ടുപോകുന്നതു്? മലയാളത്തിൽ ഒരു പത്രം ഒരു കൊല്ലവും മാസിക 6 മാസവും നിലനിന്നാൽ ഭാഗ്യമായി എന്നു പലരും പറയാറുണ്ടു്. ഒരു കാലത്തു ഗംഭീരാശയന്മാർ നടത്തിയിരുന്ന മംഗളോദയം, രസികരഞ്ജിനി തുടങ്ങിയവപോലും ഇട്ട വീണതിലെന്തത്ഭുതം?

ഈ മൂന്നുനാലു വഴ്ക്കാരെ ഭാഷയോടടുപ്പിച്ചാൽ നാം കായ്യം നേടി. നിരക്ഷരകുക്ഷികളെ ഉൽബോധനങ്ങൾകൊണ്ടു് ഇങ്ങോട്ടടുപ്പിക്കാം. ദേശന്തോറും വായനശാലകൾ സ്ഥാപിച്ചു് അവരെ ആകഷ്ടിക്കാം. മറുള്ളവരെയെല്ലാം ആകഷ്ടിക്കുവാൻ ഗ്രന്ഥസമൃദ്ധിയാണുണ്ടാവേണ്ടതു്. മറെറങ്ങും ഉള്ള ഗ്രന്ഥങ്ങളെല്ലാംതന്നെയും, മറെറങ്ങുമില്ലാത്ത ചിലവയും നമുക്കുണ്ടാവണം. ഇന്നു നമുക്കു സാഹിത്യകാരന്മാർ വേണ്ടുവോളമുണ്ടാവുക കഴിഞ്ഞിട്ടില്ല. ഉള്ളവർ ജീവിതക്ലേശങ്ങൾ സഹിയ്ക്കുന്നവരാകയാൽ മുഴുവൻ സമയവും സ്വസ്ഥമായി സാഹിത്യപരിശ്രമത്തിൽ ചെലുത്തുവാൻ സമർത്ഥരാകുന്നില്ല. സാഹിത്യകാരന്മാർ സന്തോഷഭരിതരും സത്പ്രയത്നപ്രധാനരും ആയേ കഴിയു. അവൻ ജനസാമാന്യത്തിൽനിന്നു ഉയർന്ന പടിയിൽ നില്ക്കണം. നമ്മുടെ സാഹിത്യകാരന്മാരാകട്ടെ കൊറനേഷിച്ചലയുന്നു. ഈ സ്ഥിതിക്കു് ആവശ്യാനുകൂലമായ ഗ്രന്ഥങ്ങൾ ഉണ്ടാകുവാൻ എങ്ങിനെ കഴിയും? സംസ്കൃതസാഹിത്യം മികച്ചതായിത്തീർന്നതു ഗ്രന്ഥകാരന്മാരെ ദൈനംദിനം ജീവിതാവശ്യങ്ങളെപ്പറ്റിയുള്ള ക്ലേശങ്ങളിൽനിന്നു മോചിപ്പിച്ചുനിത്തിയിരുന്നതിനാലാണു്. അവർക്കു അക്ഷരലക്ഷവും മറും കൊടുത്തിരുന്നു എന്നല്ലേ പറയപ്പെടുന്നതു്? നമുക്കു സാഹിത്യകൃതികൾ വല്ലതുമുണ്ടാകുന്നുവെങ്കിൽ അവ സാഹിത്യകാരന്മാർ വയ്യാവേലകൾ കഴിച്ചുകൂട്ടിയതിനുശേഷം ധമ്മ്ബുദ്ധിയാൽ ചെയ്യുന്ന അതിപ്രയത്നഫലങ്ങളാണു്. അങ്ങിനെയുള്ളവരെ വിറകൊള്ളിയ്ക്കുന്ന വിമർശകന്മാരാണു നമുക്കുള്ളതു്. ഗ്രന്ഥവിമർശനം ചെയ്യുന്നതു വിമർശകന്റെ വ്യക്തിപരമായ അഭിപ്രായത്തെ ആസ്പദമാക്കി

ക്കൊണ്ടാണ്. അല്ലെങ്കിൽ തന്റെ കക്ഷിയുടെ അഭീഷ്ടം നോക്കും. സാഹിത്യകൃതികളുടെ യഥാർത്ഥഗുണം എന്നപോലെ യഥാർത്ഥദോഷവും ഇന്നത്തെ വിമർശനങ്ങൾ മുഖേന വെളിപ്പെട്ടുന്നില്ല. നല്ല നിരൂപകന്മാരുണ്ടായിരുന്നെങ്കിൽ തുഞ്ചത്തെഴുത്തച്ഛൻ തുളസീദാസനേയും അതിശയിക്കുമായിരുന്നു. നമ്മുടെ കവികളിൽ നോബൽസമ്മാനത്തിനുപോലും അർഹരായുള്ളവരുണ്ടാകുമായിരുന്നു. നമ്മുടെ കവികളെ ആരും കാണുന്നില്ല; പൊക്കുന്നുമില്ല; വർഗ്ഗീയവിദ്വേഷം ഗ്രന്ഥരചനയിലും കടന്നു കേറിയിരിയ്ക്കുന്നു. വളരെ നാളായി സാഹിത്യലോകത്തിലെ വിഡ്ഢിവേഷക്കാരായി കഴിഞ്ഞുകൂടുന്നവരാണു നമ്പൂതിരിമാർ. ഞാൻ സാഭിമാനം പറയുന്നു: ഇന്നവർക്കു മറ്റു സമുദായക്കാരെ വിഡ്ഢിവേഷം കെട്ടിയ്ക്കുവാൻ വയ്യായ്കയില്ല; അവരുടെ മഹാമനസ്കതകൊണ്ടതിനു മുതിരുന്നില്ലെന്നുമാത്രം. തിരുവിതാംകൂറിൽ ചിത്രമെഴുത്തു വർഗ്ഗീസും മന്ദത്തു പത്മനാഭപിള്ളയും തമ്മിൽ അതിഭീർഘമായ വാദങ്ങൾ നടക്കുന്നുണ്ടായിരുന്നു. നസ്രാണികൾ നായന്മാരേക്കാൾ ഉന്നതനിലയിലായിരുന്നു പണ്ട് എന്നു പറഞ്ഞുകൊണ്ടു നായർസമുദായത്തെ അവജ്ഞയോടുകൂടി ചിത്രീകരിയ്ക്കുകയാണു മി: വർഗ്ഗീസു ചെയ്തത്. മി: മന്ദം ഇതിനു മറുപടിയെഴുതി. ഇതു വളരെനാൾ കോലാഹലമായി നടന്നു. ഇനിയെങ്കിലും, നമ്പൂതിരിയുടെ മഹാമനസ്കതയോർത്തു ഗ്രന്ഥങ്ങളിൽ വർഗ്ഗീയവിദ്വേഷം കലർത്തരുതെന്നു ഞാൻ അപേക്ഷിയ്ക്കുന്നു. സാഹിത്യത്തിലെങ്കിലും വർഗ്ഗീയവഴക്കില്ലാതിരിക്കട്ടെ.

അധികാരസ്ഥാനങ്ങളിൽ അത്യാദരമില്ലെങ്കിലും അവജ്ഞയില്ലാതെയിരുന്നെങ്കിൽ മതിയായിരുന്നു, മലയാളഭാഷയോട്. ഭോജരാജന്മാരാണു കാളിദാസന്മാരെ ഉണ്ടാക്കുന്നതു'; ഭോജനില്ലെങ്കിൽ കാളിദാസനുമില്ല. ആംഗലഭാഷ രാജഭാഷയെന്നുള്ള ആദരവിനു പാത്രമായിരുന്നില്ലെങ്കിൽ അതിനിന്നത്തെ നില കിട്ടുമോ? നമ്മുടെ ഗവർമ്മെണ്ടാഫീസുകൾ, പ്രാദേശികസഭകൾ ഇവയിലെല്ലാം മലയാളത്തിനു സ്ഥാനംകിട്ടണം. ഗ്രന്ഥകാരന്മാരുടെ വൈരള്യം തീർത്താൽ, നിരക്ഷരകുക്ഷികളെ സാഹിത്യരസം ആസ്വദിപ്പിച്ചാൽ, അചിരേണ മലയാളഭാഷ ഉത്തമപദത്തിലെത്തിച്ചേരും. നാമോരോരുത്തരും ഉത്സാഹത്തോടുകൂടി തല പൊക്കുക. ഓരോരുത്തരുടേയും, പരിഷത്തിന്റെ ആകമാനവും ഉള്ള ശ്രദ്ധയെ ഞാൻ ഈ വിഷയത്തിലേയ്ക്കാകർഷിച്ചിട്ടു എന്റെ ഈ അധികപ്രസംഗത്തെ തല്ക്കാലം അവസാനിപ്പിയ്ക്കട്ടെ.

ശ്രീമാൻ ഭവത്രാതൻ നമ്പൂതിരിപ്പാട്.

ഇന്നത്തെ ലോകം.

ഇന്നത്തെ ലോകം സുപരിചിതംപോൽ!
ഇതിൻ യഥാർത്ഥസ്ഥിതിയാരു കണ്ടു?
ഇല്ലാത്തതുണ്ടാക്കുവതിന്നു,മുള്ള –
തില്ലാതെയാക്കാനുമെളുപ്പമിപ്പോൾ.

ഫ

പ്രചാരവേലയ്ക്കുലകത്തിലുള്ളാ-
പ്രത്യേകശക്തിക്കു നമിക്കുമാരും;
പ്രസിദ്ധരായോരിതിനായിറങ്ങി-
പ്രവൃത്തിചെയ്താൽ ഫലമാശു ലഭ്യം. ൨

പതപ്രസിദ്ധീകരണം, പറഞ്ഞു-
പരത്തൽ ഈ രണ്ടു വഴിക്കു പോയാൽ
പരക്കസ്യയ്ക്കിടയാം വിധത്തിൽ
പതച്ച് വിട്ടച്ചപദത്തിലെത്താം. ൩

'പരന്യ'മാമിപ്പണിയാൽ 'പുകഴ്പ്പാൽ-
പയോധി'യിൽ 'ഭ്രമിരമേശ'രായി,
പരസ്സഹസ്രം നരവീരരിന്നു
പരം 'വികുണ്ഠസ്ഥിതി' പൂണ്ടിരിപ്പൂ. ൪

സാധാരണക്കാരിതിലമ്പരന്നു
സാരം ധരിക്കാതിവരെബ്ഭജിപ്പൂ;
സാധുക്കളോ വഞ്ചിതരേതിടത്തും
സാപ്പാടിനന്യക്കിടമപ്പെടുന്നു. ൫

ഈ വാക്കു തെറ്റല്ലൊരു ക്ലേട്ടർ മുന്നം
ശപാവാക്കിനാരാടിനെയെന്നു കാണ്മൂ;
ഈ വാസ്തവംതാനധികം പരിഷ്കൃ-
താവസ്ഥ പൂണ്ടിന്നു പുകഴ്ന്നിടുന്നു. ൬

ഇന്നത്തെ ലോകം സുപരിഷ്കൃതംതാൻ!
ഇതാണു സാമാന്യമതിൻ സ്വഭാവം;
ഇതിൽ ചിലേടത്തു കുറച്ചുനേര-
മിനിക്കടന്നൊന്നു നടന്നു നോക്കാം. ൭

പഠിച്ചു വേണ്ടുന്ന പരീക്ഷയൊക്കെ-
പ്പാസ്സായവക്കും പണി പൂജ്യമിപ്പോൾ;
നാട്ടിന്നു നട്ടെല്ലുകളാം യുവാക്കൾ
നാനാവിധത്തിൽ കളയുന്നു കാലം. ൮

ഉദ്യോഗലോകേശ്വരിതന്റെ 'വേല'-
യ്ക്കുഴിഞ്ഞുവെച്ചോരുകീടമുള്ളാൽ
സ്വ'ധർമ്മദൈവങ്ങളെ' വേണ്ടപോലെ-
സ്സേവിക്കിലേ സൽഗതിയുള്ളു മേലിൽ. ൯

ആപത്തകറ്റുന്നതി'നമ്മ'മാരെ-
യാകുവിധത്തിൽ ചിലർ 'പൂജചെയ്യും';

സാമർത്ഥ്യവും വിദ്യയുമൊന്നുമല്ല,
"സേവാബലം സർവ്വബലാൽ പ്രധാനം." ൧൦

ഇത്തത്ത്വമല്ലോ വിശദീകരിപ്പ-
തിന്നത്തെ ലോകം വിഷയങ്ങൾതോറും;
ഇനി പ്രജാപാലനജാഗരൂക-
രിരിക്കുമാട്ടിക്കിലുമൊന്നു നോക്കാം. ൧൧

ന്യായത്തിൽ നേരും തെളിയിച്ചുകൊൾവാ-
'നന്യായ'മാണാടിയിൽ വേണ്ടതിപ്പോൾ;
ന്യായാധിപൻ കണ്ടറിയുന്ന കാര്യ-
മായാലുമാദ്യം തെളിവൊക്കെ വേണം. ൧൨

അന്നന്നു മാറും നിയമങ്ങൾ നോക്കി-
യതാതിനൊപ്പിച്ചഭിഭാഷകന്മാർ
വാങ്മാരി തൂകുന്നളവിൽ കലക്ക-
വെള്ളംകണക്കാം തെളിവിന്റെ കാര്യം. ൧൩

വിധിച്ചതെല്ലാം വരുമേ; കൊതിച്ച-
വിധത്തിലായെങ്കിലതാണു ഭാഗ്യം;
വേണ്ടുംവിധം ന്യായവഴിക്കു സത്യം
വെളിപ്പെടുത്താൻ വളരെ പ്രയാസം. ൧൪

കിരീടമുള്ളോരുതു കീഴിൽവെച്ചു
കിഴിഞ്ഞു തെണ്ടിത്തിരിയേണ്ടിവന്നു
കീഴ്മേൽ നടപ്പൊക്കെ നിലയ്ക്കു നിൽക്കാൻ
കിനാവു കാണ്മോരിനിമേൽ ശ്രമിക്കും. ൧൫

ക്രൂലിപ്പണിക്കാർ കുടിൽവിട്ടു കേറി-
ക്ക്രൂസാതെ കൊട്ടാരമണഞ്ഞു വാഴ്കേ
ക്രൂരയ്ക്കുതായ്ക്കുടികൊണ്ടിടുന്നു
ക്രൂട്ടം ഭയാൽ പാർത്ഥിവപുംഗവന്മാർ. ൧൬

അക്കാലചക്രഭ്രമണക്രമത്തി-
ലുയർച്ചയും താഴ്ചയുമെന്നുമുണ്ടാം;
സുരാസുരന്മാർക്കുമൊഴിച്ചുകൂടാ
സൂക്ഷ്മത്തിലിച്ചുറവിലുള്ള മാറ്റം. ൧൭

ഇന്നത്തെ ലോകം സുപരിഷ്കൃതംപോൽ!
ഇതീവിധത്തിൽ സുഖപൂർണ്ണമാക്കാൻ
ഇരുന്നു യത്നിച്ച മഹാജനങ്ങൾ-
ക്കിതാ നമസ്കാരമനേകലക്ഷം. ൧൮

നഭോവിഭാഗത്തിൽ നിറഞ്ഞുനില്ക്കും
നക്ഷത്രലക്ഷങ്ങളവേക്ഷ ചെയ്യും,
തീ, വായു, നീർ, മിന്നലിവറ്റിലെല്ലാം
ധീവായ്പിനാൽ സൂക്ഷ്മപരീക്ഷചെയ്യും, ൪൯
തത്തദ്ഭാഗോരോന്നു ചൂഴിഞ്ഞറിഞ്ഞു
തത്തൽബുധന്മാർ തെളിവോടുകൂടി
തരപ്പെട്ടും പുസ്തകമാക്കി നാനാ-
തരത്തിൽ നൽകുന്ന നമുക്കു സൌഖ്യം. ൫൦

(യുഗ്മകം)

ഉയർന്നുമേലേതൊരിടത്തുമെത്താ-
മാഴിക്കകത്തെങ്കിലടിക്കു ചെല്ലാം,
ആകാശദേശത്തുയരെപ്പറക്കാ,-
മാകാത്തതെന്തുള്ള മനുഷ്യനിപ്പോൾ? ൫൫
കുറച്ചുകൂടിക്കഴിയുമ്പൊഴേക്കും
കുജാദിലോകം കുടിപാർപ്പിനാക്കാൻ
കുഴപ്പമില്ലെന്നു കുതിച്ചിടുന്നു
കുശാഗ്രധീയാം മനുജന്റെ മോഹം. ൫൬
'ജഗത്തിലീപ്രാകൃതശക്തിയെല്ലാം
ജയിച്ചു മർത്ത്യൻ കൃതകൃത്യനായി;
ജനങ്ങളിദ്ധാരണ പൂണ്ടിരിക്കേ
ജവാലതാ കാറു തിരിച്ചടിപ്പൂ! ൫൭
ഒരുത്തിലൊക്കെപ്പൊടിഭസ്മമാക്കാ-
നൊരുക്കമായ്ക്കാറെതിരിട്ടിടുമ്പോൾ
ഒരാൾക്കുമൊക്കില്ല തടുത്തുനിർത്താ-
നൊഴിച്ചു ശാസ്ത്രജ്ഞരൊളിച്ചുപോകും. ൫൮
ആകാശയാനങ്ങളുധഃപതിച്ചു,
മാഴിക്കകം കപ്പലുടഞ്ഞടിഞ്ഞും,
ആറ്റിൽജലം പൊങ്ങിയലച്ചുകേറി-
യതാതുദിക്കാസകലം നശിച്ചും, ൫൯
ഭ്രൂകമ്പമുണ്ടായ് ഭുവനത്തിലോരോ
ഭാഗം മുഴക്കെക്കടലാക്രമിച്ചും,
ഓക്കാത്തനേരത്തിടിവാൾ പതിച്ചി-
ട്ടൊട്ടേറെ നാശങ്ങൾ വരുത്തിവെച്ചും, ൬൦
നിർബ്ബാധമേവം പ്രകൃതിപ്രകോപ-
നിസ്സീമശക്തിക്കൊരു നീക്കുപോക്കും

നിനച്ചുകാണാത്ത നരൻ നഭസ്സിൽ
നിമ്മിക്കയാം കോട്ടകൾ പുത്തനായി. ൫൭

(വിശേഷകം)

ഗ്രഹർക്ഷഗോളങ്ങൾ ഗണിച്ചുസൂക്ഷ്മം
ഗ്രഹിച്ചുതാനെന്ന മനുഷ്യനേറ്റം
ഗവ്വേച്ചുവേ പുച്ഛരസാലുഡുക്കൾ
ഗമിച്ചിടുന്ന ഗതി മാറി മാറി. ൫൮

ആരോഗ്യരക്ഷാനിയമങ്ങളെല്ലാ-
മറിഞ്ഞനുഷ്ഠിച്ചമരുന്ന മർത്ത്യൻ
ആയുസ്സു നീട്ടിക്കരുതീട്ടകാല-
ത്തതാ പതിക്കുന്ന യമന്റെ വായിൽ. ൫൯

എന്നാദ്യമുണ്ടായ് നരനിജ്ജഗത്തി-
ലന്നാംമുതല്ലന്തകനെജ്ജയിപ്പാൻ
ഇന്നേവരെച്ചെയ്ത കഠോരയുദ്ധ-
മൊന്നെങ്കിലും തോറ്റമരാതെയുണ്ടോ? ൬൦

പ്രദർശനംപോലെയിരിക്കുമോരോ
പ്രത്യേകഭാഗത്തിനിടയ്ക്കുതന്നെ
പരക്കെയുള്ളാളുകൾ പാത്തുപോരും
പ്രധാനഭാഗത്തൊരു നോക്കു നോക്കാം. ൬൧

പണം! പണം!! മറ്റൊരു ചിന്തയില്ല
മനുഷ്യനിപ്പോളുലകത്തിലെങ്ങും;
കുഴിക്കു കാൽ നീട്ടുകിലും പണത്തിൽ
കുരുത്തമോഹം കുറയുന്നതില്ല. ൬൨

എല്ലാറ്റിനും വേണമിതാദ്യമായി-
ട്ടെല്ലാക്കുമാവശ്യമിതൊന്നുതന്നേ;
എന്നാൽ പണത്തിൽക്കൊതി കൂറമായി-
ട്ടെണ്ണുന്നതിന്നെന്തവകാശമിപ്പോൾ? ൬൩

നിസ്സംഗനാം നിസ്പൃഹനാകയില്ല,
നിർമ്മുക്തനാം, നിർമ്മലനല്ലുന്നതൻ,
നിന്നിദ്രനാം, നിർവൃതനാവതില്ല,
നിത്യം പണത്തിൽക്കൊതിമൂത്ത മർത്ത്യൻ ൬൪

വാണിജ്യസംഘങ്ങൾ വളർത്തിവെച്ചും,
വ്യാപാരമാർഗ്ഗങ്ങൾ പരിഷ്കരിച്ചും,
വേലയ്ക്കു യന്ത്രങ്ങൾ പുതുക്കിവെച്ചും,
വേഗം പണം വാരണമാക്കുമിപ്പോൾ. ൬൫

പറവില്ലിതൊന്നെങ്കിലുമെന്ന വന്നാൽ
പറവിക്കയായീ പല 'വിദ്യ'കൊണ്ടും;
കട്ടും കവർന്നും കൊലതന്നെ ചെയ്തും
തട്ടും പണം മർത്ത്യനിതെത്ര കഷ്ടം! ൩൯

പ്രാമാണ്യമേറും ചില,രെന്തു മായാ-
പ്രയോഗമോ ചെയ്തു വശപ്പെടുത്തി
ഇരിമ്പുപെട്ടിക്കകമിട്ടു പൂട്ടി-
യിരിക്കയത്രേ പണമുള്ളതെല്ലാം. ൪൦

ഇതൊക്കയും വിട്ടിതരസ്ഥലത്തേ-
ക്കിനിക്കടന്നൊന്നു രസിച്ചുനോക്കാം;
സാഹിത്യമാമായതു, സർവ്വലോക-
സൗഹിത്യസന്ദായകമായ ഭാഗം. ൪൧

വിശ്വത്തിലീസ്സാഹിതിപോലെയിത്ര
വിശാലമായോ, വിളറുള്ളതായോ,
വിശിഷ്ടമായോ, വിലയേറിതായോ,
വിളിപ്പെടും ദിക്കിനി വേറെയില്ല. ൪൨

സരസ്വതീസ്തന്യരസം വിഴുങ്ങാം
സദാ പലേ ചാലുവഴിക്കുമെത്തി,
സമൃഷ്ടമാക്കുന്ന കൃഷിസ്ഥലങ്ങൾ
സർവ്വർക്കുമേകുന്ന സമൃദ്ധസൗഖ്യം. ൪൩

വാല്മീകിപാരാശരമുഖ്യർ നട്ട-
വളർത്ത കല്പദ്രുമവാടിയല്ലോ
വായ്നേരിടും വാസനയൊത്തു നൽകി-
വരുന്ന നമ്മുൾക്കഖിലേപ്സിതാർത്ഥം. ൪൪

'ശയ്യാ'വിശേഷത്തൊ'ടലങ്കരിച്ചു'-
'ള്ളകത്തു' 'ഭാവ'ത്തിനു ഭേദമെന്യേ
'സുവൃത്ത'മായ് 'വൃത്തി'യൊടൊത്തു 'പാകം'
നോക്കിബ്ഭജിക്കും പ്രിയയെന്നപോലെ, ൪൫

സാരോപദേശം സരസോക്തിമൂലം
സദാ തരും സല്ലളിതയ്ക്കു വാഴാൻ
സജ്ജീകരിച്ചുള്ളൊരു സത്യലോകം
സാഹിത്യമാത്യന്തികസൗഖ്യമൂലം. ൪൬

(യുഗ്മകം)

കാലം പിഴച്ചിട്ടിതിലെക്കൃഷിക്കും
കാണുന്ന ദോഷം ചിലതേതിടത്തും;
കാശിന്ന മോഹിച്ചു കൃഷിപ്പണിക്കാർ
കായ്യും കെടുക്കുന്നതു കഷ്ടമേറ്റം. ൪൪

മണ്ണാഴമില്ലാത്ത നിലത്തതൊന്ന
മാന്തി ക്രമംപോൽ വളമിട്ടിടാതെ
മൂപ്പും മുഴപ്പും കുറവായ വിത്തു
മൂടിക്കഴിഞ്ഞാൽ മുഴമിച്ച കൃത്യം. ൪൫

പറിച്ചു നീക്കാത്തതുകൊണ്ടു നീളെ-
പ്പുന്ന പൊങ്ങും കള മൂടിനില്പ്പേ
പാടങ്ങളം കൊയ്തിട്ട മെതിച്ചെടുത്താൽ
പാതിക്കുമേലെപ്പതിർ കാണുമിപ്പോഴം ൪൬

കാവ്യാദിദേശങ്ങളിൽ മുഖ്യഭാഗം
കാടായ്കിടന്നീടുക മാത്രമല്ല,
കാട്ടാനയും പന്നിയുമിങ്ങിറങ്ങി-
ക്കാട്ടുന്ന കോലാഹലമെന്തുചൊല്ലാം ൪൭

അന്യപ്രദേശങ്ങളിലീവിധത്തി-
ലനേകനാശങ്ങളം വരുന്നതെല്ലാം
അതാതു ഭാഷയ്ക്കറിവുള്ള കൃത്യ-
രകറ്റി നന്നാക്കി വരുന്നുവല്ലോ. ൪൮

മുറിച്ചു തള്ളിപ്പൊടുവൃക്ഷമെല്ലാം
മുഴത്ത കാടൊക്കയുമിട്ടു ചുട്ടാൽ
മുറയ്ക്കു നാടായ്വരുമിപ്രദേശ-
മുറയ്ക്കണം നാമതിനാദ്യമായി. ൪൯

മുന്നം വെണ്മഴവേന്തി വന്ന മുനിതാൻ
കാണിച്ച മാർഗ്ഗം പിടി-
ച്ചുന്നം ഭാഷയിലാക്കിവെച്ച മഴവും
കോടാലിയും കൊണ്ടു നാം
ഇന്നാടിപ്പൊഴമുദ്ധരിക്കണമിതിൽ-
പാക്കാൻ കൊതിക്കുന്നവ,-
ക്കെന്നാലൊത്തൊരുമിച്ചിറങ്ങുക; ജയം
നൽകും ജഗന്നായകൻ. ൫൦

പി. വി. കൃഷ്ണവാരിയർ.

പൂരക്കളി.

അദ്ധ്യക്ഷൻതിരുമനസ്സിലേക്കും മാന്യമഹാജനങ്ങൾക്കും നമസ്കാരം.

[മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെ അധ്യക്ഷതയിൽ കൂടിയ ഈ മഹാസഭയിൽവെച്ചു് ഈവിധം ഒരു പ്രബന്ധം വായിക്കുന്നതിൽ പ്രത്യേകം ഒരു ഉത്സാഹവും ആത്മവിശ്വാസവും തോന്നുന്നു. ജന്മനാ സിദ്ധിച്ച പദവിയും ആധ്യാനത്താൽ സിദ്ധിച്ച വിജ്ഞാനവും അകൈതവമായ വിനയത്തോടും നിഷ്പക്ഷമായ സ്നേഹത്തോടും സമ്മിളിതമായിക്കാണുമ്പോൾ ആർക്കാണ് ഉത്സാഹവും ആത്മവിശ്വാസവും ഉണ്ടാകാതിരിക്കുക? സാഹിത്യത്തെയും ബാധിച്ചതായി ചിലർ വിശ്വസിക്കുന്ന ജാതിവ്യത്യാസം സമസ്തകേരളസാഹിത്യപരിഷത്തിനെ സ്പർശിക്കപോലും ചെയ്തിട്ടില്ലെന്നു തെളിയിക്കാനും, സാഹിത്യലോകത്തിലെ വിവിധകക്ഷിക്കാരെയും ആവുന്നേടത്തോളം തൃപ്തിപ്പെടുത്താനും ഇതുവരെ കഴിഞ്ഞ ചില വാർഷികസമ്മേളനങ്ങളിൽ ചതുർവ്വിധം അധ്യക്ഷന്മാരെ ക്ഷണിക്കേണ്ടിവന്നിരുന്നുവെങ്കിലും, ഈ ഏഴാമത്തെ സമ്മേളനത്തിൽ ആവക വ്യത്യാസങ്ങളൊക്കെ ഒതുക്കി ആർക്കും അനിഷ്ടമൊ അതൃപ്തിയൊ തോന്നാത്തവിധം നാലും ഒന്നിൽ അടക്കി അധ്യക്ഷസ്ഥാനത്തെ ഉറപ്പിക്കുവാൻ സാധിച്ചതിൽ ഈ യോഗഭാരവാഹികളെ ഞാൻ അഭിനന്ദിക്കുന്നു.

വളരെക്കാലം അവർണ്ണജാതിക്കാർക്ക് ദൃശ്യമൂകാചലമായി സ്ഥിതിചെയ്തിരുന്ന ഒരു വിദ്യാശാലയുടെ പരിസരങ്ങളിൽവെച്ചാണ്, ഇന്നു ജാതിമതവ്യത്യാസംകൂടാതെ സർവ്വരും ചേർന്നുകൊണ്ടു ഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നതെന്ന് എന്റെ ഓർമ്മയിൽ വരുന്നു. കൃഷ്ണനാട്ടംകളി പുറത്തെങ്ങും കളിക്കാൻ അനുവദിക്കാതിരുന്നതുപോലെതന്നെ പൂരക്കളിക്ക് ഇതിന്നകത്തെങ്ങും സ്ഥലം അനുവദിക്കപ്പെട്ടിരുന്നില്ലെന്നും എന്റെ ഓർമ്മയിൽ വരുന്നു. ഈ ഓർമ്മകൾക്കു തുടർച്ചയായി, ഭാഷാസാഹിത്യത്തിന്നുവേണ്ടി പരിശ്രമിച്ചിരുന്ന ഒരു മഹാമാന്യനും സംസ്കൃതപണ്ഡിതനും ഭാഷാകവിയും, എന്നെപ്പോലെ സാഹിത്യരംഗത്തു കൈയ്യേറി കുട്ടിത്തരം കെട്ടിയാടികൊണ്ടിക്കളിക്കുന്നവരെ, അടുത്തു വരുത്തി പ്രോത്സാഹിച്ചിരുന്ന വിശാലഹൃദയനും ആയിരുന്ന വിദ്വാൻ ഏട്ടൻതമ്പുരാന്റെ നാമധേയവും എന്റെ ഓർമ്മയിൽ തള്ളിക്കയറുന്നു. ഈ കോളേജു സ്ഥാപിച്ച മഹാൻ മഹായാഗരൂപത്തിൽ ഈ പ്രസംഗമഞ്ചത്തിൽ ഇരിക്കുന്നതുപോലെ വിദ്വാൻ ഏട്ടൻ തമ്പുരാൻ തിരുമേനിയുടെ ആത്മാവു്, ഇന്നു തന്റെ ജീവിതോദ്ദേശ്യം സഫലമായതിൽ സന്തോഷിച്ചുകൊണ്ടു് അദൃശ്യമായി ഇവിടെ സന്നിഹിതനായിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസമോ, അന്ധവിശ്വാസമോ, എന്താണു നിങ്ങൾ പറവാൻ ഇഷ്ടപ്പെട്ടതെന്നുവെച്ചാൽ അതു്:—]

വടക്കെ മലബാറിൽ നടപ്പുള്ളതും അവിടെ പ്രധാനമായി തീയ്യർ കളിച്ചുവരുന്നതും ആയ "പൂരക്കളി" ഇന്നത്തെ അധ്യക്ഷൻ തിരുമനസ്സിലെ ഭാഷയിൽ പറയുന്നതായാൽ, "കലയോ കമലയോ," അതോ, കലയും കമലയും അടങ്ങിയതോ എന്നു

പരിശോധിച്ചുറിയേണ്ടതിന്, കേരളത്തിലെ സഹൃദയന്മാർക്ക് സാഹിത്യപരിഷത്ത് ഒരു അവസരം നൽകിയതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു മഹാവിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ "സംഘക്കളി"യെപ്പറ്റി ചെയ്തിരുന്ന ഒരു പ്രസംഗത്തിൽ ഇങ്ങനെ വിലപിച്ചിരുന്നു:- "കേരളത്തിലെ വിനോദങ്ങളെല്ലാം മാഞ്ഞുതുടങ്ങി, മന്ദഹാസം മങ്ങിത്തുടങ്ങി; മലനാട്ടിൽ കളിച്ചിരുന്ന ശൈവ്വവീര്യപരാക്രമങ്ങളുടെ വിധമെല്ലാം പകർന്നു, കേരളത്തിന്റെ കരളടഞ്ഞു; ഉദിച്ചുയർന്ന ലോകോത്തരമഹിമയോടുകൂടി പ്രകാശിച്ചിരുന്ന കേരളകലകൾ അസ്തോന്മുഖങ്ങളായി, കേരളത്തിന്റെ കണ്ണുകളും അടഞ്ഞു."

മറ്റു പല സാധനങ്ങളെപ്പോലെ രാജ്യത്തു കപ്പൽവഴിയായി ഇറക്കുമതി ചെയ്യപ്പെട്ട പരിഷ്കാരം ചെയ്ത ദോഷങ്ങളെപ്പറ്റിയുള്ള ഒരു വിലാപമാണിതു്. സാഹിത്യവിഷയത്തിൽ ഇപ്രകാരമുണ്ടായിരിക്കുന്ന പരിഷ്കാരം ചില സംഗതിയിൽ വളരെ ഗുണം ചെയ്തിട്ടുണ്ടെന്നു സമ്മതിക്കുന്നു. ഭാഷയിൽ നോവൽപ്രസ്ഥാനം ഉണ്ടായതു് ഈ 'ഇറക്കുമതിപ്പരിഷ്കാര'ത്തിന്റെ ഫലമാണു്. നല്ല ചില പദ്യകാവ്യങ്ങളിൽപോലും ഈ വിദേശപ്പകിട്ടു പ്രത്യക്ഷപ്പെട്ടു കാണുന്നുണ്ടു്. എന്നാൽ വല്ലതിനും കാലാനുകൂലങ്ങളായ മാറ്റങ്ങളും വരുത്തി, അഭിവൃദ്ധിപ്പെടുത്തുന്നതിനാണു പരിഷ്കാരം എന്ന പേർ യോജിച്ചുതെങ്കിൽ, മിക്ക സാഗതിയിലും നമ്മൾക്കു് അനുഭവമായതു പരിഷ്കാരമാണൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും പേരെങ്കിലും ഒന്നു മാറ്റിവിളിക്കേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു. ക്രിക്കറ്റു്, ഫുട്ട്ബോൾ, ഹോക്കി, ടെന്നിസ്സു്, വോളിബോൾ, മുതലായി നമ്മളുടെ യുവജനങ്ങൾ ഇപ്പോൾ ഏറ്റെടുത്തു വരുന്ന കളികൾ, നമ്മുടെ രാജ്യത്തുണ്ടായിരുന്ന വല്ല കളികളും ക്രമേണ പരിഷ്കരിച്ചുണ്ടായവയല്ലല്ലോ; യൂറോപ്പിൽനിന്നോ അമേരിക്കയിൽനിന്നോ നേരിട്ടു് ഇറക്കുമതി ചെയ്യപ്പെട്ടവയത്രെ. ഇന്നു് ഉൾനാട്ടുകളിൽചെന്നു നോക്കിയാൽ, വിളവുകൊയ്തെടുത്തു, വെയിലിൽ വയലുകൾ ഉറച്ചുകിടക്കുന്ന പല സ്ഥലങ്ങളിലും, മുളകൊണ്ടു രണ്ടു തൂണും അവയ്ക്കുമധ്യേ ഒരു വലയും കെട്ടി യുവജനങ്ങൾ 'വോളിബാൾ' കളിക്കുന്നതു കാണാം. ശരീരശാസ്ത്രവും ആരോഗ്യശാസ്ത്രവും ആവശ്യപ്പെടുന്ന വ്യായാമവും കായപുഷ്ടിയും നൽകാൻ ഉപയുക്തങ്ങളാണെങ്കിൽ ഈവക കളികളെപ്പറ്റി ആക്ഷേപിക്കുകയൊ അവയെ നിരസിക്കുകയൊ ചെയ്യേണ്ടുന്ന ആവശ്യമില്ല. എന്നാൽ രണ്ടു കാര്യം വിശേഷിച്ചു പറയേണ്ടതുണ്ടു്. ഒന്നാമതു, നമ്മളുടെ പൂർവ്വികന്മാരുടെ കളികളും മെയ്യഭ്യാസങ്ങളും കാലദേശങ്ങൾക്കു് അനുസരിച്ചവയായിരുന്നു. അത്യുഷ്ണമുള്ള നമ്മുടെ രാജ്യത്തു ശീതപ്രദേശമായ ചില യൂറോപ്യൻ രാജ്യങ്ങളിലെന്നപോലെ രാവിലെ തുടങ്ങി വൈകുന്നേരംവരെ തണലില്ലാത്ത വെളിസ്ഥലത്തുവെച്ചു കളിക്കുന്ന കളികൾ ഉണ്ടായിരുന്നില്ല. മിക്കതും സൂര്യൻ അസ്തമിച്ചതിനു ശേഷമായിരുന്നു അഭ്യസിക്കപ്പെട്ടിരുന്നതു്. അധികം ആയാസവും അധ്വാനവും ആവശ്യമായിരുന്ന കളരിപ്പയറ്റു മുതലായവയിൽ യുവജനങ്ങൾ ഏറ്റെടുക്കുമ്പോൾ ശരീരത്തിൽ തൈലം പുരട്ടുക പതിവുണ്ടായിരുന്നു. ഇങ്ങിനെ ഈ രാജ്യത്തെ ശീതോഷ്ണസ്ഥിതിക്കനുസരിച്ചു

ഈവിധം വല്ല മുൻകരുതലുകളും ആവശ്യമുണ്ടോ എന്നു തീച്ചയാക്കേണ്ടുന്ന ഭാരം ശരീര ശാസ്ത്രജ്ഞന്മാർക്കുള്ളതാണ്. വിദ്യാശാലകളിൽ കുട്ടികൾ വല്ല കളികളിലും ഏർപ്പെട്ടിരിക്കേണ്ടതു് ഇപ്പോൾ ഏകദേശം നിർബ്ബന്ധമായിരിക്കുകയാണല്ലൊ. കോളേജുകളിൽ ഈവക കളികൾ പരിശീലിപ്പിക്കുവാനും മേലനേഷണംചെയ്യാനും പ്രത്യേകം ഉപാധ്യായന്മാരേയും നിയമിച്ചുകാണുന്നു. അവർ ബി. ഏ മുതലായ ഉയർന്തരം പരീക്ഷകളിൽ വല്ലതും ഗണിതശാസ്ത്രമൊ തത്വശാസ്ത്രമൊ മറെറാ ഐഹികവിഷയമായി പഠിച്ചു ജയിച്ചവരായിരിക്കേണമെന്നും ശരീരം കണ്ടാൽ നല്ല പുഷ്ടിയുള്ളതായിരുന്നാൽ കൊള്ളാമെന്നും അല്ലാതെ ഈവക കളികളിലൊക്കെ പ്രത്യേകവൈദഗ്ദ്ധ്യം സിദ്ധിച്ചവരായിരിക്കണമില്ലെന്നു് അനുഭവംകൊണ്ടു് അറിയാറായിരിക്കുന്നു. നമ്മുടെ പൂർവ്വികന്മാർ പഠിച്ചിരുന്ന കളികളും അവയുടെ സമ്പ്രദായങ്ങളും അവയിൽ അനുസരിച്ചുപോന്നിരുന്ന ചടങ്ങുകളും എല്ലാം പോയി. അന്നു മെയ്യഭ്യാസത്തിനുള്ള "വായ്ത്താരി"കളും മറ്റും ഇന്നു കേട്ടാൽ എല്ലാവരും ചിരിക്കും. "ചാടിക്കെട്ടി ചവിട്ടികെട്ടിച്ചുവിട്ടി, എടത്തു വലത്തേതു്, ഇടത്തേതു്, തിരിഞ്ഞുചാടി, വലിഞ്ഞമന്നു്," എന്നും "വലവടിപൂക്കേറു വിലങ്ങി, ഇടവടി മാറിനു കയ്യുക്കുത്തി, ഇടത്തുമാറി തടംകെട്ടി, വലത്തേതിൽ തട്ടത്തുപൊങ്ങി," എന്നും മറ്റും കേൾക്കുമ്പോൾ, "കോസൈൻ എ, സൈൻ എ, ടാൻ എ, കോട്ടെ" എന്നു് ഉരുവിട്ടുകൊണ്ടിരിക്കുന്ന കുട്ടികൾപോലും പരിഹസിച്ചു ചിരിച്ചെന്നുവരാം.

രണ്ടാമതു പറവാനുള്ളതു, നമ്മുടെ പഴയ കളികളിൽ 'കലയും കമലയും' ക്രൂടിച്ചേർന്നിരിക്കാൻവേണ്ടി പൂർവ്വികന്മാർ ചെയ്തിരുന്ന പരിശ്രമത്തെപ്പററിയത്രെ. കോൽക്കളി, വട്ടക്കളി, പൂരക്കളി, മുതലായ കളികൾ പാട്ടുപാടിക്കൊണ്ടായിരുന്നു കളിച്ചിരുന്നതു്. ഈ കളികൾക്കു പ്രത്യേകം താളവും ചുവടും ഓരോ ഘട്ടത്തിലും ഒന്നിനൊന്നു പരിയായി മറെറാന്നുണ്ടെന്നുള്ളതും കോൽക്കളി മുതലായവയിൽ ഒരുവൻ ചെറിയ ഒരു അബദ്ധം ചെയ്തുപോയെങ്കിൽ, മാലപൊട്ടി ഉതിർന്നപോലെ ആ രംഗം പൊട്ടിപ്പോകുമെന്നും പാടിക്കൊണ്ടും ആടിക്കൊണ്ടും ഇരിക്കുന്നതിനിടയിൽ തമ്മിൽ മുട്ടിയൊ കൈകൊ മൂക്കിന്നൊ അടിയേറെറാ മുറിവു പറവാൻ ഇടയുണ്ടെന്നും മറും ആലോചിച്ചാൽ കളിക്കാരുടെ കണ്ണും കരളും അതിൽ ഏകാഗ്രതയോടുകൂടി ഏർപ്പെട്ടിരിക്കേണ്ടതു് അവശ്യമാണെന്നു മനസ്സിലാക്കാം. ഇതു് 64 കലയിൽ ഉൾപ്പെടുകയില്ലെങ്കിൽ അറുപത്തഞ്ചാമതൊന്നുണ്ടാക്കി ചേർക്കാൻ ഇവിടെ കൂടിയ വിദ്വാന്മാർക്കു ശക്തിയും അധികാരവും ഉള്ളതാണല്ലൊ. പാട്ടുകളൊക്കെ മനപ്പാഠം പഠിക്കേണം അവയൊക്കെ വല്ല പുരാണങ്ങളിലെ കഥകളേയൊ മറെറാ അടിസ്ഥാനമാക്കി രചിക്കപ്പെട്ടവയായിരിക്കും. പൂരക്കളിപ്പാട്ടിൽ വേദാന്തതത്വങ്ങളും വ്യാകരണം അലങ്കാരം മുതലായവയിലെ ചില തത്വങ്ങളും അടക്കിയതായി കാണാം. ഈവക പാട്ടുകൾ സാഹിത്യത്തേയും സഹായിക്കും. എന്നു മാത്രമല്ല, പൂരക്കളിപണിക്കന്മാരിൽ പലരും പാട്ടുകൾ മനപ്പാഠം പഠിച്ചു ചൊല്ലിച്ചൊല്ലി തനിയെ കവികളായിത്തീർന്നതിനും ഉദാഹരണങ്ങൾ ഉണ്ടു്. അവരിൽ ചിലർ യഥാർത്ഥ വാസനയുള്ളവരായിരുന്നുവെന്നും, അവരു

ടെ ചില കാവ്യങ്ങൾക്കു നല്ല കാവ്യഗുണങ്ങളും ഉണ്ടെന്നും കാണാം. അവയിൽ പലതും അച്ചടിച്ചു പരസ്യംചെയ്തെങ്കിൽ, ഇന്നു മഹാകവിപദത്തിനു ഹരജിയെഴുതി ശിപാശിക്കു നടക്കുന്നവരിൽ പലരും സാഹിത്യസിംഹാസനത്തിൻമുമ്പിൽ പ്രവേശിക്കാൻ ഒന്നു മടിക്കാതിരിക്കയില്ല. ഇന്നത്തെ ക്രിക്കറ്റു മുതലായ കളിയിൽ ഏർപ്പെടുന്ന യുവജനങ്ങളും ഏതുതരം സാഹിത്യമാണു വാമൊഴിരൂപത്തിൽ കളിസ്ഥലത്തുവെച്ചു പ്രകടിപ്പിക്കാറെന്നുള്ളതു്, "അമ്പയർ" എന്ന മധ്യസ്ഥൻ വല്ല അബദ്ധവും ചെയ്യുമ്പോകുന്ന അവസരത്തിൽ കേൾക്കാവുന്നതാണു്. 'ഇറക്കുമതി പരിഷ്കാര'മനുസരിച്ചുള്ള കളികൾക്കു് എന്തൊക്കെ ഗുണമുണ്ടായാലും അവനിമിത്തം ചില ഇംഗ്ലീഷു സാങ്കേതികവാക്കുകൾ, ഭാഷാപണ്ഡിതന്മാർക്കു കൂടി, പരിഭാഷചെയ്യാൻ സാധിക്കാത്ത നിലയിൽ പ്രചരിക്കുവാൻ ഇടയായിട്ടുണ്ടെന്നല്ലാതെ, ഭാഷാസാഹിത്യസംബന്ധമായി അവയെക്കൊണ്ടു യാതൊരു ഗുണവും ഉണ്ടാകുന്നില്ല.

പൂരക്കളി മുതലായവയുടെ സ്ഥിതി അങ്ങിനെയല്ല. ഉത്തരകേരളത്തിൽ വളരെ പുരാതനകാലംമുതൽക്കേ നടപ്പുണ്ടായിരുന്ന ഒരു കളിയാണു പൂരക്കളി. ചിറക്കൽ താലൂക്കിലാണു് ഇതു പ്രധാനം. തീയ്യരാണു മുഖ്യമായി ഇതിൽ ഏർപ്പെടുന്നതു്. മണിയാണിനായർ, ചാലിയൻ, കമ്മാളർ, മുതലായ ചില ജാതിക്കാരും ക്രമേണ ഇതിൽ പങ്കുചേർന്നതായി കാണുന്നു. ഏതായാലും യഥാർത്ഥ സവർണ്ണർ ഈ കളിക്കും അശുദ്ധമുണ്ടെന്നാണു കരുതിവരുന്നതു്. അതുകൊണ്ടു ശ്രീമാൻ എൽ. കെ. അനന്തകൃഷ്ണ അയ്യർ അവർകൾ സംഘക്കളിയെപ്പറ്റി പറഞ്ഞതായി, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഉദ്ധരിച്ചതുപോലെ, പൂരക്കളി കളിക്കുന്നതു്, "ബ്രാഹ്മണസംഘമോ, ബ്രഹ്മക്ഷത്രസംഘമൊ, ബ്രഹ്മക്ഷത്രകുടുംബസംഘമൊ" എന്നൊന്നും സംശയിച്ചു വിഷമിക്കേണ്ടുന്ന ആവശ്യമേ ഇല്ല. പ്രധാനമായി അതു തീയ്യസംഘമാണു്, വേണമെങ്കിൽ അവർണ്ണസംഘമാണു് എന്നു പറയാം.

മീനമാസത്തിൽ കാർത്തികനാൾ തുടങ്ങി പൂരംനാളിൽ അവസാനിക്കത്തക്കവണ്ണം ഭഗവതിക്ഷേത്രങ്ങളിൽവെച്ചാണു് ഈ കളി കളിക്കുന്നതു്. അതിന്നായി പലേ ദേശങ്ങളിലും ഓരോ സംഘക്കാർ ചേർന്നു് കളരികെട്ടി, ഒരു പണിക്കരുടെ കീഴിൽ കളി അഭ്യസിക്കും. കളിയിൽ വിദഗ്ധനായ ആശാനു നൽകപ്പെടുന്ന സ്ഥാനപ്പേരാണു് 'പണിക്കർ' എന്നതു്. പണിക്കരാവേണമെങ്കിൽ അയാൾക്കു വളകിട്ടണം. "രാജഹസ്തേന കങ്കണം" എന്നാണല്ലൊ. അതുകൊണ്ടു വല്ല രാജാക്കന്മാരും ആയിരിക്കും വള കൊടുക്കുന്നതു്. പണിക്കരുടെ സ്നേഹിതന്മാർ പൊലവുചെയ്തു വളയുണ്ടാക്കിച്ചു മുൻകൂട്ടി കോവിലകത്തു് അയച്ചുകൊടുക്കുകയും, രാജാവു് അതു് എടുത്തു കൊടുക്കുകയും ആണു ചെയ്യുന്നതു്. കളി, കളരികളിൽവെച്ചു് അഭ്യസിക്കുന്നതു സന്ധ്യക്കു ശേഷമായിരിക്കും.

കാമൻ ദഹിച്ചതിനുശേഷം ഉണ്ടായ സംഭവമാണു് ഈ കളിയുടെ അടിസ്ഥാനമെന്നു പാട്ടിൽ പ്രസ്താവിച്ചുകാണുന്നു.

കനൽമിഴിയിലനൽ ചൊരിയ മനസിജനുടെ തനു
കത്തിച്ചുപോകയാൽ അത്തലാറ്റ രതി.

അവൾ ശിവനോട് തന്റെ കാന്തനെ തിരിയെ കൊടുക്കണം എന്ന് അപേക്ഷിച്ചു. അപ്പോൾ ശിവൻ:-

അവനിയതിലസുരപതിയഴകുടയ ശംബരൻ
തൻ ഗൃഹേ നീ വസിച്ചീടുകെല്ലായ്പൊഴും
മമനിടിലമിഴിയിലുടൽ പെടുകയാൽ ദഹിച്ചൊരാ-
മന്മഥൻ ദ്വാരകാ വൻപുരിതന്നിലെ
രമയുലകിലൊരവതരണമായൊരു രുഗ്മിണി
തന്നിൽ ജനാർദ്ദനനാൽ ജനിച്ചിമ്മമായ്,

ഇരിക്കുമ്പോൾ ആ ബാലനെ ശംബരൻ എടുത്തു കടലിൽ എറിയുന്നതും മത്സ്യം പിടിച്ചു വിഴുങ്ങുന്നതും മറ്റും പറഞ്ഞു. ഒടുവിൽ മത്സ്യത്തിന്റെ വയറിൽനിന്നു കീറിയെടുത്ത ബാലനെ,

"അസ്ഥയാ നല്കി, രതിക്കു സന്തോഷമായ്.
രതിയവനെ വിരവിനൊട്ടു തെരുതെരെ വളർത്തിനാൾ
എപ്പൊഴും കാമനോടാഭിമുഖം പൂണ്ടവൾ."

ശംബരൻ ചത്തതിനുശേഷം,

രതിയുമലർശരനൊടതിപരിചുകളിയാടിയും
എപ്പോഴുമായ്ത്തെളിഞ്ഞതുസുമശരൻ
മന്നുമിയലുമമലമലരിണകൾ തടവിക്കൊഞ്ചി
മന്ദമായ് മാരുതൻ മുന്നിൽ നടക്കവേ
മതിയിലതിതെളിവിനൊട്ടു നിശിയിലഴകൊത്തുടൻ
ചന്ദ്രനുമംബരമാർഗ്ഗേ വിളങ്ങിനാൻ.
ഇവസഹിതമഥ മദനൻ സതിരതിയുമായുടൻ
തന്നുടെ ദ്വാരകാപുക്കിതു കോമളൻ.
വരുമളവിലവരവർകൾ തെരുതെരെ വിളക്കുകൾ
വാതുക്കൽവെച്ചുവർ പൂജിച്ചനാൾ പൂരം.

ആ നാളിന്റെ സ്മരണാർത്ഥമാണത്രെ പൂരം ആഘോഷിക്കുന്നത്.

മനസിജനു ജനകനുടെ മഹിമപെരുതായൊരു
നാമസ്തുതികളാൽ ദീപപ്രദക്ഷിണം
വരുമവരൊടിടകലരെ, കരുണപെരുതായുടൻ
മാധവൻ ചൊല്ലാൽ കളിച്ചിതു ബാലരും.

ആ കളിയാണ് തങ്ങളും കളിക്കുന്നതെന്നുള്ള വിശ്വാസത്തോടും ഭക്തിയോടുംകൂടി പൂരം നാൾ പൂരക്കളി കളിക്കുന്നു. ഒരു നിലവിളക്കു കത്തിച്ചുവെച്ചു ചുറ്റും നിന്നുകൊണ്ടാണു കളിക്കുന്നതു്. ആകെ പതിനെട്ടു രംഗമുണ്ടു്. ഇവയ്ക്കു "നിറം" എന്നു പറയുന്നു. ഇവയിൽ ഓരോന്നിന്റേയും പാട്ടിൻരീതികളും ചുമടും താളവും വെവ്വേറെയാകുന്നു. അവയിൽ ചിലതിന്റെ സമ്പ്രദായങ്ങൾ ഇന്നു രാത്രി ഇവിടെവെച്ചു കണ്ടറിഞ്ഞുകൊള്ളാമല്ലൊ. ചുമടുകൾക്കെല്ലാം പ്രത്യേകം വ്യവസ്ഥയുള്ളതുകൊണ്ടും വായകൊണ്ടു് ഉച്ചത്തിൽ പറയുന്ന താളത്തിനൊപ്പിച്ചു് അവയെ ആചരിക്കുന്നതുകൊണ്ടും അവയ്ക്കൊക്കെ പ്രത്യേക രസമുണ്ടു്.

തത്താ തരികിട തിത്താ തൈ തൈ
തെയ്യില്ല, തെയ്യില്ല, തെയ്യില്ല തൈതൈ.

മുതലായ താളോച്ചാരണങ്ങൾ ചുമടുകളോടു് ഒപ്പിച്ചു് ഉച്ചരിക്കുന്നതു കണ്ണുകൊരമായിത്തീരുന്ന പരിഷ്കാരികൾക്കു് ഉണ്ടായേക്കാം. എന്നെസ്സംബന്ധിച്ചേടത്തോളം അവരെപ്പറ്റി അല്പമെങ്കിലും അസൂയയില്ലെന്നേ പറയുന്നുള്ളൂ.

പതിനെട്ടു നിറങ്ങൾക്കുപുറമെ, രാമായണം, ഭാരതം, അങ്കം, ചായൽ, പാമ്പാട്ടം, നാടകം, ഗണപതി എന്നിങ്ങിനെ പ്രത്യേക രംഗങ്ങൾ ഉണ്ടു്. കളി ആരംഭിക്കുന്നതു ഗണപതി, സരസ്വതി, ശ്രീകൃഷ്ണൻ, മുതലായവരെപ്പറ്റിയുള്ള വന്ദനയോടുകൂടിയായിരിക്കും. നവവന്ദനയെന്നാണു് ഇതിനുപറയുന്നതു്. ഈ ഒമ്പതു കാര്യങ്ങൾ ഇന്നിന്നവയാണെന്നു പറയുന്നു:—

ശ്രീഗണപതി, കവിമകൾ, ശ്രീകൃഷ്ണൻ, സ്തുതി
ശ്രീ കരമൊട്ട ചെയ്തുനാ പിന്നെ,
ഗുരുഗണ അണ്ഡജവന്ദനയോട പി-
ന്നാസ്ഥാനത്തൊടരംഗം ദിക്കും
ലോകമോടഴകിയ പന്തലു, നിഴലും
ലോകെ കല്പിതമിവ നവവിധമായ്
വന്ദനചെയ്തു പുകഴ്ത്തിക്കൊണ്ടതി-
സുന്ദരതരമാം കളികം കളിപ്പാൻ
ഗുരുവേ മമ വിന തീർപ്പതിനനിശം
ശരണം തേ മലരടിയിണ തൊഴുതേൻ.

മേലെ ഉദ്ധരിച്ച പാദങ്ങളിൽനിന്നു പാട്ടിന്റെ ഭാഷയേയും രീതിയേയുംപറ്റി ഏകദേശം മനസ്സിലാക്കാം. പഴയ പാട്ടുകളിൽ തമിഴ്പദങ്ങൾ വളരെ ഉണ്ടായിരുന്നു. ക്രമേണ തമിഴ്പദങ്ങൾ കുറഞ്ഞു നവീനഭാഷയിൽ എഴുതപ്പെട്ട പാട്ടുകളാണു് ഇപ്പോൾ അധികം നടപ്പുള്ളതു്. പഴയ പാട്ടുകളിലുള്ള തമിഴ്പദങ്ങളിൽ ചിലതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ഗ്രന്ഥങ്ങളിൽ അനവധി അക്ഷരപ്പിഴകളും കാണുന്നു.

അതുകൊണ്ട് അവക്ക് ഉദാഹരണങ്ങൾ എഴുതുവാൻ മടിയുണ്ട്. എന്നിരുന്നാലും ഭാഷയുടെ സമ്പ്രദായം കാണിക്കുവാൻ ചില പാദങ്ങൾ ഉരിക്കാം. ഇതു പന്തൽവന്ദനയുടെ ആരംഭമാണ്. പന്തലിനെ മനുഷ്യശരീരത്തോട് സാമ്യപ്പെടുത്തി ചില വേദാന്തതത്വങ്ങൾ ഘടിപ്പിച്ചുള്ളതാണ് ഇതെന്ന് ഏകദേശം മനസ്സിലാക്കാം.

പന്തലാഗമക്കുരുത്തിൽ പതിത്തോരു
നെറിയച്ചൊല്ലാം, മുന്തിന മൂലാധാരം
മുക്കോണാൽ തറയൊരുക്കി
അന്തമാം കരണം നാലും
അഴകിയ തൂണതായി,
പന്തലിൻ വടിവേക്കാട്ടി
ഭംഗിചേർ നാലുപാട്ടം
പാടെറിത്തെറിത്ത പൂവൽ
പന്തൽക്കു കോശമഞ്ഞു
മേവിന തുണതന്മേൽ
നിരത്തിനൊരുത്തരങ്കം
കാടവും സത്തും ചിത്തും
കരുത്തിവ നാട്ടിരുത്തി നന്നായ്
നാടികം നാലതാക്കി/ നന്മയിൽ പീതപന്തൽ
പന്തലിന്നോലവായു ഭംഗിചേർ ധാതുവേയും
ഇന്ദ്രിയം ജ്ഞാനകമ്മം ഇരുപതും തിയേതാക്കി
ചന്തമാം തൂണകം മൂന്നും
ചാരു മേക്കട്ടി മേളം
പന്തലിൽ വിതാനം തൂക്കി
പന്തിയോടൈമ്പത്തൊന്നും
പൈമ്പതുമൊന്നും മേളി-
ച്ചുഴകിയ വിതാനമാക്കീ
ഒമ്പതു വാതിൽവെച്ചു
ഒന്നായപന്തൽ തന്നിൽ
അഞ്ചിനാൽ നിലകം മൂന്നു
മുറികളതാവു വേറെ.

ഇങ്ങിനെയാണ് പഴയ പാട്ടുകളുടെ രീതി. ഇതിൽനിന്ന് അല്പംകൂടി പരിഷ്കരിച്ച രീതിയിലാണ ശ്രീകൃഷ്ണസ്തുതി.

കണ്ണനുണ്ണീ കടാക്ഷിക്ക കളിയരങ്ങകം വന്നു
കാളമേഘം നിറന്തോനേ കടൽവർണ്ണരേ,

പീലിമാല പിച്ചകപ്പൂ മേലണിഞ്ഞ തമ്പുരാനേ
നാലുവേദമായതിന്റെ നടുവായോനെ,
കഞ്ചനാകിയ മാതുലന്നൊരു കാലനായ് വളർന്നദേവാ
കുഞ്ചിരത്തെ കൊലചെയ്തോരഞ്ചനവണ്ണാ.

സരസ്വതിയെ സ്തുതിക്കുന്നതിൽനിന്നു അഞ്ചു വരികൾ ഉദ്ധരിക്കുന്നു:-

വായുകളെ പലുകിലും മേനിയേറ നിറന്തോളെ
വാനവർ മുനിജനങ്കൾ വണങ്കുവോളെ,
നാന്മുഖൻ മെയ്പുണർന്തോളെ
നാലു വേദക്കാതലെ നീ
നല്ലവണ്ണം തുണക്കേണം സരസ്വതിയേ.

ഈ രീതി പിന്നെയും പരിഷ്കരിച്ചുണ്ടായ പാട്ടിൽനിന്ന് ഒരു ഉദാഹരണമാണിതു്.

സത്രാജിത്തിനു മിത്രൻ നല്കിയ രത്നം ചെമ്പമ്മേ
തത്ര തന്റെ ഗൃഹത്തിൽവെച്ചു ഭുജിച്ചകാലത്തു്
സംഭ്രയറൊരു സ്വർണ്ണംകൊണ്ടു ഭയങ്കരനായി
തൻപുരിയിലിരിക്കുംകാലമതംഭോജനേത്രൻ,
അംഭോജവിലോചനനമ്പാൽ ചെന്നവിടെക്കു
ഗംഭീരനുപനടെ മുമ്പിൽ നിന്നവൻ ചൊന്നാൻ,
ഗഗനചാരികൾ നാഥൻ തപനൻ തന്നൊരു രത്നം
നൽകേണമെനിക്കെന്നു ചൊൽക്കേട്ട മഹീപാലൻ
ചൊല്ലിയമ്പോട്ട മല്ലവൈരിയോടല്ലൽക്രൂടാതെ.

ഈവക പാട്ടുകളിൽ അന്ത്യാദ്യപ്രാസം സർവ്വസാധാരണമായി സ്വീകരിച്ചിരുന്നുവെന്നും ദ്വിതീയാക്ഷരപ്രാസത്തിനും മറ്റുതരം പ്രാസങ്ങൾക്കും കുറവുണ്ടായിരുന്നില്ലെന്നും കാണാം. അന്ത്യാദ്യപ്രാസത്തിനു് അവർ "വെച്ചടിപ്പു്" എന്നു പറയുന്നു. ഞാൻ ആദ്യം പറഞ്ഞതുപോലെ, പൂരക്കളിപ്പാട്ടുകൾ മനപ്പാഠം പഠിച്ചു ചൊല്ലി ചൊല്ലി തനിയെ കവികളായിത്തീർന്നവരിൽ നിരക്ഷരകുക്ഷികളായ ചിലർപോലും പാട്ടുകൾ നിർമ്മിച്ചതിനുള്ള ദൃഷ്ടാന്തങ്ങൾ ഞാൻ നേരിട്ടറിയും. ഇവരെ പരിഹസിച്ചു രസികന്മാരായ ചില വിദ്വാന്മാർ ചില ഹാസ്യകാവ്യങ്ങൾ നിർമ്മിച്ചിരുന്നു. "ദപ്പുകോനംഗ" എന്നതു "ദപ്പുഃ+കോനംഗ" എന്നു പദം മുറിക്കാനും, "ശ്രുപ്പുകാരാതിരിത്യപി" എന്നതിൽ "ഇത്യപി"യെന്നതും കാമന്റെ പര്യായമായി വ്യാഖ്യാനിക്കുവാനും മാത്രം കൊള്ളാവുന്നവരായിരുന്ന ആ ദുഷ്കവികൾ എന്നു കാണിക്കാൻവേണ്ടി ഒരു രസികൻ,

"കോനംഗന്റെ പൂരമാല
ഞാനിങ്ങിതാ പാടീട്ടുന്നേൻ"

എന്നും,

ഇത്യപിസദൃശൻ നളനരപാലൻ
പൃത്ഥ്വി ഭരിച്ചു വസിക്കുംകാലം

എന്നും മറവും കെട്ടിയുണ്ടാക്കിയിരുന്നു. പൂരക്കളിപ്പാട്ടുകൾ നവീനമലയാളത്തിൽ രചിച്ചിരുന്നതു് ഇടക്കാലത്തുണ്ടായിരുന്ന പില വിദ്വാന്മാരായിരുന്നു. അമ്പതു കൊല്ലത്തിനിപ്പുറം ഇങ്ങിനെ വല്ലവരും പൂരക്കളിപ്പാട്ടുകൾ ഉണ്ടാക്കിയിരുന്നതായി അറിവില്ല. പുരാണകഥകൾ വിട്ടു,തീയ്യരുടെയിടയിൽ ഉണ്ടായിരുന്ന യോഗ്യന്മാരായ ചില പ്രമാണികളെ സ്തുതിച്ചുകൊണ്ടു പാട്ടുകൾ ഉണ്ടാക്കിക്കളിച്ചതിനും ഉദാഹരണങ്ങൾ ഉണ്ടു്. അമ്പതു കൊല്ലംമുൻപു മരിച്ച ഒരു മാന്യന്റെ ഉടുപ്പിനെ ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു.

വെള്ളപ്പാവുമുടുത്തു നല്ലൊരു വെള്ളക്കുപ്പായം,
കുപ്പായമതിനുള്ളിൽ ശില്പമാം ഗഡിവാളും
അപ്പാലെ കടിസൂത്രം ചെപ്പും പൊന്നുകൊണ്ടുള്ള
ഹസ്തപങ്കജങ്ങളിൽ ചിത്രമോതിരങ്ങളും
മസ്തകമതിൽ കെട്ടി മേത്തരമുറുമാലും.

പൂരക്കളിയിൽ 'മത്സരക്കളി' എന്നൊരു സമ്പ്രദായമുണ്ടു്. വല്ല ക്ഷേത്രത്തിലൊ, മാന്യന്മാരുടെ വീടുകളിലൊവെച്ചു തങ്ങളുടെ യോഗ്യതകൾ സ്ഥാപിച്ചുകിട്ടാൻ മത്സരിച്ചു കളിക്കുന്ന കളിയാണിതു്. ഇതിനു "മറത്തുകളി" എന്നാണു നാടോടിഭാഷയിൽ പറയുന്നതു്. മറത്തുകളി കാണ്മാൻ അനേകം സ്ത്രീപുരുഷന്മാർ ചെന്നുചേരും. രണ്ടു വിളക്കു വെവ്വേറെ സ്ഥലത്തുവെച്ചു്, ഓരോ സംഘം പ്രത്യേകം ചേന്നാണു കളിക്കുക. മത്സരം മുഖ്യമായി പാട്ടു പാടുന്നതിലാണു കാണിക്കാറുള്ളതു്. ഒരു പണിക്കർ ഒരു ചോദ്യം ചോദിക്കും. അതിനു മറെറ പണിക്കർ മറുപടി പറയേണമെന്നു നിർബ്ബന്ധമില്ല. അതിനുപകരം അയാൾ മറെറാരു ചോദ്യം ചോദിക്കുകയാണു സാധാരണ ചെയ്യാറു്. ഇങ്ങിനെ ചോദ്യങ്ങൾക്കു നേരിട്ടു് ഉത്തരം പറയാതെ മറെറാരു ചോദ്യംകൊണ്ടു് അതിനെ തടുക്കുവാൻ വല്ലവരും ശ്രമിക്കുമ്പോൾ, അതിനെപ്പറ്റി "പൂരക്കളി പണിക്കരുടെ ചോദ്യംപോലെ" എന്നു പറഞ്ഞുവരാറുണ്ടു്. വല്ല സംഗതിയിലും എതിർകക്ഷികളിൽ രണ്ടു കൂട്ടരുടേയും സ്നേഹം സമ്പാദിക്കുവാൻ ആഗ്രഹിച്ചു പ്രവർത്തിക്കുന്നവരെപ്പറ്റി ആക്ഷേപമായി "അവൻ രണ്ടു വിളക്കിനും കളിക്കുന്നവനാണു്" എന്നു പറയുന്നതും സാധാരണമാണു്.

ചോദ്യോത്തരങ്ങൾ വ്യാകരണം, ജ്യോതിശ്ശാസ്ത്രം, വേദാന്തം, പുരാണം എന്നിങ്ങിനെ പല വിഷയങ്ങളെപ്പറ്റിയും ആയിരിക്കും. ഒരു ഉദാഹരണത്തിൽനിന്നു് അല്പം ഇവിടെ ഉദ്ധരിക്കാം. ഹരി എന്നു് എഴുതിത്തുടങ്ങുന്നതിനുമുമ്പു് വരക്കാറുള്ള ചെറുവരയെപ്പറ്റിയാണു ചോദ്യം.

മുൻപിൽ ഹരിയെന്നുള്ള ക്ഷരത്തിന്റെ
മുൻപെഴുത്തേതു ചൊല്ലു.
അത്തനാകൊല്ലതിൻ കർത്താവിൻപേരും
തീർത്തു പറകവേണം.

എന്നിങ്ങിനെ തുടങ്ങി "ഹരിശ്രീഗണപതയെനമഃ" എന്നതിൽ ഓരോ അക്ഷരത്തിന്റെയും അർത്ഥവും ചരിത്രവും ഉത്ഭവവും മറ്റും ചോദിക്കും. അതിനുള്ള ഉത്തരം തുടങ്ങുന്നതു് ഇങ്ങിനെയാണു്.

ആദി ഹരിയെന്നുള്ളക്ഷരത്തിന്റെ
മുൻപെഴുത്തിന്റെ തത്വം
ആദരാൽ കേട്ടുകൊൾക, പണിക്കരേ,
തോയരേഖാ സമമാം
ആദി പരബ്രഹ്മമാം സനാതനൻ
ജ്യോതിർമ്മയൻ ശിവൻതാൻ.
ആരാലുമോരാത്തവനെന്നോക്ക നീ
ആദിയാലുള്ള രേഖാ.

ചില ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞിരുന്നുവെങ്കിൽ, രാജ്യചരിത്രത്തിന്റെയും സമുദായചരിത്രത്തിന്റെയും ചില ഭാഗങ്ങൾ അറിവാൻ ഇടയാകുമായിരുന്നു.

കേരളം പണ്ടു പടച്ചനാളിങ്ങു
കേരമുണ്ടായിരുന്നോ?
കേരമുണ്ടായതിൻ മുൻപിരാജ്യത്തിൻ
പേരെന്തു പൊല്ലൂ വേഗം?

ഇതുപോലെതന്നെ തീയ്യരുടെ ഉത്ഭവം എന്താണു്? അവർ ദ്വീപരാണോ? പൂരക്കളിയെന്ന കളി അവക്കു് ആർ കൊടുത്തു? എന്നും മറ്റും ഉള്ള ചോദ്യങ്ങൾ, ഞാൻ കണ്ടേടത്തോളം, ഉത്തരം പറയാതെ വിടുകയാണു ചെയ്തിട്ടുള്ളതു്. വല്ല ഗ്രന്ഥത്തിലും അവയ്ക്കു് ഉത്തരങ്ങൾ ഉണ്ടോ എന്നു് അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു.

ഈ കളിക്കു് എത്രയധികം അഭ്യാസവും മെയ്സ്വാധീനവും ആവശ്യമാണെന്നു കളി കണ്ടാൽ അറിയാവുന്നതാണു്.

ഈസ്റ്റിൻഡ്യാ കമ്പനിക്കാർ പഴശ്ശിരാജാവോടു യുദ്ധംചെയ്തതിനേയും രാജാവു മരിച്ചതിനേയുംപറ്റി ഒരു തച്ചോളിപ്പാട്ടുണ്ടു്. അതിൽ കമ്പനിക്കാർ തീയ്യരുടെ ഒരു പട്ടാളം ഏർപ്പെടുത്തിയതിനെപ്പറ്റി പറയുന്നു. പട്ടാളംകെട്ടിക്കാൻ പലരേയും ക്ഷണിച്ചു വരുത്തുന്ന ക്രമത്തിൽ,

മാടായി കൊറുമ്പൻ സുബേയിദാർ
പുല്ലമ്പിലോമന ബാപ്പുമൂപ്പൻ

മുതലായി പലരുടേയും പേരു പറയുന്നതിനിടയിൽ

പൂരക്കളിയിൽ പണിക്കന്മാർ
കച്ചിലകെട്ടി വരട്ടവർ

എന്നും പറഞ്ഞുകാണുന്നു. അതുകൊണ്ടും പൂരക്കളിയിൽ 'അങ്കം' എന്നൊരു പ്രത്യേക രംഗമുള്ളതായി കാണുന്നതുകൊണ്ടും ഇതു വെറും വ്യായാമത്തിനും ശരീരപുഷ്ടിയെ ഉദ്ദേശിച്ചും കളിച്ചിരുന്നതല്ലെന്നും, പോക്കളങ്ങളിലേക്കുള്ള ഒരുക്കങ്ങൾക്കുകൂടി ആയിരുന്നുവെന്നും ഊഹിക്കുന്നതിൽ അബദ്ധം വരുവാൻ ഇടയുണ്ടെന്നു തോന്നുന്നില്ല.

ഒരു കലയുടെ നിലയിൽ പൂരക്കളിക്കുള്ള വില നിർണ്ണയിക്കുവാൻ, എന്നുവെച്ചാൽ, അതിന്നു വല്ല വിലയും ഉണ്ടോ എന്നു നിർണ്ണയിക്കുവാൻ എന്നാൽ സാധ്യമല്ല. എന്നാൽ സാഹിത്യസംബന്ധമായി അതിന്നു സഹൃദയന്മാരുടെ ദൃഷ്ടിയേയും ആലോചനയേയും ആകർഷിക്കത്തക്ക വിലയുണ്ടെന്നാണ് എന്റെ ബോധ്യം. വടക്കെ മലയാളത്തിൽ പട്ടുകാവ്യങ്ങളിൽ തമിഴ്പദങ്ങൾ അധികമായി ഉപയോഗിച്ചുപോന്നിരുന്നതിനും അതു ക്രമേണ കുറഞ്ഞുകൊണ്ടു വന്നതിനും ഒടുവിൽ നവീനമലയാളത്തിൽ പട്ടുകൾ രചിച്ചതിനും ഉള്ള ഉദാഹരണങ്ങൾ ഇതു വ്യക്തമായി മറ്റു യാതൊരു പട്ടുകൃതിയിലും സ്പർശിച്ചുകാണ്മാൻ പ്രയാസമാകുന്നു. ഈ പരമാർത്ഥം കേരളത്തിൽ ഒട്ടാകെയുള്ള പട്ടുകാവ്യങ്ങളുടെ എന്നല്ല, ഭാഷയുടെതന്നെ വളർച്ചയും അതിന്ന് ഓരോ തരം ഭേദം ഉണ്ടായ കാലഘട്ടവും കണ്ടുപിടിക്കുവാൻ സഹായിക്കുന്നതാകയാൽ, അതു സാഹിത്യചരിത്രത്തിന്നു വലിയ ഒരു നേട്ടമായിരിക്കും എന്നുള്ളതിനു സംശയമില്ല. എന്നാൽ ഈ കാവ്യങ്ങളും പൂരക്കളിപ്പാട്ടുകളും എഴുതിയ ഗ്രന്ഥങ്ങളും വായിച്ചു ഗ്രഹിക്കുന്നതു് എളുപ്പമല്ല. അതിന്നു ദ്രാവിഡഭാഷകളിൽ നല്ല പരിജ്ഞാനവും ഭാഷാശൈലികളും താരതമ്യപ്പെടുത്തി ചർച്ചചെയ്യാനുള്ള വൈദഗ്ദ്ധ്യവും അസാമാന്യമായ ക്ഷമയും ഉത്സാഹവും സർവ്വോപരി മാതൃഭാഷയോടു് അകൈതവമായ സ്നേഹവും അതിന്റെ അഭിവൃദ്ധിയിലുള്ള അതിയായ ആഗ്രഹവും ഉള്ള ഒരാൾ അത്യാവശ്യമാകുന്നു. എനിക്കു ഈ ഗ്രന്ഥങ്ങളിൽ ഒന്നരണ്ടെണ്ണം അവിടവിടെ വായിച്ചുനോക്കുവാൻമാത്രമെ സാധിച്ചിട്ടുള്ളൂ. വായിച്ചടത്തോളം ഭാഗംകൊണ്ടു്, കരകാണാത്ത വലിയൊരു സമുദ്രം എന്റെ മുമ്പാകെ വ്യാപിച്ചു കിടക്കുന്നതായി എനിക്കു തോന്നി. അതുകൊണ്ടു്, ചിലർക്കു ധിക്കാരമായി തോന്നാവുന്ന ഒരു കാര്യം ചെയ്യാൻ ഞാൻ ധൈര്യം അവലംബിച്ചുകൊള്ളുന്നു. ഗാഢസ്നേഹവും യഥാർത്ഥ ബഹുമാനവും ഉള്ള ഒരിക്കൽ ധിക്കാരം സകരുണം ക്ഷന്തവ്യമായിരിക്കും.

സംസ്കൃതം തമിഴ് ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അസാമാന്യ പാണ്ഡിത്യം സമ്പാദിച്ചു്, അദ്ധ്വാനിച്ചു സമ്പാദിച്ച ധനം സ്വകുലത്രാണനത്തിനെന്നപോലെ, പാണ്ഡിത്യസമ്പാദ്യത്തെ കേരളഭാഷാഭിവൃദ്ധിക്കായി വിനിയോഗിച്ചു്, ഭാഷയെ അഭിവൃദ്ധിപ്പെടുത്തുകയെന്നതു് ജന്മോദ്ദേശ്യമായി കരുതി പ്രവർത്തിക്കുകയും അതിലുള്ള വിജയം സ്വയമേവ മഹാകവിപദത്തിൽ ആരോഹണംചെയ്യാൻ സംഗതിയാക്കുകയും ചെയ്ത ഉള്ളൂർ പരമേശ്വര അയ്യർ അവർകളെ, പൂരക്കളിപ്പാട്ടുകളും എഴുതിയ രണ്ടു ഗ്രന്ഥങ്ങളും ഏല്പിക്കുവാനുള്ള സ്വാതന്ത്ര്യം ഞാൻ സവിനയം കയ്യേല്ക്കുന്നു. ഈ ഗ്രന്ഥങ്ങൾ അദ്ദേഹം സാവകാശം വായിച്ചുനോക്കി, അവയിൽ വല്ല സാഹിത്യഗുണ

ങ്ങളൊ സാഹിത്യചരിത്രത്തിന്ന് ഉപകരിക്കുന്ന വല്ല കായ്യങ്ങളൊ ഉണ്ടെങ്കിൽ ലോ കോപകാരാർത്ഥം അതു പരസ്യം ചെയ്യേണമെന്ന് അപേക്ഷിക്കുന്നു. അദ്ദേഹം ഏഴു തി പരസ്യംചെയ്യുമെന്ന ഭാഷാഭിമാനികളൊക്കെ കുറെ കാലമായി ഉല്ക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഭാഷാചരിത്രം പുറത്തുവരാൻ ഇനിയും അധികം കാല വിളംബനം നേരിടുന്നതല്ലെന്നും അതിൽ പൂരക്കളിപ്പാട്ടിന്റെ ഒരു ചരിത്രംകൂടി അട ങ്ങിയിരിക്കുമെന്നും വിശ്വസിക്കുന്നു.

ഭാഷാഭിവൃദ്ധിക്കായി പലേ പത്രങ്ങളും പത്രഗ്രന്ഥങ്ങളും വഴിയായി അനേകം വിദ്വാന്മാർ തുരുതുരെ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു് വല്ല പൂരക്കളിക്കാരുടെ മനോരംഗത്തിലൊ, വല്ല പഴയ ഗ്രന്ഥപ്പെട്ടികളിലൊ ഒളിഞ്ഞുകിടന്നു, വെളിക്കു പുറ പ്പെടുവാൻ സന്ദർഭവും സൌകര്യവും കാണാതെ കഴിച്ചിരുന്ന പൂരക്കളിപ്പാട്ടുകളെപ്പറ്റി ഭാഷയിൽ ആവിധം ഒന്നുണ്ടെന്നെങ്കിലും ഭാഷാഭിമാനികളെ അറിയിക്കുവാൻ അവസരം നല്കിയതിന്നു ഞാൻ പരിഷത്ത് ഭാരവാഹികൾക്കു വീണ്ടും സവിനയം വന്ദനംപറയുന്നു.

മൂക്കോത്തു കുമാരൻ.

വൃത്തസല്ലാപം.

1. ഈടാന്ന വാസനകലന്ന കവീന്ദ്രരാകും
വാടാമലർക്കലകൾ തൻ മൊഴി മാധുരിയാലെ
നാടാകവെ പ്രമദമേറ്റി വളന്ന "കോഴി-
ക്കോടാ"യ പൊന്നൊളികളിപ്പൊരു വാടിവെൽവൂ.

2. സല്ലോക രമ്യകൃതിരത്നവിലാസമെന്നും
നല്ലോണമുള്ള പുകൾപെറ്റെഴുമിപ്പുരത്തെ
കല്ലോല ദീർഘകരപങ്കതികളാൽ സമുദ്രം
പുല്ലോജ്വല പ്രണയമോടു തലോടിടുന്നു.

3. പൊല്പാന്ന പദ്മനവരത്നഗണങ്ങളെക്കൊ-
ണ്ടല്പോസപൂർവ്വമിഹ കച്ചവടം നടത്തി,
സല്പാളിതാർത്ഥ വിഭവോദയമാർന്ന ധീര-
രെല്ലാമനന്തനകശലോത്സവമാവഹിപ്പൂ.

4. ജീമൂതവർണ്ണനുടെ ചാരു കൃപാകടാക്ഷ-
ശ്രീമൂല മഗ്ര്യവിഭവങ്ങളണിഞ്ഞു ഭംഗ്യാ
മാമൂലിനൊത്തപടി മന്നു ഭരിച്ചിരുന്ന
സാമൂതിരി ക്ഷിതിപ രിപ്പുരകല്പകങ്ങൾ

5. സീമാധികപ്രഭവനീ മഹനീയവംശ-
ഭ്രമാഞ്ചിതാബ്ധിയിലുദിച്ചൊരു പൂർണ്ണചന്ദ്രൻ
ശ്രീമാനവിക്രമ വിലാസവിശിഷ്ടധാമം.
"ശ്രീമാനവിക്രമ"നിതിൽസ്സുചിരം വിളങ്ങി.

6. ആ മാനനീയ ചരിതന്റെ മഹാസദസ്സിൽ
പ്രാമാണ്യമുള്ള പതിനെട്ടര നൽക്കവീന്ദ്രർ
പ്രേമാർദ്രരായ് സ്സരസ സാഹിതിയാമുദാര-
സോമാനനാമണിയെ രാജകളത്രമാക്കി.

7. ദോഷാവരാംഗിയെ നൃപൻ കൃതി രത്നമാലാ-
ഭ്രഷ്ടാദിയാലനുദിനം പരിതുഷ്ടയാക്കി,
ദോഷാകരദ്യുതിയശസ്സുത ലാഭഭോഗ്യം
തോഷാസ്പദം സുകൃതിവയ്യനണഞ്ഞുമിന്നീ.

8. അക്ഷേമനിക്കവനരാജ്യമതല്പികക്ക-
മിക്കേരളത്തിനുമിണങ്ങിയ സാവ്വഭൌമൻ
നല്ലോളിയോടരിയകന്നലനായകത്വ-
മുക്കേറുമാ പ്രഭു യഥാവിധി മാന്യമാക്കി

9. രാജാക്കളെന്നപടി രാജ്ഞികളും സുധീന്ദ്ര-
പൂജാഹരാണഖിലശാസ്ത്ര കലാവിലാസാൽ
നൈജാശയ പ്രചുരശുദ്ധി വഴിക്കുസവ്വ-
ഭ്രജാതരും വിബുധമാനിതരായിടുന്നു.

10. വമ്പാട്ടിലും വിരുതയാമൊരുവളൊന്നു പേന-
ത്തുമ്പാട്ടിയാൽക്കവിത പുഞ്ചിരികൊണ്ടു തുള്ളും
തമ്പാട്ടിലായ ഗുണമുള്ള മനോരമാഖ്യ-
ത്തമ്പാട്ടിതത്ര പുകളേറു പരം വിശേഷാൽ.

11. ഓജസ്സുപൂണ്ട ഹൃദയത്തിലുദാരശാസ്ത്ര-
തേജസ്സിനാൽത്തെളിമപേറ്റുമിയന്ന ധന്യൻ
ആ ജന്മശുദ്ധനൊരു ഭൂപതി കേരളൈക-
ദോജത്വമോടിവിടെ വാണിതടുത്തകാലം.

12. ആ മാന്യ രാജപദമിപ്പൊഴതാന്നു വാഴ-
മാ മാനവേന്ദ്രനരിവേറിയ മാനവേദൻ
ക്ഷേമാശയൻ ഗുരുജനാജ്ഞിത മുഖ്യകീർത്തി-
ഭ്രമാവിനെപ്പുതിയമോടിയിലൊന്നയത്തി

13. ക്രുദ്ധം ദൃഢക്രുതിയൊടു സംസ്കൃതസാഹിതിക്ക-
മുള്ളാടംവിധം പുതുപരിഷ്കൃതിയാലിടാനിം

നാട്ടം കടുത്ത കടലും കീഴ്മേൽ മറിപ്പാ-
നോട്ടം ജനങ്ങളുടെ ബാധ മുഴുത്തിരിപ്പൂ.

14. സാരാർത്ഥമറ്റൊരു പരിഷ്കരണോദ്യമത്താൽ
പ്പാരാകമാനമുലയുന്ന ദശാന്തരത്തിൽ
നേരായതോർത്തരുളുമാ പ്രഭവിന്റെ ഘോര
ഘോരാരവം മനസി ചഞ്ചലമേകിയില്ല.

15. സ്ഥിതാനുകമ്പയൊടു സാഹിതി തൻ പ്രകർഷ-
ദാതാവതി സ്ഥിരത പൂണ്ടൊരുകന്നലക്കോൻ
ശ്രീ താവുമേതിനെതിരറ്റ പൊരുത്തമൊത്ത
നേതാവതി പ്രഥിതമിപ്പുരമെത്ര ധന്യം.

16. സാഹിത്യവീരപരിഷത്തിനു തക്കതല്ലൊ
സൌഹിത്യമേന്മകളിണങ്ങുവൊരിപ്രദേശം;
സ്നേഹിക്കുകില്ല മകരന്ദ രസാർദ്രപുഷ്പ-
രാഹിത്യമുള്ളൊരു സരസ്സിനെ രാജഹംസം.

17. ഇത്തപമോർത്തിവിടെവെച്ചു നടത്തിടുന്നു-
ണ്ടിത്തവ്വിധാര പരിഷത്തിതുമെത്ര യുക്തം,
ചിത്തപ്രസാദമരുളുന്ന സദസ്സു വിദ്യാ-
വിത്തപ്രകർഷവുമണച്ചു ജയിച്ചിടട്ടെ.

18. എല്ലാത്തരങ്ങളിലുമിന്നു പടർന്നിടുന്ന
സോല്ലാഘയായൊരു പരിഷ്കരണാശമൂറും
വല്ലാതെയുണ്ടു കവികർക്കമിതൊന്നു ഭാഷ-
ക്കില്ലാസമേകുവതിനാകിലതാണു കായ്വും.

19. വേണ്ടാത്തരീതിയിലിഴച്ചു പരിഷ്കരിച്ചാൽ
കൊണ്ടാടിടാ സഹൃദയാവലി തെല്ലുപോലും
ഘണ്ടാരവത്തിനു ചിലമ്പൊലി നല്ലതെന്നു
കണ്ടാവഴിക്കഴകു പോർപ്പതനർത്ഥമാകും.

20. ചൊല്ലാളുമീ വിഷയവും വഴിപോലെ ചിന്തി-
ച്ചെല്ലാവരും സമുചിതം കവനംതുടർന്നാൽ
ഇല്ലാ വിവാദ,മതി ഭക്തികലർന്നു "വൃത്ത-
സല്ലാപ"മിപ്പോളിവിടെക്കുറയൊന്നുപാടാം.

മഞ്ജരി

ഉത്തമസംസ്കൃതവൃത്തവും ദ്രാവിഡ-
വൃത്തത്തിലുൾപ്പെട്ട മഞ്ജരിയും

വൃത്തടം തിങ്ങിടുമത്തലാലിത്തരം
വൃത്താന്തമന്യോന്യം ചൊല്ലി മെല്ലെ.
സൌഭാഗ്യശാലിനി! മഞ്ജരി! മഞ്ജുള-
ശോഭാഗ്ര്യസമ്പന്നെ! വെൽവുതാക.
നിന്നോളം വെട്ടുന്ന മേന്മയാലിക്കാലം
നിന്നോളം യോഗ്യത മറ്റാക്കുള്ള
ഒന്നോതാം നിസ്തുലശീലത്താലുണ്ടായി
വന്നോരു സാരസ്യമൊന്നു വേറെ.
എന്നല്ല സാഹിത്യസാമ്രാജ്യരാജ്ഞിയാ-
യെന്നുമേ ശോഭിപ്പൂ പാവനെ! നീ!
നിന്നാമമേവക്കും പീയൂഷംതന്നെയാ-
മിന്നാക്കു വൈമുഖ്യമിക്കായ്ത്തിൽ
എന്നാലിസ്സംസ്കൃതവൃത്തങ്ങളം ഞങ്ങളോ
കന്നാലിപ്പിള്ളേക്കും ഹാസ്യരത്രെ.
വെണ്മണിമുമ്പായ വമ്പക്കു സവ്വ്ടാ
കണ്മണിപ്രായങ്ങളം ഞങ്ങളം മൂന്നാം
നന്മയിൽക്കേരളമൊട്ടുക്കു സല്കീത്തി-
വെണ്മയെപ്പൂശിയ പൂജ്യരല്ലൊ!
ആയവരെപ്പോഴും ലാളിക്കുമുലമാ-
യായതപ്രൌഢിയിൽക്കേളിയാടി
ഗേയമാമൌന്നത്യം പ്രാപിച്ച ഞങ്ങളെ-
മായപോലേവക്കും തുഷ്ടി കൂട്ടി.
ആ നിലയൊക്കയും പോയ്പ്പോയ മട്ടായി
കൈനില വൻചിതൽപുറ്റാകാറായ്.
ജ്ഞാനികളാകുന്നോരിന്നത്തെക്കേമന്മാർ
മാനികളെന്തിനും പോന്നിടുന്നോർ
അക്കാവ്യകാരന്മാരെപ്പേരും ഞങ്ങളെ
സല്കാരം വെയ്യായ്കിലായിക്കോട്ടെ.
ധിക്കാരമോടവർ വക്കാണം കൂട്ടുന്നു
ഇക്കാലമെന്തൊരു കഷ്ടം കഷ്ടം.
ദ്രാവിഡവൃത്തത്തിലത്യന്തം സകൃതന്മാർ
ആവിലം ഞങ്ങൾക്കു ചേത്തിടുന്നു.
ഈ വിദ്വാന്മാക്കുള്ള പാണ്ഡിത്യസമ്പത്തിൽ
വൈവിധ്യം ചേത്തതു ഞങ്ങളല്ലൊ.

അക്കാര്യമോർക്കാതെ ഞങ്ങടെ നേർക്കവർ
കാർക്കശ്യഭാവത്തെക്കാട്ടിടുന്നു.
ഇക്കലിവൈഭവം കൊണ്ടാവാമക്രൂരർ-
പക്കലിക്കാണുന്ന ശീലഭേദം.
വൈരത്തിൻ കാരണമില്ലിങ്ങു ഞങ്ങളാ-
വീരക്കു തെറ്റൊന്നും ചെയ്തില്ലല്ലോ!
ക്ഷീരത്തെക്കാണിക്കും കൈകളിൽ കൊത്തുന്ന
ക്രൂരത്വമേറുന്ന പന്നഗങ്ങൾ.
ഇത്തരം കേട്ടൊരു മഞ്ജരി ചൊല്ലിനാ-
ളുത്തരമായേവം മന്ദം മന്ദം.
സ്നേഹിതസത്തമ! സംസ്കൃതവൃത്തമെ!
സാഹിത്യസാമ്രാജ്യ സാർവ്വഭൗമ!
മംഗളം ചേരട്ടെ മേല്പുമേലിക്കവി-
പുംഗവ ബാധകളേറിടാതെ.
എന്നേയും മറ്റുള്ള ദ്രാവിഡവൃത്തങ്ങൾ-
തന്നെയുമിക്കൂട്ടരൊന്നുപോലെ
സ്നേഹിക്കയാണുപോൽ, വാസ്തവമോർക്കുകിൽ
ദ്രോഹിക്കയാകുന്നു, രീച്ചതന്നെ.
സന്ധികളങ്ങോട്ടമിങ്ങോട്ടും തെറ്റിച്ചു
ബന്ധിച്ച വേദനേ ചേർത്തിടുന്നു
ബന്ധുക്കളെന്നുള്ള നാട്യത്തിൽ കാട്ടുമീ
യന്ധതാമെത്രയും ദുസ്സഹം മെ
ന്നായതി ഭംഗത്താലേല്പിച്ച മാലിന്യം
ആയതിക്കൂട്ടരുമോർക്കുന്നില്ല.
കായത്തെക്കണ്ടിച്ചു ഭ്രഷ്ണനം ചാർത്തുന്ന
ന്യായത്തെക്കൊണ്ടാടാനാരുണ്ടാകും?
അത്ഥത്താലുള്ളോരു പ്രൌഢിയുമെത്രയും
വ്യർത്ഥമായ്പ്പോകുന്ന ഞങ്ങൾക്കെല്ലാം.
പണ്ടത്തെ മാഹാത്മ്യമില്ലാതായ്, മുക്കിയ
പണ്ടത്തെപ്പോലെയായെന്നോ വേണ്ട
യാതനാദുഃഖത്തെപ്പോലതി ദുസ്സഹം
നൂതന വർണ്ണനാ രീതിഭേദം.
മുറ്റത്തു കാണുന്ന മുത്തങ്ങാപ്പുല്ലിന്റെ
യറ്റത്തെ, തുമ്പിന്മാതാവാക്കി,

സത്യത്തിലില്ലാത്ത വാനത്തെ വാഴ്ത്തുന്ന
കൃത്യത്തെ സ്വീകായ്ക കായ്കമാക്കി
താരകാവാരത്തിൻ താരിനമാകുന്ന
ഹാരത്തെ നിർദ്ദോഷഭ്രഷയാക്കി
സിന്ധുവിൻ ഗംഭീരഭേരിയെസ്സല്ലാവ്യ-
ബന്ധുരഘോഷൈക വാദ്യമാക്കി
പിച്ചകപ്പൂവിനും കച്ചൂരിക്കുമ്പിനും
മെച്ചത്തിലൊന്നന്യ സ്ഥാനമേകി
കമ്മട്ടിപ്പത്തലും കാവളപ്പൂക്കളും
അമ്മട്ടിലോരോരോ പാഴ്ച്ചെടിയും
വർണ്യങ്ങളായുള്ള വസ്തുക്കളെന്നാക്കി
പുണ്യത്തിൽപ്പുണ്ണിനെപ്പുണ്ണുമാക്കി
പുത്തിയിലച്ഛനമച്ഛനിൽ പുത്രിക്കും
നിസ്തുലപ്രേമത്തെ കൈവളത്തി
സല്ലാവിപ്രൌഢിയെക്കയ്യേറു ചുറുവോ-
രിക്കാലം കൊട്ടന്ന കൊട്ടിനൊപ്പം
കൈരളീദേവിയും ക്ലേശിച്ചു നത്തിച്ചു
സാരസ്യം വിട്ടേറ്റം വാട്ടമേയ്പൂ.
എന്തിനി വേണ്ടതു സാമ്പ്രതം നമ്മളം
മുന്തിയ ബാധകളറുപോവാൻ.
സത്തുക്കൾ സാഹിത്യമമ്മജ്ഞരായുള്ളോ-
രൊത്തുടൻ മേളിക്കുമിസ്സഭയിൽ
സാദരമിക്കഥ കേൾപ്പിക്കാം സങ്കട-
ച്ഛേദനം ചെയ്യട്ടെ സജ്ജനങ്ങൾ.
വേദാന്തശോഭിയാം തമ്പുരാനില്ലയൊ?
ഖേദാന്തകാരിയായസ്തു ഭവ്യം.

ചങ്ങരംകോത കൃഷ്ണൻകുത്താവ്.

സാമൂതിരികോവിലകവും സാഹിത്യവും.

(വാചാപ്രസംഗം)

സമസ്തകേരളസാഹിത്യപരിഷത്തിന്റെ സപ്തമവാർഷികസമ്മേളനം നടക്കുന്ന ഈ കോഴിക്കോട്ടു നഗരത്തിന്റെ പുരാതന മഹിമയേയും ഈ നഗരത്തെ രാജധാനിയാക്കിയ സാമൂതിരി മഹാരാജാക്കന്മാർ പൂർവ്വകാലംമുതല്ക്കുതന്നെ സാഹിത്യവിഷയത്തിൽ ചെയ്തുപോന്നിട്ടുള്ള പുഷ്കലപോഷണത്തേയുംപറ്റി ഒരു പ്രസങ്ഗം ഈ സന്ദർഭത്തിൽ ചെയ്യുന്നതു് ഒരുവിധത്തിലും ഉചിതമല്ലെന്നു വരുന്നതല്ല. വാസ്തവത്തിൽ പരശുരാമമഹർഷിയുടെ ബാഹുബലത്തിനു പ്രത്യക്ഷലക്ഷ്യമായി നാം കാണുന്ന ഈ കേളികേട്ട കേരളഭ്രമി ചരിത്രംകൊണ്ടും ഭാഷകൊണ്ടും ചട്ടകൊണ്ടും സംസ്കാരംകൊണ്ടും 'ഏകമേവാദ്വിതീയം' ആകുന്നു. ഈ ഭ്രമിയെ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നു മൂത്തികളായി ദർശിക്കുന്നതു കേവലം മായാവിഭ്രമമല്ലാതെ മറെറാന്നുമല്ല. തിരുവിതാംകൂറിന്റെ ദക്ഷിണകോണമായ വേണാട്ടിനു കൊല്ലം ഒമ്പതാം ശതകത്തിൽ മുകിലൻ എന്ന ഒരു മഹമ്മദീയന്റെ ആക്രമണത്തിൽനിന്നു സങ്കടംനേരിട്ടപ്പോൾ അതു പരിഹരിച്ചു് ആ രാജ്യത്തെ പാലിച്ചതു മലബാറിന്റെ ഉത്തരാംശങ്ങളിൽ ഒന്നായ കോട്ടയത്തെ യുവരാജാവായിരുന്ന കേരളവമ്മതമ്പുരാനായിരുന്നു. അതുപോലെ കൊല്ലം പത്താംശതകത്തിൽ മലബാറിനും കൊച്ചിക്കും, മൈസൂർവ്യാഘ്രം എന്ന ഭയങ്കരമ്ലേച്ഛനാമത്താൽ വിശ്രുതനായ്ത്തീർന്ന ടിപ്പുസുൽത്താന്റെ അവസാനത്തിൽനിന്നു ദുഃഖമുണ്ടായപ്പോൾ അതു തീർത്തു് അവയെ പരിത്രാണം ചെയ്തതു 'ധർമ്മരാജാവു്' എന്ന പാവനനാമധേയത്താൽ ലോകം ഇന്നും പുകഴ്ത്തുന്ന തിരുവിതാംകൂറിലെ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവായിരുന്നു. രഘുവംശം 13-ാം സർഗ്ഗത്തിൽ കാളിദാസമഹാകവി ഇത്തരത്തിലുള്ള മഹാരാജാക്കന്മാരുടെ നിലയെ

"പക്ഷച്ഛിദാ ഗോത്രഭിദാത്തഗന്ധാഃ
ശരണ്യമേനം ശതശോ മഹീഭ്രുതഃ
ഭുജാ ഇവാപപ്ലവിനഃ പരേഭ്യോ
ധർമ്മോത്തരം മധ്യമമാശ്രയന്തേ"

എന്ന പദ്യത്തിൽ സമഞ്ജസമായി സ്മരിക്കുന്നുണ്ടു്. ശത്രുക്കളിൽനിന്നു് ഉപദ്രവം നേരിടുന്ന രാജാക്കന്മാർ ധർമ്മോത്തരനായി രണ്ടു കക്ഷിയിലും ചേരാതെയിരിക്കുന്ന മൂന്നാമനായ ഒരു രാജാവിനെ ശരണം പ്രാപിക്കുകയെന്നുള്ളതു രാജ്യമീമാംസയിലെ സാമാന്യനിയമങ്ങളിൽ ഒന്നാകുന്നു.

"തുരുഷ്കാ നിഷ്ക്രാമത്തുരഗഖുര-
ക്ഷുണ്ണാലദലിത-
ക്ഷ്മാധൂളീപാളീചുളുകിത-
ചതുസ്സിന്ധുസലിലഃ

ഹഠാകൃഷ്ടത്രുട്യൽ പ്രതിഭടേ-
വധൂടീപരിവൃതഃ
പ്രതസ്ഥേ കാത്ത്യാന്തീം കകുഭമിതി
വാത്ത്യാ സമജനി"

എന്നും

"ജിത്വാ ഹല്ലോഹലേശം യവനവരയുതഃ
കോലത്രുപാലമൌലിം
വ്യത്യാത്ഥാനെതദീയാനപി പുരളിപതിം
ശൈലചാത്രോധിനാത്രം
ധിക്കുർവ്വൻ മാടത്രുപം സദസി നിജഭടൈ-
സ്സാകമാസ്ഥേ തുരുഷ്കൈഃ
കാത്ത്യാന്തീം ഗന്തുകാമൊ ദിശമഖിലജനാൻ
പാഹി വഞ്ചിക്ഷിതീശ!"

എന്നും മുറയിട്ടുകൊണ്ടു തെക്കോട്ടെക്കു ക്രുദ്ധംക്രുദ്ധമായി പലായനംചെയ്ത മലബാറിലും കൊച്ചിയിലുമുള്ള ജനങ്ങളെ—ആ രാജം ആ രജകം—കാത്തികതിരുനാൾ മഹാരാജാവു്, പ്രബലനും നിഷ്കരുണകനുമായ ഒരു ശത്രുവിൽനിന്നു തനിക്കു തന്നിമിത്തം സംഭവിക്കാവുന്ന അനർത്ഥത്തെപ്പറ്റി ലേശവും ചിന്തിക്കാതെ, പരിത്രാണംചെയ്തു.

"യം പ്രാലയസി ധർമ്മം ത്വം
പ്രീത്യാ ച നിയമേന ച
സ വൈ രാഘവശാർദ്ദൂല
ധർമ്മസ്ത്വാമഭിരക്ഷതു"

എന്ന വാല്മീകിരാമായണത്തിലെ രോമാഞ്ചപ്രദമായ കൌസല്യാവാക്യം അവിടത്തേക്കു ഹൃദിസ്ഥമായിരുന്നിരിക്കണം. "ധർമ്മത്തെ രക്ഷിച്ചീടുകിൽ ധർമ്മവും രക്ഷിച്ചീടും" എന്ന ആപ്തവാക്യം രാജാക്കന്മാരുടെ വിഷയത്തിൽ പ്രത്യേകം അർത്ഥവത്താകുന്നു. അതാണു് പ്രതിജ്ഞായൌഗന്ധരായണം നാടകത്തിൽ യൌഗന്ധരായണൻ ഘോഷകനോടു്

"പരചക്രൈരനാക്രാന്താ
ധർമ്മസങ്കരവർജിതാ
ഭൂമിർഭർത്താരമാപന്നം
രക്ഷിതാ പരിരക്ഷതി"

എന്നു പറയുന്നതിന്റെ സൂക്ഷ്മാർത്ഥവും. ധർമ്മരാജാവു സാധുക്കളായ കാന്ദിശീകന്മാരെ വ്യർത്ഥോപദ്രവകാരിയായ ഒരു ശത്രുവിൽനിന്നു രക്ഷിച്ചു; അദ്ദേഹത്തിന്റെ പതിവ്രതയായ വഞ്ചിഭൂദേവി അദ്ദേഹത്തെയും ആപൽകാലത്തിൽ പെരിയാറിലെ വെള്ളപ്പൊക്കം എന്ന വ്യാജേന സർവ്വസ്മരനായ ആ ശത്രുവിനെ തടുത്തുനിറുത്തി രക്ഷിച്ചു. ഈ അനുസന്ധാനരമണീയങ്ങളായ ചരിത്രസംഭവങ്ങൾ നമ്മുടെ സാഭിമാനമായ സ്മരണത്തിനു പ്രതിദിനം വിഷയീഭവിക്കേണ്ടതാണു്.

കോഴിക്കോടിന്റെ അന്യാദൃശമായ ചരിത്രത്തിലെ ചില അംശങ്ങളും നാം സശ്രദ്ധം സ്മരിക്കേണ്ടതുണ്ട്. കാടഞ്ചേരി നമ്പൂതിരി കൊല്ലം 869-ാമാണ്ട് എഴുതിയ "കേരളോൽപത്തിയും മാമാങ്കവും" കിളിപ്പാട്ടിൽ

"ചേരമാനാകിയ കേരളാധീശ്വരൻ
പാരാതെ വിക്രമഭ്രവരേശന്നഥ
പള്ളിവാളും പള്ളിമാറാടിയും പുന-
രുള്ളഴിഞ്ഞുള്ള വിശിഷ്ടവാദ്യങ്ങളും
കൊറ്റക്കുടകളും തഴകളും ചമരികയും
കുറമൊഴിഞ്ഞാലവട്ടങ്ങളാദികളും
മറ്റും തനിക്കുള്ള രാജചിഹ്നങ്ങളുംതാൻ
മുറുമുടകപൂർവ്വം കൊടുത്തീടിനാൻ;
തൃക്കൈവെളയും കൊടുത്തു ദയാപര-
നുംക്കനിവുറവരുംചെയ്തു: "നിനക്കു ഞാൻ
തന്നിതെനിക്കു മുന്നം മന്നജാധിപൻ
തന്നിരിക്കും സുചിഹ്നങ്ങളൊക്കവെ
ഇന്നിതെല്ലാം ഗ്രഹിച്ചാശു നീ കേരളം
തന്നിൽ വിളങ്ങും പശുദ്വിജാദിപ്രജാ-
വൃന്ദത്തെയും പരിപാലിച്ചു സന്തതം
നന്നായിരിക്ക ഞാനെന്നവണ്ണം സഖെ!
കന്നോറിതൊട്ടു പുതുപ്പട്ടണത്തോള-
മെന്നുമചലാബ്ധിനാഥനായ് വാഴ്കനീ
* * * * * *
പൊല്ലെഴും മക്കത്തു കപ്പലോടിക്കയും
കല്യാണമുറംക്കൊണ്ടു മാമാങ്കമാകിയ
നല്ലമഹോത്സവം ഘോഷിച്ചുകൊൾകയും
അല്ലലൊഴിഞ്ഞു ചെയ്താലും നിരന്തരം".

എന്ന് ഒടുവിലത്തെ ചേരമാൻ പെരുമാൾ സാമൂതിരി രാജവംശത്തിലെ ക്രടസ്ഥ പുരുഷനായ മാനവിക്രമനോടായോട്ട ചെയ്യുന്നതായി വർണ്ണിക്കുന്ന ആമന്ത്രണവാക്യം ഏറ്റവും മർമ്മസ്പൃക്കാകുന്നു. സത്യത്തേക്കാൾ വലുതായി ലോകത്തിൽ ധർമ്മമില്ലെന്ന് ആദിമകാലങ്ങളിലെ സാമൂതിരിപ്പാടന്മാർ അഭേദ്യമായി വിശ്വസിച്ചിരുന്നു എന്ന അംബരേശൻചെട്ടിയെ സംബന്ധിച്ചുള്ള ഐതിഹ്യം നമ്മെ ഉൽബോധിപ്പിക്കുന്നു. ക്രി. പി. പതിനാലാം ശതകത്തിന്റെ ആരംഭംമുതൽ പതിനേഴാം ശതകത്തിന്റെ മദ്ധ്യം വരെ നെടുവിരുപ്പുസ്വരൂപത്തിലെ വിജയപതാക വിശേഷാത്തരമായ രീതിയിൽ പാറിപ്പറന്നുകൊണ്ടിരുന്നു. ക്രി. പി. 1403-ൽ ഈ നഗരം സന്ദർശിച്ച മാഹ്വാൻ എന്ന വിദേശീയൻ ഇവിടത്തെ തുണിച്ചരക്കുകളുടെ മേന്മയെ മുക്തകണ്ഠം ശ്ലാഘിച്ചിരിക്കുന്നു.

ക്രി. പി. 1498-ൽ ഇദംപ്രഥമമായി ആഫ്രിക്കാഭ്രഖണ്ഡം ചുറ്റി കപ്പലോടിച്ച വാസ്കോടിഗാമാ ഇൻഡ്യയിൽ കാലുകുത്തിയതു് ഇതിനടുത്തുള്ള (പന്തലായിനി) കൊല്ലം തുറമുഖത്തായിരുന്നു എന്ന വസ്തുത ഏതു കേരളീയനെയാണ് രോമാഞ്ചമണിയിക്കുവാൻ പര്യാപ്തമല്ലാത്തതു്? അന്നത്തെ കേരളത്തിന്റെ അപദാനങ്ങളെ അനുജ്ജ്വലമായി കീർത്തനംചെയ്യുന്ന കമോയെൻസ് എന്ന മഹാകവിയുടെ ലൂസിയഡ് എന്ന പോർത്തുഗീസ് മഹാകാവ്യം മിക്കിംഗ് എന്ന ഇംഗ്ലീഷുകവി ആംഗ്ലേയഭാഷയിൽ തർജ്ജിമചെയ്തിട്ടുണ്ട്. ആ അനവദ്യമായ സാഹിത്യാമൃതം മലയാളത്തിൽ ഇനിയും ആർക്കും പകർന്നു തരുവാൻ സാധിച്ചില്ലല്ലോ എന്നു ഞാൻ പലപ്പോഴും ഖേദിക്കാറുണ്ട്. ചീനചക്രവർത്തിയിൽനിന്നു സമ്മാനമായി സ്വർണ്ണമയമായ ഒരു അരപ്പട്ട നേടുന്നതിനും ഇവിടത്തെ രാജകുടുംബാംഗത്തിനു യോഗമുണ്ടായിട്ടുണ്ട്. ക്രി. പി. 1607-ൽ ഇവിടെയെത്തിയ പേയാർഡ് ഡിലാവൽ ഈ പട്ടണംപോലെ സന്തുഷ്ടിക്ക് ഇരിപ്പിടമായ ഒരു സ്ഥലം ലോകത്തിലെങ്ങുമില്ലെന്നും ഇൻഡ്യയിൽ ഇത്രമാത്രം സമൃദ്ധമായി വാണിജ്യത്തിനു പ്രചാരമുള്ള ഒരു തുറമുഖം താൻ കണ്ടിട്ടില്ലെന്നും മതാനുവർത്തനവിഷയത്തിൽ രാജാവു ജനങ്ങൾക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യമനുവദിച്ചിരിക്കുന്നു എന്നും പ്രസ്താവിച്ചുകാണുന്നു. കപ്പൽക്കച്ചവടത്തിനെന്നപോലെ മാമാങ്കാഘോഷത്തിനും ഈ രാജാക്കന്മാർ കീർത്തിപ്പെട്ടിരുന്നു. ഒടുവിലത്തെ മാമാങ്കം കൊല്ലം 917-ൽ ആണ് നടന്നതു്. ചുരുക്കത്തിൽ പറഞ്ഞാൽ

"ആരും നേരിട്ടനില്ലാതരിയനെടുവിരി-
പ്പോടെടോ, വാഞ്ഛലല്ലോ
നീരേകീ പണ്ടൊട്ടുക്കത്തഖിലഗുണനിധേ!
ചേരമാൻ രാമവർമ്മാ!"

എന്നു കൊച്ചിത്തമ്പുരാനെ ഒരു പ്രാചീനകവി ഉൽബോധനം ചെയ്തതു് ഏതാനും ശതവർഷകാലത്തേക്ക് എതുയും പരമാർത്ഥമായിരുന്നു. എന്നൊരിക്കൽ രാജ്യതൃഷ്ണാദുർഭ്രതം നെടുവിരിപ്പിനെ ഗ്രസിച്ചു് അതിന്റെ ദൃഷ്ടി തെക്കോട്ടെക്കു തിരിച്ചുവിട്ടു; അധികം താമസം വേണ്ടിവന്നില്ല, ആ ദിക്കിന്റെ പാലകനായ യമധർമ്മരാജാവിനു് അതിന്റെ യശഃപ്രതാപങ്ങളുടെ നേർക്കും കണ്ണയക്കുവാൻ. നെടുവിരുപ്പും പെരുമ്പടപ്പും രാജസപത്നഭാവങ്ങളിൽ നെടുനാളത്തേക്കു നീണ്ടുനിന്ന ഭ്രാതൃഘാതനിർവ്വിശേഷമായ ആ ശണ്ഠയുടെ അഭാവത്തിൽ കേരളത്തിന്റെ നില എന്തായിരുന്നിരിക്കുമെന്നുള്ളതു ദക്ഷിണഭാരതചരിത്രത്തിലെ പ്രധാനങ്ങളായ 'യദി'പ്രശ്നങ്ങളിൽ ഒന്നാകുന്നു. ഏതായാലും ആ കാലം കഴിഞ്ഞു; പന്നിയൂർക്കുറും ചൊവ്വരക്കുറും തമ്മിലുള്ള മത്സരത്തിനു കാലം പൂർണവിരാമമിട്ടു; ദക്ഷിണഭോജരാജനെന്ന ബിരുദപ്പേരാൽ സുവിദിതനായ മാനവിക്രമ ഏട്ടൻതമ്പുരാൻ കൊച്ചി മഹാരാജാവിന്റെ അതിഥിയായി തൃപ്പൂണിത്തുറയ്ക്കു പോയതോടുകൂടി ആ മത്സരത്തിന്റെ സ്മൃതിയുടെ ത്രസരേണുപോലും അസ്തമിച്ചു; ഇന്നിതാ കൊച്ചിമഹാരാജകുടുംബത്തിലെ ഒരു മഹനീയാങ്ഗമായ നമ്മുടെ സഭാനാഥൻ തിരുമേനി ഇപ്പോഴത്തെ സാമൂതിരിപ്പാട് തമ്പുരാൻ തിരുമനസ്സിലെ അതിഥിയായി ഈ നഗരത്തെ ആത്മസാന്നിധ്യത്താൽ സംഭാവനംചെയ്യുന്നു.

സാമൂതിരികോവിലകവും സാഹിത്യവുമായുള്ള സംബന്ധം അത്യന്തം ഗാഢവും ചിരസ്ഥായിയുമാണെന്ന് ആ കോവിലകത്തെ ഇന്നത്തെ അങ്ങേഗങ്ങളും അവരുടെ രാജധാനിയിൽ ഈ സാഹിതീദേവതാലയത്തിലെ ആരാധനത്തിനായി കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നു എത്തിക്കൂടിട്ടുള്ള നാമും ധരിച്ചിരിക്കേണ്ടതാകുന്നു.

ബില്ഹണമഹാകവി വിക്രമാങ്കദേവചരിതത്തിന്റെ അവസാനത്തിൽ രാജാക്കന്മാർക്ക് കവികളെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിലുള്ള കടമയെപ്പറ്റി താഴെ കാണുന്നവിധത്തിൽ ഗാനംചെയ്തിരിക്കുന്നു.

"സേച്ഛാഭങ്ഗുരഭാഗ്യമേഘതടിതഃ
ശക്യാ ന രോദ്ധും ശ്രിയഃ;
പ്രാണാനാം സതതപ്രയാണപടഹ
ശ്രദ്ധാ ന വിശ്രാമ്യതി;
ത്രാണം യേന യശോമയേ വപുഷി വഃ
കുർവന്തി കാവ്യാമൃതൈ-
സ്താനാരാധ്യ ഗുരൂൻ വിധത്ത സുകവീൻ
നിർഗർവ്വമുർവീശ്വരാഃ.

ഹേ രാജാനസ്ത്യജത സുകവി-
പ്രേമബന്ധെ വിരോധം;
ശ്രദ്ധാ കീർത്തിഃ സ്മരതി ഭവതാം
ന്നൂനമേതൽ പ്രസാദാൽ;
തുഷ്ടൈർബദ്ധം യദലഘു രഘു-
സ്വാമിനസ്സച്ചരിത്രം;
കൃഷ്ണൈന്നീതസ്ത്രിഭുവനജയീ
പാർത്ഥമാർഗം ദശാസ്യഃ."

ഈ ശ്ലോകങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം കേരളത്തിലെ ഇതരരാജാക്കന്മാർക്കൊപ്പം സാമൂതിരിമഹാരാജാക്കന്മാരും ധരിച്ചിരുന്നു. തന്നിമിത്തം അവരിൽ പലർക്കും ഉത്തമനിബന്ധങ്ങളുടെ കർത്താക്കന്മാരും കാരയിതാക്കന്മാരുമായിത്തീരുവാനും തദ്വാരാ ശാശ്വതമായ സത്കീർത്തി സമ്പാദിക്കുവാനും സാധിച്ചു. അവരിൽ ചിലരുടെ അപദാനങ്ങളെക്കുറിച്ചു ചിലതെല്ലാം പ്രസ്താവിക്കുന്നതിനുവേണ്ടി മാത്രമാകുന്നു ഞാൻ ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നതു്.

കൊല്ലം ഏഴാം ശതവർഷത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന 'മാനവിക്രമൻ' എന്ന സാമൂതിരിപ്പാട് പതിനെട്ടരക്കവികളെ പരിപാലിച്ചിരുന്നുവെന്നുള്ള ഐതിഹ്യം സുപ്രസിദ്ധമാണല്ലോ. കോഴിക്കോട്ട തളിക്ഷേത്രത്തിലെ പട്ടത്താനം കേരളത്തിൽ ശാസ്ത്രപണ്ഡിതന്മാരെ സജീവമായി പ്രോത്സാഹിപ്പിക്കുന്നതിനു വളരെ ശതവർഷകാല

ത്തേക്ക പ്രയോജകീഭവിച്ചിരുന്നു. തുലാമാസത്തിൽ രേവതിയിൽ തുടങ്ങി തിരുവാതിര യിലാണ് ആദ്യകാലംമുതല്ക്കുതന്നെ ആ താനമവസാനിച്ചിരുന്നതു്. വിദ്വൽസദസ്സിൽ നടക്കുന്ന വാദപരീക്ഷയിൽ വിജയികളാകുന്നവക്ക് 100 പണത്തിന്റെ ഓരോ കിഴി സമ്മാനമായി നല്കപ്പെട്ടിരുന്നു. പ്രാഭാകരമീമാംസയ്ക്കും ഭാട്ടമീമാസയ്ക്കും 12 വീതവും വ്യാകരണത്തിനു 9-ം വേദാന്തത്തിനു 13-ം അങ്ങനെ 46 കിഴികളും ഉണ്ടായിരുന്നതാ യി അറിയുന്നു. കൊല്ലം 854-ൽ 43 കിഴികളും സമ്മാനിച്ചതിനു രേഖ കാണുന്നു ണ്ടു്. തളി അമ്പലത്തിന്റെ തെക്കെ വാതിൽമാടത്തിന്റെ തെക്കെ അറത്തു പ്രഭാ കരമീമാംസയിലും വടക്കെ വാതിൽമാടത്തിന്റെ തെക്കെ അറത്തു വ്യാകരണത്തിലും പരീക്ഷ നടന്നിരുന്നു.

മാനവിക്രമ മഹാരാജാവിന്റെ പതിനെട്ടരക്കവികളും, പയ്യൂർ പട്ടേരിമാർ അച്ചുതനും അപ്പഹന്മാരും മഹനുമുൾപ്പെടെ ഒൻപതു പേർ, തിരുവേഗപ്പുറക്കാരായ നമ്പൂരിമാർ അഞ്ചു പേർ, മുല്ലപ്പള്ളി നമ്പൂരി, ഉദ്ദണ്ഡശാസ്ത്രികളും, കാക്കശ്ശേരി ഭട്ട തിരി, ചേന്നാസ്സുനമ്പൂരിപ്പാട് ഇങ്ങനെ പതിനെട്ട പേരും ഭാഷാകാവ്യങ്ങളുംമാത്രം നിർമ്മിക്കുകനിമിത്തം അരക്കവിയായ്തീർന്ന പുനംനമ്പൂരിയുമാണെന്നാണ് സാധാരണമാ യി പറഞ്ഞുവരാറുള്ളതു്. അവരിൽ ചിലരെപ്പറ്റി അറിയാവുന്നതിൽ ചില വിവര ങ്ങളുംമാത്രം പ്രസ്താവിക്കാം.

മേൽ പറഞ്ഞ വിദ്വൽസദസ്സിലെ അഗ്രാസനം അലങ്കരിച്ചിരുന്നതു് അക്കാ ലത്തെ കേരളീയപണ്ഡിതന്മാരിൽ പ്രഥമഗണനീയനായ പയ്യൂർ അച്ചുൻഭട്ടതിരിപ്പാ ടായിരുന്നു. അദ്ദേഹത്തിന്റെ നാമധേയം ഇന്നും അജ്ഞാതമായിത്തന്നെ ഇരിക്കുന്നു; എങ്കിലും 'മഹഷി' എന്ന ബിരുദപ്പേരാൽ ലോകം ഇന്നും അദ്ദേഹത്തെ സബഹുമാനം സ്മരിക്കുന്നുണ്ടു്. ഉദ്ദണ്ഡശാസ്ത്രികളും അദ്ദേഹത്തെപ്പറ്റി കോകിലസന്ദേശത്തിൽ

"കിഞ്ചിൽപൂർവ്വാരണഖളഭവി
ശ്രീമദധ്യക്ഷയേഥാ-
സ്തന്മീമാംസാദ്വയകലഹരോ-
സ്സൂത്ര പൂന്യം മഹഷേഃ
വിദ്വന്ദ്യന്തേ വിവദിതുമന-
സ്യാഗതേ യത്ര ശശ്വ-
ദ്വ്യാഖ്യാശാലാ വളഭിനിലയ-
സ്തിഷ്ഠതേ കീരസംഘഃ

ശാസ്ത്രവ്യാഖ്യാ ഹരിഹരകഥാ
സൽകഥാദ്യാഗതാനാ-
മാലാപോ വാ യദി സഹ ബുധൈ-
രാക്ഷിപേദസ്യ ചേതഃ
തദ്വിസ്രബ്ധദ്വിജപരിവൃതേ
നിഷ്കുടാട്ടേ നിഷണ്ണഃ

കോക്രയെഥാഃ; സ ഖലു മധുരാം
സൂക്തിമാകർണ്യ തുഷ്യേൽ.
ശ്ലാഘ്യച്ഛന്ദസ്ഥിതിമയി! മയാ
ശോഭനേതേ നിയുക്തം
ശ്രാവ്യം ശബ്ദൈഃ സരസസുമനോ
ഭാജമഭ്രാന്തവൃത്തം
ദൂരപ്രാപ്യം പ്രശിഥിലമിവ
ത്വാം സഖേ! കാവ്യകല്പം
ധീമാൻ പശ്യേൽ സ യദി ന തതേ
ശ്രദ്ധ ഏവ പ്രചാരഃ."

ഈ പദ്യങ്ങളിലും അന്യത

"പദ്മരാഗ്യ! മഹർഷേ
കവിതാമാർഗ്ഗേ കാളിദാസം ത്വാം
ദാനേ കല്പവൃക്ഷം
സർവ്വജ്ഞതേ ച ചന്ദ്രഖണ്ഡധരം."

എന്ന ശ്ലോകത്തിലും ചെയ്തിട്ടുള്ള അനന്യസാധാരണമായ പ്രശസ്തിക്ക് ആ മഹാനുഭാവൻ വിഷയീഭവിക്കണമെങ്കിൽ അവിടുത്തെ മീമാംസാദി ശാസ്ത്രപാണ്ഡിത്യം, കാവ്യനിർമ്മാണകൌശലം, വിമർശനകലാവൈദഗ്ദ്ധ്യം, വിദ്വജ്ജനപക്ഷപാതം, ദാനശൌണ്ഡത, ഷഡ്കർമ്മനിരതത്വം മുതലായ ഗുണങ്ങളും എത്രമാത്രം അതിമാനുഷങ്ങളായിരുന്നിരിക്കണം എന്നു നമുക്ക് ഏറെക്കുറെ ഊഹിക്കാവുന്നതാണ്.

കാക്കശ്ശേരിഭട്ടതിരിയും വസുമതീമാനവിക്രമം നാടകത്തിൽ അദ്ദേഹത്തെ

"യസ്മിൻ പ്രീണാതി വാണീ കരതലവിലസ-
ദ്വല്ലകീതൌര്യഭാജാം
സോതാ വാതാലയാധീശ്വരവിശദശിരഃ-
കമ്പസംഭാവിതാനാം.
വാചാം മോചാമധൂളീപരിമളസുഹൃദം
സർവ്വദാ നൈഗമാധ്വ-
ശ്രദ്ധാലൂനാം കേരളക്ഷ്മാതലതിലകമുഷി-
സ്സാഹിതീപാരദൃശ്വാ."

എന്ന പദ്യത്തിൽ മുക്തഹസ്തമായി പുകഴ്ത്തിയിരുന്നു.

പൈയൂർ മഹൻ ഭട്ടതിരിയുടെ പേർ പരമേശ്വരൻ എന്നായിരുന്നു. ഉദ്ഭണ്ഡശാസ്ത്രികം മല്ലികാമാരുതത്തിൽ ഒരു പരമേശ്വരഭട്ടതിരി തനിക്കു നല്കിയ

"വേദേ സാദരബുദ്ധിരുദ്ധതതരേ
തർക്കേ പരം കർക്കശഃ
ശാസ്ത്രേശാതമതിഃ കലാസുകുശലഃ
കാവ്യേഷു ഭവ്യോദയഃ
ശ്ലാഘ്യസ്സൽകവിതാസു ഷട്സ്വപിപടു-
ർഭാഷാസു, സതതം ക്ഷിതൌ
സർവ്വോദ്ഗന്ധകവിപ്രകാണ്ഡ! ദദൃശേ
കസ്മൈ ന വിസ്മേരതാം"

എന്ന ശ്ലോകരൂപമായ പ്രശംസാപത്രം "കഥിതമേവൈതന്മീമാംസക ചക്രവർത്തിനാംമഹർഷി പുത്രേണ പരമേശ്വരേണ" എന്ന പീഠികയോടുകൂടി ഉദ്ധരിച്ചിട്ടുണ്ട്. 'മീമാംസകചക്രവർത്തിഃ' എന്ന ശാസ്ത്രികം വർണിക്കുന്ന അദ്ദേഹത്തിന്റെ ജൈമിനീയമീമാംസാസൂത്രങ്ങൾക്കുള്ള 'സൂത്രാർത്ഥസങ്ഗ്രഹ'മെന്ന വിപുലമായ വ്യാഖ്യാനം ഞാൻ വായിച്ചിട്ടുണ്ട്. ഗ്രന്ഥം അച്ചടിച്ചിട്ടില്ല. "ഇതിമഹാമഹോപാധ്യായ ശ്രീമദ്ഋഷിപുത്ര പരമേശ്വര വിരചിതെ സൂത്രാർത്ഥസംഗ്രഹേ" എന്ന് അതിൽ പല ഭാഗങ്ങളിലും കുറിച്ചുകാണുന്നു.

"ഇഷ്ടാനിഷ്ടപ്രാപ്തിഹാന്യൈ-ർജ്ജാഗരൂകാ ഭവന്തു നഃ
ഋഷയഃ പിതരോ ദേവാ-സ്സർവ്വദായ്യാശ്ച മാതരഃ"

എന്ന മംഗലാചരണപദ്യത്തിൽ കാണുന്ന സൂചനയിൽനിന്നു മഹർഷിയുടെ സഹധർമ്മിണിയുടെ നാമധേയം 'ആര്യ' എന്നായിരുന്നു എന്നു ഗ്രഹിക്കാവുന്നതാണ്.

"ജൈമിനിശബരകുമാരില-
സുചരിതപരിതോഷ പാർത്ഥസാരഥയഃ
ഉംബേകവിജയതാരൌ
മണ്ഡനവാചസ്പതീ ച വിജയന്താം"

എന്ന പദ്യത്തിൽ ഗ്രന്ഥകാരൻ പല പൂർവ്വന്മാരായ മീമാംസാഗ്രന്ഥകാരന്മാരേയും സ്മരിക്കുന്നു.

'പ്രണമാ-
മ്യാചാര്യാൻ വാസുദേവവാചാര്യാൻ'

എന്നവസാനിക്കുന്ന മറെറാരു പദ്യത്തിൽനിന്നു പരമേശ്വരഭട്ടതിരിയുടെ ഗുരു ഒരു 'വാസുദേവൻ' ആയിരുന്നു എന്നും കാണാം.

'ഭാഷ്യവാർത്തികതദ്ഗ്രന്ഥൈ-ർദൃബ്ധസൂത്രാർത്ഥസംഗ്രഹഃ
പിതൃമാതൃഃപിതൃവ്യസ്യ-പ്രസാദാൽ പ്രവിലിഖ്യതേ'

എന്ന പദ്യത്തിൽനിന്ന് അദ്ദേഹത്തിന് ഒരു പിതൃവ്യനേ ഉണ്ടായിരുന്നുള്ളു എന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്. അങ്ങനെയാണെങ്കിൽ അച്ഛൻഭട്ടതിരിപ്പാട്ടിലേക്കു മീമാംസകന്മാരായും പണ്ഡിതന്മാരായും ഏഴു സഹോദരന്മാരുണ്ടായിരുന്നു എന്നുള്ള ഐതിഹ്യം മൂഴുവൻ വാസ്തവമല്ലെന്നു വന്നുകൂടുന്നു. മേഴത്തോളഗ്നിഹോത്രിയപ്പെറ്ററിയുള്ള

ഐതിഹ്യം പൈയൂർമഹർഷിയുടെ വിഷയത്തിൽ ഏതാനുമംശത്തിൽ സംക്രമിച്ചുപോയിരിക്കാമെന്നാണ് എനിക്കു തോന്നുന്നതു്. പിതൃവ്യന്റെ പേരോ, അദ്ദേഹമോ വാസുദേവനോ ഉണ്ടാക്കിയ കൃതികളോ അറിവാൻ തരമില്ലാതെയിരിക്കുന്നു. കൊല്ലം 854-ലെ പട്ടത്താനത്തിനും പ്രധാനദീപത്തിന്റെ അടുത്തിരുന്നു സഭസ്സു നയിച്ചതു് അന്നത്തെ പൈയൂരാധ്യനാണെന്നു കാണുന്നു. ഉദ്ഭണ്ഡശാസ്ത്രികളുടെ ജന്മഭൂമി തൊണ്ടമണ്ഡലത്തിൽ പാലാറിന്റെ കരയിലുള്ള ലാടപുരം ഗ്രാമമായിരുന്നു. ഇതും തന്റെ ജീവചരിത്രം സംബന്ധിച്ചുള്ള മറ്റുചില സംഗതികളും ആ മഹാകവി മല്ലികാമാരുതം പ്രകരണത്തിൽ പ്രസ്താവിച്ചിട്ടുള്ളതു കേരളീയർ ധരിച്ചിരിക്കേണ്ടതാണു്.

"അസ്തി ദക്ഷിണാപഥോദയമാനഃ കാമാക്ഷീകടാക്ഷതാണ്ഡവിതകവിശിഖണ്ഡിമണ്ഡലേഷു തുണ്ഡീരേഷു, ക്ഷീരനദീതരംഗിതോപശല്യോ ലാടപുരനാമാ മഹാനഗ്രഹാരഃ. തത്രച

തപശ്ചരണമുഞ്ചവസ്സകലശാസ്ത്രമുഷ്ടിന്ധയാഃ
സപൻഷ്ഠിതമഹാധ്വരാഃ ശ്രുതിപരായണാശ്ശ്രോത്രിയാഃ
മഹാഭിജനശാലിനോ വദനവത്തിധാദേവതാ
വസന്ത്യതിഥിസൽകൃതിക്ഷപിതവാസരാ ഭ്രസുരാഃ

തത്രച, ആമുഷ്യായണസ്യ ആപസ്തംബശാഖാധ്യായിനോ വാധൂലകുലതരുപല്ലവസ്യ കവിതാവല്ലഭസ്യ വിപഞ്ചീപഞ്ചമോദഞ്ചിതകീർത്തേരുപാധ്യായ ഗോകുലനാഥസ്യ ശ്രീകൃഷ്ണസൂനോർഭട്ടരംഗനാഥസ്യ പ്രിയനന്ദന ഇരുഭുവനാഥാപരപര്യായ ഉദ്ഭണ്ഡകവിനാമാ. സ കില വിധിവദുപാസിതാൽ തീർത്ഥാദധിഗതസകലവിദ്യോ ദിദൃക്ഷുർദ്ദിഗന്തരാണി, ആസ്ത്രകണ്ണാടകകലിംഗചോളകേരളാനവതീർണഃ മജ്ജൻമഹാനദീഷു, പശ്യൻദേവതാസ്ഥാനാനി, സേവമാനസ്സജ്ജനാൻ, അഭിനന്ദന്നന്തർവ്വാണീൻ, ഇദമേവതാമ്രചൂഡക്രോഡനഗരമാഡൌകത. ആഡൌക്യച

ആസ്ഥാനമധ്യഗതമുത്തമസൌവിദല്ലേ-
ഭ്രൂക്ഷേപചോദിതനമച്ചതുരന്തവീരം
ശ്രീവിക്രമം ചതുരവാരവധൂകരാബ്ജ-
വ്യാധൂതചാമരമലോകത ലോകനാഥം.

ആവ്യോഷ്ടച:-

പ്രത്യർത്ഥിഭ്രമിപാല-
പ്രതാപഘലമ്മോത്തപുച്ഛവാപത്ത!
വിശ്വംഭരാകുടുംബിൻ!
വിക്രമ! വിശൈകവീര! വിജയസ്വ.

ദേവോപി പരിസരവത്തികോവിദകവിവദനാകൃഷ്ടേന വിഘടമാനകമലദളശീതളേന കടാക്ഷേണ സംഭാവയൻ സാദരമേവമാദിക്ഷൽ:—

"ശ്രീമന്നുദ്ഭണ്ഡ! വിദ്വൻ! നിശമയ വചനം മമകം കാമരോഗ്ഗ്രീ
വാണീ നാണീയസീ തേ നനു വരകവിതാ ഭ്രഷിതാ വാഗ്വിലാസൈഃ

തസ്മാദഹായ സമ്യക്പ്രകരണമതുലം മല്ലികാമാരുതാഖ്യം
കിഞ്ചിദ്വ്യുത്പാദ്യസാർദ്ധം വിരചയ വിധിനാ സൽകവേ! സൽക്രിയാം മേ."

"മല്ലികാമാരുതം നാമ-മനസ്സംവനനം നവം
പ്രയുഞ്ജേ മഹേ പ്രകരണം-പ്രമോദന്താം സഭാസദഃ."

ഗ്രന്ഥാവസാനത്തിൽ,

"ഉദ്ഭണ്ഡം രംഗനാഥസ്സുതമലഭത യം രംഗദേവീ തഥാംബാ;
ത്രൈവിദ്യേശാ മഹർഷിന്നിരവധിമഹിമാ യദ്ധിതേ ജാഗരൂകഃ;
തസ്യ ശ്രീവിക്രമാജ്ഞാബഹുമതിരചിതേ മല്ലികാമാരുതേസ്മിൻ
സദ്യഃ പ്രാഗാദ്ദശാനാം പ്രകരണതിലകേ നിഷ്കളങ്കോയമങ്കഃ"

എന്ന പദ്യവും കാണുന്നുണ്ട്. ഇവയിൽനിന്നു മേൽപ്രസ്താവിച്ച ലാടപുരം ഗ്രാമത്തിൽ ശ്രീകൃഷ്ണന്റെ പുത്രനായി ഗോകുലനാഥന്റെ ശിഷ്യനായി മഹാകവിയായി രംഗനാഥൻ എന്ന് ആപസ്തംബസൂത്രത്തിലും വാധൂലഗോത്രത്തിലും പെട്ട ഒരു മഹാബ്രാഹ്മണൻ ഉണ്ടായിരുന്നു എന്നും അദ്ദേഹത്തിനു രംഗദേവി എന്ന ധർമ്മപത്നിയിൽ ജനിച്ച പുത്രനാണ് ഉദ്ഭണ്ഡശാസ്ത്രികൾ എന്നും ശാസ്ത്രികൾക്ക് ഇരുഭുവനാഥൻ എന്നുകൂടി പേരുണ്ടായിരുന്നു എന്നും അദ്ദേഹം ഒരാന്ധ്രബ്രാഹ്മണനായിരുന്നിരിക്കണമെന്നും, ഗുരുമുഖത്തിൽനിന്നു ബാല്യത്തിൽതന്നെ സകല വിദ്യകളുമഭ്യസിച്ചു, ആന്ധ്രം, കർണ്ണാടകം, കലിംഗം, ചോളം, കേരളം ഇങ്ങനെ പല രാജ്യങ്ങളും ചുറ്റിസ്സഞ്ചരിച്ചു ഒടുവിൽ കോഴിക്കോട്ടവന്നു മാനവിക്രമ മഹാരാജാവിനെക്കണ്ടു അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചു മല്ലികാമാരുതമെന്ന പ്രകരണമുണ്ടാക്കി എന്നും വെളിവാകുന്നു. മല്ലികാമാരുതം മാലതീമാധവംപോലെ വിശിഷ്ടമായ ഒരു പ്രകരണമാകുന്നു; ഭവഭൂതിക്ക് ഓജസ്സു കൂടുതലെങ്കിൽ ശാസ്ത്രികൾക്കു മാധുര്യമധികം. തന്നിമിത്തം വിപ്രലംഭശൃംഗാരത്തിന്റെ പ്രപഞ്ചനത്തിൽ ശാസ്ത്രികൾ ആ മഹാകവിമൂർദ്ധന്യനെക്കൂടി ചില അംശങ്ങളിൽ അധഃകരിക്കുന്നു എന്നാണു ഭാവുകന്മാരുടെ മതം. കൊടിയവിരഹം, രാജരത്നാവലീയം മുതലായ ചാപൂപ്രബന്ധങ്ങളുടെ നിർമ്മാതാക്കൾ ഈ പ്രകരണത്തെ ധാരാളമായി ഉപജീവിച്ചിട്ടുണ്ട്. മാതൃക കാണിക്കുവാൻ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1. മാരുതൻ സഖാവായ കളകണ്ഠനെപ്പറ്റി:—

"നോ ലിപ്താ യശസാ ദിശോ, ന ഗുരുവശ്ശുശ്രൂഷയാ തോഷിതാ;
ന പ്രാപ്തശ്ച ജനത്രയാപഹതയേ പുണ്യോ ഗൃഹസ്ഥാശ്രമഃ;
നോ വാ പൂരിതമർത്ഥിനാമഭിമതം; ന സ്ത്രീകഥാപിശ്രുതാ;
ഹാ! ഹാ! നിഷ്ഫലനേന ദഗ്ധവിധിനാ നീതോസ്യകാണ്ഡേ സഖേ!"

2. നായികയുടെ കടാക്ഷം: —

"പ്രണയചപലാഃ പ്രേമസ്ഥാരാഃ പ്രസൂതമനോഭവഃ
ക്ഷപിതധൃതയശ്ചേതശ്ചോരാശ്ചലാ ചലതാരകാഃ

ശിവ ശിവ! മയി പ്രേംഖന്യസ്യാസ്ഥരംഗിതഷ്ണ്ണിത-
സ്മിതമധുരസ്നിഗ്ധാമുഗ്ധാവിലോചനവിഭ്രമാഃ".

3. ദേവിയുടെ മഹിഷമർദ്ദനം:—

കേളീരാവോ വ്യരംസീന്ന കില വിജയയം സാദ്ധ്മാബധ്യമാനോ;
നാകൃഷ്ടാ ദൃഷ്ടിപാതാഃ കില നടനജുഷശ്ചന്ദ്രചൂഡസ്യ വക്ത്രാൽ;
ഉൽക്ഷിപ്തേ പാദപത്മേ കില മണികടകോ നോച്ചകൈർവ്വാശിശിഞ്ജേ;
മാതശ്ശൈലേന്ദ്രകന്യേ! മഹിഷവിമഥനം നാമകോയം വിലാസഃ"

4. വർഷകാലം: —

"അമീ കിമപി വാസരാഃ പ്രസുവതേ മുദം ദേഹിനാം
വിജൃംഭിനവകന്ദളീദല നിലീനപുഷ്പന്ധയഃ
പയോദമലിനീഭവദ്ഗഗനദർശനപ്രോല്ലസൽ-
കൃഷീവലവിലാസിനീനയനകാന്തിതാപിഞ്ഛിതാഃ."

ഉദ്ദണ്ഡശാസ്ത്രികളുടെ കൃതിയായി മല്ലികാമാരുതത്തിനുപുറമെ കോകിലസന്ദേശവും ചില ഒറ്റശ്ലോകങ്ങളുമല്ലാതെ നമുക്കൊന്നും ലഭിച്ചിട്ടില്ല. സമഗ്രമായ ഒരലങ്കാരഗ്രന്ഥമുണ്ടെന്നു കേട്ടിട്ടുണ്ട്. അതിപ്പോൾ നശിച്ചുപോയോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. കോകിലസന്ദേശത്തിൽ ശാസ്ത്രികൾ കോഴിക്കോട്ടിനെപ്പറ്റി

കയ്യാൽ പ്രീതിം തവ നയനയോഃ കർക്കടക്രോഡനാമ
പ്രാസാദാഗ്രോല്ലിഖിതഗഗനം പത്തനം തൽപ്രതീതം
യദ്രോഷ്ണീഭൃദ്ധിമകരഭീഭ്രതരാജന്യവീരാ-
ശ്ശ്രാഗ്രണ്യശ്ശിഖരിജലധിസ്വാമിനഃ പാലയന്തി.

ഗേഹേ ഗേഹേ നവനവസുധാക്ഷാളിതം യത്ര സൌധം;
സൌധേ സൌധേ സുരഭികുസുമൈഃ കല്പിതം കേളിതല്പം;
തല്പേ തല്പേ രസപരവശം കാമിനീകാന്തയുഗ്മം;
യുഗ്മേ യുഗ്മേ സ ഖലു വിഹരൻ വിശ്വവീരോ മനോജ്ഞഃ.

വ്യർത്ഥം കർണ്ണേ നവകുവലയം ഖിദ്യമാനേ കടാക്ഷേ;
ഭാരോ ഹാരഃ സ്തനകലശയോർഭാസുരേ മന്ദഹാസേ;
യത്ര സ്നിഗ്ധോഷ്ണരുചി കചഭരേഷ്വേണശാബേക്ഷണാനാം
മാദ്യൽഭൃംഗേ സതി പരിമളേ മംഗളായ പ്രസൂനം.

യത്ര ജ്ഞാതാ കൃതനിലയനാമിന്ദിരാമാത്മകന്യാം
മന്യേ സ്നേഹാകുലിതഹൃദയോ വാഹിനീനാം വിവോഢാ
തത്തദ്വീപാന്തരശതസമാനീതരത്നൌഘപൂർണ്ണം
നൌകാജാലം മുഹുരുപഹരൻ വീചിഭിഃ ശ്ലിഷ്യതീവ".

എന്ന പദ്യങ്ങളിൽ ചെയ്തിട്ടുള്ള ഉജ്ജ്വലമായ വർണ്ണനം ആ നഗരത്തിന്റെ അന്നത്തെ സമ്പൽസമൃദ്ധിക്കു യോജിച്ചതുതന്നെ. കോകിലസന്ദേശത്തിൽനിന്നു ശാസ്ത്രികൾക്കു ചേന്ന മംഗലത്തു മാരക്കം എന്ന നായർഗൃഹത്തിൽ സംബന്ധമുണ്ടായിരുന്നു എന്നും ഊഹിക്കാം. ശാസ്ത്രികളെ സാമൂതിരിപ്പാട്ടമായി ആദ്യം പരിചയപ്പെടുത്തിയതു ചേന്നാസ്സനമ്പൂതിരിപ്പാടായിരുന്നു എന്നും ആ അവസരത്തിൽ നമ്പൂതിരിപ്പാട് ചൊല്ലിയതു ശാസ്ത്രികൾ മൻക്രട്ടി ഉണ്ടാക്കിക്കൊടുത്തിരുന്ന

"പ്രക്രീഡൽ കാത്തവീര്യാജ്ജുനഭുജവിധുതോന്മുക്തസോമോദ്ഭവാംഭഃ-
സംഭാരാഭോഗധന്യപ്രശമനപടുവാഗ്ഭംഗഗംഭീരിമശ്രീഃ
തുണ്ഡീരക്ഷോണിഭാഗാത്തവ ഖലു വിഷയേഽഭിണ്ഡിതോദ്ഭണ്ഡസൂരി
സ്സോയം തേ വിക്രമക്ഷ്മാപ്യുപ! ന കിമു ഗതശ്ശ്രോത്രിയശ്ശ്രോത്രദേശഃ"

എന്ന പദ്യമായിരുന്നു എന്നും അതിനെത്തുടർന്നു ശാസ്ത്രികൾ,

"ഉദ്ഭണ്ഡഃ പരഭണ്ഡനൈരവ! ഭവദ്ദാത്രാസു ജൈത്രശ്രിയോ
ഹേതുഃ കേതുരതീത്യ സൂര്യസരണിം ഗച്ഛൻ നിവാര്യസ്ഥയാ;
നോ ചേത്തൽപടസന്നുടോദരലസച്ഛാർദ്ദൂലമുദ്രാദ്രവൽ-
സാരംഗം ശശിബിംബമേഷ്യതിതുലാം തപ്തപ്രേയസീനാം മുഖൈഃ"

എന്ന പദ്യം അടിയറവെച്ചു എന്നും ഉള്ള ഐതിഹ്യം വാസ്തവമായിരിക്കാം; അദ്ദേഹത്തിനു പക്ഷേ ഉദ്ഭണ്ഡനെന്ന ബിരുദപ്പേർ സാമൂതിരിപ്പാട്ടിൽനിന്നു ലഭിച്ചതും മേലുദ്ധരിച്ച ശാർദ്ദൂലവിക്രീഡിതപദ്യം നിമിത്തമായിരിക്കാം.

ശാസ്ത്രികളെ ചിലർ ഉദ്ധതനായിരുന്നു എന്നു പറയാറുണ്ട്. തന്റെ അന്യാദൃശമായ പാണ്ഡിത്യത്തേയും കവിതാത്തേയുംപറ്റി അദ്ദേഹത്തിന് അസ്ഥാനസ്ഥമല്ലാത്ത അഭിമാനമുണ്ടായിരുന്നു എന്നുള്ളതിനു സംശയമില്ല.

"അനാരാദ്ധ്യ കാളീമഹാസാത്ത്യ വീടീ-
മുതേ മന്ത്രശക്തിം വിനാ ഗ്രന്ഥചൌര്യം
പ്രപഞ്ചപ്രസിദ്ധം പ്രബന്ധം പ്രബദ്ധ്യം
വിരിഞ്ചിപ്രപഞ്ചേ മദന്യഃ കവിഃ കഃ?"

എന്ന് അദ്ദേഹംതന്നെ ആത്മസംഭാവനം ചെയ്തിട്ടുണ്ട്. അഹങ്കാരികളായ പ്രതിയോഗികളുടെയും അനഭിജ്ഞന്മാരായ കവിമന്യന്മാരുടേയും വിഷയത്തിൽ അദ്ദേഹം ദാക്ഷിണ്യരഹിതനായിരുന്നു. തൃക്കണ്ടിയൂർ നാണപ്പപ്പിഷാരടിയെപ്പറ്റി ശാസ്ത്രികൾ രചിച്ച

ധന്യാധന്യാധനീനാഃ ഫണിവരഭണിതാംഭോധികുംഭീകുമാരാ-
ധന്യാഃ കേചിൽ പ്രഥന്തേ പരഗുണകണികാശ്ലാഘിനസ്താൻ നമാമഃ
പ്രത്യാഹാരഗ്രഹേപി ഭ്രമിതമതിരസൌ കോപി സാഹിത്യവിദ്യാ-
കാന്തോ നാണപ്പനാമാ വ്യവഹരതു ജരംസ്താവതാ മേ ന ഹാനിഃ

എന്ന പദ്യവുംമറ്റും വാദമധ്യത്തിൽ ആവിർഭവിച്ചതാണ്. യഥാർത്ഥപണ്ഡിതന്മാരേയും സാക്ഷാൽ സല്ലക്ഷണികളേയുംപറ്റി അദ്ദേഹത്തിന് എത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്നുള്ളതിനു പൈയൂർ അച്ഛൻ ഭട്ടതിരിയേയും മഹൻ ഭട്ടതിരിയേയുംപറ്റി അദ്ദേഹം ചെയ്തിട്ടുള്ള വിനയമസൃണമായ പ്രശംസയും ശ്രീകൃഷ്ണവിജയകർത്താവായ ശങ്കരകവിയെപ്പറ്റി കോകിലസന്ദേശത്തിൽ

"കോലാനേലാവനസുരഭിലാൻ യാഹി യത്ര പ്രഥന്തേ
വേലാതീതപ്രഥിതയശസശ്ശങ്കരാഭ്യാഃ കവീന്ദ്രാഃ"

എന്നു കാണുന്ന നിർദ്ദേശവും മതിയായ ദൃഷ്ടാന്തങ്ങളാണ്. മൂക്കോല ഭഗവതീക്ഷേത്രത്തിൽ ശാസ്ത്രികൾ ഒരിക്കൽ തൊഴാൻ പോയപ്പോൾ

'സംഭരിതഭ്രരികൃചമംബ! ശുഭമംഗം
ശുംഭതു ചിരന്തനമിദന്തവ മദന്തഃ'

എന്ന് ഒരു വന്ദനശ്ലോകത്തിന്റെ പൂർവ്വാർദ്ധം ആ മഹാകവി പെട്ടെന്നുണ്ടാക്കി സന്നിധിയിൽ ചൊല്ലുകയും അതു് അടുത്തുനിന്നു കേട്ടുകൊണ്ടിരുന്ന ആ സ്ഥലത്തുകാരനായ കരുണാകരമാരാർ

'ജംഭരിപുകുംഭിവരകുംഭയുഗഡംഭ–
സ്തംഭികുചകുംഭ പരിരംഭപരശംഭ'

എന്ന് ആ ശ്ലോകം അശേഷാ ക്രസൽക്രടാതെ പൂർവ്വാർദ്ധത്തേക്കാൾ പ്രാസഭ്രയിഷ്ടമായി പൂരിപ്പിച്ചതു ശ്രവിച്ചമാത്രയിൽ ആനന്ദഭരിതനായി ആ കവിയുടെ പരിചയം സമ്പാദിച്ചു" "അയം ദേവ്യാഃ കരുണാകരഃ" എന്ന് അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തതായി കേട്ടിട്ടുള്ള ഐതിഹ്യവും ഈ ഘട്ടത്തിൽ സ്മരണീയമാണ്. ഈ കരുണാകരമാരാർ അക്കാലത്തെ ഒരു പ്രസിദ്ധ സംസ്കൃതപണ്ഡിതനും വൃത്തരത്നാകരത്തിനു കവിചിന്താമണി എന്നൊരു വ്യാഖ്യാനം രചിച്ച നിബന്ധകവയ്പ്പനും വിദ്വൽസാലഭഞ്ജികാ വ്യാഖ്യാതാവായ വാസുദേവകവിയുടെ ഗുരുവുമായിരുന്നു. ശാസ്ത്രികളുടെ അപഹാസത്തിനു പാത്രീഭവിച്ച ഭാഷാകവികൾ 'പ്രായേണ വൃത്തഹീനന്മാരും' 'സൂര്യാലോകനിരസ്തഗോപ്രസര'ന്മാരുമായ ഒരുതരം കൊള്ളരുതാത്തവർ മാത്രമായിരുന്നു. ഭാഷാകവിസാർവ്വഭൌമനായ പൂനത്തിനെ 'പുളകോൽഗമകാരിവചഃപ്രസരൻ' എന്നു പുകഴ്ത്തി, അദ്ദേഹത്തിന്റെ "താരിത്തനീകടാക്ഷാഞ്ചല" ഇത്യാദി സുപ്രസിദ്ധമായ മാനവിക്രമസ്തുതി പദ്യത്തിലെ 'ഹന്ത' എന്ന ധ്വനിസമ്പുഷ്ടമായ പദത്തിന് 'അന്തഹന്തക്ക് ഇന്തപ്പട്ട്' എന്നു പറഞ്ഞുകൊണ്ടു തന്റെ ഉത്തരീയപ്പട്ട സമ്മാനിച്ചതു മറാരുമല്ലായിരുന്നുവല്ലോ. മലയാളബ്രാഹ്മണരെപ്പറ്റി പൊതുവിൽ അദ്ദേഹത്തിനു തോന്നിയിരുന്ന ആദരം അപരിമിതമായിരുന്നു.

"സർവ്വോൽകൃഷ്ടാ ജഗതി വിദിതാഃ കേരളേഷു ദ്വിജേന്ദ്രാ
വല്ലീകൌണ്യാസ്തദപി മഹിമാ കാപി മധ്യശ്രിതാനാം;

തത്രാപ്യസ്യാ*സ്സലിലപവനാ യത്ര യത്ര പ്രഥന്തേ
തേഷാം തേഷാമതിശയജുഷശ്ശീലവിദ്വാനുഭാവാഃ"

എന്ന കോകിലസന്ദേശത്തിൽ അദ്ദേഹംതന്നെ ഈ വിഷയത്തിൽ തനിക്കുള്ള ആശയം വിശദീകരിച്ചിട്ടുണ്ട്. ഞാറേരിമനയ്ക്കൽവെച്ച് അദ്ദേഹം നമ്പൂതിരിമാരുടെ ജീവിതചര്യയെ പ്രശംസിച്ചു ചൊല്ലിയ

"സപദ്മിൻ വേശ്മനി പൂർണ്ണവിശപവിഭവേ പൂജ്യാൻ സമാരാധയൻ
പ്രേയസ്യാ ഗുണപൂർണ്ണയാ ഗുണവതാ പുത്രേണ മിത്രേണ ച
സാർദ്ധം പ്രാവൃഷി കേരളേഷപധിവസൻ ഭക്ത്യാ സമാകർണ്ണയൻ
ലീലാം രാഘവകൃഷ്ണയോഃ ക്ഷപയതേ കാലം സ ധന്യോ ജനഃ"

എന്ന പദ്യം പുനത്തിന്റെ ഭാഷാരാമായണചമ്പുവിൽ ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. ചേന്നാസ്സു നമ്പൂതിരിപ്പാട്ടിലെ തന്ത്രസമുച്ചയം പത്താംപടലത്തിൽ ആറാട്ടിനെഴുന്നള്ളിക്കുമ്പോൾ സ്ത്രീകൾ വിളക്കെടുത്തു ദേവനെ അനുഗമനംചെയ്യേണ്ട സംഗതിയെപ്പറ്റിയും മറ്റും വിവരിക്കുന്ന

"ശംഖപ്രേംഖച്ചട്ടലപടഹോത്താളതാളോരുഭേരീ-
രംഗച് ഛൃംഗോഡ്ഡമരഡമരുദ്ദീപ്രവീണാ പ്രവീണാഃ
ഡക്കാഡുക്കാവിരളമുരളീകമ്മരാശ്ചാഭിയാന്തു
സ്ത്രായട്ടീപാസ്ത്രമിഹ മഹിതോദ്ദാമഹേളാ മഹേളാഃ"

എന്ന പദ്യം ശാസ്ത്രികളുടേതാണെന്നുള്ള ഐതിഹ്യവും വിശ്വസനീയമാകുന്നു. പുരുരവസ്സ് ഉർവ്വശിയുടെ സൃഷ്ടിയെപ്പറ്റി "അസ്യാനു സൃഷ്ടിവിധൌ....." ഇത്യാദിപദ്യത്തിൽ ചെയ്യുന്ന ഉല്ലേഖനം ഭാവനാജന്യമാണ്; ശാസ്ത്രജ്ഞരനായ ചേന്നാസ്സിനു ശബ്ദസുന്ദരമായ മേല്പറഞ്ഞ ശ്ലോകം രചിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതിനു സമുച്ചയത്തിലെ ഇതരശ്ലോകങ്ങളും ഓരോന്നും ഉദാഹരണമാകുന്നു. ശാസ്ത്രികൾ കേരളത്തിലെ കഞ്ഞിയെപ്പറ്റി

"അംഗജതാപനിഹന്ത്രീ
സമുചിതലാവണ്യസമ്പദാമധുരാ
അധരാമൃതോപദംശാ
ശ്രാണാ ശോണാധരീവ രമണീയാ"

എന്നും ഓണത്തെപ്പറ്റി

"ചോക്രയന്തേ പൃഥുകതതയശ്ചാപതാഡിന്യ ഉച്ചൈ-
സ്സർവ്വാ നാര്യഃ പതിഭിരനിശം യല്ലഭന്ത്യർത്ഥകാമാൻ;
ബഭ്രുന്തേ സകലപുരുഷൈർവ്വല്ലഭാഭ്യഃ പ്രദാതും
ചിത്രം വസ്ത്രം ശ്രവണകുതുകം വർത്തതേ കേരളേഷു"

---

* ഭാരതപ്പുഴയുടെ

എന്നും അതു ക്രടാതെ പൈങ്ങയെപ്പററിയും മററും രചിച്ചിട്ടുള്ള പദ്യങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. സമകാലികന്മാരായ കേരളീയകവികൾക്കു വശ്യവചസ്സായ ശാസ്ത്രികളെപ്പററിയുള്ള ബഹുമാനം എത്രമാത്രമായിരുന്നു എന്നുള്ളതിന് അപ്രകാശിതമായ ഗുഡ്രസന്ദേശത്തിൽ ചേന്നമംഗലത്തിനെറ പ്രസംഗംവരുന്ന അവസരത്തിൽ കവി അദ്ദേഹത്തെപ്പററി

"ഉദ്ദണ്ഡാഖ്യസ്സരളകവിതാസാഗരേന്ദുഃ കവീന്ദ്ര-
സ്തണ്ഡീരക്ഷ്മാവലയതിലകസ്തത്ര ചേൽ സന്നിധത്തേ
ഗ്രാഹ്യാമുഷ്യ ത്രിദശതടിനീവേഗവൈലക്ഷ്യദോഗ്ധ്രീ
വാശ്യാടീ സാ വിജിതദരസംഫുല്ലമല്ലീമധുളീ"

എന്ന പദ്യത്തിൽ ചെയ്തിട്ടുള്ള പ്രശംസ പര്യാപ്തമായ നിദർശനമാകുന്നു. ഉദ്ദണ്ഡനു വിദ്വാനായ ഒരനുജൻ സഹചാരിയായുണ്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ മരണാനന്തരം പല അപൂർവ്വഗ്രന്ഥങ്ങളും ആ അനുജന്റെ പക്കൽനിന്നു പൈയൂർമനയ്ക്കു വിലയ്ക്കു വാങ്ങി എന്നും അവയിൽ ചിലതു് ഇപ്പോഴും ചില ഗ്രന്ഥപ്പുരകളിലുണ്ടെന്നും കേൾക്കുന്നു.

ഉദ്ദണ്ഡശാസ്ത്രികൾക്കു ശരിക്കു പററിയ ഒരു പ്രതിദ്വന്ദ്വിയായിരുന്നു കാക്കശ്ശേരി ഭട്ടതിരി. ഉദ്ദണ്ഡൻ കേരളത്തിൽ വന്നു തളിയിൽ പട്ടത്താനത്തിൽ സാമൂതിരിപ്പാട്ടു നൽകിവന്നിരുന്ന കിഴി മുഴിവൻ സകല വിദ്വാന്മാരേയും വാദത്തിൽ തോല്പിച്ചു കരസ്ഥമാക്കിയതിനുമേൽ അദ്ദേഹത്തെ പരാജിതനാക്കുവാൻ ഒരന്തർജനത്തിനു നെയ് ജപിച്ചുകൊടുത്തു്. ആ മന്ത്രപ്രഭാവംകൊണ്ടു ജനിച്ച മഹാനുഭാവനാണു കാക്കശ്ശേരി എന്നും അദ്ദേഹം അതിബാല്യത്തിൽതന്നെ ഉദ്ദണ്ഡനെ ജയിച്ചു എന്നും ഉള്ള ഐതിഹ്യം അപ്പടി വിശ്വസിക്കത്തക്കതല്ല. ഉദ്ദണ്ഡനുമായി നേർക്കുനേർ കാക്കശ്ശേരി ആരുപ്പയ്യവ്വനൻ മാത്രമായിരുന്നു എന്നു പറഞ്ഞാൽ ഒന്നുകൂടി ശരിയായിരിക്കും. കാക്കശ്ശേരിതന്നെ ജീവചരിത്രത്തെപ്പററി ചില സംഗതികൾ "വസുമതീമാനവിക്രമം" എന്ന നാടകത്തിൽ പ്രസ്താവിച്ചിരിക്കുന്നതു കേരളീയർക്കു പ്രത്യേകം ശ്രദ്ധേയമാണു്.

"അസ്യ ഖലുഹമാദിഷ്ടോസ്മി നിഖിലനരപതി നികര വികടമകുടതട ഘടിതമാണിക്യമണികിരണപല്ലവിതപദപാരിജാതസ്യ, വിജയലക്ഷ്മീവിഹാരരംഗായ മാണവക്ഷഃസ്ഥലസ്യ, വിമത നരപതിവനിതാനിബിഡതരകചകംഭസംഭൃതകസ്തൂരികാപത്ര പടലികാപരിക്ഷേപ പാരീണദോഃ കാണ്ഡസ്യ, ഖണ്ഡപരശുനിടിലതടഘടിത ദഹനവിസ്ഫുരജ്വാലാമാലാകോലാഹലാസഹിഷ്ണുപ്രതാപാനലാച്ചിസ്സന്തതി നിരന്തരനീരാജിത ബ്രഹ്മാണ്ഡമണ്ഡലസ്യ, പ്രചണ്ഡതരമന്ദരഗിരിഭ്രമണഘൂർണ്ണമാന ദുശ്ശാംഭോനിധിതരംഗരിംഗണ കച്ചാനുഷ്ഠാഗശ്ശാഗാരിയശഃ പടീനിചോളിത ദിഗ്വധൂസഞ്ചയസ്യ സരസീരുഹാസനവാമലോചനാനീരസ്രുബന്ധുരധമ്മില്ല മല്ലികാബന്ധളപരിമളധ്വരീപരീവാഹസാഹായ്യകദായികവിതാചാതുരീസമ്മോഹിതാഖില വിദ്വജ്ജനസ്യ, സജ്ജനസംസ്തൂയമാനഗുണഗണവിഹിതപൂർവ്വനരപതി കഥാസന്താനസ്യ, കമലാവിലോലനയനാഞ്ചലസഞ്ചാരഹേലാസ

കേതമന്ദിരായമാണ വദനസ്യ, സന്താനചിന്താമണി സുരഭിവൈകത്തനമുഖ വദാന്യനി ഷഥമഹിമനിഗമപഠനാനധ്യായപർവ്വണഃ ശർവ്വരീസാർവ്വഭൌമരുചിഗർവ്വസർവ്വങ്കഷസർവ്വതോ മുഖസ്മിതചന്ദ്രികാനിഷ്യന്ദാനന്ദിത പരിഷദഃ, പരപരാക്രമപ്രക്രമഘോരാശനി കല്പാന്തവ ലാഹകസ്യ, വിശിഷ്ട തമധർമ്മമന്ദരധാരണ കലാക്രൂടസ്ഥ കമഠസ്യ, നിരുപമസൌന്ദർയ്യല ക്ഷ്മീകലാചിനീവിലാസകേതുയഷ്ടേഃ അഷ്ടാദശദ്വീപസമാഗത സകലരത്നപരമ്പരാപരി പൂരിത നിജനഗരബാഹ്യാളിന്ദനിഗളിതലക്ഷ്മീകരേണുകസ്യ, രേണുകാതനയചരിതസാധ മ്മ്യശാലിസാഹസോപക്രമനിർജ്ജിതപരിപന്ഥിസഞ്ചയബാഷ്പപൂരാജ്യാഹുതിജാജ്വല്യമാന തേജഃ പാവകസ്യ, പർവ്വതപാരാവാര പാകശാസനസ്യ, ശ്രീവിക്രമക്ഷമാനായകസ്യ, ആസ്ഥാനീകൃതപരിഹിണ്ഡനേന പണ്ഡിതമണ്ഡലേന".

ബാണാസാരപ്രസപ്പുത്തുരഗഖരഖുരോദ്ധൂതധൂളീപയോദ-
വ്യാരുദ്ധാദിത്യരോചിഃപ്രചയ പരിണമദ്ദുർദ്ദിനാഭോഗഭീമാം
ഖേഖേലത്തുംഗതുംഗധ്വജപടപടലീസദ്മലാകാവലീകാം
സംഗ്രാമപ്രാവൃഷം യഃ സൃജതി നിജയശസ്സസ്യസമ്പൽസമൃദ്ധ്യൈ,

തസ്യാസ്യ ചന്ദ്രമൌഡചരണസരസിജ രുചിരരുചിമധുരമധുകബളന ലോലുപലോലംബാ യമാന മാനസസ്യ, സംഗ്രാമാങ്കണരിംഖണവശംവദതുരഗഖരതര ഖുരപുടവിപാടനദലി തധരണീതലോച്ചലിതവർഷ്മിണ്ണു ധൂളീപാളീകലുഷിത വിയത്സിന്ധുസലിലസ്യാസ്മൽ സ്വാമിനഃ ശ്രീമാനവിക്രമസ്യ ചരിതാനുബന്ധി ദാമോദരകവിനിബദ്ധം കിമപി രൂപ കോത്തമം".

മാനവിക്രമരാജാവിനെക്കുറിച്ചുള്ള ഈ സ്തോത്രമനോഭിരാമമായ ദീർഘ വർണ്ണനം അശേഷം അനുചിതമല്ലെന്നുള്ളതു ക്രി. പി. പതിനഞ്ചാം ശതകത്തിൽ അവ ക്കുണ്ടായിരുന്ന ഉൽക്കർഷത്തെപ്പറ്റി ഞാൻ മുൻപു പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വെ ളിവാകുന്നതാണല്ലോ. ഈ വർണ്ണനം കഴിഞ്ഞു കവി തന്നെപ്പറ്റി കുറഞ്ഞൊന്നു താഴെ കാണുന്നവിധത്തിൽ ഉപന്യസിക്കുന്നു.

"അസ്തി ദക്ഷിണാപഥേ ഭൂതസംഭവ പണ്ഡിതോദ്ദണ്ഡപാണ്ഡിത്യസാരേഷ്വിവ മൂ ർത്തിമത്തേഷു കേരളേഷു, സതതതന്ത്രന്യമാന സപ്തതന്തു ധൂമധൂസരിത സത്യലോകൈഃ, കലികാലകാലുഷ്യ കന്ദളദളന ദർശിതമഹിമഭിർമഹീസുരൈരധ്യാസിതേ, മുഗ്ദ്ധകീരകുല തുണ്ഡഖണ്ഡിതമാതുളുംഗഫലശകലകിസലയിത മഹീതലേ, മദമന്ഥരബന്ധുരാക്ഷീ കൂടി ലഭ്രൂലതാവശംവദ യുവകദംബക സേവ്യമാനോപവനേ, മന്ദമരുതാധൂത പൂഗപാളീരേ ണു സിന്ദൂരിതാശാമൂലേ, നിളാസഹചരീകൂലേ, ദോഷാകര ഖണ്ഡമണ്ഡിത ശിഖണ്ഡശ്ച ണ്ഡിമശാലിനിശിത നിജശൂലനിർഭിന്ന ദന്താവളാസുരചർമ്മ പരികർമ്മിത കടീതടഃ, ശൈ ലാധിരാജതനയാദൃഢ കഠോരകുചകുഡ്മളീപീഡിതോരഃസ്ഥലഃ, പ്രളയസമയ സമുദിത ഹുതവഹജ്വാളകീലമാലാലോഹിത ജടാഭാരഭരിത സുരതരംഗിണീ വാതപോതപോഷിത ഭ്രുഷ്ടാളജംഗഃ, പത്രരഥപരിവൃഢ പരികല്പിതസപര്യാവിശേഷഃ സാക്ഷാദശോകപുരേശ രോ നാമ ജഗദവനജാഗരൂകോ ഭഗവാൻ പിനാകപാണിഃ.

അസ്മൽപ്രതികന്യാപതിപാദപീഠ-
വിശേഷ്ടമാനാശയ പുണ്ഡരീകഃ
നാരായണാചാര്യ ഇതിപ്രശുദ്ധിം
പ്രാപ്തഃ പരാം പ്രാജ്ഞധിയാം പുരോഗഃ

തസ്യ ചരണാരവിന്ദ യുഗളീഗളിത രേണുപരമാണുപാതപൂത ചേതനാസാരഃ, സാരസ്വതനിധിനാ സാക്ഷാദ്ഭദ്രിസമുദ്രനായകേനൈവാനേന ബാല്യാ ദേവാരഭ്യവൈപശ്ചിതീം വ്യുത്തിമധികൃത്യ പരാംകാഷ്ഠാമാരോപിതഃ, സതതസാഹിതീ പരിചിതി വർദ്ധമാന വാണീ വിലാസ സുരഭിലവദനേന്ദുഃ, ഇന്ദുഃശേഖരകുടുംബിനീ കരുണാകടാക്ഷപാത വിജൃംഭമാണ വൈഭവോയം കവിഃ സാധാരണമഹിമൈവ".

ഇതുയുംകൊണ്ടു കാക്കശ്ശേരി ഭാമോദരഭട്ടതിരിയുടെ ജന്മദേശം (അശോകപുരം) തിരുവേഗപ്പുറയായിരുന്നു എന്നും അദ്ദേഹത്തിന്റെ പുത്രൻ "നാരായണാചാര്യൻ" എന്നൊരു പണ്ഡിതനായിരുന്നു എന്നും 'സാരസ്വതനിധി'യായ മാനവിക്രമമഹാരാജാവുതന്നെയാണ് അദ്ദേഹത്തെ പണ്ഡിതപദവിയിൽ ബാല്യംമുതല്ക്കുതന്നെ കയറ്റുന്നതിന് ഉറ്റു പരിശ്രമിച്ചതെന്നും ആ ശ്രമം ഫലപൂർണ്ണമായെന്നും കാണാം. "വസുമതീമാനവിക്രമം" അഥവാ വസുമതീവിക്രമം ആറങ്കത്തിലുള്ള ഒരു നാടകമാകുന്നു. അതിൽ മാനവിക്രമന്റെ അപദാനങ്ങളെത്തന്നെയാണു വർണ്ണിച്ചിരിക്കുന്നതെങ്കിലും ഭാരതീയകവികൾക്കു യഥാർത്ഥസംഭവങ്ങൾ രേഖപ്പെടുത്തുന്നതിലുള്ള അനാദരവും അതിരുകവിഞ്ഞ അതിശയോക്തിയിലുള്ള ആസക്തിയുംനിമിത്തം ബാലമാർത്താണ്ഡവിജയം, വസുലക്ഷ്മീകല്യാണം, ലക്ഷ്മീമാനവേദം മുതലായി ഇതരീതിയിലുള്ള ഇതരനാടകങ്ങളിലെന്നപോലെ ഇതിലും ചരിത്രാംശം അത്യന്തം വിരളമാകുന്നു. ഗ്രന്ഥമധ്യത്തിലും കവി തന്റെ പുരസ്കർത്താവിനെപ്പറ്റി "ജയ ജയ ജഗതീകമലകർണ്ണികായമാനമാരതീപ്രഭാവോഷ്മളപിതവിമതരാജന്യ യശഃകുമുദിനീനികര ശിഖരിപാരാവാരപരിവൃഢ ദൃഢനയക്രമവിക്രമക്ഷമാനായക സുഖായ മാധ്യന്ദിനീ ഭവതു, സന്ധ്യാ ദേവസ്യ" എന്നു പുകഴ്ത്തിക്കാണുന്നു. തങ്ങളുടെ നാടകങ്ങൾ പുത്തനെന്നുവെച്ചു സഹൃദയന്മാർ അവയെ നിന്ദിക്കരുതെന്നു പ്രസ്താവനയിൽ കാക്കശ്ശേരിയും ഉദ്ഭണ്ഡനും ഉപന്യസിച്ചിരിക്കുന്നു. കാക്കശ്ശേരിയുടെ ശ്ലോകം താഴെ കാണുന്നതാണ്.

"യേഷാം ദോഷൈകനിഷ്ണസ്മമസ ഇവ ഭരോ വീക്ഷ്യതേ ചിത്തസാരസ്തേ മേന്നിന്ദന്തി മന്ദാ, ഗുണലവമുദിതൈർഗണ്യതേ തന്ന സദ്ഭിഃ;
കിന്തു പ്രാച്യം നവീനം പുനരിതിരസികാ നോ വിചാരം വിദധ്യുഃ
സ്യാച്ചേദ്ദച്ചൈരമുഷ്മിൻ നവരസമധുരഃ കോപി വാചാം പ്രചാരഃ"

ഉദ്ഭണ്ഡന്റെ ശ്ലോകമാകുന്നു താഴെ ഉദ്ധരിക്കുന്നതു്:

"പ്രാദുഷ്യാൽ പണ്ഡിതാനാം കവിവചസി കഥം പ്രത്നതന്ത്രപ്രചിന്താ
വിദ്വേഷൻ യദ്യവദ്യാന്യഭിജഹതി തഥാഗൃഹ്ണതേന്യൈർഗുണാശ്ചേൽ

അന്യസ്സ്യാന്യപ്രമാണഃ പരമവമനുതേ ചരിത്രതേ താവതാ കിം?
നായം രത്നസ്യ ദോഷോ ദൃഷദിതി യദിദം ക്ഷിപ്തമന്ധാഃ ക്ഷിപന്തി".

വസുമതീമാനവിക്രമത്തിന്റെ പ്രസ്താവനയിൽ കാണുന്നതും താഴെ ഉദ്ധരിക്കുന്നതുമായ രണ്ടു ശ്ലോകങ്ങളും സഹൃദയന്മാർ ഗ്രഹിച്ചിരിക്കേണ്ടതാണ്.

"ഭോ ഭോ സൽകവയഃ ഖലാദ്രിപവയഃ ശൃണ്വന്തു സർവ്വേ വചോ
മൽകം; യൽകവിതാപഥേ മിതവചാസ്സോയംപ്രവൃത്തോ ജനഃ;
തൽസർവ്വം കവിതാകുതൂഹലവശാന്നതാഭ്ടീവൈഭവാ-
ദിത്യേവം മനസാ വിചിന്ത്യ കരുണാമാത്രോ കരുത്രോപം മയി

നേതാ സർവ്വഗുണോത്തരഃ പുനരസൗ ശൈലാംബുരാശീശ്വരഃ
പ്രൌഢോയം ചകവിഃ പ്രശസ്തവചനസ്ഥമാ സ ദാമോദരഃ
ചിത്രാ ചൈവ കഥാ സുധാലഹരികാ സബ്രഹ്മചാരിണ്യഹോ!
രമ്യൈഷാ ച സഭാ സഭാവമധുരാ തത്തദ്രസജ്ഞായിനീ."

കാക്കശ്ശേരിയുടെ കവിതാരീതി കാണിക്കുവാൻ രണ്ടു ശ്ലോകങ്ങൾകൂടി ഉദ്ധരിക്കാം. കാമികളുടെ സങ്കല്പം:—

"ഭ്രൂവല്ലീചലിതേതി, പക്ഷ്മയുഗളീസ്പന്ദേതി, നേത്രാഞ്ചലം
പ്രാപ്താഹന്തകനീനികേതി, കിമപിസ്പന്നൈകപോലാവിതി,
അന്തഃകമ്പവിജൃംഭിതം കുചയുഗം ചേതി ക്ഷണേകാമിനാം
ജായന്തേ ഖലു കേപികേപ്യഭിനവാസ്സങ്കല്പകല്പദ്രുമാഃ

നക്ഷത്രങ്ങൾ:—

"സ്മരന്തി ഗഗനാങ്കണേ നടനചണ്ഡചണ്ഡീപതി-
ഭ്രമഭ്രമിതജാഹ്നവീസലിലബിന്ദുസന്ദേഹദാഃ
സ്മരോത്സവവശംവദ ത്രിദശവാരവാമേക്ഷണാ-
കൃതൂടിതമൌക്തികപ്രമദവിഭ്രമാസ്താരകാഃ"

കാക്കശ്ശേരിയും ഉദ്ദണ്ഡനും തമ്മിലുള്ള ശ്ലോകരൂപമായ വാഗ്വാദത്തെപ്പറ്റി വിസ്തരിച്ചെഴുതുന്നതിനു സമയമില്ല. 'ന ച്ഛത്രം ന തുരംഗമോ' ഇത്യാദി കാക്കശ്ശേരിയുടെ പദ്യം സുപ്രസിദ്ധമാണല്ലോ.

"വേദം ബാഹ്വൃചമധ്യഗീഷി, കവിതാമധ്യാദൃഷി, വ്യാപ്തവാ-
ന്യായേ, വ്യാകരണം വ്യജൈഷി, വിഷമൈവൈശേഷികേക്ലേശിഷി
മീമാംസാമപി പര്യ്യചൈഷമുഭയീം വ്യാഖ്യാഞ്ച, സാംഖ്യംസ്മൃതീ-
രഭ്യാസ്ഥം, ശ്രദധാം പുരാണപദവീം യോഗേ ച പര്യശ്രമം"

"ശബ്ദവ്യാകൃതിനമ്മകമ്മണിപടീയസ്താ തവ സ്യാദ്യദി
തവം കസ്യാപി പദസ്യ ഭദ്രേ ദൃഢാം ദ്രാക്പ്രക്രിയോപക്രിയാം

മീമാംസാരസമാംസളാ യദി ഗിരോ ന്യായോപി കോപീയ്യതാം
തർക്കേ വാ യദി കർക്കശോസ്യനമിതിം കാമഭ്യനല്പീകരു"

"കവ്വേ ഗവ്വോദ്ധതസ്യ പ്രതിവദിതുരഹം ഭാരതീമഭ്യസാധീം
സാധീം സാധീമസാധീം ബുധവരസമിതൌ ലക്ഷണേന ക്ഷണേന
മാനാഭാസം പ്രമാണം പ്രകൃതിഗതിവശാദപ്രമാണം പ്രമാണം;
സച്ചാസത്തത്ഥാസ,ന്നിശമയ തബുധാ! മച്ചരിത്രം വിചിത്രം"

ഈ പദ്യങ്ങൾ കാക്കശ്ശേരിയും

"ഉക്തിപ്രത്യുക്തിമാർഗ്ഗക്രമപരിചയവാനസ്മി കശ്ചിദ്വിപശ്ചി-
ദ്വ്യസ്മിൻ സഭാസ്തി തസ്യൈ ബുധവരസമിതൌ ബിഭ്യദഭ്യാഗതോഹം
ഭാരുവ്വൻ ഭേകരുക്ഷിംഭരിഷു ഭയഭരോദ്ഭ്രാന്തഭോഗീന്ദ്രസൂനു-
ർഭൃണഭ്രംശീകിമംഭഃ ഫണിഷു പതഗരാഡംസംഭ്രമീബംഭ്രമീതി"

ഇത്യാദി പദ്യങ്ങൾ ഉദ്ഗണ്ഡനം ആ അവസരത്തിൽ ചൊല്ലിയതെന്നാണു കേട്ടിട്ടുള്ളതു്. കാക്കശ്ശേരി ഒടുവിൽ അതിവൃദ്ധനായ്തീർന്ന എന്നും ഒരു ദിവസം താൻ ഊണു കഴിക്കുവാൻ താമസിച്ചതു വേറെ ചില നമ്പൂതിരിമാർ കണ്ടു പരിഹസിച്ചപ്പോൾ,

"ഹ്യദാകാശേ ചിദാദിത്യ-സ്സദാ ഭാതി നിരന്തരം
ഉദയാസ്തമയൌ നസ്തഃ-കഥം സന്ധ്യാമുപാസ്മഹേ?"

എന്ന ശ്ലോകം ചൊല്ലി എന്നും പഴമക്കാർ പറയുന്നു. ഈ ഐതിഹ്യം ശരിയായിരിക്കാം. എന്നാൽ 'ഹ്യദാകാശേ' ഇത്യാദി പദ്യം ഉപനിഷദന്തർഗ്ഗതമാണെന്നും കാക്കശ്ശേരിയുടെ സ്വന്തമല്ലെന്നും അറിഞ്ഞിരിക്കേണ്ടതുണ്ടു്.

'തന്ത്രസമുച്ചയം' എന്ന മഹനീയമായ കേരളീയതന്ത്രശാസ്ത്രഗ്രന്ഥത്തിന്റെ പ്രണേതാവായ ചേന്നാസ്സു നാരായണൻനമ്പൂതിരിപ്പാട്ടിലെപ്പറ്റി ഇവിടെ അധികമൊന്നും പ്രസ്താവിക്കുണമെന്നുദ്ദേശിക്കുന്നില്ല. മലയാളത്തിലെ ക്ഷേത്രവിധികർമ്മങ്ങൾക്കു ഒരു പ്രമാണമായി നിലനിന്നുപോരുന്നതു് ഈ ഗ്രന്ഥത്തിന്റെ ആവിർഭാവംമുതൽ ഇതുതന്നെയാണു്. വിഷ്ണുസംഹിതമുതലായ പൂർവ്വസൂരികളുടെ നിബന്ധാർണ്ണവങ്ങൾ മുഴുവൻ മഥിച്ചു് അവയിലെ സാരാമൃതമാണു് ലോകത്തിനു വൈദികശിരോമണിയും പണ്ഡിതകണ്ഠാലങ്കാരവുമായ ഈ മാഹാനുഭാവൻ പ്രദാനം ചെയ്തിരിക്കുന്നതു്.

തിരുവേഗപ്പുറക്കാരായ നമ്പൂതിരിമാരിൽ ഒരാൾ സുഭദ്രാഹരണം മഹാകാവ്യവും മറെറാരാൾ ലക്ഷ്മീമാനവേദം നാടകവും രചിച്ചു എന്നു് രസികരഞ്ജിനിയിൽ "സാമൂതിരിപ്പാടും പതിനെട്ടരക്കവികളും" എന്ന വിഷയത്തെ അധികരിച്ചു പ്രസിദ്ധപ്പെട്ടുത്തീട്ടുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചു കാണുന്നതു ശരിയല്ല. ഭട്ടികാവ്യത്തിന്റെ രീതിപിടിച്ചു് പാണിനീയ സൂത്രങ്ങൾക്കു് ഉദാഹരണങ്ങൾ കാണിക്കുന്നതും ഇരുപതു സർഗ്ഗമുള്ളതുമായ സുഭദ്രാഹരണം കാവ്യത്തിന്റെ പ്രണേതാവു വ്യാകരണ പാണ്ഡിത്യത്തിനു

കേളികേട്ട ക്രുടല്ലൂർമനയ്ക്കലെ ബ്രഹ്മദത്തപുത്രനായ നാരായണൻനമ്പൂതിരിപ്പാടാണെന്നുള്ളതിനു വേറെ തെളിവുണ്ട്. അദ്ദേഹവും മാനവിക്രമന്റെ സമകാലികനും സഭാസ്യനുമായിരുന്നുവോ എന്നറിഞ്ഞുകൂടാ. ആ കവി തന്നെപ്പറ്റി ഗ്രന്ഥാന്തത്തിൽ താഴെ കാണുന്നവിധം പ്രസ്താവിച്ചിരിക്കുന്നു.

"വിശ്വാമിത്രസ്യ ഗോത്രേ ദ്വിജമണിരഭവദ് ബ്രഹ്മദത്താഭിധാനോ
ശ്രുത്യാസാധ്യായപൂതഃ സകലഗുണനിധിഃ ശാസ്ത്രവിൽ കാവ്യശൈണ്ഡഃ
അന്തേവാസീ വിപശ്ചിദ്വിപഹരിണഭൃതോർജാതവേദോഷ്ടമൂർത്ത്യാ-
സ്തൽസൂനുഃ കാവ്യമേതദ്വ്യധിതബുധമുദേ ഖ്യാതനാരായണാഖ്യഃ".

ഗ്രന്ഥത്തിന്റെ ഉപക്രമത്തിൽ,

നീളോപകണ്ഠാഭരണാദ്വിനീതാ-ദ്യോബ്രഹ്മദത്താദജനി ദ്വിജേന്ദ്രാൽ
രാമോദയാചാര്യപിതൃവ്യചഞ്ചുർ-നാരായണോസൌ കവിരസ്യ കർത്താ.

എന്ന പദ്യവും കാണുന്നു. വിശ്വാമിത്രഗോത്രക്കാരാണു ക്രുടല്ലൂർ ഇല്ലക്കാർ എന്നു പറയേണ്ടതില്ലല്ലോ. ലക്ഷ്മീമാനവേദം നാടകത്തിന്റെ നിർമ്മാതാവു് ഉദ്ദണ്ഡനെപ്പോലെ വിദേശത്തുനിന്നുവന്ന ദിവാകരകവിയാകുന്നു. അദ്ദേഹത്തെപ്പറ്റി മേൽപ്രസ്താവിക്കാം. മല്ലപ്പള്ളി ഭട്ടതിരിയെപ്പറ്റി അധികമൊന്നും അറിയുന്നില്ല.

വടക്കൻമലയാളത്തുകാരനും ശങ്കരകവിയുടെ പ്രിയസുഹൃത്തും മണിപ്രവാളകവിവേധസ്സുമായ പുനംനമ്പൂതിരിയെപ്പറ്റിയാകുന്നു ഇനി പ്രസ്താവിക്കുവാനുള്ളതു്. അദ്ദേഹത്തിന്റെ നാമധേയമെന്തെന്നുപോലും ഇനിയും അറിവാൻ മാർഗ്ഗം കിട്ടിക്കഴിഞ്ഞിട്ടില്ല; കൃഷ്ണഗാഥയുടെ രചയിതാവു് അദ്ദേഹമായിരുന്നു എന്നു് ഉത്തരകേരളത്തിൽ ശ്രുദ്ധമൂലമായി ഒരൈതിഹ്യമുള്ളതിന്റെ സാധുത്വത്തെ പാടേ ഭഞ്ജിക്കുന്നതിനുള്ള തെളിവുകളും ഇനിയും ലഭിച്ചിട്ടില്ല. ഏതായാലും ഭാഷാരാമായണചമ്പുവിന്റെ പ്രണേതാവു് അദ്ദേഹംതന്നെയെന്നുള്ളതു് നിർവിവാദമാണു്. മറ്റെറെതെല്ലാം ഭാഷാചമ്പുക്കളാണു് അദ്ദേഹത്തിന്റെ കൃതികൾ എന്നുള്ള സംഗതി ഈ സന്ദർഭത്തിൽ പരിശോധിക്കുവാൻ ഞാനൊരുങ്ങുന്നില്ല. പുനത്തിന്റെ "മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളന സുരഭില"ങ്ങളായ മണിപ്രവാളപദ്യങ്ങളുടെ ആസ്വാദ്യത അന്യാദൃശമാണു്. അദ്ദേഹത്തിനു ശാസ്ത്രനിഷ്ണാതത എത്രമാത്രമുണ്ടായിരുന്നു എന്നറിയുവാൻവേണ്ട ലക്ഷ്യങ്ങളില്ലെങ്കിലും സംസ്കൃതത്തിലും പ്രാകൃതത്തിലും അന്നത്തെ ഏതു മഹാകവിയോടും കിടനില്ക്കത്തക്കവിധത്തിൽ കവനംചെയ്യുന്നതിനു പര്യാപ്തമായ സാഹിത്യാഭ്യാസവും സരസ്വതീപ്രസാദവും അദ്ദേഹം സമ്പാദിച്ചിരുന്നു എന്നുള്ളതിനെപ്പറ്റി സംശയിക്കുവാനില്ല. അന്തരത്തിലുള്ള ഒരു മഹാനുഭാവന് അദ്വൈതമധുരങ്ങളായ മണിപ്രവാളകൃതിമാധുര്യങ്ങളാൽ കൈരളിയെ ആരാധിക്കണമെന്നു തോന്നിയതു നമ്മുടെ ഭാഗ്യമാകുന്നു. അദ്ദേഹത്തിന്റെ കവിതകളിൽനിന്നു ചില പദ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു പുരോഗമനംചെയ്യുവാനേ തല്ക്കാലം തരമുള്ളൂ.

1 മഹാവിഷ്ണു: —

"മേളം താവുന്ന തുവെൺമുറുവൽ തുണയുമായ് ബാലവെഞ്ചാമരാളീ-
മോലക്കം പൂണ്ടു വീയിച്ചുഴലെ നിറമെഴും വിഷ്ണുലോകാംഗനാനാം
കോലപ്പൊൽകങ്കണാനാം നിനദമണികരാഗ്രേണ ഭംഗ്യാ വിലക്കി-
ത്തെലോക്യാധീശനട്ടുൽസ്മിതമധുരമുഖോ ധാതുമുഖ്യാൻ ബഭാഷേ".

2. ശ്രീരാമന്റെ വിരഹതാപം: —

"മൈക്കൊണ്ടൽ പാത്തു കാണാമുപരി, പരിലസൽകന്ദളാ ഭ്രതധാത്രീ,
ഭിക്കെങ്ങും പാടിയാട്ടം കയിൽനിരകഠം, തണുത്തോരുതെത്തെന്നൽതാനും
ഉൽകണ്ഠാവേശശാലീ വിരഹവിപദി ഞാനേതുടിക്കിങ്കലയ്യോ!
വയ്യേണ്ടേ ഹന്ത മൽകണ്ണുകഠം! ജനകസുതേ! ദേവി! ഹാഹാ! ഹതോഹം"

3. ശ്രീരാമന്റെ ദാമ്പത്യം: —

"താവും മന്ദാക്ഷരാഗോദയസുമധുരയാ രാജപുത്ര്യാതയാ ചേ-
ന്നാവിർമോദാ പ്രമോദാമൃതജലധിതരംഗേഷു സംക്രീഡമാനം
ലാവണ്യോദ്രേകഘൃണ്ണത്തരുണിമരമണീയാകൃതിം മെല്ലെമെല്ലെ-
സ്സേവിപ്പൂ രാമചന്ദ്രം തെളിവിലവസരം പാത്തു രാജാ രസാനാം".

4. ശ്രീരാമന്റെ കടാക്ഷം: —

"സന്ധ്യാമേഘാൻ നഖംകൊണ്ടിടയിൽ നനുനനക്കീറി നീളത്തിൽ മേളം
ചിന്തും കേളീവലാകാവലയമിടകലർന്നോരു കോടീരഭാരം
വന്ദ്യം തുനെറ്റിയെന്നും വിമലമണിയരങ്ങത്തിരുന്നിത്രിലോകീ-
സന്ത്രാണക്രുത്തു നിത്യം നടതി പുരികമാം നത്തകീരാഘവേന്ദോഃ".

5, 6. വടക്കുന്നാഥൻ: —

"അംഗാരാക്ഷായസാക്ഷാലിനിയനിയമിനാം ചിത്തതാരിൽക്കളിക്കും
ഭാഗായാദ്രീന്ദ്രകന്യാഹൃദയകുമുദിനീശീതധാമ്നേ നിതാന്തം
തുംഗേ കോടീരഭാരേ വിലസിന ശശിഖണ്ഡായ നിത്യം നമസ്തേ
ഗംഗാകല്ലോലസംക്ഷാളിതലളിതശശാങ്കായ തെങ്കൈലനാഥ!"

"മംഗല്യാവാസ! ദേവാസുരമകുടമണീചാപലീഭ്രംഗമാലാ-
ത്ഥങ്കാരംകൊണ്ടു ശൃംഗാരിതപദകമലം ചന്ദ്രലേഖാകലാപം
നിൻകോലം കാലദഷ്പോദയദലനപരം കണ്ടു ഞാൻ കൈതൊഴിൻറേ-
നംഗാലങ്കാരപങ്കേരുഹശരസുകൃതാങ്കുര, തെങ്കൈലനാഥ!"

7. ചാട്ട: —

"നിമ്മാതുന്നിരവദ്യരത്നരചനാസീമയ്ക്കു; നന്മന്മഥ-
ബ്രഹ്മാനന്ദസുധാതരംഗിണിതനിക്ക്ലാനലീലാനിധേഃ
കല്മാഷം തുടരാത വെണ്മതികല,യ്ക്കേഴാഴിനീർച്ചുഴമീ-
മൺമേൽ മാതർമണിക്കു മാരവിരുതിന്നുള്ളോൻറുമന്മാനസം".

8. ചാട്ട: —

"കിഞ്ചില്ലജ്ജാവനമ്രാൻ പ്രണയനവലതാപല്ലവാൻ മെല്ലവേ കീ-
ഴഞ്ചുന്തുമന്ദഹാസദ്യുതിതുലിതവലാകാവലീബാലമേഘാൻ
അഞ്ചമ്പന്നസ്രുഭ്രതാനവിരതതരളാൻ പേത്തു നിൻനേത്രലക്ഷ്മീ-
സഞ്ചാരാനിട്ടിയച്ചീ! പുളകപുതുമലർതോപ്പണഞ്ഞെല്പനോ ഞാൻ".

9. ചന്ദ്രോദയം: —

പൊല്പേറും കാമുകീകാമുകകലഹകലാപാടനാശ്ചര്യവിദ്യാ-
കല്പം തൈലോക്യലക്ഷ്മീമണിമുകുരമനംഗാഗമാദൈവതസാരം,
സ്വർല്ലോകപ്രാതരാശം,ത്രിപുരഹരജടാരത്ന, മാഖണ്ഡലാശാ-
കല്യാണം, കാൺക കൌണോത്തരമലർവനിതേ! സുന്ദരം ചന്ദ്രബിംബം.

10. ചാട്ട:—

"ആമോദാൽ കാണ്മനോ ഞാനവിരളമിളകീടിൻറ ലജ്ജാഭിരാമാ-
നാമുഗ്ധസ്മേരിഹാസാങ്കുരമിടപെരുകീടിൻറ കഗ്രാനുപാതാൻ
ആമന്ദം മാരുതാന്ദോളിതകമലപലാശാവലീലോലലോലാൻ
പ്രേമാർദ്രാനിട്ടിയച്ചീ! നവലളിതകലാകങ്കടാൻ നിൻകടാക്ഷാൻ?".

11. ചാട്ട:—

"ഭംഗ്യാ മേൽപോട്ടു കെട്ടീടിന ചികുരഭരം കാമുകാലോകലീലാ-
രംഗേ നീലാംശുകത്തിന്നിടയിൽ നിഴലെഴുക്കിൻറകാഞ്ചീനികേതം
തിങ്ങും താംബൂലഗർഭം കവിളിൽ മതിതെളിഞ്ഞെണ്ണയും തേച്ചു നിൽക്കും
നിൻകോലം കാൺകിലിപ്പോളടനെരിപൊരിയാം മാരനും മാരലേഖേ!"

12. വടക്കന്നാഥൻ.—

"ചൂടില്ലാതോരു ഫാലം, ചുടലയിൽനടമാടാത ചീലം, മതിത്തെൽ
ചൂടീടാത്തോരു മൂർദ്ധം, പരമൊരു പുഴക്രുടാത കോടീരഭാരം,
ഓട്ടം മാൻപേട തേടാതൊരു കരകമലം ചാരുതൈങ്കൈലയിൽപോയ്-
നീടാന്നീടാത നാഥം, തരുണിയൊടയുതം ദൈവതം നൈവജാനേ"

13. ശ്രീപദ്മനാഭൻ:—

"ധാത്രീമംഗല്യചൂഡാഭരണമയമഹാ നീലമേ! നീലമേഘ-
ച്ഛത്തിന്മേൽ മിന്നൽപോലേ തിരുവുരസി രമാം ചേർത്തസൗഭാഗ്യരാശേ!
ചിത്തീടും മോഹവാരാകരതരണതരീയന്ത്രമേ! കാന്തിസിന്ധോ!
പാർത്തീടാർത്തൈകബന്ധോ! ജയ ജയ ജഗതീ സത്തമേ! പദ്മനാഭ!"

14. ചെറുമന്നത്തു തേവർ:—

"ആദ്യം നായാഖ്യേ മണിക്കോടയിലുപനിഷദാം പാളിയാം മാളികായാ-
മാരോഹാരതല്പോപരി തഴവണയും ചാരുനാദസ്വരൂപം
കാര്യം മായാവിലാസം മുഴവനിതു സമാലോക്യ മേവും ഭവന്തം
കാണ്മാനാനന്ദമൂർത്തേ! വരമരുളം ചെറുമന്നത്തെഴും തമ്പിരാനേ!"

15. ചാട്ടു: —

"തേമ്പാത രാഗരുചി കുമ്മിണിയിട്ടിയെന്നും
കാമ്യാംഗി! നിൻവദനമൊന്നു മുകമ്മനോ ഞാൻ
തേൻ പെയ്തുപെയ്തു മണമാൻ നിറന്ന പുത്തൻ
മാമ്പൂനറുന്തളിരിളകുയിലെന്നപോലേ".

മാനവിക്രമ രാജാവിന്റെ മരണാനന്തരം സൽക്കവികൾക്കു സാമൂതിരിക്കോവിലകത്തു് അവർ അർഹിക്കുന്ന സ്ഥാനം ലഭിച്ചിരുന്നില്ല എന്നു്, പുനം

"പൊല്ലാർ വിക്രമക്ഷ്മാപതിഗിരിജലധി സ്വാമി സാഹിത്യലക്ഷ്മീ-
മുഖ്യസ്ഥാനം കവിതാമൃതനിധി പരലോകം മുദാവാൻറ മൂലം
ഇക്ഷോണീമണ്ഡലേ സംസ്കൃതകവിത പലർക്കുണ്ടു; കണ്ടെച്ചിലെല്ലാം
നക്കും നായ്ക്കൾ തൊട്ടുകിൻറിതു ശിവ ശിവ ഭാഷാകവിത്വാഭിമാനം".

എന്ന പദ്യത്തിൽ ഖേദിക്കുന്നു. അവിടത്തെ പിൻവാഴ്ക്കാരനായ മാനവേദമഹാരാജാവിന്റെ ആശ്രിതനായും പുനം കുറെക്കാലം കഴിഞ്ഞുകൂടിയിരുന്നു എന്നുള്ളതിനു അദ്ദേഹത്തിന്റെ

"ജംഭപ്രദ്വേഷിമുമ്പിൽ സുരവരസദസി തവ്ട്ടുണ്ണെയുച്ചങ്ങം വീണാ-
സ്തംഭൽപാണെയു മുനെയു ഗായതി സുരസുദ്ദശാം വിദ്യാ പൊല്പവല്ലേൻ
കുമ്പിട്ടാളുവ്വശിപ്പെണ്ണകകമലമലിഞ്ഞു; മടിക്കുത്തഴിഞ്ഞു
രംഭ, യ്ക്കുഞ്ചാറുവട്ടം കബരി തിരുകിനാൾ മേനകാ മാനവേദ!"

എന്ന പ്രസിദ്ധശ്ലോകത്തിൽ നിന്നു നാം ധരിക്കുന്നു. പുനത്തിന്റെ വകയായി

"വീരാണാം വീര! പോരും പൊരുതതു പുരുഹൂതാലയേ പോയ്നിറഞ്ഞു-
ള്ളോരോ വൈരാകരാണാം പെരുമയിലുരുഭോരേണ ധൈര്യാംബുരാശേ!
നേരേ വേരറു മേരുത്തടിയനുമടി പാരം പൊളിഞ്ഞിങ്ങു തന്നേ
പോരും മൂന്നാളകം ശക്രനുമമരകളും വിക്രമക്ഷോണിബന്ധോ!"

എന്ന മാനവിക്രമ മഹാരാജാവിന്റെ യുദ്ധവൈദഗ്ധ്യത്തെ കീർത്തനംചെയ്യുന്ന ഒരു ശ്ലോകവും കേട്ടിട്ടുണ്ട്.

മൂക്കോലയ്ക്കൽ കുഞ്ഞാകുരമാരാരെപ്പറ്റി മുൻപു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ ശിഷ്യനും വിദ്വൽസാലഭഞ്ജികാവ്യാഖ്യാതാവുമായ വാസുദേവൻ നമ്പൂതിരി അനർഘരാഘവനാടകത്തിനു വിക്രമീയം എന്നൊരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. വാസുദേവൻ സാഹിത്യമല്ലൻ എന്ന ബിരുദനാമം ധരിച്ചിരുന്നു. 'കോയം സാഹിത്യമല്ലഃ' എന്ന് ഉദ്ഗ്രന്ഥശാസ്ത്രികം അദ്ദേഹത്തിന്റെ കവനകലാവൈഭവംകണ്ടു സന്തുഷ്ടനായി ചോദിക്കുകനിമിത്തം അദ്ദേഹത്തിന് ആ പേർ ലഭിച്ചതായി ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്.

"കുക്കുടക്രോഡഗാ ലക്ഷ്മീ രക്ഷ്യതേ ഹ്യക്ഷയാ യയാ
വലയാരണ്യവാസിന്യൈ തസ്യൈ ദേവ്യൈ നമോ നമഃ
പദവാക്യപ്രമാണേഷു പ്രവീണൈർബ്രാഹ്മണോത്തമൈഃ
പ്രത്യഹ്നം സേവ്യമാനം തം സ്ഥലീശ്വരമുപാസ്മഹേ"

ഇങ്ങനെയാണ് ആ വ്യാഖ്യാനമാരംഭിക്കുന്നതു്. രണ്ടാമത്തെ ശ്ലോകം തളിയിലെ പട്ടത്താനത്തെയാണു സൂചിപ്പിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ഇദ്ദേഹവും പതിനെട്ടരക്കവികളുടെ കൂട്ടത്തിൽ പെട്ടിരിക്കാവുന്നതാണ്.

'മാനവേദൻ' എന്നപേരിൽ രണ്ടു കവികളുടെ പേർ കാണുന്നു. അവരിൽ ഒന്നു പൂവ്വോരതചംപുവിന്റെയും കൃഷ്ണനാട്ടത്തിന്റെയും പ്രണേതാവായ മാനവേദരാജാവുതന്നെ. അദ്ദേഹം കൊല്ലം 823-ൽ പൂവ്വോരതചംപുവും 832-ൽ കൃഷ്ണനാട്ടവും രചിച്ചു. പൂവ്വോരതചംപു പരക്കെ മാനവേദചംപു എന്ന പേരിലാണ് അറിയപ്പെട്ടുന്നതു്. വൈയാകരണശിഖാമണിയും മഹാകവിമൂർദ്ധന്യനുമായിരുന്ന അദ്ദേഹത്തിന്റെ കാവ്യങ്ങളെപ്പറ്റി സ്വല്പമായെങ്കിലും ഒന്നു വിമർശിക്കുന്നതിന് ഇവിടെ സൌകര്യമില്ലാതെയിരിക്കുന്നു. അതിന് ഒരു പ്രത്യേകോപന്യാസംതന്നെ വേണ്ടിവരുന്നതാണ്.

"ലക്ഷ്മീമക്ഷീണതൃപാമനിശമനുഭവൻ ഭ്രമിജാം ഭ്രരിമോടം
തനുന്നാസ്ഥാം സുമന്ത്രേ ഭുവി ച തിലകതന്നനുപായം ചിത്രഭാനോഃ
വിശ്വാമിത്രാധികാനന്ദനവിപുലഭുജാവിക്രമോ വിക്രമാഖ്യോ
രാജാ രാമാഭിരാമോ ജഗദവനകലാലാലസീ ലാലസീതി"

എന്ന ചംപുപദ്യത്തിൽനിന്ന് ആ ഗ്രന്ഥം രചിച്ചകാലത്തു രാജ്യം ഭരിച്ചിരുന്നതു് ഒരു മാനവിക്രമനാണെന്നു വെളിവാകുന്നു. രണ്ടു ഗ്രന്ഥങ്ങളിലും ഈ മഹാകവി തന്റെ ഗുരുവായ ആനായത്തു കൃഷ്ണപ്പിഷാരടിയെ

"കൃഷ്ണോ ഗുരുർമ്മേ പരമതമപദോദ്ഭാസകോ ബോദ്ധവീതു"

എന്നും മറ്റും വന്ദിക്കുന്നുണ്ട്. മാനവേദചംപുവിനു ചംപൂസംക്ഷേപം അഥവാ കൃഷ്ണീയം എന്ന പേരിൽ കൃഷ്ണകവിയാൽ നിർമ്മിതമായ ഒരു സംഗ്രഹമുണ്ട്.

ശബ്ദാഗമാംഭോനിധിപാരദൃശ്വാ ശ്രീമാനവേദാഭിധഭൂമിദേവഃ
ഗ്രന്ഥഃ കൃതോ ഭാരതചംപുസംജ്ഞസ്തസ്യാദ്യ സംക്ഷേപമുദാഹരാമി"

എന്ന പദ്യം ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കാണുന്നു. മാനമേയോദയത്തിന്റെ 'മേയ'ഭാഗം രചിച്ച വെള്ളാങ്ങല്ലൂർ നാരായണൻ നമ്പൂതിരി, പക്ഷേ, ഈ മാനവേദന്റെ ആശ്രിതനായിരുന്നിരിക്കണം. ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ,

"യൽകീർത്തിസ്ന ഹി മാതി ഹന്ത മഹതി ബ്രഹ്മാണ്ഡഭാണ്ഡോദരേ
യസ്യാജ്ഞാം പ്രണതൈഃ ശിരോഭിരനിശം ധത്തേ നൃപാണാം ഗണഃ
സോയം നാടകതക്കകാവ്യനിപുണഃ പ്രജ്ഞാതപാതഞ്ജലോ
ഭക്തശ്ചക്രിണി മാനവേദനൃപതിർജാഗർത്തി ധാത്രീതടേ"

എന്നും അവസാനത്തിൽ

* "വേലാലംഘിപയഃപയോധിവിസരൽകല്ലോലതുല്യോദയൈ-
രാലാപാവിഷയൈയ്യശോഭിരഖിലംലോകം പരിഷ്കുർവ്വതേ
ലീലാനിർജ്ജിതശാത്രവായ ഹി വയം തുഭ്യം കിമാശാസ്മഹേ?
ശൈലാബ്ധീശ്വര! മാനവേദനൃപതേ! ജീയാസ്സഹസ്രം സമാഃ"

എന്നുമുള്ള പദ്യങ്ങളും കാണുന്നു. 'ഭക്തശ്ചക്രിണി' എന്ന വിശേഷണം കൃഷ്ണനാട്ടത്തിന്റെ പ്രണേതാവിനാണല്ലോ നല്ലപോലെ യോജിക്കുന്നതു്. ഈ മാനവേദരാജാവു യോഗപദ്ധതിയിൽ നിഷ്ണാതനായിരുന്നതിനാൽ 'പ്രജ്ഞാതപാതഞ്ജലഃ' എന്ന വിശേഷണവും സമുചിതമായിരിക്കുന്നു. മാനവേദന്റെ ആജ്ഞാനുസാരമാണു്, താൻ ആ ഗ്രന്ഥം പൂരിപ്പിക്കുന്നതു് എന്നു കവി "പൃഥിവ്യുത്രജിതാ നിതാന്തമഹിതേനൈതേന സഃഞ്ചാദിതൈരസ്മാഭിഃ" ഇത്യാദി പദ്യത്തിൽ പ്രത്യേകം പ്രസ്താവിക്കുന്നുണ്ടു്. സുബ്രഹ്മണ്യപൂജ്യപാദനും രാമാചാര്യനും കൃഷ്ണനായിരുന്ന അദ്ദേഹത്തിന്റെ ഗുരുക്കന്മാർ. കൃഷ്ണനെ

"കൃഷ്ണോ വിബുധാധിപതിർന്നിഷ്ണാതോ വിതരണേഷു വിദ്യായാഃ
മുഷ്ണാതു ഹൃദയതിമിരം പുഷ്ണാതു ച മംഗലാനി സകലാനി"

എന്ന പദ്യത്തിലാണു വന്ദിക്കുന്നതു്. ഈ കൃഷ്ണൻ ആനായത്തു കൃഷ്ണപ്പിഷാരടിയാണെങ്കിൽ, രാജാവിനും കവിക്കും സൌഹാർദ്ദത്തിനുപുറമെ സാതീർത്ഥ്യവുമുണ്ടായിരുന്നു എന്നു അനുമാനിക്കാം. നാരായണന്റെ ഇതരകൃതികളായി ശ്രീമാസോത്സവചമ്പു, ആശ്ലേ

* ഇതു് അച്ചടിച്ച പുസ്തകത്തിലില്ല.

ഷശതകം, ഭാഗവതപ്രബന്ധം, നൃസിംഹചമ്പു, വൈദേഹീനവസംഗമചമ്പു, കുമാര സംഭവത്തിനു വിവരണമെന്നും രഘുവംശത്തിനു പദാർത്ഥദീപിക എന്നും ഓരോ വ്യാഖ്യാനം ഇങ്ങനെ പലതും കാണുന്നുണ്ട്.

രണ്ടാമത്തെ മാനവേദൻ ശുകസന്ദേശത്തിനു വിലാസിനി എന്ന മനോഹരമായ വ്യാഖ്യാനം രചിച്ച പുണ്യശ്ലോകനാകുന്നു. ആ വ്യാഖ്യാനത്തിന്റെ ആരംഭത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ കാണുന്നു.

"ശൃംഗാരശക്കരാക്ഷോദസംഗാതിമധുരാകൃതി
ജയതി പ്രഥിതം കാവ്യം ശുകസന്ദേശസംജ്ഞിതം.

യസ്യാതിമോഹനഗഭീരതരാർത്ഥജാത സമ്പൂരിതോരുരസമുദ്ഗസഹോദരസ്യ
ദ്വാരാപിധ നശകലോലോരണപ്രവീണാം ശ്രീമാനവേദഗുപതിർവ്വിവൃതിം കരോതി.

ലക്ഷ്മീദാസകവീശ്വരേണ ഭണിതസ്സന്ദേശകാവ്യാചലോ
ഗ്രന്ഥാർത്ഥോച്ഛ്രയദുർഗമോദ്യധിഷണാശക്ത്യാമയാദുരുഹ്യതേ;
ശ്രാന്തശ്ചേൽ പതിതോന്തരാഗുരുകൃപായഷ്ടിം ഗരിഷ്ഠാം തദാ
വിഷ്ടഭ്യാധികകൃച്ഛ്രതഃ സ്ഥവിരവൽഗന്താസ്മി ചാധിത്യകാം.

ലക്ഷ്മീദാസകവേരുദാരവചന സ്സന്ദേശകാവ്യാംഗജോ
ബഹ്വർത്ഥശ്രുതിവൃത്തിമന്ധനഗുണഃ ശ്രീമാനവേദാന്നപാൽ
ജാതാമദ്യ വിലാസിനീം സഹൃദയോഗ്രഹ്ണൻബുധേഭ്യോധികം
ദത്തവാർത്ഥാൻദ്ദധരക്ഷിതാൻജനയതാദാനന്ദമസ്യാം സുഖാ".

ഈ ശ്ലോകങ്ങളിൽ നിന്നു ശുകസന്ദേശത്തിന്റെ വാചാമഗോചരമായ മാഹാത്മ്യം ഏറെക്കുറെ വെളിപ്പെടുന്നുണ്ട്. ഗ്രന്ഥാന്തത്തിൽ

"ശ്രീരംഗനാഥകരുണാമസൃണാവലോക-ലീലാസമുല്ലസദുരുശ്രുതകാവ്യസാരഃ
വ്യാഖ്യാമിമാം രചിതവാൻ ബത മാനവേദഃ കിം ദുഷ്കരം ഗുരുകൃപാപരദേവതാനാം?"

എന്നും,

ക്ഷ്മാഭൃൽപാഥോധിനാഥാനയമഹിതകുലപ്രാപ്തജന്മാസരുദ്രഃ
സാതീർത്ഥ്യം യസ്യ ലേഭേ ശ്രുതസരണിവിദാംശേഖരശ്ശേഖരശ്ച
സോയം സന്ദേശസിന്ധും കഥമപി സരസംസാധു നിർമഥ്യ താഭ്യാ-
മർത്ഥസ്വർഗ്ഗം ചിരേണാപ്യലഭത വിബുധാഗ്രേസരോ മാനവേദഃ"

എന്നുമുള്ള പദ്യങ്ങളിൽ നിന്നു മാനവേദന്റെ ഗുരു 'രംഗനാഥൻ' എന്നൊരു പണ്ഡിതനായിരുന്നു എന്നും അദ്ദേഹത്തിനു രുദ്രനെന്നും ശേഖരനെന്നും രണ്ടു സതീർത്ഥ്യന്മാരുണ്ടായിരുന്നു എന്നും അവരുമായി ശുകസന്ദേശത്തിനു നിപുണമായ അർത്ഥവിചാരം ചെയ്തതിനുമേലാണ് അദ്ദേഹം വിലാസിനി രചിച്ചതെന്നും സ്പഷ്ടമാകുന്നു. പ്രസ്തുത കവി ഭോജചംപുവിനും ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്.

"ക്ഷ്മാഭൃദ്ഭാരിനിധീശഭാഗ്ഭിതകലോദ്ഭ്രൂതഃകണാടോക്ഷപാൽ-
പാണിന്യാദിഗവീവിവേകനിപുണോരുദ്രസ്ഥിരാശേഖരഃ
മിത്രേ യസ്യ സ മാനവേദനൃപതിർഭോജോദിതം സാമ്പ്രതം
ചമ്പൂം വ്യാകുരുതേ യഥാമതി; ബുധാഃ സന്തു തന്നിർമ്മത്സരാഃ".

എന്ന പദ്യം നോക്കുക. ഈ മാനവേദന്റെ സദസ്യനാണെന്നു തോന്നുന്നു ലക്ഷ്മീമാനവേദം നാടകത്തിന്റെ കർത്താവായ ചിദംബരകവി. നിശ്ചയമില്ല ചിദംബരകവിയുടെ കവിതയും ഉദ്ദണ്ഡന്റേതുപോലെ ഉത്തമോത്തമമാകുന്നു. താഴെ കാണുന്നതു് ആ നാടകത്തിലെ നാന്ദീശ്ലോകമാണു്.

"കവചിൽ പദനമന്മഹി; കവന മന്ദപാഭക്രമം;
കവചിജ്ജയിജടാഭ്രമി; കവന കമ്പമാനാളകം;
കവചിൽ സഫണിഫൂൽകൃതി; കവന കങ്കണകാണവൽ;
കരോതു ശിവയോസ്സുഖം നടനകമ്മ തത്താണ്ഡവം"

കവി തന്റെ സ്വാമിയെപ്പറ്റി ചെയ്യുന്ന നിരതിശയമായ പ്രശംസ താഴെ ഉദ്ധരിക്കുന്ന ഗദ്യപദ്യങ്ങളിൽനിന്നു വെളിവാകും.

"ആദിഷ്ടോസ്മി സകല രാജന്യകോടീമാണിക്യ മയൂഖമഞ്ജരീ നീരാജിത ചരണ യുഗളസ്യ, അദ്വന്ദ്വനിജ ഭുജാപദ്മാനഗ്രീഷ്മോഷ്മാതിരേകശോഷിതവിമതനരപതികുലമഹാനദീസഹസ്ര ക്ലേദകൃഷ്ടാവലേപ പ്രവാഹസ്യ, അശേഷദിഗ്ദന്തികടതടാസ്ഫാലനപ്രതിസ്ഖലനോജ്ജൃംഭമാണോദ്ദേല വിമലയശഃ ക്ഷീരപാരാവാരപൂരലഹരീപരമ്പരാപൂരിത ബ്രഹ്മാണ്ഡാദരകുഹരസ്യ, ജഡധരജലനിധി മിഹിരസുതസുരഭിസുരതരു ചിന്താമണിപ്രമുഖവിതരണധൈരേയപ്രഭാവപരിഭാവ പണ്ഡിതപാണിപങ്കേരുഹസ്യ, ഷോഡശമഹാദാന സവനദീക്ഷാദീക്ഷിതസ്യ, അപരിമേയ ഗാംഭീര്യാവധൂത പാഥഃപരിവൃഢസ്യ, അമന്ദതരധൈര്യാതോപാധരിത മഹാമേരോഃ, വിശ്രാന്തിന്നപരാക്രമപ്രക്രിയാപരാചീന സവ്യസാചിതോവൈദ്വസ്യ, ദാശരഥികമ്മകഥന നിഖിലഭുവനവിഖ്യാത ധീരോദാത്തഗുണഗണ മമൽകൃതനികൃതികൃത വൈമുഖ്യസ്യ, ചണ്ഡകരതേജഃപ്രാചണ്ഡ്യഖണ്ഡനവൈഭവസ്യ, സുധാകര കാന്തികന്ദള പരിണതിപാടച്ചരവദന സൌഭാഗ്യസ്യ, ആജ്ഞാവജ്ഞാത സുഗ്രീവസ്യ, പ്രതിജ്ഞാനകൃത പരശുരാമസ്യ, നിരന്തരവിഹരമാണകമലാകര കമലകിഞ്ജല്കപുഞ്ജരഞ്ജിതദോരന്തരസ്യ, മന്നമാന്ധാതൃഭഗീരഥദിലീപദശരഥശിബി ജീമൂതവാഹന ഹരിശ്ചന്ദ്രപ്രമുഖപൂർവ്വതനരാജന്യമണ്ഡലപ്രവർത്തിതാധ്വാധ്വനീനസ്യ, വീതിഹോത്രഗോത്രവാരാകരപാരിജാതസ്യ, ഹനുമദ്ദിമുദ്രിത കേതോഃ, ആത്മശരാസനാങ്കിതശങ്കരശരാസനസ്യ, ശൈലാണ്ണവ ചക്രവർത്തിനശ്ചരണായുധക്രോഡപുരീപുരന്ദരസ്യ, കേരളേശ്വരസ്യ, മഹാരാജസ്യ മാനവേദസ്യ ചരണസരോരുഹോപജീവിനാ മന്ത്രിമണ്ഡലേന യഥാ.....

വാതാപൂരിതകഞ്ജരോദരഗുഹാഭോങ്കാരഭേരീരവേ,
ഗുദ്ധ്യക്രോക്തിഗീതിശാലിനി, ശിവാവക്ത്രോല്ലസാ ദീപിതേ,

യദ്ഭൂക്ഷിതിരംഗമണ്ഡപതലേ നൃത്തം കബന്ധൈഃ കൃതം
പശ്യന്ത്യുദ്ഭടഹർഷമഗ്നമനസോ വേതാളസാമാജികാഃ

തസ്യാസ്യ ദിഗ്വിജയധാടീഭർപ്പളിതതുരഗഖുരപുടനടനദലിത ധരണിതലോച്ചലിത ധൂളീപാളീപുരസ്സരധൂമോദ്ഗമപിശുനിത പ്രതാപാനലജ്വാലാജാലോജ്ജൃംഭണജനിതഭയാവനത സമസ്തപരിപന്ഥിസാമന്തമണ്ഡലസ്യ, സ്വാമിനോ മഹാരാജാധിരാജപരമേശ്വരസ്യ ചരിതാനുബന്ധി കിമപി രൂപകം അനേനൈവ സവിശേഷദർശിതയാ ഭക്ത്യാ അപരമിവ കൈലാസമായതന മാരചിതവതാ അവിരതമാരാധ്യമാനസ്യ താമ്രചൂഡക്രോഡനഗരീനികേതനസ്യ, സകലസുരാസുര മൌലിമന്ദാരമഞ്ജരീമകരന്ദവിന്ദുസന്ദോഹനിർണ്ണിക്തചരണാരവിന്ദസ്യ സ്ഥലീശ്വരാഭിധാനസ്യ ഭഗവതശ്ചന്ദ്രശേഖരസ്യ സന്നിധൌ * *"

കവി തന്നെപ്പറ്റി ചെയ്തിരിക്കുന്ന പ്രസ്താവനയാണു താഴെ ചേർത്തിരിക്കുന്നതു്.

"അസ്തി ഖലു മന്ദമാരുതാന്ദോളിതപൂഗപാളീമധുളീബഹളപരിമളഭ്രാന്തഭ്രമരകുലധ്വങ്കാരവാചാലിതദിക്ചക്രവാളേഷു ചോളേഷു രാജ്ഞാ ശ്രീവല്ലഭേന സ്ഥാപിതോ മഹാനഗ്രഹാരഃ; തത്ര വസതാം സോമപാം പക്ഷിലശങ്കരശബരപതഞ്ജലിരചിതഭാഷ്യൈഃ പര്യുപര്യാലോചനാവിശിഷ്ടശേമുഷീവിശേഷാണാം ബ്രാഹ്മണാനാമതിശയേന പ്രശസ്യസ്യ ഉദ്ബാഹ്വസുന്ദരസ്യാംഗഭൂത ആമുഷ്യായണോ വിശ്വവിഖ്യാതകീർത്തിർമഹാവ്രതമുഖഭാവിതസകലസുമനസ്തോമഃ സുഗൃഹീതനാമാ വിജയതേ ദിവാകരോനാമ. തേന ച ധീരോദാത്തസ്യ മാനവേദസ്യ മഹീപതേശ്ചരിതമുപാദായ

അചുംബിതമവ്യതോദ്ഗണവിഭാസിവക്ത്രോക്തിമത്
കരംബിതരസോദരം കലിതചാരുഭ്രഷാശതം
കളത്രമിവ മോഹനം രസികചേതസാം രീതിഭിഃ
കൃതം കിമപി നാടകം ഭരതഭാഗ്യനാഡിന്ധമം."

ഇതിൽനിന്നു ചിദംബരകവിയുടെ ജനനസ്ഥലം ചോളദേശത്തിലുള്ള ശ്രീവല്ലഭപുരം ആയിരുന്നു എന്നും അദ്ദേഹത്തിന്റെ അച്ഛൻ ഉദ്ബാഹ്വസുന്ദരൻ എന്നൊരു ബ്രാഹ്മണോത്തമനായിരുന്നു എന്നും കാണാവുന്നതാണു്. സമുദ്രരാജാവിന്റെ പുത്രിയായ രാജ്യലക്ഷ്മിയെ മാനവേദമഹാരാജാവിനെക്കൊണ്ടു ഭാഗ്ഗവരാമൻ പുരോഹിതനായി പാണിഗ്രഹണം ചെയ്യിക്കുന്നതാണു് നാടകത്തിലെ ഇതിവൃത്തം. വിവാഹമണ്ഡപത്തിൽ സമുദ്രരാജാവും നീലാനദീദേവി (ഭാരതപ്പുഴ)യും പ്രവേശിക്കുന്നുണ്ടു്. താഴെ കാണുന്ന ശ്ലോകം പരശുരാമന്റെ വർണ്ണനമാണു്.

"ഷഷ്ഠോവതാരഃ പരമസ്യ പുംസഃ സബ്രഹ്മചാരീ ശശിമൌലിസൂനോഃ
വിഹാരശൈലസ്തനുതേ മുദം നോ മുനിസ്തപോവിക്രമവൈഭവോനാം."

രണ്ടു ശ്ലോകങ്ങൾ കൂടി ഉദ്ധരിക്കാം.

1. കാവ്യവും ഘടനയും:—

"വിപഞ്ചീം പ്രകപാണഃ; കുസുമകലികാം സൌരഭേണോ;
മധുശ്രീരുദ്യാനം; മദസമുദയോ യൌവനദശാം;
വധൂം വ്രീളാമുദ്രാ; ഹിമകരകലാം കാന്തിലഹരീ;
പ്രഭാ രത്നം; ശുദ്ധാ തിലകയതി കാവ്യഞ്ചഘടനാ".

2. നായാട്ട്:—

"ഉദ്ദാമപോത്രിഗണമുന്മദഹസ്തിവൃന്ദമുദ്രിക്തഖഡ്ഗിചയമുല്ലുടദേണയൂഥം
ഉത്സ്റ്റീനബഹ്വികുലമുൽപതദുക്ഷസംഘമാലോകയേമമഭിരാമമരണ്യമദ്യം".

ശുകസന്ദേശവ്യാഖ്യാതാവിന്റെ ആശ്രിതനായിരുന്ന മാനവേദസട്ടകത്തിന്റെ കർത്താവായ ഉഴത്തിരവാരിയർ എന്നുള്ളതിന് ഏതായാലും സംശയമില്ല. സട്ടകം എന്നതു പതിനെട്ടമാതിരിയിലുള്ള ഉപരൂപകങ്ങളിലൊന്നും പ്രാകൃതഭാഷയിൽ നിബന്ധിക്കേണ്ടതും നാലു യവനികാന്തരങ്ങളോടുകൂടിയിരിക്കേണ്ടതുമാകുന്നു. വാരിയർ ഒരു സട്ടകം നിർമ്മിച്ചു എന്നു സൂത്രധാരൻ പ്രസ്താവിക്കുമ്പോൾ പാരിപാർശ്വികൻ അതു വാസ്തവമായി ഗണിക്കുന്നില്ല. പാരിപാർശ്വികൻ പറയുകയാണ്*: —"വായസവടനാൽ പഞ്ചമരാഗ ഉദഞ്ചതി; നിംബവിടപാന്മോച ഉൽപദ്യതേ; കാരസ്കരഫലാൽ പീയൂഷരസഃ പ്രസരതി; യദ്വേവമന്ദിരബാഹ്യാളിന്ദസമ്മാജ്ജനാദിവ്യാപാരമാത്രപരായണാൽ പാരശവപശോഃ സന്ധ്യാസമയസംഫുല്ലമല്ലികാമധുനിഷ്യന്ദഗർഭഃ സന്ദർഭഃ പ്രവഹതി". ആ മതത്തെ സൂത്രധാരൻ താഴെ കാണുന്ന വിധത്തിൽ പ്രത്യാഖ്യാനം ചെയ്യുന്നു.

"മൈവം, ന ഖലു നിന്ദനീയാസ്തുഭവന്തഃ പാരശവാഃ യതഃ

യേഷാം ബ്രാഹ്മണലോകപാദയുഗളീശുശ്രൂഷണം ഭൂഷണം
യേഷാം നിർമലകാവ്യവർണ്ണനകഥാസംശീലനം ക്രീഡനം;
യദ്വംശേസുവിശുദ്ധവൃത്തസുഭഗഃ സദ്വൃത്തമുക്താമണിർ-
ജാതസ്തത്സ്തവനേഷു കസ്യഭവനേ ജിഹ്വാ നിരീഹാ ഭവേത്"

പാരിപാർശ്വികൻ:—"തസ്യ രുദ്രസ്യ ശ്രീകണ്ഠസ്യ ച ശിഷ്യോ രുദ്രോസാഭിധേയഃ കില തസ്യ കവിഃ."

സൂത്രധാരൻ:—"തദുൽപദ്യതേ. തരണികിരണജാലനിരസ്തതന്ദ്രാദേവാരവിന്ദാന്ധകരാനന്ദകന്ദഃ പ്രസരതി മകരന്ദനിഷ്യന്ദഃ"

പാരിപാർശ്വികൻ:—"കിം താദൃശസ്തയോഃ ശിക്ഷാവിശേഷഃ?"

സൂത്രധാരൻ.—"കിം ഭണ്യതേ?

വടതലഗതോപി രുദ്രോ വ്യാഖ്യാനം യയോശ്ശ്രുത്വാ ശിരഃകമ്പം
മന്ദാന്ദോളിതചന്ദ്രം സ്പന്ദമാനഫണീന്ദ്രകുണ്ഡലം ദധാതി".

---

* മായയാണ് ഉദ്ധരിക്കുന്നത്.

പാരിപാശ്വികൻ:—"നമോ മഹാദ്മഭ്യാം"

ഇങ്ങനെ തന്റെ ഗുരുക്കന്മാരായ രുദ്രനേയും ശ്രീകണ്ഠനേയും പുകഴ്ത്തിയതിനുമേൽ കവി മാനവേദമഹാരാജാവിനെ താഴെവരും പ്രകാരം വണ്ണിക്കുന്നു.

"തസ്യൈവ നിരന്തരാവനമച്ഛ്രീമൽ സാമന്തകുലമുകുടാന്തനിപതന്മാണിക്യമണിസമൂഹമയൂഖലേഖാപല്ലവിതപാദപീഠസ്യ, ഖണ്ഡപരശുശിഖണ്ഡശശിഖണ്ഡപാണ്ഡരസവ്വതഃ പ്രസരന്മഹിതയശഃപൂരകർപ്പൂനികരപവ്വതായമാനഭവനാന്തരാളസ്യ, അതിധവളഛത്രയസ്യ ടികപ്രതിഫലിത പരമേശ്വരപദവല്ലവസ്യ, സമരമുഖബലാൽകാരഗൃഹീതജയലക്ഷ്മീധമ്മില്ലപര്യസ്തമല്ലികാമാല്യബഹളപരിമളാസംഗഭൃംഗശ്രേണീസംശയിതലോലോദ്ഭണ്ഡമണ്ഡലാഗ്രമണ്ഡിത പ്രചണ്ഡഭുജദണ്ഡസ്യ, രിപുബലശലഭലേഹിചടുലജ്വാലാജാലജാജ്വല്യമാന പ്രതാപ പാവകപ്രാകാര പരിരക്ഷിത സകല ഭുവനതലസ്യ, അച്ഛിന്നദത്തസുവർണ്ണരത്നസമൃദ്ധിമുദ്ധാമണിമന്ദിരവളഭീജാലാക്രീഡൽസകലദരിദ്ര്യലോകസ്യ, സവ്വഭ്രാതാനുകമ്പിനസ്സാമ്രാജ്യംകൃതകരണീയതയാ യൌവനസുഖമനുഭവതോ രാജാധിരാജപരമേശ്വരസ്യ ശ്രീമാനവേദസ്യ ....."

അംഗേശ്വരന്റെ പുത്രിയായ ചന്ദ്രലേഖയെ മാനവേദമഹാരാജാവുപരിഗ്രഹിക്കുന്നതാണ് ഈ നാടകത്തിലെ പ്രതിപാദ്യവസ്തു; അതുകൊണ്ട് ഇതിനു ചന്ദ്രലേഖാനാടകമെന്നും പേരുണ്ട്.

മാഘത്തിനു ദേശമംഗലത്തു ശ്രീകണ്ഠവാരിയരുടെ 'ബാലബോധിക' എന്നൊരു വ്യാഖ്യാനമുണ്ട്. അതിൽ ആ വാരിയത്തിലെ ഒരു രുദ്രവാര്യരെപ്പറ്റി

"പാരേദക്ഷിണഗംഗമസ്തി മഹിതസ്സ്വസ്തിപ്രദോ ദേഹിനാം
ദേശഃ കോപി ശശാങ്കചൂഡരമണീസാന്നിധ്യനിത്യോത്സവഃ
വൈതാനാഗ്നിവിലോലധൂമപടലീസൌഗന്ധ്യനൈരന്തരീ
മംഗല്യോ ജയസിംഹമംഗല ഇതി ക്ഷോണീസുരൈരാശ്രിതഃ

വിദ്യതേ തത്ര സാഹിത്യവിദ്യാഭ്യാസഖലൂരികാ
വിശ്വപാരശവേന്ദ്രസ്യ വിശ്രുതം ഭവനോത്തമം.
പാരമ്പര്യേണ ജായന്തേ യേ തത്ര സുകൃതോദയാൽ,
ആചാര്യാ ഏവ തേ സർവ്വേ കേരളക്ഷ്മാഭൃജാം ഗുണാം.

രുദ്രാഭിധാനാ തത്രാസീൽ ഭാരത്യാഃ പുരുഷാകൃതിഃ
പരക്രോഡസ്ഥലാക്രീഡ-രുദ്രതാദാത്മ്യമുദ്രിതാ.

ആപഞ്ചാശൽസമാസ്സ്വായം ശ്രീപഞ്ചാക്ഷരജീവനം
ചകാരാസേവ്യ സാഹിത്യവിദ്യാം സകലവത്തിനീം.

പരസ്പരോപമൌ ശാന്തൌ തദ്വംശേ സാവ്വലൌകികൌ
ശ്രീകണ്ഠാഖ്യാവുഭൌ ജാതൌ സാഹിത്യൈകപരായണൌ.

അഥാത്മനാ സുസംവൃദ്ധം ദേവശ്ചന്ദ്രാർശേഖരം
ശ്രീപരക്രോഡവാസ്തവ്യസ്തൽകുലം വീക്ഷ്യ ഹൃഷ്ടവാൻ

സ തത്ര ജന്മലാഭായ കുതുകീ പരമേശ്വരഃ
ശ്രീകണ്ഠാൽ പിതൃതുല്യാംഗോ ദ്വിതീയാദ്ഭദ്രൽ സ്വയം.

സ ബാല്യാൽ പ്രഭൃതി ശ്രീമാൻ സാഹിത്യസുരപാദപഃ
അതിഗംഭീരവാഗ്ഗുംഭ സുഭഗം ഭാവുകോ ബഭൌ.

* * * * * *

അംഗസ്യാംഗസ്യ തസ്യാസ്യ സ്മാരം സ്മാരം കുതൂഹലീ
കിന്ന വക്ഷ്യേ തതോ ജാത സ്തന്നാമാഹം സതാം മതഃ

ഗുരോരനന്തരം സോഹം കാരുണ്യേനാഥ ഭ്രയസാ
ബാലകോപി പ്രയത്നേന കലവിദ്യാമുപേയിവാൻ

* * * * * *

സോഹം മാഘകവേഃ കാവ്യ പാരാവാരതിതീഷ്യയാ
വിതനോമി സുവിസ്തീർണ്ണാം വ്യാഖ്യാനൌകാം വിചക്ഷണഃ"

ഇതിൽ പറയുന്ന ശ്രീകണ്ഠന്മാരിൽ ആരാണു സട്ടകകാരന്റെ ഗുരുവെന്നു വെളിവാകുന്നില്ല. ഇവരിൽ ഒരു ശ്രീകണ്ഠൻ ഹോരയ്ക്കു 'വിവരണം' എന്നൊരു വ്യാഖ്യാനത്തിന്റെ കർത്താവാണ്. ആ ശ്രീകണ്ഠന്റെ സമകാലികനാണ് രുദ്രനെന്നു വരുമ്പോൾ ബാല ബോധികാ വ്യാഖ്യാതാവു സ്മരിക്കുന്ന രുദ്രനല്ല മാനവേദനാൽ സൃതനായ രുദ്രനെന്നും വന്നുകൂടുന്നു. മേല്പുത്തൂർ ഭട്ടതിരിയുടെ നാരായണീയത്തിനു 'ഭക്തപ്രിയ' എന്ന വ്യാഖ്യാനം രചിച്ച ദേശമംഗലത്തു് ഉഴത്തിരവാരിയർതന്നെയാണോ അദ്ദേഹമെന്നും തിട്ടമില്ല. ഇതെല്ലാം സാഹിത്യചരിത്രഗവേഷണന്മാരുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ചിദംബരകവി ഈ മാനവേദൻ തളിയിൽക്ഷേത്രം പുത്തനായി പണികഴിപ്പിച്ചു എന്നു പ്രസ്താവിക്കുന്നുണ്ടല്ലൊ. അതിനെസംബന്ധിച്ചു വല്ല രേഖയുമുണ്ടോ എന്നു മനേപഷിക്കേണ്ടതാണ്. "തിലകയന്നനപായം ചിത്രഭാനോഃ" എന്നു പൂർവ്വഭാരതചമ്പൂകർത്താവും "വീതിഹോത്രഗോത്രവാരാകര പാരിജാതസ്യ" എന്നു ചിദംബരകവിയും വർണ്ണിക്കുന്നതിൽനിന്നു സാമൂതിരിപ്പാടന്മാർ അഗ്നികുലക്ഷത്രിയരെന്നു വന്നുകൂടുന്നു.

അടുത്തതായി രണ്ടു വാക്കു പറയേണ്ടതു കേരളീയസ്ത്രീകളുടെ അഭിമാനക്ഷേത്രത്തിനു ഹൈമസ്തംഭപതാകയായ മനോരമത്തമ്പുരാട്ടിയെപ്പറ്റിയാണ്. മലയാളം

സ്ത്രീവിദ്യാഭ്യാസത്തിനു പണ്ടുപണ്ടേ പ്രസിദ്ധിനേടിയ ഒരു ഭൂവിഭാഗമാണെങ്കിലും, മനോരമത്തമ്പുരാട്ടിയോളം വൈദുഷ്യം സമ്പാദിച്ച ഒരു മഹിളാരത്നം ഏതാവൽപര്യന്തം ഇവിടെയും ജനിച്ചിട്ടില്ലെന്നുള്ളത് അപ്രതിഷേധ്യമായ ഒരു പരമാർത്ഥമാകുന്നു. മനോരമത്തമ്പുരാട്ടി കൊല്ലം 935-മകരമാസത്തിൽ കിഴക്കേ കോവിലകത്തു ജനിച്ചു. 12-വയസ്സിനുമുൻപിൽ ഭട്ടോജിദീക്ഷിതരുടെ പ്രൌഢമനോരമ ഹൃദിസ്ഥമാകത്തക്കവണ്ണം അത്ര ബാല്യത്തിൽതന്നെ അവിടേക്കു സംസ്കൃതഭാഷ സ്വാധീനമായിത്തീർന്നു. മാനവിക്രമീയം എന്ന കാവ്യത്തിൽ അവിടത്തെപ്പറ്റി

"തദീയവംശേ ജാതാസീൽ കാപി കന്യാ മനോഹരാ
വിദ്യാദിഗുണസമ്പന്നാ ഹൃദ്യാസ്യജിതചന്ദ്രമാഃ"

"മനോരമായാമതിമാത്രമൈപുണാന്മനോരമത്വാന്ന നിജസ്യ വർഷ്മണഃ
മനോജലീലാരസലോലമാനസാ മനോരമേതി പ്രഥിതാ ബഭൂവ സാ"

എന്നു വർണ്ണിച്ചുകാണുന്നു. കൊല്ലം 964-ൽ ടിപ്പുവിന്റെ കലാപകാലത്തു തിരുവിതാംകൂറിലേക്കു പോകുകയും അവിടെ വിദ്വജ്ജനപക്ഷപാതിയായ കാർത്തികതിരുനാൾ മഹാരാജാവിന്റെ പ്രത്യേകമായ കാരുണ്യത്തിനു പാത്രീഭവിച്ചു് എണ്ണയ്ക്കാട്ട് എന്ന സ്ഥലത്തു താമസിക്കുകയും ചെയ്തു. 975-ൽ തിരിയെ നാട്ടിലേക്കു മടങ്ങി, 1003-ഇടവത്തിൽ യശശ്ശരീരയായി. ആരൂർ അടിതിരിപ്പാട് അവിടത്തോടാണു വ്യാകരണമഭ്യസിച്ചതെന്നും, അടിതിരിപ്പാട്ടിലെ ശിഷ്യനായിരുന്ന കൊട്ടങ്ങല്ലൂർ വിദ്വാനിളയതമ്പുരാനെന്നും, ഇളയതമ്പുരാന്റെ ശിഷ്യൻ വൈക്കത്തു പാച്ചുമൂത്തതു കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഗുരുവായിരുന്നു എന്നും നാം ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണു്. തമ്പുരാട്ടിയുടെ പല ഒറ്റശ്ലോകങ്ങളും കേട്ടിട്ടുണ്ടു്. കാർത്തികതിരുനാൾ മഹാരാജാവും അവിടുന്നുംതമ്മിൽ പദ്യരൂപേണ കത്തിടപാടു ചെയ്തിരുന്നതായുമറിയാം. "ഹേമാംഭോജിനി! രാജഹംസനിവഹൈരാസാദ്യമാനാസവേ!" എന്ന പ്രസിദ്ധശ്ലോകം മഹാരാജാവിൻറേതും അതിനു മറുപടിയായ "സർവ്വം തവയാ വിദിതമേവ സദഗ്രയായിൻ!" എന്ന ശ്ലോകം തമ്പുരാട്ടിയുടേതുമാണു്.

"ഗരുദ്വ്യായാമായ സ്വയമത ഇതോ യാസ്യതി യദാ
തദാ ഹംസഃ സൈവരീ; തവ ച വശഗേയം കമലിനീ;
സരസ്തീരാരാമേ സരസതരകുജദ്വിജകുലേ
സഖേ! കഞ്ചിൽകാലം വിരമ മുദ ഗായൻ ഭ്രമര ഭോഃ!"

എന്ന ശ്ലോകവും തമ്പുരാട്ടി മഹാരാജാവിനയച്ചതാണു്. തമ്പുരാട്ടിയുടെ അനിതരവനിതാസാധാരണമായ ശാസ്ത്രപാണ്ഡിത്യത്തെപ്പറ്റി നല്ലപോലെ ധരിച്ചിരുന്ന കാർത്തികതിരുനാൾമഹാരാജാവിനു്, നിഷ്കരുണനായ ടിപ്പുവിൽനിന്നു ഭീതയായി പലായനം ചെയ്യേണ്ടിവന്ന അവിടത്തെ ആത്മനാദം, ദുശ്ശാസനത്രസ്തയായ ദ്രൌപദിയുടേതു

ശ്രീകൃഷ്ണനെന്നപോലെ, എത്രമാത്രം കാരുണികതപത്തിനു കാരണമായ് പരിണമിച്ചിരിക്കണമെന്നു സഹൃദയന്മാക്ക് ഊഹ്യമാണല്ലൊ.

"ഹൃദ്യാ മനോരമനരേശചരിതന്റെ സൂക്തി-
രദ്യാപി കോവിദമനസ്സു കവന്നിടുന്നു"

എന്നു കേരളവർമ്മ വലിയകോയിത്തമ്പുരാൻ പ്രസ്താവിച്ചിട്ടുള്ളതു മേൽ കാണിച്ചമാതിരിയിലുള്ള ഒറ്റശ്ലോകങ്ങളെ സ്മരിച്ചാകുന്നു. തമ്പുരാട്ടി പഠിച്ചുകൊണ്ടിരിക്കുന്നകാലത്ത് ഒരിക്കൽ വശ്യവാക്കായ ചേലപ്പറമ്പു നമ്പൂതിരി കിഴക്കെ കോവിലകത്തു ചെല്ലുകയും പിറേറന്നു നേരംവെളുത്തപ്പോൾ കണ്ണാടിനോക്കി വൃദ്ധനായിരുന്ന അദ്ദേഹം,

"പലിതാനി ശശാങ്കരോചിഷാം
ശകലാനീതി വിതർക്കയാമഹേ"

എന്നു തന്റെ ശൃംഗാരഗന്ധിയായ ശൈലി വിടാതെ ഒരു ശ്ലോകത്തിന്റെ പൂർവ്വാർദ്ധമുണ്ടാക്കി രസിക്കവേ അതു കേട്ടുകൊണ്ടു നിന്ന തമ്പുരാട്ടി

"അത ഏവ നിമീലതേതരാം
വനിതാലോചനവാരിജം പുരഃ"

എന്നു് അതിന്റെ ഉത്തരാർദ്ധം ചൊല്ലി നമ്പൂതിരിക്കു് അശ്രുതപൂർവ്വമായ ലജ്ജയേയും വിസ്മയത്തേയും ഉൽപാദിപ്പിച്ചു എന്നും ഐതിഹ്യമുണ്ടു്. തകരപ്പറത്തുകാരനായ ചീരംകഴി ഭവദാസൻനമ്പൂതിരി തന്റെ ഭാഗവതം ഏകാദശസ്കന്ധത്തിനു വിസ്തരിച്ചു് ഒരു വ്യാഖ്യാനമെഴുതിയതു് ഒരു മാനവിക്രമ മഹാരാജാവിന്റെ സഹോദരിയും ഉത്രാടം നക്ഷത്രത്തിൽ ജാതയുമായ ലക്ഷ്മീരാജ്ഞിയുടെ നിദേശമനുസരിച്ചാണെന്നു് അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. താഴെ കാണുന്ന ശ്ലോകങ്ങൾ ആ വ്യാഖ്യാനത്തിന്റെ ആരംഭത്തിലുള്ളതാണു്.

"ചന്ദ്രാർദ്ധാഭരണസ്യ സാഗരപുരക്ഷേത്രേശിതുസ്സന്നിധൌ
ജാതം വാസുകനിമ്നധാമ്നി ഭവദാസാഖ്യം ദ്വിജന്മാലയേ
ആനീതം സപദൈർവികൃഷ്യ ഗിരിസിന്ധുക്ഷ്മാപതേസ്സോദരീ
ചക്രേ ഭാഗവതസ്യ കൃത്സ്നമശിഷദ്രാജ്ഞീ കദാചിദ്വിജം

ശ്രീമാനവിക്രമസഹോദരയാമകുന്ദ-ലീലാമരന്ദരസലോലഹൃദാ ച രാജ്ഞാ
ആജ്ഞാപിതോ മഹിതഭാഗവതാർത്ഥരത്നമാലാവിലേഖനകൃതേ പ്രയതാമഹേല്യ.
സമ്പ്രത്യേകാദശസ്കന്ധവ്യാഖ്യാനമഥലിഖ്യതേ
അസ്മാദ്ദിരാജ്ഞയാ രാജ്ഞ്യാ വിജ്ഞാനവിശദാത്മനഃ"

"ശ്രീവാസുദേവകഥാതീർത്ഥാവഗാഹപവിത്രകീർത്തേഃ ശ്രീവീരരായസംജ്ഞശ്രീമാനവിക്രമസഹോദരായാഃപൂർവ്വാലയകമലലക്ഷ്മ്യാശ്രീമദുത്തരാഷാഢാജാതായാരാജ്ഞ്യാ ആജ്ഞയാ"

എന്നും അദ്ദേഹം പ്രസ്താവിക്കുന്നതിൽനിന്ന് ഈ തമ്പുരാട്ടി കിഴക്കേക്കോവിലകത്തിലെ ഒരംഗമായിരുന്നു എന്നു വെളിവാകുന്നു. അതു വാസ്തവത്തിൽ മനോരമത്തമ്പുരാട്ടിയായിരുന്നു എന്നും ഉപനിഷൽസാരഭൂതമായ ഏകാദശസ്കന്ധത്തിന് ഉചിതമായ ഒരു വ്യാഖ്യാനം നിർമ്മിക്കുവാൻ തനിക്കു ജന്മനാ (സ്ത്രീയായതുകൊണ്ട്) അഹ്രതയില്ലാത്തതിനാൽ താൻ അതു രചിച്ചു ചീരക്കുഴിനമ്പൂരിയുടെ പേർ ചേർത്തതാണെന്നും ഒരൈതിഹ്യമുണ്ട്. പക്ഷേ, മനോരമത്തമ്പുരാട്ടിയുടെ ജന്മനക്ഷത്രം ചോതിയാണെന്നു പറയുന്നു അങ്ങനെയാണെങ്കിൽ ചീരക്കുഴിയുടെ പുരസ്ത്രീയായ ലക്ഷ്മീരാജ്ഞി മറെറാരു മഹിളാരത്നമാകാനേ തരമുള്ളൂ. ഏതായാലും ഈ സംഗതി കുറെക്കൂടി ഗവേഷണം ചെയ്തു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇനിയും, തിമ്മകവിയുടെ സുജനമനോമോദചന്ദ്രിക, ഭാസ്കരകവിയുടെ ശൃംഗാരലീലാതിലകം മുതലായി സാമൂതിരിക്കോവിലകവുമായി ബന്ധപ്പെട്ടു കിടക്കുന്നവയും അപ്രകാശിതങ്ങളുമായി അനേകം ഗ്രന്ഥങ്ങളുണ്ട്. "മാനവിക്രമീയം" മനോരമത്തമ്പുരാട്ടിയെപ്പററി സ്മരിക്കുന്നതിനാൽ അധുനാതനമായ ഒരു കാവ്യമെന്നനുമാനിക്കാം.

"അസീദസംഖ്യൈർവിബുധൈരമർത്ത്യനാഥാലയശ്രീമപി മന്ദയന്തീ
വാസായ ശൈലാബ്ധിമഹീഭൃതാംപുരാസന്നദേശേ ഭുവി പശ്ചിമായ്യേ"

ഇത്യാദി നഗരവർണ്ണനയൊടുകൂടിയാണ് ആ കാവ്യം ആരംഭിക്കുന്നതു്. രചന വിശേഷമെന്നുപറവാനില്ല. കവിയാരെന്നുമറിയുന്നില്ല. ഒരു ശ്ലോകം കൂടി ഉദ്ധരിക്കാം.

"സ്ഥാന്യാം കല്യോ നൃപാലസ്യതനു മണിഗൃഹൈരംബരാചുംബിസൌധൈ-
രുല്ലാസം വർദ്ധയന്തീം ഭുവനതലജുഷാം മന്ദയന്തീം ദിവഃ ശ്രീം
ഉല്ലാസ്യദ്യാനവീഥ്യാദിഭിരപി ച സരഃക്രൂപവാപ്യാദിഭേദൈഃ
കല്യാണീം രാജധാനീമകൃത; സുവപുഷാഭ്രഷയത്താം സഭ്രയഃ"

ദക്ഷിണഭോജരാജനെന്ന നാമാന്തരത്താൽ പ്രഖ്യാതനും സംസ്കൃതം മലയാളം ഈ ഭാഷകളുടെ പരിപോഷണത്തിൽ പ്രത്യേകം ജാഗരൂകനും, വിവിധപ്രബന്ധഗണനിർമ്മാതാവുമായിരുന്ന് സമീപകാലത്തിൽ ദിവംഗതനായ വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാൻ സാമൂതിരിപ്പാട്ടിലെ നാമഗ്രഹണത്തിനുമാത്രമെ ഈ സന്ദർഭത്തിൽ സമയമുള്ളൂ. ഇന്നും ഭാഗവതചമ്പു എന്ന മഹനീയമായ സംസ്കൃതകാവ്യം നിബന്ധനം ചെയ്ത ഒരു തമ്പുരാട്ടി സാമൂതിരിക്കോവിലത്തെ അലങ്കരിക്കുന്നതു് ആലോചിച്ചാൽ കേരളസാഹിത്യവുമായി ഈ കോവിലത്തിനുള്ള ബന്ധം പാരമ്പര്യമനുസരിച്ചു നിലനിന്നുപോരുന്നുണ്ട് എന്നുവേണം വിചാരിക്കുവാൻ.

ഞാൻ ഈ പ്രസംഗം ഇവിടെ ചെയ്തതിന് ഒരു പ്രത്യേകോദ്ദേശ്യമില്ലെന്നില്ല. അതു വിശ്വവിശ്രുതമായ സാമൂതിരിരാജകുടുംബത്തിലെ അംഗങ്ങളിൽ ഓരോരുത്തരേ

യും അവക്ക് സാഹിത്യപോഷണവിഷയത്തിലുള്ള കർത്തവ്യതയെ അനുസ്മരിപ്പിക്കുക എന്നുള്ളതാകുന്നു. കേരളഭാഷയ്ക്ക് ഇനിയും രാജകുടുംബങ്ങളെ വിട്ടുപിരിഞ്ഞു സ്വതന്ത്രയായി പുരോഗമനം ചെയ്യത്തക്ക ദേഹപുഷ്ടിയുണ്ടായിട്ടില്ല. പത്തമ്പതു കൊല്ലങ്ങൾകൂടി കഴിഞ്ഞാൽ അതു താനേ ഉണ്ടായിക്കൊള്ളും. അതുവരെയും കാരണവന്മാർ പ്രദർശിപ്പിച്ച ഔദാര്യം ഈ അബലയായ ബാലികയുടെനേർക്ക് അവരും പ്രദർശിപ്പിക്കാതെ ഗത്യന്തരമില്ല. പണ്ട് ഒരു സാമൂതിരിപ്പാട് കൊച്ചിരാജ്യം ആക്രമിച്ചപ്പോൾ തൃശ്ശൂർ ബ്രഹ്മസ്വംമഠത്തിലെ ഒരു ഉണ്ണിനമ്പൂതിരി

"മാടക്ഷമാരമണബാഹുബലാഭിഗുപ്താ
സേയം സഭാ പരവശേതി ന ശങ്കനീയാ,
ഏകാകിനീ നിശിചരാലയമധ്യഗാപി
കിം രാമഭദ്രദയിതാ ദശകണ്ഠമാപ?"

എന്നൊരു ശ്ലോകം എഴുതിക്കൊടുത്തയച്ചതായും അതു സാമൂതിരിപ്പാട് വാങ്ങിവായിച്ചു രസിച്ചതായും ഐതിഹ്യം ഘോഷിക്കുന്നു.

"മാപ്രാണം ത്യജ മാപ്രാണം മാപ്രാണസമവല്ലഭ!
മാനവിക്രമതേജോഭി മ്മാനവിക്രമഭൂപതേ!"

എന്ന ശ്ലോകവും കൊച്ചിയിൽ നിന്നു മറെറാരു നമ്പൂതിരി മറേറാരു സാമൂതിരിക്കയച്ചുകൊടുത്തതാണ്. അങ്ങനെ പാളയത്തിലും പട്ടണം, സമരാങ്കണത്തിലും സാഹിത്യം; അത്തരത്തിൽ പുലർന്നതാണ് ഈ കേരളം. ആ ഓമ്മ നമുക്കെല്ലാവർക്കുമുണ്ടായിരിക്കണം. ഭാഷയുടെ ജാതിയില്ല; മതമില്ല; കാലമില്ല; ദേശമില്ല; ആ ദേവി കേരളീയരായ എല്ലവർക്കും എപ്പോഴും ആരാദ്ധ്യയാണ്; ആ വസ്തുത നാം ഒരിക്കലും മറക്കരുതു്; അതാകുന്നു നമ്മുടെ ഏകയോഗക്ഷേമത്തിനുള്ള ഏകോപായം; അതാകുന്നു നമ്മുടെ ആനന്ദാവാപ്തിക്കുള്ള അജിഹ്മമായ രാജപദ്ധതി.

വന്ദേമാതരം.

ഉള്ളൂർ.

ഇന്നു ഞാൻ, നാളെ നീ.

'ഇന്നു ഞാൻ, നാളെ നീ ഇന്നു ഞാൻ, നാളെ നീ'
ഇന്നും പ്രതിദ്ധ്വനിക്കുന്നിതെന്നോമ്മയിൽ!

പാതവക്കത്തെ മരത്തിൻ കരിനിഴൽ
'പ്രേതം'കണക്കെ ക്ഷണത്താൽ വളരവേ,
എത്രയും പേടിച്ചരണ്ട ചില ശ്വാസ്ഥ-
പത്രങ്ങൾ മോഹം കലർന്നു പതിക്കവേ,
ആസന്ന മൃത്യുവാം നിശ്ശ്വേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടക്കാഞ്ഞു വലിക്കവേ,
താരകരത്നഖചിതമാം പട്ടിനാൽ
പാരമലങ്കരിച്ചോരു വിൺപെട്ടിയിൽ
ചത്ത പകലിൻ ശവം വച്ചെടുക്കുവാ-
നാത്ത മൗനം നാലുദിക്കുകൾ നില്ക്കവേ,
തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിത ഗാത്രിയായന്തിമൂർച്ഛിക്കവേ,
ജീവിതം പോലെ രണ്ടാറവുംകാണാത്തൊ-
രാവഴിയിങ്കൽ തനിച്ചു ഞാൻ നിന്നുപോയ്.

പക്ഷികൾ പാടിയില്ലാടിയില്ലാലില,
യിക്ഷിതി തന്നെ മരവിച്ചുപോലെയായ്.
അന്തികത്തുള്ളൊരു പള്ളിയിൽ നിന്നുടൻ
പൊന്തി'ണാം''ണാ'മെന്നു ദീനമണിസ്വനം.

രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ-
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പൊഴും
മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്ക-
മേക മുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങിവരും ചില 'മാലാക'-
മാരായ്വരാം കുണ്ട വെൺമുകിൽത്തുണ്ടുകൾ.

പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാത കാണിക്കും കുരിശേ, ജയിക്കുക!
ആ വഴിക്കപ്പോളൊരു ദരിദ്രന്റെ നി-
ർജ്ജീവമാം ദേഹമടക്കിയ പെട്ടി പോയ്.

ഇല്ല പെരുമ്പറ, ശ്രദ്ധയാം വിശ്വസ്ത-
വല്ലഭനുടെ നെഞ്ചിടിപ്പെന്നിയേ,

ഇല്ല പൂവഷ്ം വിഷാദം കിടന്നല
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയെ,
വന്നുതറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ
മിന്നുമാറക്ഷര'മിന്നു ഞാൻ നാളെ നീ!'
ഒന്നു നടുങ്ങി ഞാൻ, ആ നടുക്കംതന്നെ
മിന്നു മുഡുക്കളിൽ ദൃശ്യമാണിപ്പൊഴും.

ജി. ശങ്കരക്കുറുപ്പ്.

"ഹാസ്യസാഹിത്യം"

(പ്രസംഗം)

I.

"ഹാസ്യസാഹിത്യം" എന്ന സംജ്ഞകൊണ്ടുതന്നെ എന്റെ പ്രസംഗവിഷയം പ്രസ്പഷ്ടമാണ്. പേരുകേട്ടാൽ ജാതിയറിയാൻ തരമില്ലാത്ത ഇന്നത്തെ പുതിയ പരിഷ്കാരത്തെ ഞാൻ ഇക്കായ്മാത്തിൽ അംഗീകരിച്ചിട്ടില്ല. എന്റെ കയ്യിലുള്ളതു സ്റ്റേടിക പാത്രത്തിലെ പച്ചവെള്ളമാണ്. മൂൽപാത്രത്തിലെ മദ്യമല്ല. 'ഹാസ്യസാഹിത്യ'ത്തെക്കുറിച്ചു നാമമാത്രത്താൽതന്നെ എല്ലാവർക്കും ഏറക്കുറെ അറിയാവുന്നതാണ്. അതിന്റെ ചില വ്യത്യസ്തപ്രസ്ഥാനങ്ങളും, വിവിധഭാവഭേദങ്ങളും, ഉത്ഭവത്തിലുള്ള ഉദ്ദേശങ്ങളും, വളർച്ചയുടെ സ്വഭാവങ്ങളും, ഇന്നത്തെ അതിന്റെ നില, എന്നീ പ്രകരണങ്ങളെക്കുറിച്ചു അല്പാല്പമായി, അവിടവിടെയായി, കുറഞ്ഞൊന്നു പ്രസ്താവിക്കുവാനേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. അതിനോ സമയവും സൌകര്യവുമുള്ള.

"പരിഹസിക്കുക" എന്നതു മനുഷ്യർക്കു സഹജമായുള്ള ഒരു സ്വഭാവവിശേഷമാണ്. ഒരാൾക്കു് എന്തിനെയെങ്കിലും കുറിച്ചുള്ള അഭിപ്രായങ്ങളെ, അയാൾ, മറ്റുള്ളവർ ആദരിക്കുന്നവയോ, പ്രചാരത്തിലുള്ളവയോ ആയ അഭിപ്രായങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ, അന്യന്റേതു് അയാൾക്കു് അസംബന്ധമായോ അബദ്ധമയമായോ, അടിസ്ഥാനരഹിതമായോ, അപൽകരമായോ, അനാശാസ്യമായോ തോന്നുന്നു. അവയുടെ ആ ഭാവത്തെ വിശദപ്പെടുത്തുവാൻ അയാൾ ശ്രമിക്കുന്നു. ആ ശ്രമത്തിന്റെ വാഗ്രൂപമായ പ്രദർശനം സാഹിത്യഗുണത്തോടുകൂടിയതാകുമ്പോൾ അതു 'ഹാസ്യസാഹിത്യ'മായി.

പ്രത്യേകങ്ങളായ വിഷ്ടിത്തങ്ങൾക്കു വശംവദമല്ലാത്ത കാലഘട്ടമില്ല. അപരാധങ്ങളിൽ നിന്നു വിമുക്തങ്ങളായ പ്രസ്ഥാനങ്ങളില്ല. മനുഷ്യരുടെ മനോഭാവങ്ങളും എന്നും വൈചിത്ര്യത്തോടുകൂടിയവയാണ്. മനുഷ്യർ ആരും എന്നും അപൂർണ്ണരാണ്. കുറവും കുറവും എപ്പോഴും എല്ലാറ്റിലും ഉണ്ടാകും. ആ ന്യൂനതകളെ കാണുന്ന കണ്ണും, അതിൽ

ക്ഷോഭിക്കുന്ന കരളും, സ്വാഭിപ്രായപ്രകടനം കൊണ്ട് അതിനെ ശരിപ്പെടുത്തുന്നതിനുള്ള സൽബുദ്ധിയും, ഏറക്കുറെ എല്ലാവർക്കും എന്നും ഉണ്ടായിരിക്കുന്നതാണ്. ആ പരിഹാസം-പാരുഷണാ എന്നതന്നെ പറയാം-വമല്ലാരക്കുമന്ന മനോഹരവസ്ത്രം ധരിച്ചുംകൊണ്ടു പുറത്തു പുറപ്പെടുമ്പോൾ അതിനെ രസികന്മാർ അഭിനന്ദിക്കുന്നു. ആ പരിഹാസത്തിന്റെ പരിഷ്കൃതിയിലും, അതിന്റെ സാരസ്യത്തിലും അവർ ആനന്ദമടയുന്നു. ആ പരിഹാസകാവ്യം 'ഹാസ്യസാഹിത്യം' എന്ന ഒരു പ്രത്യേകപ്രസ്ഥാനമായി പരിണമിക്കുന്നു. സാഹിത്യത്തിന്റെ ഈ പ്രസ്ഥാനത്തിനു മനുഷ്യചരിത്രത്തോളം പഴക്കവും പ്രാധാന്യവും ഉണ്ട്.

കുറുംപറയൽ, അന്യോന്യം പരിഹസിക്കൽ, ചീത്തപറയൽ, കൊഞ്ഞനം കാണിക്കൽ, അടിപിടിക്കുടൽ ഇതിലൊക്കെത്തന്നെ 'ഹാസ്യസാഹിത്യ'ത്തിന്റെ മൌലികബീജങ്ങളുണ്ട്. ഇവയെല്ലാം അടിസ്ഥാനമായ മനോഭാവവും, ഇവയുടെ എല്ലാം പരമാവധിയും തന്നെയാണു 'ഹാസ്യസാഹിത്യ'ത്തിന്റെയും മൂലകാരണവും നിർദ്ദിഷ്ടമായ ഉദ്ദേശവും എന്ന് അല്പം ആലോചിച്ചാൽ അറിയാം.

ഒരാളുടെ അഭിപ്രായത്തിനു യോജിക്കാത്ത അഭിപ്രായത്തെ അംഗീകരിക്കുന്ന ആളുടനേരെ ഒരു ഈർഷ്യാഭാവവും, ഒരു പരിഹാസബുദ്ധിയും, ആ അഭിപ്രായം മാറുന്നതിനുള്ള ഒരു ശ്രമവും മറേറ ആരംഭത്തിൽ ഉണ്ടാകുന്നു. ന്യായം പറഞ്ഞും, വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചും, ആന്തരമായ അബദ്ധത്തെ വെളിപ്പെടുത്തിയും, ഉദാഹരണങ്ങൾ ഉദ്ധരിച്ചും അഭിപ്രായം മാറുവാൻ ശ്രമിക്കുന്നു. ഫലിക്കാഞ്ഞാൽ ശകാരിക്കുന്നു. വഴിപ്പെടാഞ്ഞാൽ "രണ്ടു കയ്യു നോക്കാൻ" തന്നെ മുതിരുന്നു. ഈ മനോഭാവത്തിന്റെ വിപുലതരവും രസാവഹവും സപ്രയോജനവും ആയ ഒരു പ്രത്യക്ഷരൂപം ആകുന്നു ഹാസ്യസാഹിത്യം. ആളുടെ തരംപോലെ, വക്താവിന്റെ വിജ്ഞാനത്തിനും രസികതയ്ക്കും, മനഃസ്ഥിതിക്കും അനുഗുണമായ വിധത്തിൽ, 'ഹാസ്യ'ത്തിന്റെ സ്വരൂപവും അതുരചിതമാകുന്നു. ശകാരവർഷം, സദുപദേശപ്രവാഹം, ഫലിതക്കോട്ട്, പരിഹാസധോരണി, സോൽപ്രാസപ്രസംഗം (Irony), സാരസ്യപ്രകടനം ഇപ്രകാരം ഏതെങ്കിലും ഒന്നിന്റെ കൂടുതൽകുറവനുസരിച്ച് ആ പരിഹാസം ഹാസ്യസാഹിത്യത്തിലെ ഏതെങ്കിലും ഒരു ഇനത്തിൽ ഉൾപ്പെടുന്നു.

മേല്പറഞ്ഞതിൽനിന്ന് ഒരു ഹാസ്യസാഹിത്യകാരന്റെ ഉപകരണങ്ങൾ—കരുക്കൾ—ആയുധങ്ങൾ—ഏതെല്ലാമെന്നുകൂടി സ്പഷ്ടമാകുന്നുണ്ട്. "സോല്ലുണ്ടനം, സോൽപ്രാസം, വ്യാജസ്തുതി" എന്നെല്ലാം പറയാവുന്ന Irony; ഫലിതം, നർമ്മം, സാരസ്യം എന്നൊക്കെ വിവരിക്കാവുന്ന Wit; വൈചിത്ര്യം, വൈദഗ്ദ്ധ്യം, രസികതാപം മുതലായവ ഉൾപ്പെട്ട Humour; ഉപാലംഭം, നിന്ദ, പരിഹാസം തുടങ്ങിയവ അടങ്ങിയ Sarcasm; ശകാരം ദുർഭാഷണം, വാങ്മർദ്ദനം എന്നോ മറേറാ വിവരിക്കാവുന്ന Invective; ഈ പഞ്ചായുധങ്ങളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ, എല്ലാംകൂടിത്തന്നെയോ യുക്തിയും ബുദ്ധിയും അനുസരിച്ചു പ്രയോഗിക്കാം. ഈ അഞ്ചമ്പുകളേയും തൊട്ടു

ക്കുന്നതു ചമല്ക്കാരവും ആകർഷകത്വവും പൂർണ്ണമായിട്ടുള്ള വാക്കുകളാൽ രചിതമായ സാഹിത്യം എന്ന വില്ലുകൊണ്ടാണ്. അപ്പോഴാണ്, അങ്ങിനെയായാൽ മാത്രമാണ്, മേൽ വിവരിച്ച ആയുധങ്ങൾ ലക്ഷ്യത്തെ ഖണ്ഡിക്കുന്നതും സഹൃദയന്മാക്ക് ആഹ്ലാദകരങ്ങളായി ഭവിക്കുന്നതും. സാഹിത്യരസവിരളങ്ങളായ സോൽപ്രാസങ്ങളോ, നർമ്മോക്തികളോ, ഉപാലംഭങ്ങളോ, പരിഹാസങ്ങളോ ശകാരങ്ങളോ ഒന്നും ലക്ഷ്യത്തെ ലക്ഷ്യമാക്കുന്നവിധം ഖണ്ഡിച്ചാലും, വക്തൃാവിനെ സംതൃപ്തിപ്പെടുത്തിയാലും, ശ്രോതാവിനെ രസിപ്പിക്കുകയോ, യഥാർത്ഥമായ ഹാസ്യസാഹിത്യത്തിൽ ഉൾപ്പെട്ട ശാശ്വതമായ ഒരു സ്ഥാനം അലങ്കരിക്കുകയൊ ചെയ്യുന്നതല്ല. പറയേണ്ടതു പറഞ്ഞാൽമാത്രം സാഹിത്യമാകുന്നതല്ല പറയേണ്ടവിധം പറയുകയും രസിപ്പിക്കുമാറു പറയുകയുംകൂടി വേണം. അതുകൊണ്ടാണു സാധാരണ ശകാരങ്ങൾ സാഹിത്യത്തിൽ പെടാത്തതു്.

പരിഹസിക്കുവാൻ പുറപ്പെടുന്നവന്റെ മനസ്സിൽ അഹങ്കാരത്തിന്റെ ഒരംശമുണ്ടെന്നു പക്ഷെ സമ്മതിക്കേണ്ടിവരും. അന്യന്റെ അഭിപ്രായമോ പ്രവൃത്തിയോ തെറ്റാണെന്നുള്ള ഒരു ജ്ഞാനവും അതിനെ ആക്ഷേപിക്കാൻ തനിക്ക് അർഹതയുണ്ടെന്നുള്ള ഒരു ബോധവും ആണു വക്തൃാവിന്റെ അടിസ്ഥാനം. എന്നാൽ ആ അഹങ്കാരം ഉദ്ദേശശുദ്ധിയിലും, പ്രയോഗചാതുരിയിലും മഗ്നമാകുന്നു. അല്ലാത്തപക്ഷം ഉന്നം തെറ്റുകയും ആക്ഷേപകൻതന്നെ ആക്ഷിപ്തനാകയും ചെയ്യും.

തന്റെ ഒരു അഭിപ്രായശകലം ഹാസ്യസാഹിത്യകാരൻ പെട്ടന്ന്, ഒരു വെടിക്കെട്ടുകാരൻ അവിട്ടവെടി എന്നപോലെ, പുറത്തുവിടുന്നു. ആകസ്മികമായി പ്രസ്ഫുടവും പ്രത്യക്ഷവുമാക്കുന്നു. സാവധാനത്തിൽ നമ്മുടെ ബുദ്ധിയെ ഉപയോഗിച്ച് ഒരഭിപ്രായം പുറപ്പെടുവിക്കുന്നതിന്നു് അവസരം നല്കാതെ, "അതിനെപ്പറ്റി എന്തു വിചാരിക്കുന്നു"? എന്നു നമ്മോടു പെട്ടെന്നു ചോദിക്കുന്നതു് അയാൾ നമ്മുടെ ഔചിത്യബോധത്തെയാണ്, ബുദ്ധിയേക്കാൾ അധികം ആശ്രയിക്കുന്നതു്. കണ്ടമ്മാമനെക്കുറിച്ചു നമുക്കു പെട്ടന്നുണ്ടാകുന്ന 'തോന്നലി'നേയാണ്, സൂരിനമ്പൂരിപ്പാടിനെപ്പറ്റി ഉടനടി തോന്നുന്ന അഭിപ്രായത്തെയാണ്, ചന്തുമേനോൻ അറിവാൻ ആഗ്രഹിക്കുന്നതു്. അദ്ദേഹമാണെങ്കിൽ,—ഗ്രന്ഥകർത്താവു്—തന്റെ സ്വന്തം അഭിപ്രായം ഒന്നുംതന്നെ പറയുന്നതുമില്ല.

ഹാസ്യകാരൻ സാഗതികളുടെയോ സന്ദർഭങ്ങളുടെയോ അസംബന്ധത്തെയാണ്, അബദ്ധപഞ്ചാംഗത്തെയാണ്, നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതു്. സൽഭാവത്തിന്റെയൊ സൽചിത്തത്തിന്റെയൊ, വൈശിഷ്ട്യപ്രദർശനം ഹാസ്യകാരന്റെ കച്ചവടരഹസ്യത്തിൽ പെടുന്നതല്ല. അയാൾ അസുന്ദരവസ്തുക്കളെ സൌന്ദര്യധോരണിയുടെ മദ്ധ്യത്തിലേക്കെറിയുന്നു; നീചങ്ങളെ ഉത്തമങ്ങളുടെ ഇടയിലിടുന്നു; സത്യത്തെ അസത്യത്തിന്റെ തിരക്കിൽകൊണ്ടു ചാടിക്കുന്നു; അങ്ങിനെ, സൌന്ദര്യത്തെയും, ഉത്തമഭാവത്തെയും, സത്യസ്ഥിതിയേയും യഥാർത്ഥനിലയുടെ കണ്ണുള്ളവർക്കു കാട്ടിക്കൊടുക്കുന്നു. താൻ അതാണു ചെയ്യുന്നതെന്നോ, എന്താണു ചെയ്യുന്നതെന്നോ; അയാൾ മിണ്ടുന്നില്ല.

ചെപ്പിടിവിദ്യക്കാരന്റെ കയ്യടക്കത്തിലാണല്ലൊ ആ കലയുടെ രഹസ്യം കിടക്കുന്നതു്. വിളിച്ചുപറഞ്ഞാൽ ഫലം തീർന്നു; ഉദ്ദേശം തെറ്റി; രസം നശിച്ചു.

പരിഹാസകാവ്യം മിക്കവാറും ഒരു "നശീകരണയന്ത്ര"മാകുന്നു. വെട്ടിമുറിക്കലാണു്, നട്ടുപിടിപ്പിക്കലല്ലാ, അതിന്റെ സാധാരണധർമ്മം. ആളുവസ്ഥ നോക്കാതെയും ചിലപ്പോൾ സ്ഥലകാലമറിയാതെയും അടിച്ചുകയറുന്ന അതിന്റെ പ്രവാഹശക്തി പലപ്പോഴും നല്ല സാഹിത്യവൃക്ഷങ്ങളുടെചോലും കട പൊഴക്കുകയും, സാഹിത്യസരിത്തിന്റെ ചിറകൾ പൊട്ടിക്കുകയും, ഓരങ്ങൾ ഇടിച്ചുതകർക്കുകയും ചെയ്തിട്ടുണ്ടു്. ചില സമയത്തു അതു കേവലം വ്യക്തിപരമായ ആക്ഷേപമാകുന്ന നീചക്കണ്ടിലേയ്ക്കു നിപതിക്കാതിരുന്നിട്ടുമില്ല. വിഷയത്തെ വിട്ടു് ആളെ പരിഹസിക്കുന്നതിനു്—കാവ്യത്തെ കൈവെടിഞ്ഞു് കവിയെത്തന്നെ കൊഞ്ഞനം കാണിക്കുന്നതിനു്—ഇടയായിട്ടുണ്ടു്.

മിക്കപ്പോഴും വ്യക്തിപരമായ വിദ്വേഷമോ അസൂയയോ ആയിരിക്കും പരിഹാസകവനങ്ങളുടെ പ്രഥമമായ പ്രേരകമെന്നിരുന്നാലും വിവേകിയായ കവിയുടെ കയ്യിൽ, സത്യത്തെ വെളിപ്പെടുത്തുക, ഹാസ്യത്തെ പരിഹസിക്കുക, വെറുക്കേണ്ടതിനെ വെറുപ്പിക്കുക എന്ന എതെങ്കിലും കായ്ക്ഷമമായ സദുദ്ദേശത്താൽ, ആ അസൂയയും വിദ്വേഷവും ശുദ്ധിചെയ്യപ്പെടുകയും അതിന്റെ ആരംഭനീചത്വം തീരെ വിസ്മൃതപ്രായമാകുകയും ചെയ്യുന്നു. പരിഹാസം ഒരു നിരൂപണരീതി മാത്രമാണു്. അതിന്റെ ലക്ഷ്യം ആളല്ലാ, അഭിപ്രായമാണു്. കവിയുടെ ഉദ്ദേശമല്ലാ, കാവ്യത്തിന്റെ നിർദ്ദേശമാണു പരിഹാസകവനത്തിനു സ്വീകാര്യമാകുന്നതു്. യുദ്ധത്തിനു പുറപ്പെടുന്നതു രാജ്യലാഭത്തിലുള്ള നഗ്നമായ അത്യാർത്തികൊണ്ടുമാത്രമാണെങ്കിലും, ശത്രുരാജാവിനെ ആക്രമിക്കുന്നതിനു് എതെങ്കിലും തക്ക ഒരു ന്യായം പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടു്. 'ആട്ടിൻകുട്ടിയും ചെന്നായയും' എന്ന കഥയിലെ ചെന്നായയ്ക്കുപോലും ആ ആട്ടിൻകുട്ടിയെ കൊല്ലുന്നതിനു് ഒരു കാരണം കാണിച്ചു് തന്റെ നീചപ്രവൃത്തിയെ നീതീകരിക്കണമെന്നു തോന്നി!

ക്രൂരതെ, പരിഹാസം വെറും ഒരു നശീകരണയന്ത്രമാണെന്നു പുറയുന്നതും മുഴുവൻ ശരിയല്ല. നശിപ്പിക്കുന്നതു യഥാർത്ഥത്തിൽ ആ യന്ത്രമല്ല. നശിപ്പിക്കപ്പെടേണ്ടതാണെന്ന നിലയ്ക്കുള്ള ചില ന്യായങ്ങളും കാരണങ്ങളും, കുറെ അതിശയോക്തിയോടുകൂടിയാണെങ്കിലും, പ്രകടിപ്പിക്കുകമാത്രമേ ആ യന്ത്രം ചെയ്യുന്നുള്ളു. ആ പ്രസംഗം കേട്ടു വിധി ഉച്ചരിക്കുന്നതു പൊതുജനങ്ങളാണു്—വായനക്കാർ. സത്യമാകുന്ന കോടതിയിൽ, അസുന്ദരമായ ഒന്നിനെ, അസംബന്ധമായ ഒന്നിനെ, ആ നിരൂപകൻ—ഹാസസാഹിത്യരസികൻ—കുറക്കാരനാക്കിക്കൊണ്ടു ചെല്ലുന്നു. വിവേകികളായ അസംഖ്യം വിധികർത്താക്കന്മാർ കച്ചേരിചെയ്യുന്നതാണു് ആ കോടതി. കുറക്കാരന്നു് ഒന്നും ഭയപ്പെടുവാനില്ല. ജഡ്ജിപ്പീസർ—കവി—പക്ഷപാതിയാണെങ്കിൽ, പരമാർത്ഥിയല്ലെങ്കിൽ, സ്വാർത്ഥിയാണെങ്കിൽ, കുസൃതിക്കാരനാണെങ്കിൽ, ആ ജഡ്ജിമാർ പ്രോസി

ക്കൂട്ടരെത്തന്നെ പ്രോസിക്കൂട്ടുചെയ്യുന്നതായിരിക്കും. കുട്ടിച്ചാത്തനെപ്പോലെ ഭക്തനെത്തന്നെ ഭക്ഷിക്കുന്നതിനു മടിക്കാത്ത ഒരു കരാളമൂർത്തിയാണ് അവരുടെ മുമ്പിൽ ഈ പരിഹാസദേവി.

പരിഹാസകാവ്യകാരന്റെ പ്രയോഗപദ്ധതികളിൽ വളരെ സാധാരണവും ഏറ്റവും കായ്ക്ഷമവും ആയ ഒന്ന് "അധികം കിഴക്കോട്ടുപോയാൽ പനിപിടിക്കും" എന്നു കാണിച്ചുകൊടുക്കുകയാണ്. അനഹ്മായ ഒരു സ്ഥാനത്തെ ആരോഹണംചെയ്യുന്നതിനു് ആഗ്രഹിക്കുന്ന ഒരാളെ നിഷ്പ്രയാസം ആ സ്ഥാനത്തിരുത്തി അതിനുള്ള അവന്റെ അവകാശശ്രുതിയെ അവനെക്കൊണ്ടുതന്നെ സമ്മതിപ്പിക്കാമെങ്കിൽ ആ "ചാടിക്കയറരോഗത്തിന്" അതിലും കൈകണ്ട ഔഷധമില്ലെന്നു പറയേണ്ടതില്ലല്ലൊ. "Reductio ad absurdum". ഇതാണു ന്യായം. ഇങ്ങനെ പോയാൽ എവിടെ എത്തും? തീച്ചയായും പരമാബദ്ധക്കുണ്ടിൽ എന്നു അഭിപ്രായപ്പെട്ടുകൊണ്ട് അബദ്ധമായ ആ വഴിയിൽക്കൂടിത്തന്നെ കുറെക്കാരനോടൊപ്പം കവിയാത്രചെയ്തയും 'വഴിതെറ്റി', അഥവാ, 'ആ വഴി ആപച്ചുരമാണ്' എന്നു് അയാളെക്കൊണ്ടുതന്നെ സമ്മതിപ്പിക്കുകയും ചെയ്യുന്നു. ദൂരാന്വയവും പാദപൂരണാർത്ഥമുള്ള നിരർത്ഥകപദപ്രയോഗവും സ്വല്പമെങ്കിലും സമ്മതിക്കപ്പെട്ടാൽ എത്തുന്നതു് എവിടെയാണെന്നു് ആ പന്ഥാവിൽക്കൂടി കുറച്ചധികം പ്രയാണം ചെയ്ത തോലകവി,

"ഉത്തിഷ്ഠോത്തിഷ്ഠരാജേന്ദ്രമുഖംപ്രക്ഷാളയസ്വടാ-
ഇതിക്രജയതേ കുക്കുവൈതുഹി വൈതുഹി"

എന്ന സുപ്രസിദ്ധമായ പരിഹാസശ്ലോകംകൊണ്ടു പെരുമാളെത്തന്നെ ബോദ്ധ്യപ്പെട്ടുത്തിയിരിക്കുന്നു. ഈ രീതിയുടെതന്നെ മറ്റൊരു രൂപമാണ്—വാഗ്രൂപമല്ല, പ്രവൃത്തിരൂപം—"ശ്രുതം ശ്രോതവ്യം" എന്ന ശാകുന്തളത്തിലുള്ള ഭാഗത്തെ "ശ്രുതാനി ശ്രോതവ്യാനി" എന്ന സുഭദ്രാധനഞ്ജയകാരൻ കണ്ണടച്ചു കട്ടെടുത്തു ചേത്തപ്പോൾ കരിയും തുപ്പും ധരിച്ചു "ശാകുന്തളവേഷം" കെട്ടിയ തോലൻ "രാജാവു് എന്നെ മാന്തിത്തിന്നുന്നെ," എന്നു വാവിട്ടലറിയതും. "ഒരു വിഡ്ഢിയെ അവന്റെ വിഡ്ഢിത്തത്തിന്റെ വിശിഷ്ടസന്താനങ്ങളായ വലിയ വിഡ്ഢിത്തങ്ങളുടെ ഒരു പ്രദർശനംകൊണ്ടു വിഡ്ഢിയാക്കുക" ഇതാണ് ഈ രീതിയുടെ സൂക്ഷ്മതത്വം.

II.

സാമുദായികമൊ, മതപരമൊ, രാഷ്ട്രീയമൊ സാഹിത്യസംബന്ധമൊ ആയ പൊതുവായ ഏതെങ്കിലും ന്യൂനതയെക്കുറിച്ചു്, വ്യതിചലനത്തെപ്പറ്റി, ആത്മാർത്ഥമായി വ്യസനിച്ചു്, പരിഹാരമാർഗ്ഗങ്ങളെ തേടിക്കൊണ്ടു ചിന്താമഗ്നനായിക്കഴിയുന്ന ഒരു യഥാർത്ഥസാഹിത്യകാരനിൽനിന്നു തന്നിവാരണാർത്ഥം പുറപ്പെടുന്ന ഹാസ്യരസപ്രധാനമായ കാവ്യതല്ലജങ്ങളുടെ സമൂഹത്തെയാകുന്നു "ഹാസ്യസാഹിത്യ"മെന്നു പറയുന്നതു്.

സാഹിത്യസൌധത്തിന്റെ അത്യുന്നതങ്ങളായ സോപാനങ്ങളിൽ പ്രതിഷ്ഠിക്കത്തക്കവണ്ണം പരിഹാസകവിത ശക്തവും ഉൽകൃഷ്ടവുമാകുന്നു. അപ്രകാരമുള്ള കവി താൻ ജീവിച്ചിരുന്ന കാലത്തിന്റെ ഒരു കണ്ണാടിയാകുന്നു. അന്നത്തെ ആദർശങ്ങളും, അഭിപ്രായങ്ങളും, ആചാരങ്ങളും അന്ധവിശ്വാസങ്ങളും സ്പഷ്ടമായും സത്യമായും ആ കവിയുടെ കന്മഷരഹിതമായ അനുകമ്പാസംശുദ്ധമായ മനോമുകുരത്തിൽകൂടി ഏതു കാലത്തും ആർക്കും കാണത്തക്കവണ്ണം ദീപ്തിയോടെ പ്രതിഫലിക്കുന്നു. സ്വതന്ത്രപ്രതിഭാപ്രകാശത്താൽ ആ പ്രതിഫലനം രമണീയവും രസാവഹവുമായിബ്ഭവിക്കുന്നു. അത്തരം കൃതികൾക്കു സാഹിത്യപരമായി മാത്രമല്ലാ, ചരിത്രസംബന്ധമായും പ്രാമാണ്യവും പ്രാഥമ്യവും ഉള്ളതാകുന്നു. ഒരു മോട്ടോർവാഹനത്തിന്റെ ദീപ്തിമത്തുക്കളായ വൈദ്യുതദീപങ്ങളുടെ പ്രഭയാൽ വഴിയിലെ നിമ്നോന്നതസ്ഥാനങ്ങൾ പ്രസ്പഷ്ടങ്ങളായിത്തീരുന്നതുപോലെ, ആ കഴിഞ്ഞകാലത്തിലെ കുണ്ടും കുഴിയും കാട്ടും മേട്ടുമെല്ലാം ആ കവിവര്യന്റെ അഭിപ്രായപ്രകടനമാകുന്ന പ്രദീപടലത്തിൽ പ്രസ്പടങ്ങളായി ഭവിക്കുന്നു. കുഞ്ചൻനമ്പ്യാരുടെ തുള്ളക്കഥകളിലെ ഹാസ്യരസപ്രധാനങ്ങളായ വർണ്ണനാശതങ്ങൾ ഇതിന് ഉത്തമോദാഹരണങ്ങളാകുന്നു.

III.

പാശ്ചാത്യസാഹിത്യത്തിൽ 'സറയർ' (പരിഹാസകവനം) അടുത്തകാലംവരെ സാഹിത്യത്തിലെ ഒരു പ്രത്യേകപ്രസ്ഥാനമായി, വിശദമായ ഒരു വിഭാഗമായി നിലനിന്നിരുന്നു. ഇന്നും സാഹിത്യത്തിൽ അതിന്നു മാന്യമായ ഒരു സ്ഥാനവും സ്വതന്ത്രമായ ഒരു ഔൽകൃഷ്ട്യവും ഉണ്ടെങ്കിലും, അതു സാഹിത്യത്തിൽ ഒന്നാകെ എല്ലാറ്റിലുമായി ലയിച്ചുപോയിരിക്കുന്നു എന്നു പറയാം. അതിന്റെ സ്പർശവും അവലംബവും ഇന്ന് എല്ലാതരം സാഹിത്യത്തിലും,—നോവൽ, രാജ്യചരിത്രം, ജീവചരിത്രം, നാടകം എന്നു തുടങ്ങിയ എല്ലാ സാഹിത്യവകുപ്പുകളിലും,—ഏറക്കുറെ ആവശ്യാനുസരണം പകർന്നും പരന്നും കാണുന്നുണ്ട്. "വെൽസ്" "ബർണാഡ്ഷാ" മുതലായ ഇന്നത്തെ ആംഗ്ലേയസാഹിത്യകാരന്മാർ ഹാസ്യസാഹിത്യത്തിന്റെ സംരക്ഷകന്മാരും സംപോഷകന്മാരുമാരുതന്നെ. എന്നാൽ അവരാരും പണ്ടത്തെപ്പോലെ അതിനെ പ്രത്യേകലക്ഷണങ്ങളോടുകൂടിയ ഒരു വകുപ്പായി അംഗീകരിച്ചു പ്രവർത്തിച്ചുകാണുന്നില്ല. 18-ാംനൂറ്റാണ്ടിന്റെ അവസാനംവരെ ഗ്രീസിനേയും റോമിനേയും ഏതിലും മാതൃകകളായി അംഗീകരിച്ചിരുന്ന പാശ്ചാത്യന്മാർ ഹാസ്യസാഹിത്യത്തെയും പ്രത്യേകം തടംകോരി വേറിട്ടതന്നെ നട്ടുവളർത്തിവന്നിരുന്നു. ഇന്ന 'ഹാസ്യം' —പരിഹാസകവനം— ഒരു പ്രസ്ഥാനമല്ലാ, പ്രതിപാദനരീതിയുടെ (Style) പ്രത്യേകതയൊ വൈശിഷ്ട്യമൊ മാത്രമാണെന്നു പരക്കെ സ്വീകൃതമായിക്കാണുന്നു അഭിപ്രായം. തന്നിമിത്തം കവികളിലെല്ലാം ഉപ്പെന്നപോലെ, ഹാസ്യം ഏതൊരാളുടേയും ഏതു ഗ്രന്ഥത്തിലും മാത്രാവ്യത്യാസത്തോടുകൂടി കാണാവുന്നതാകുന്നു.

IV.

ഹാസ്യസാഹിത്യത്തെ ഒരു പ്രത്യേകവകുപ്പായി പരിപാലിച്ചുപോന്ന ഗ്രീസിലേയും റോമിലേയും സാഹിത്യചരിത്രത്തിലെ ഈ പ്രസ്ഥാനത്തിന്റെ അദ്ധ്യായം അ

നേപഷിച്ചറിയുന്നതു രസാവഹമായിരിക്കും. "കപിൻറിലിയൻ" പറയുന്നതു ഹാസ സാഹിത്യത്തിന്റെ ജന്മഭൂമിയും ശരിയായ കേളീരംഗവും ഗ്രീസ്സാണെന്നാണ്. എന്നാൽ 'ഹോറേസ്സി'ന്റെ അഭിപ്രായത്തിൽ ആ സ്ഥാനത്തെ സർവ്വഥാ അഹിക്കുന്നതു 'റോമാ' ണെന്നാകുന്നു.

ഹാസസാഹിത്യത്തിന്റെ പൂർവ്വചരിത്രം നോക്കിയാൽ അതിന്റെ ആരംഭം ഒരാളോടുള്ള പകവീട്ടാൻ, ഒരു വർഗ്ഗത്തോടുള്ള വിദ്വേഷം വെളിക്കവിടുവാൻ, ക്ഷുഭിതരായ ചില രസികശിരോമണികൾ ആത്മസംതൃപ്തിയ്ക്കു പരസ്യമായി പരിഹസിക്കുവാൻ ഒരുമ്പെട്ടതാണെന്നു കാണാം. ചാക്യാരാൽ അപമാനിതനായിട്ടാണു കുഞ്ചൻനമ്പ്യാർ തുള്ളൽ തുടങ്ങിയതെന്നു പറയുന്നതു നേരാണെങ്കിൽ, കുഞ്ചൻനമ്പ്യാരുടെ ആ മനസ്ഥിതി പൌരാണിക ഗ്രീക്കുകാക്കുമുണ്ടായിരുന്നു. ഏതായാലും ഹാസസാഹിത്യം ആദ്യത്തിൽ കേവലം "ആളെച്ചൂണ്ടിക"ളായിരുന്നു എന്നുറപ്പിക്കാവുന്നതാണ്. എത്ര അധികം നാം പിൻപോട്ടു പോയി ചരിത്രം പരിശോധിയ്ക്കുന്നുവോ അത്ര അധികം ഈ "ആളെച്ചൂണ്ടൽ" ആ സാഹിത്യപ്രസ്ഥാനത്തിന്നുണ്ടായിരുന്നു എന്നു കാണാം. പ്രസിദ്ധസാഹിത്യകാരനായ "ഡികപിൻസി"ക്കുടി പറയുന്നു, "ഹാസസാഹിത്യം എത്ര അധികം ആളെച്ചൂണ്ടിയാണോ അത്ര അധികം അതു് ഉദ്ദേശസാദ്ധ്യത്തിന്നു പര്യാപ്തമാണ്" എന്ന്. എന്നാൽ, കുറക്കാരന്റെ പുറം അടിച്ചുപൊളിക്കൽ മാത്രമല്ലാ ശിക്ഷയുടെ ഉദ്ദേശം. അവനെ ഗുണവാനായി രൂപാന്തരപ്പെട്ടുന്നതും അന്യരെ ആ കുറ്റത്തിൽനിന്ന് അകത്തിനിർത്തുന്നതുംകുടി ശിക്ഷയുടെ ഉദ്ദേശത്തിൽ ഉൾപ്പെട്ടതാകുന്നു.

ഗ്രീസിലെ 'സറയർ' റോമിലേതിനേക്കാൾ അധികം "ആളെച്ചൂണ്ടിക"ളായിരുന്നു. റോമിന്റെ സാമ്രാജ്യകാലമായപ്പോഴേയ്ക്കും അവരുടെ ഹാസസാഹിത്യം ആളെവിട്ട് അഭിപ്രായങ്ങളെ അംഗീകരിച്ചുതുടങ്ങി. അങ്ങിനെയാണെങ്കിലും, ഹാസസാഹിത്യപ്രസ്ഥാനത്തിൽ ഗ്രീസ്സിന്നുള്ള സ്ഥാനം ഒട്ടും അപ്രധാനമല്ലതന്നെ. 'ആക്കിലോക്കസ്സ്', 'സൈമോണൈയഡീസ്സ്', 'ഹിപ്പോനോക്സ്' ഈ മൂന്നു കാവ്യകാരന്മാർ മതി ഗ്രീസ്സിലെ ഹാസസാഹിത്യത്തെ അനേശ്വരവും അതിസുന്ദരവുമാക്കി ചെയ്യുന്നതിന്ന്. എങ്കിലും, ഗ്രീക്കുകല അതിന്റെ പരിപൂർണ്ണതയെ പ്രാപിച്ചതു് "അരിസ്റ്റോഫാനീസ്" എന്ന മഹാകവിയുടെ ലോകോത്തരമായ പ്രഹസനപ്രധാനങ്ങളായ പരിഹാസനാടകങ്ങളുടേയും "ഈസോപ്പി"ന്റെവിശ്വവിശ്രുതങ്ങളായ മൃഗകഥകളുടെയും കാലത്താണ്. അചിരേണ ഗ്രീസിന്റെ സാമ്രാജ്യശക്തി അസ്തമിച്ചു; അതോടുകുടി അവിടത്തെ സാഹിത്യസൂര്യന്റെ ചക്രവാളം സങ്കുചിതവും കാന്തി അസ്തമിതപ്രായവും ആയി.

V.

"സറയറി"ന്റെ ശരിയായ കളരിയും കേന്ദ്രവും വാസ്തവത്തിൽ റോമായിലായിരുന്നു. റോമക്കാർക്കു ഗ്രീക്കുകാരേക്കാൾ കൂടുതൽ ധർമ്മബോധവും കൂടുതൽ സമുദായസംഘടനയും ഉണ്ടായിരുന്നു. "സറയർ" എന്ന പേരുകൊടുത്തതുതന്നെ റോമക്കാരാണ്. കൊയിത്തു കഴിഞ്ഞാൽ പ്രഥമഫലങ്ങളെ "ബാക്കസ്സ്"—ഈറീസ്സ്" എന്ന

ദേവന്മാർക്ക് നിവേദിക്കുന്നതിനു പല പാട്ടും പാടി ഒരു പടക്കുതിരയുടെ പുറത്തുകയറിക്കൊണ്ടു പോകാറുള്ളതിൽനിന്നാണു "സറായറി"ന്റെ നാമവും രൂപവും അവിടെ രൂഢീഭവിച്ചതു്. 'എന്നിസ്സ്', 'വാറോ' എന്നിവരാണു് ആ സാഹിത്യകലയുടെ പ്രണേതാക്കൾ.

ഈ പരിഹാസകവനകലയെ വിപുലവും വിശുദ്ധവും ഗൗരവാവഹവുമാക്കിയതു "ലൂസീലിയസ്സ്" എന്ന കവിയാണു്. അദ്ദേഹത്തിനെ പിന്തുടർന്നാണു "ഹോറേസ്സ്", "പെർസിയസ്", "ജുവനൽ" എന്നീ ലോകപ്രസിദ്ധന്മാരും സറായറിന്റെ യഥാർത്ഥ പ്രഭാവശാലികളുമായ കവീന്ദ്രന്മാർ കാവ്യരചനചെയ്തതു്. ഹോറേസ്സിന്റെ കയ്യിൽ സാറ്റയർ ഒരു പുതിയ രൂപത്തേയും ശക്തിയേയും സമ്പാദിക്കുക മാത്രമല്ലാ, അതു് അനശ്വരമായ, ചമൽക്കാരപൂർണ്ണമായ ഒരു പരമസുന്ദരവസ്തുവായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ കൃതികൾ ഇന്നും ആ വിഷയത്തിൽ ലോകോത്തരങ്ങൾതന്നെയാകുന്നു. അദ്ദേഹം 'അഗസ്റ്റൻ ഏജിലെ' ഭരണരീതി, സമുദായനടപടി, സാഹിത്യനില, ജനാഭിരുചി എന്നിവയെല്ലാം നമ്മുടെ രസികാഗ്രേസരനായ കഞ്ചനെപോലെ സ്പർശിച്ചുകൊണ്ടു കാവ്യം രചിച്ചു. മുറിവേകുവാൻമാത്രം ഉദ്ദേശിക്കുന്ന പരിഹാസകവിത ആശാസ്യമല്ലെന്നും അതു് ഇരുട്ടിൽ എയ്യപ്പെടുന്ന അമ്പുപോലെ ആപത്കരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ കൃതികൾ പരിശുദ്ധവും വിദ്വേഷവിഹീനവും ആയിരുന്നാലും, കഠിനമായ അവയിലെ പരിഹാസത്തിന്റെ അടിയിൽ കുടി അതിനെ പരിശുദ്ധവും ആനന്ദകരവുമാക്കി ചെയ്തുകൊണ്ടു് ഒരു ധർമ്മബോധവും സദാചാരപരമായ ഉപദേശവും പ്രവഹിച്ചിരുന്നു. അദ്ദേഹത്തിന്റെ കവിതയിൽ സഹാനുഭൂതികിട്ടാത്ത ആരോപമോ അഭിപ്രായമോ അന്നു് ഉണ്ടായിരുന്നില്ല. ദൂരെ മാറിനിന്നു വിസ്മിതത്തെ നോക്കിക്കാണുന്ന ഒരു നിർവ്വാഹകനെപ്പോലെയും ചിലപ്പോൾ ആ ചുഴലിയിൽത്തന്നെപെട്ട ക്ലേശത്തിൽ കിടന്നു നട്ടംതിരിയുന്ന ഒരു അനുഭവസ്ഥനെപ്പോലേയും അദ്ദേഹം സാഹിത്യസേവചെയ്തു. ഒടുവിൽ അദ്ദേഹം അവിടെ നിന്നുനിന്നുകൊണ്ടു കൾനമായവിധത്തിൽ ആ അപരാധങ്ങളെ അപഹസിക്കയും അപലപിക്കയും ചെയ്തു. സുന്ദരവും സമുൽകൃഷ്ടവും സുധീരവും സുശക്തവുമായ പരിഹാസം! ഹോറസ്സിനുശേഷം കുറെകാലത്തേയ്ക്കു് ആ പ്രസ്ഥാനം നിന്നനിലയ്ക്കുതന്നെ നിന്നു. ഉദ്ദേശം ഒരു നൂറാണ്ടിനു ശേഷമാണു് ത്രിമൂർത്തികളെപോലെ കേമന്മാരായ ജുവനൽ, പെർസിയസ്സ്, മാഷ്യൽ എന്നിവർ ഉണ്ടായതു്. അവർ സമകാലീനരും മൂന്നു വിഭിന്നരീതികളുടെ പ്രണേതാക്കളുമാണു്. സമുദായത്തിലെ തെറുകളേയും വീഴ്ചകളേയും വ്യതിചലനങ്ങളേയും പ്രഗത്ഭമായ വാശ്ശാടിയോടും അരിശത്തോടും ആവേശത്തോടും അതിശയോക്തിയോടുംകുടി കണ്ണും കരളുമില്ലാതെ കണ്ടംകണ്ടമായി വെട്ടിമുറിച്ചു മുറിച്ചിടുകയാണു ജുവനലിന്റെ സ്വന്തമായ രീതി. ആ രീതിയുടെ ബ്രഹ്മാവും അതിന്റെ വിഷ്ണുവും അദ്ദേഹംതന്നെയാകുന്നു. ആരും ഇന്നുവരെ അതിൽ അദ്ദേഹത്തെ കവച്ചുവച്ചിട്ടില്ലെന്നതന്നെ പറയാം. നിന്ദാഗർഭമായ അധിക്ഷേപം, കൾനമായ ശകാരം, നിർദ്ദയമായ

പരിഹാസം, ഇവയെല്ലാം അദ്ദേഹം യഥേഷ്ടം ഉപയോഗിച്ചു. അതു് അഗ്നിദ്രവകം പോലെ എരിഞ്ഞുകയറി; വാഗ്മിത്തലപോലെ മുറിച്ചു മുന്നപ്പെട്ടത്തി.

"പെർസിയസ്സ്" ഒരു തത്വജ്ഞാനിയായിരുന്നു. അദ്ദേഹം സമൂഹത്തിലെ ദോഷങ്ങളെ ഒന്നും നേരിട്ടു കണ്ടറിഞ്ഞിരുന്നില്ല. വലിയ പണ്ഡിതനും ചിന്തകനും ആയിരുന്ന അദ്ദേഹത്തിന്റെ കൃതികളും അധികവും അനുമാനപരങ്ങളും ഉപദേശത്തിലുള്ളവയുമായിരുന്നു. നിസ്പൃഹനും വിരക്തനുമായിരുന്ന അദ്ദേഹം വൈരാഗ്യത്തെയാണ് എല്ലാ ദോഷങ്ങൾക്കും ക്ലേശങ്ങൾക്കും സിദ്ധൗഷധമായിക്കണ്ടത്. അദ്ദേഹത്തിന്റെ കൃതികളും സദാചാരസമ്പൂർണ്ണവും ധർമ്മബോധംകൊണ്ടു സംശുദ്ധവുമായിരുന്നു. അദ്ദേഹത്തിന്റെ അകാലമരണം ആ പ്രസ്ഥാനത്തെ അതിന്റെ പരമകാഷ്ഠയിൽ എത്തിച്ചില്ല.

"മാഷ്യൽ" ജീവനവിന്റെ ശകാരത്തേയും പെർസിയസ്സിന്റെ തത്വജ്ഞാനത്തേയും അല്പാല്പം അംഗീകരിച്ചുകൊണ്ടു് ഭീർഘങ്ങളായ കവിതാപന്ഥാക്കളെവിട്ടു ചമല്ക്കാരസമ്പൂർണ്ണമായ ഒരു ലഘുകാവ്യപ്രസ്ഥാനത്തെ സ്ഥാപിച്ചു. അസുഖങ്ങളായ വെറിയ 'കുന്തംകുത്തുകളെ' ആണ് ആപൽകരങ്ങളായ വലിയ വാഗ്വെട്ടുകളെയെല്ലാം അദ്ദേഹം സ്വീകരിച്ചതു്. ഹോറസ്സിന്റെ സഹിഷ്ണുതയും മിതഭാവവും അദ്ദേഹത്തിനുണ്ടായിരുന്നു. അഗാധധീമാൻ അല്ലെങ്കിലും ആകപ്പാടെയുള്ള പുറംദോഷങ്ങളെ ഇത്ര ഭംഗിയായും വിശദമായും അദ്ദേഹത്തെപ്പോലെ വേറെ ആരും വിവരിച്ചിട്ടില്ല സാഹിത്യത്തെസംബന്ധിച്ചുള്ള പരിഹാസം ഇത്ര പരിപൂർണ്ണമായി മറെറവിടെയും ഇല്ലെന്നാണു പലരുടെയും പക്ഷം.

രണ്ടുതരം പരിഹാസസമ്പ്രദായങ്ങൾക്കുടി പിന്നീടു റോമിൽ വളർന്നുവന്നു. "പരിഹാസകഥകം" പെട്രോണിയസ്സും "സകല്പസംഭാഷണങ്ങൾ" "ലൂസിയൻ" എന്ന കവിയും നടപ്പിലാക്കി. കഥകം മനോഹരങ്ങളും സാഹിത്യരസം നിറഞ്ഞവയും പ്രതിഭാവിലാസമുണ്ടാക്കുടിയവയും അക്കാലത്തെ സ്ഥിതിഗതികളെ ശരിയായി കറിക്കുന്നവയും ആയിരുന്നു. "സംഭാഷണങ്ങ"ളിലെ പരിഹാസം അധികവും അനുകൂതവും ആലോചനാമൃതവുമായിരുന്നു.

VI.

മലയാളസാഹിത്യത്തിനു് അടുത്തകാലംവരെ സംസ്കൃതസാഹിത്യം ഗുരുസ്ഥാനം വഹിച്ചിരുന്നതുപോലെ—ഗുരു എന്നു പറഞ്ഞാൽ 'സംസ്കൃതരാക്ഷസന്റെ' തുറിച്ചുനോട്ടത്തിൽ ഭയപ്പെടുന്ന ഇന്നത്തെ അസംസ്കൃതർ എന്നോടു യോജിക്കയില്ലായിരിക്കാം—പതിനെട്ടാം നൂറാണ്ടു കഴിയുന്നതുവരെ പാശ്ചാത്യരാജ്യങ്ങളിലെല്ലാം, സാഹിത്യത്തിനു മാത്രമല്ല, മിക്കവാറും എല്ലാ പ്രസ്ഥാനങ്ങൾക്കുംതന്നെ മാതൃകയായിരുന്നതു ഗ്രീസ്സും റോമും ആയിരുന്നു. ആ മാതൃകയ്ക്കാണ് ആദ്യകാലത്തു "ക്ലാസ്സിക്കൽ" എന്ന പേർ പറഞ്ഞുവന്നിരുന്നതുതന്നെ. സംസ്കൃതാലങ്കാരികന്മാരുടെ സിദ്ധാന്തങ്ങളെപ്പോലെ ഗ്രീക്ക

കാര്യം സാഹിത്യത്തിൽ ചില കക്ഷങ്ങളായ വ്യവസ്ഥകൾ ഉണ്ടായിരുന്നു. അതിനെ അന്നാട്ടുകാർ അതിലംഘിക്കുന്നതു വലിയ തരക്കേടായും കരുതിയിരുന്ന അക്കാലത്തു് പരിഹാസകവനം—സറയർ—ഒരു പ്രത്യേകപ്രസ്ഥാനമായിത്തന്നെ ഇംഗ്ലണ്ടിലും മറ്റു പാശ്ചാത്യരാജ്യങ്ങളിലും നിലനിന്നു. സറയറിനെ എല്ലാത്തിലും കൂട്ടിക്കലർത്തി മിശ്രമാക്കാതെ അതിനെ സാഹിത്യത്തെ ഒരു പ്രത്യേകാ വകുപ്പായിട്ടാണു് അക്കാലത്തെ മഹാകവികളെല്ലാം സംരക്ഷിച്ചുപോന്നിരുന്നതു്. ചാസ്സർ, മിൽട്ടൻ, ഡ്രൈഡൻ, പോപ്പ്, ബർൺ, സ്പിഫ്റ്റ് എന്നിവരെല്ലാം അക്കാലത്തെ സുപ്രസിദ്ധന്മാരായ സാഹിത്യകാരന്മാരായിരുന്നു. അവരെല്ലാംതന്നെ ഹാസസാഹിത്യത്തിൽ പ്രശസ്തമാംവണ്ണം പ്രയത്നിച്ചിട്ടുമുണ്ടു്. എന്നാൽ അവരേവരും പണ്ടത്തെ "ക്ലാസ്സിക്കു്" മാതൃകകളിൽ ഏതെങ്കിലും ഒന്നിനെ അവലംബിച്ചുകൊണ്ടാണു കവനം ചെയ്തിട്ടുള്ളതു്.

പിന്നീടു് ഈ അഭിപ്രായത്തിനു വളരെ വ്യത്യാസം സംഭവിച്ചു. ഹാസസാഹിത്യം ഒരു പ്രത്യേകപ്രസ്ഥാനമല്ലെന്നും, അതു പ്രതിപാദനരീതിയുടെ ഒരു വൈശിഷ്ട്യമാത്രമാണെന്നും, അതു് ഏതുതരം സാഹിത്യഗ്രന്ഥത്തിലും ഏറക്കുറെ ചെലുത്താവുന്ന ഒരു 'കുട്ട'ണെന്നും ഉള്ള നൂതനാഭിപ്രായത്തിനു ശക്തിയും പ്രചാരവും കൂടിക്കൂടിവന്നു, അവിടുന്നു അതു പരക്കെ സ്വീകാര്യമായ ഒരു സാമാന്യാഭിപ്രായമായിപ്പരിണമിക്കുകയും ചെയ്തു. ഇന്നത്തെ നില ഇപ്രകാരമാണു്. വെറും പരിഹാസകവനങ്ങൾക്കു് ഇപ്പോൾ "മാർക്കറ്റി"ല്ലാതായിരിക്കുന്നു. ആധുനികസാഹിത്യവീരന്മാരായ ഷെസ്, ഷാ മുതലായവർ പരിഹാസരസികന്മാരല്ലായ്കയല്ല. അവർ ഹാസസാഹിത്യമർമ്മങ്ങൾ അറിയാത്തവരുമല്ല. എന്നാൽ അവരാരും പണ്ടത്തെപ്പോലെ കേവലം പരിഹാസങ്ങൾ ആയ ഗ്രന്ഥങ്ങളല്ലാ നിർമ്മിക്കുന്നതു്. എന്നാലും, അവരുടെ മിക്ക ഗ്രന്ഥത്തിലും പരിഹാസകലയുടെ നാനാപ്രകാരത്തിലുള്ള ഭാവങ്ങളും മുഖങ്ങളും കാണാവുന്നതുമാണു്.

VII.

സംസ്കൃതസാഹിത്യത്തിലേക്കു കടക്കുന്നതായാൽ—എനിക്കു് അതിലുള്ള പരിചയം പരിമിതമെങ്കിലും—പണ്ടത്തെ സംസ്കൃതകവികൾ പരിഹാസകലയെ ഒരു പ്രസ്ഥാനമായിട്ടും, പ്രതിപാദനരീതിയുടെ ഒരു പ്രത്യേകതയായിട്ടുതന്നെയാണു് ആദ്യംമുതൽ അംഗീകരിച്ചിട്ടുള്ളതെന്നു പറയുവാനാണു തോന്നുന്നതു്. ഗ്രീസ്സിനും റോമിനും മനസ്സിലാവാത്തതും, ഇംഗ്ലീഷുകാർക്കു പതിനെട്ടാം നൂറ്റാണ്ടുകാലത്തെ പരീക്ഷണങ്ങൾക്കുശേഷമാത്രം ബോധപ്പെട്ടതും ആയ ഈ സംഗതി നമ്മുടെ ആയ്വുപൂർവ്വികന്മാർ പണ്ടുതന്നെ മനസ്സിലാക്കീട്ടുണ്ടായിരുന്നു. അതിൽ അത്ഭുതപ്പെടുവാനില്ല. സാഹിത്യത്തിൽ മാത്രമല്ല, വിജ്ഞാനത്തിന്റെ എല്ലാ മുഖങ്ങളിലും, ഇന്നത്തെ ശാസ്ത്രജ്ഞന്മാർ പുതിയതായി കണ്ടുപിടിച്ച വിസ്മയം പ്രദർശിപ്പിക്കുന്ന പല സംഗതികളും അന്നത്തെ ഭാരതീയർക്കു കേവലം നിത്യപരിചിതങ്ങളായിരുന്നു!

പലതരത്തിലും രൂപത്തിലുമുള്ള സാഹിത്യപ്രസ്ഥാനങ്ങളേയും പുലർത്തിപ്പോന്ന അവർ, ഓരോന്നിനേയും ഭരിക്കുന്നതിന് ആവശ്യകങ്ങളായ അനവധി നിയമാവലികളെ പ്രബലപ്പെടുത്തിപ്പോന്ന അവർ, പരിഹാസകവനപ്രസ്ഥാനത്തെമാത്രം അപ്രകാരം ഒരു പ്രത്യേകവകുപ്പാക്കി കല്പിച്ചിട്ടില്ലെങ്കിൽ അതു് അവരുടെ അജ്ഞതയാലോ, രസികത്വക്കുറവിനാലോ ആയിരിക്കേണമെന്നു പറയുന്നതു കുറെ സാഹസമാണ്. ഈ പരിഹാസസമ്പ്രദായത്തെ രസികശിരോമണികളായ അവർ പലവിധത്തിലും പ്രയോഗിക്കാതിരുന്നിട്ടില്ല. ശാകുന്തളത്തിലെ വിദൂഷകൻ, മദനപീഡയാൽ വസന്തത്തെ പഴിക്കുന്ന ദുഷ്യന്തനെ സമാശ്വസിപ്പിക്കുന്നതിന് ഒരു വടിയെടുത്തു മാനത്തിരുകളെല്ലാം തപ്പിക്കൊഴിക്കുന്ന മാധ്യൻ, കാളിദാസർ പരിഹാസകവനത്തിന്റെയും രാജാവാണെന്നു വിളിച്ചുപറയുന്നു. രഘുവംശത്തിലെ ഇന്ദുമതീസ്വയംവരഘട്ടത്തിലെ വർണ്ണനകം നോക്കിയാൽമതി ഹാസ്യകലാവൈദഗ്ദ്ധ്യം കാളിദാസക്ക് എത്രയുണ്ടായിരുന്നു എന്നു കാണുവാൻ. പോരുവെയിലേറും പെരുനട്ടികം കുത്തിയൊലിച്ചും വിളങ്ങുന്ന കന്നപോലെ രക്തചന്ദനംപൂശി മുത്തുമാലയണിഞ്ഞു ഞെളിഞ്ഞിരിക്കുന്ന പട്ടക്കാരനായ ഔണ്ഡ്യരാജാവിനെ വർണ്ണിച്ചിരിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന പരിഹാസം നോക്കുക.

ഞാൻ ഇതുയും പറഞ്ഞതിൽനിന്നു പരിഹസിക്കാൻമാത്രമായി ഉണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങൾ സംസ്കൃതസാഹിത്യത്തിൽ തീരെ ഇല്ലെന്ന് അഭിപ്രായപ്പെടുന്നതായി വിചാരിക്കുന്നതു അബദ്ധമായിരിക്കും. മത്തവിലാസം, ഭഗവദജ്ജുകീയം, കന്ദർപ്പകേതുവിഡംബനം എന്നുതുടങ്ങി ചിലതെല്ലാം അല്പജ്ഞനായ ഞാൻ തന്നെയും കണ്ടിട്ടുണ്ട്. അതുപോലെ അനേകം വേറെയുമുണ്ടാവാം. എന്നാൽ, സംസ്കൃതസാഹിത്യസമുദ്രത്തിന്റെ പരപ്പും പഴക്കവും നോക്കിയാൽ അവ തീരെ നിസ്സാരങ്ങളും വിസ്മൃതപ്രായങ്ങളുമാകുന്നു.

VIII.

മലയാളികളെപ്പോലെ പരിഹാസരസികന്മാർ,—അഥവാ പരിഹസിക്കാൻ രസമുള്ളവർ—മറ്റാരെങ്കിലും ഉണ്ടോ എന്നതുതന്നെ സംശയമാണ്. അക്കാര്യത്തിൽ മലയാളഭാഷയ്ക്കുതന്നെ ഒരു കുട്ടത്തൽ ശക്തിയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. "സംസ്കൃതരാക്ഷസനെ—സംസ്കൃതം ഒരു രാക്ഷസനാണെങ്കിൽ—പേടിച്ചു, മലയാളം ചിരിക്കാൻ മുട്ടുമ്പോഴൊക്കെ വായപൊത്തിക്കരയുകയാണു പതിവെന്നു" ഞാൻ വിചാരിക്കുന്നില്ല. മലയാളിക്കു നല്ലപോലെ ചിരിക്കാനും വശം, എല്ലാവരേയും ചിരിപ്പിക്കാനും വശം. ഇപ്പോഴും ഏതാനും വിസ്മൃതപ്രായമായിട്ടുണ്ടെങ്കിലും, ഇന്നും തീരെ നശിക്കാതെ നിലനിന്നുപോരുന്ന ചാക്യാർക്കൂത്ത് ഒന്നുമതി മലയാളിയുടെ ഹാസ്യസാഹിത്യപ്രസ്ഥാനത്തെ വിലയും നിലയും ഉള്ളതാക്കിത്തീർക്കുന്നതിന്. ആദ്ധ്യാത്മികം, സാമുദായികം, രാഷ്ട്രീയം, എന്നിങ്ങനെ ഏതു വിഷയത്തെക്കുറിച്ചും ജനങ്ങൾക്കു വിജ്ഞാനമുണ്ടാക്കുന്നതിന്നായി വിനോദപരമായി പരിഹാസപൂർണ്ണമായി, വിശേഷപ്പെട്ട നിലയിൽ കഥാകഥനംനടത്തുന്ന ചാക്യാർക്കൂത്ത് ഗ്രീസിലെ "ട്രാജഡിസ്റ്റ്" അഭിനയിക്ക

പ്പെടാവുള്ള "തിയററി"നെ അനുസ്മരിപ്പിക്കുന്നതാണ്. ഗ്രീക്കുകാരുടെ എല്ലാ ആയുധങ്ങളും—മൻപറഞ്ഞ പഞ്ചായുധങ്ങളും—ചാക്യാർ ഉപയോഗപ്പെടുത്താറുണ്ടെന്നുള്ളതു് അനുഭവവേദ്യമത്രെ.

കളിയും ചിരിയും കണികണ്ടിട്ടില്ലാത്ത ആളാണെന്നു സംശയിച്ചേക്കാവുന്ന സാക്ഷാൽ തുഞ്ചത്തു് ആചാര്യരുടെ സൽഗ്രന്ഥങ്ങളിൽപോലും ഹാസ്യത്തിന്റെ അംശങ്ങൾ കാണാവുന്നതാണ്. ചിലർ ചിരിച്ചു മണ്ണുകപ്പുമ്പോൾ മറ്റു ചിലർ പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്യുന്നതുപോലെ, നമ്പ്യാർ 'വെച്ചുവീക്കുമ്പോൾ' എഴുത്തച്ഛൻ ഒന്നു സൂചിപ്പിക്കുകമാത്രം ചെയ്യുന്നു.

കുഞ്ചൻനമ്പ്യാരാണ് പരിഹാസകലയുടെ—നമ്മുടെ ഹാസസാഹിത്യത്തിന്റെ—ചക്രവർത്തി എന്നുതന്നെവേണം പറയുവാൻ. അദ്ദേഹം അവലോകനം ചെയ്യാത്ത ലോകമോ, സ്പർശിച്ചിട്ടില്ലാത്ത വിഷയമോ ഇല്ല. എല്ലാറ്റിനേയും താൻ ഒരു പരിഹാസരസികനെപ്പോലെ വീക്ഷിക്കയും, തമാശക്കാരനെപ്പോലെ വിവരിക്കുകയും ചെയ്യുന്നു. ചാസ്സർ, ഹോറേസ്സ് ഇവരോടാണ് നമ്പ്യാരെ ഉപമിക്കുവാൻ തോന്നുന്നതു്. കുട്ടികളുടെ ചിരിപോലെ അദ്ദേഹത്തിന്റെ ചിരിയും ചിരിപ്പിക്കലും ശുദ്ധവും സുന്ദരവും ആകുന്നു. കഠിനമായി ആക്ഷേപിച്ചാലും നമ്പ്യാരുടെ ആക്ഷേപത്തിന്നടിയിൽ വിഷത്തിന്റെ ഊറലോ, വിദ്വേഷത്തിന്റെ കരടോ ഒന്നും ഒട്ടും കാണപ്പെടുന്നതല്ല. എന്നുമാത്രമല്ല; വിശുദ്ധമായ ഒരു സദാചാരബോധവും, "നന്നായാൽ കൊള്ളാ"മെന്നുള്ള അതിയായ ഒരാഗ്രഹവും എല്ലാത്തിന്നും ഉപരിയായി പതഞ്ഞു നില്ക്കുന്നതും കാണാം. തന്റെ പരിഹാസകവനങ്ങൾക്കു് കാരണക്കാരനായിരുന്ന എന്നു പറയപ്പെടുന്ന ചാക്യാരുംകൂടി നമ്പ്യാരോടൊപ്പം പൊട്ടിച്ചിരിച്ചിട്ടുണ്ടായിരിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ചിരി ലോകത്തിലെ ഉൽകൃഷ്ടഭാവങ്ങളിൽ ഒന്നാണ്. ഒന്നു ചിരിച്ചാൽ അതിനുള്ള ആയുസ്സും ആരോഗ്യവും കൂടുമത്രെ. കുറേമാസമോ ഇത്രവളരെ ചിരിക്കയും ചിരിപ്പിക്കയും ചെയ്തിട്ടുള്ള കുഞ്ചൻനമ്പ്യാർ ഇന്നും ജനങ്ങളുടെ ഉറ്റ ചങ്ങാതിയായി വർത്തിച്ചുപോരുന്നതു്!

മലയാളത്തിൽ തനിപ്പരിഹാസങ്ങളായ കൃതികളും, ഹാസ്യം ഒരു പ്രതിപാദനരീതിയായിമാത്രം സ്വീകരിച്ചിട്ടുള്ള കൃതികളും ഇല്ലായ്കയില്ല. പറങ്ങോടീപരിണയം, ചക്കീചങ്കരം, അമ്മായിപ്പഞ്ചതന്ത്രം മുതലായ കൃതികൾ കേവലം പരിഹാസഗ്രന്ഥങ്ങൾതന്നെയാകുന്നു. ആ ഗ്രന്ഥങ്ങളുടെ നിർമ്മാണത്തിൽ പ്രത്യേകം ഉദ്ദേശമുണ്ടായിരുന്നില്ലാ എന്നല്ലാ ഞാൻ പറയുന്നതു്. ആ പരിഹാസം സദുദ്ദേശത്തോടുകൂടിയല്ലെന്നും എനിക്കു പക്ഷമില്ല. അത്യവസാനം അവയെല്ലാം ഹാസ്യരസപ്രധാനങ്ങളായതുകൊണ്ടു തനി "പരിഹാസപ്രസ്ഥാനത്തിൽ" ഞാൻ അവയെ ഉൾപ്പെടുത്തുന്നു എന്നുമാത്രം.

പരിഹാസത്തെ ഒരു പ്രതിപാദനരീതിയായിമാത്രം അംഗീകരിച്ചിട്ടുള്ളതിനുള്ള ഉദാഹരണങ്ങളിൽ ഞാൻ പ്രഥമസ്ഥാനം കൊടുപ്പാൻ ആഗ്രഹിക്കുന്നതു ചന്തുമേനവന്റെ നോവലുകൾക്കാണ്. അവയിലെ സൂരിനമ്പൂരിപ്പാട്ടം, കുണ്ടമ്മാമനും, പൈ

ത്തിപ്പട്ടരും അനശ്വരമൂർത്തികളാകുന്നു. സൂരിനമ്പൂരിപ്പാടിനെ സൃഷ്ടിച്ച ചന്തുമേനവനെ ഇവിടെ ഒരു നമ്പൂരിപ്പാട് ശപിക്കുന്നതുകേട്ടു. "വലിയ കൃതഘ്നത," എന്നേ അതിനെക്കുറിച്ച് എനിക്കു പറയാനുള്ളൂ. ഇന്നു നമ്പൂരി പരിഷ്കാരിയാണെങ്കിൽ, ഇന്നു നമ്പൂരി വിവേകിയാണെങ്കിൽ, ഇന്നു നമ്പൂരി വിടനല്ലെങ്കിൽ അതിനെല്ലാം നമ്പൂരിയെ ഏറ്റവും സഹായിച്ചതു സൂരിനമ്പൂരിപ്പാടിന്റെ ചിത്രമാണു്. ആ ചിത്രം വലിയ എണ്ണച്ചായത്തിൽ എഴുതിച്ച ഓരോ നമ്പൂരിയുടെ ഇല്ലത്തും പ്രതിഷ്ഠിക്കേണ്ടതാണു്. ചന്തുമേനോൻ നമ്പൂരിദ്വേഷിയല്ലാ എന്നതിനു മറ്റേ നമ്പൂരിയുടെ ചിത്രം തന്നെ മതി. സൂരി (ശ്രേഷ്ഠൻ) നമ്പൂരിപ്പാട് ഇങ്ങനെയായതുകൊണ്ടാണു് അദ്ദേഹത്തെ 'വസൂരി'നമ്പൂരിപ്പാടെന്നു വിളിച്ചതു്. നമ്പൂരിയെ പരിഹസിച്ചു. നമ്പൂരി അതുകൊണ്ടു നന്നായി. കുണ്ടമ്മാമന്മാരെ പരിഹസിച്ചു. കുണ്ടമ്മാമന്മാർ അയിരംകണക്കായി വർദ്ധിച്ചു. വൈത്തിപ്പട്ടരെ പരിഹസിച്ചു. ഒരു വൈത്തിയും അതുകൊണ്ടു കുലുങ്ങിയില്ല. എന്നാൽ വൈത്തിയും, കുണ്ടമ്മാമനുമല്ലാ നമ്പൂരിമാത്രമാണു "ഉണ്ട ചോറിൽ കല്ലിട്ട്"ന്നതിനു് ഒരുമ്പെട്ടതു്. അതു പരം പരിതാപകരമാണു്. അതു മല്ല, നമ്പൂരിയുടെ മഹാമനസ്കതയാലാണത്രെ സൂരിനമ്പൂരിപ്പാട്ടിലെ സൃഷ്ടിച്ച ചന്തുമേനവനേയോ അദ്ദേഹത്തിന്റെ വർഗ്ഗക്കാരെയോ നമ്പൂതിരിമാർ പഴിക്കാത്തതു്! മഹാമനസ്കതക്കു നമസ്കരിക്കണം! ഇട്ടിക്കണ്ടപ്പനെ നമ്പൂരി നിർമ്മിച്ചതാണു്; നാടുവാഴിനായരെ പരിഹസിക്കുന്നതിനു് അന്നത്തെ നമ്പൂരി മനഃപൂർവ്വം നിർമ്മിച്ചതാണു്. ഒരു നായരും ഇന്നും ഇട്ടിക്കണ്ടപ്പനെക്കണ്ടു കണ്ണിതപ്പെടുന്നില്ല, നമ്പൂതിരിയൊടു മുക്കുകയുന്നുമില്ല. നായക്കോ നമ്പൂരിക്കോ മഹാമനസ്കത ക്രൂതമല്! നമ്പൂരി പരിഹസിക്കാൻ മിടുക്കനാണു്; എന്നാൽ പരിഹസിക്കപ്പെടുവാൻ ഇഷ്ടപ്പെടുന്നില്ല.

നമ്മുടെ 'പരിഹാസ'ത്തിനു് ഇക്കാലത്തു വലിയ ഒരു അധഃപതനം പറ്റിപ്പോയിരിക്കുന്നു. ഇന്നത്തെ വിനോദമാസികകളുടെ സ്വഭാവം നോക്കിയാൽമതി ഞാൻ പറയുന്നതിന്റെ സാരം മനസ്സിലാക്കുവാൻ. അശ്ലീലം, അസഭ്യം, അശ്ലീലം തുടങ്ങിയ അനേകം 'അ' ചേർന്നവയാണു് ഇന്നത്തെ അത്തരം മിക്ക മാസികകളും. അതു വായിക്കാനേ ആളുമുള്ളൂ. പരിഷ്കൃതമാസികകൾ വരിക്കാർ 200 തികയില്ലത്രേ. കുടൻ, നൊണ്ടി, തെണ്ടി, എന്നിങ്ങനെയുള്ള നമ്മുടെ വിനോദമാസികകൾ ഓരോ തീവണ്ടിയാപ്പീസ്സിലും നൂറും നൂറമ്പതും ചിലവാകുന്നു! ആളുകളുടെ രുചിക്കു വന്ന പതിതത്വമാണു് ഇതിനു കാരണം. ആ രുചിയെ നന്നാക്കിക്കൊണ്ടുവരേണ്ടതു് എഴുത്തുകാരുടെ ഭാരമാണു്.

ഫാസസാഹിത്യം വളരെ ഗഹനവും വിപുലവുമായ വിഷയമാണു്. ഞാൻ അപണ്ഡിതനും അസമർത്ഥനുമാണു്. സമയമാണെങ്കിൽ ഒടുവിലത്തെ ദിവസത്തെ ഒടുവിലത്തെ സമ്മേളനത്തിന്റെ ഒടുവിലത്തെ യാമം. ശ്രോതാക്കൾ അക്ഷമർ. ഞാൻ ഒരു "പാറവെടി"യാണു വെച്ചതു്. കൊണ്ടേടത്തുകൊണ്ടു. കൊണ്ടേടത്തോളംകൊണ്ടു. ക്ഷമയോടുകൂടി നിങ്ങളേവരും കേട്ടിരുന്നതു ഞാൻ കണ്ടു. ഞാൻ അതുകൊണ്ടു തൃപ്തനായി. എല്ലാവർക്കും എന്റെ നമസ്കാരം.

പുത്തേഴത്തു രാമൻമേനോൻ.

ഒരു യോഗി

അഥവാ

അമ്മയും മകനും.

[ഭാരതവംശത്തിൽ ഒടുവിൽ സന്താനമില്ലാതായതിനാൽ സത്യവതി ഭീഷ്മരോട് ചെന്നു സങ്കടം പറഞ്ഞപ്പോൾ ഭീഷ്മർ സമാധാനംപറയുന്ന ഭാരതത്തിലെ ഇതിവൃത്താംശമാണ് ഇതിൽ അടങ്ങിയിയിരിക്കുന്നതു്.]

ക

മാതാവുരച്ച മൊഴിയാദരണീയമെന്നായ്
സ്ത്രീതാശയസ്ഥിതി തെളിച്ച മുഖത്തുതന്നെ,
പൂതാഭമാം വ്രതമഭേദ്യമതെന്നുമാത്മ-
ജേതാവവൻ വിനയമോട വെളിപ്പെടുത്തി.

ഖ

വൈരാഗ്യസൂരകിരണങ്ങളം വിടത്തിയോരും-
ത്താരാവഹിക്കുമുരുതപമധുദ്രവത്തെ
സാരാത്ഥശോഭിത വചോവിഭവപ്പുലത്താൽ
ധീരാഗ്ര്യനമ്മയുടെ കാതിനു കാഴ്ചവെച്ചു.

ന

"നല്ലാതുകംക്കുതധാര ചൊരിഞ്ഞു തത്പ-
സ്പുക്കായ് പ്രസാദഗുണമൊത്തു ഗഭീരമായി
ഉരംക്കാമ്പലിക്കുമൊരു വാക്കിഹ പൂവ്വപുണ്യ
മേരംക്കാത്തവക്കു ഭുവി കൈവരുവാൻ ഞെരുക്കം.

ഘ

രണ്ടാമതുന്ധതിയതാം ജനനിക്കിവണ്ണ-
മുണ്ടായി വാഗ്വിഭവമത്ഭുതമെന്തിതിങ്കൽ?
കൊണ്ടാടിടേണ്ട ശുചിമത്തരജിഹ്വയാക്കും
വേണ്ടാത്ത വന്ധ്യവചനത്തെ വമിക്കയില്ല.

ങ

ദ്വ്യാന്ധ്യഭാരശമനത്തിനനേകശാസ്ത്ര-
ദിവ്യാദീപനികരങ്ങളെയാർ ചമച്ചു,
ആ വ്യാസർ വിശ്വഗുരു ഭാരതപുണ്യലക്ഷ്മീ-
നവ്യാവതാരചരിതേ, തവ വത്സനല്ലോ.

൯

മുഞ്ഞിനീ ശ്രുകനു; നിൻെറ തപോവിശുദ്ധാ-
വൃത്തം നിനപ്പതിനുകൂടിയനഘനീ ഞാൻ;
എത്തവ്വിലും ജനനി, വത്സലനെന്നിലന്നിൻ-
ചിത്തം തെളിഞ്ഞിടണമെന്നൊരപേക്ഷമാത്രം.

൰

സന്താനമെന്നതഭിലാഷശേഷമേകം
സന്താനമാണു, തു വശത്തിലിരിക്കിലെന്നും
ധ്വാന്താകുലതപമിയലും വനവും വിഷാദ-
മേന്താതെ നന്ദനവനദ്യുതി പൂണ്ടിടുന്നു.

൱

ശ്രീമാന്യമാം ഭരതവംശമതിന്നിവണ്ണം
പേർ മാഞ്ഞു തൽഭരതവാക്യമടുത്തുവെന്നാൽ
നാ,മാത്മവൈഭവവശാലതിനിന്നു സവ്വ-
ഭ്രമാവുമേല്പതിനു യത്നമിയന്നിടേണ്ടോർ.

൲

ഞാൻ പണ്ടുചെയ്തൊരു മഹാശപഥത്തെയിന്നു
തുമ്പറിച്ചുകളവതിനോ തുടരേണ്ടതമ്മേ?
നിൻപത്തു ദേവി, പണിയുന്നിതു മേലിവണ്ണം
കമ്പങ്ങളെന്നൊടു കളിച്ചുമുരച്ചിടൊല്ലേ.

൳

ഗംഗാനദിക്കു മകനെങ്ങനെയാത്മശുദ്ധി
ഭംഗാവഹം ചരിതമംബ, നിനയ്ക്കുമീ ഞാൻ?
തുംഗാനുഭാവർ ഭരതാദ്യർ-തടനപയത്തി-
ലംഗാരരാജി ചിതറേണ്ടതിവൻെറ കയ്യോ?

൴

മന്നിഷ്യ വിട്ടിടുകിലാ മലിനതപമാളു-
മെന്നിന്ദിതാത്മഭവരാം നൃപുഴക്കളാലേ
മുൻ നിസ്തുലാരേ നൃപകേസരവയ്യരേറെ
മിന്നിച്ച വംശമിതിനെങ്ങനെ മേന്മ കിട്ടും?

൵

ഞാനമ്മ ചൊല്ലുവതുപോലിഹ ചെയ്തുവെന്നാ-
ലീ നല്കുലത്തിനുമെനിക്കുമിടിച്ചിലേല്പും;
വാനത്തിൽ മേവുമൊരു പൂവ്വജർതമുഖത്തും
മാനം കരിച്ച കഥ മേ കരി തേക്കുമല്ലോ.

൯൯

അക്കാമുതപിഡുദയങ്ങളം കിഴക്കുനിന്നു
തെക്കായിടാം, കുലഗിരിക്കുമിളക്കമേല്ക്കാം,
അക്കാലകാലനിടിലാക്ഷി സൂശീതമാകാ-
മക്കാലവും സ്വശപഥം വെടിയില്ല ഭീഷ്മർ

൯൪

പൊക്കം പെടുന്ന ഹിമവൽഗിരി താഴ്ചയേല്ക്കാം,
തെക്കുള്ളതായ മലയാഴി വടക്കു മാറാം,
തക്കത്തിൽ വിണ്ടലമിടിഞ്ഞു പൊടിഞ്ഞുവീഴാ,-
മുൽകൃഷ്ടമാം സ്വശപഥം വെടിയില്ല ഭീഷ്മർ

൯൫

ഭ്രവാത്മസുരഭ്രുണത്തെയകറ്റിയെന്നാം,
ദൈവാൽ സഭാഗതി സുനിശ്ചലനായ് ഭവിക്കാം,
ജൈവാതൃകൻ നിജകളങ്കമകന്നു വാഴാം,
പേവാക്കതായ് സ്വശപഥം വെടിയില്ല ഭീഷ്മർ.

൯൬

ഫാലാഫലത്തിനതിമാധുരി സംഭവിക്കാം,
ചേലാളമസ്സുധയിലുന്നതകയ്പുമേല്ക്കാം,
നീലാഭ വിട്ടു ഹരകണ്ഠതലം വെളുക്കാം,
കാലാൽ, ദ്ധ്രുവം സ്വശപഥം വെടിയില്ല ഭീഷ്മർ

൯൭

ശ്രീ മാറിടാതൊരുവനിൽ സ്ഥിരമായി നില്ക്കാം,
പ്രാമാണ്യമറ്റു നിഗമം വിടുവാക്കതാകാം,
ഭീമാഘമായ നരകം സുഖവാസഭ്രവാം,
ധീ മാഞ്ഞു ഭീഷ്മർ നിജസത്യമിളക്കുകില്ല

൯൮

അക്കാലദണ്ഡിലതിമാർദ്ദവമങ്കുരിക്കാം,
ചിൽക്കാമരായസുരരാസ്ത്രികരായ് ഭവിക്കാം,
തൽക്കാലചക്രഗതിയാകെ നിലച്ചുപോകാം,
വാക്കായതല്പവുമിളക്കുകയില്ല ഭീഷ്മർ

൯൯

നീ നാക്കിളക്കിടുകിലാ ഞൊടിയിങ്കലേ പോയ്
പീനാഗ്നികുണ്ഡമതിലൂക്കൊടിവൻ പതിക്കാം;

തേനായ് ഫലാഫലരസത്തെ മുടാ കുടിക്കാം,
ഞാനാത്മസത്യമതിളക്കിടുവാനശക്തൻ

൨൦

കാലന്റെ ദംഷ്ട്ര, പുരടാഹകനായ കാല-
കാലന്റെ ഫാലമിഴിയെന്നിവ കണ്ടിലും മേ
ആലഗ്നഭീതരളമല്ല മനസ്സു, സത്യ
ത്താലത്രനിർഭരമതംബ, വിറച്ചിടുന്നു.

൨൧

ഒന്നല്ല ലക്ഷ്മമിവിടെ ബ്ഭരതാനപായങ്ങൾ
ഖിന്നത്വമോടടി മറിഞ്ഞിടിവേന്തിയാലും
സന്നദ്ധനല്ല മതികൊണ്ടസത്യമാളാൻ;
പിന്നല്ലയോ ജനനി, തദ്വ്രതലംഘനം മേ!

൨൨

എന്നമ്മ ഗംഗ മധുസൂദനപാദതീർത്ഥ,-
മെന്നല്ല ശന്തനു പിതാവു മഹാതപസ്വി,
മിന്നും വിശ്രുതി പെരുകുന്നതു പൂരുവംശ,-
മിന്നന്നിലയ്ക്കു നയമെങ്ങനെ ഞാൻ നിനയ്ക്കും?

൨൩

വ്യാസൻ സദാ ജഗദനുഗ്രഹജാഗരൂക-
നീ സങ്കടത്തിനു നിവൃത്തി വരുത്തുമമ്മേ,
ഭീസംഭ്രമങ്ങൾ കരുതേണ്ട തദന്തികത്തിൽ
പോയ് സത്വരം വിവരമാകെയുണർത്തിയാലും

൨൪

ഇന്നസ്തകാന്തിയൊടണഞ്ഞിടുമീ വിളക്കിൽ
തന്നത്തുതാത്മസുമഹസ്സു പകർത്തി നിർത്തി
വൻനന്മ ചേർത്തുലകിടത്തെയനുഗ്രഹിക്കാ-
നെന്നഗ്രജൻ മഹിതനാമുനിതാൻ സമർത്ഥൻ"

൨൫

ഗോത്രയ്ക്കു നൂതനവിഭ്രഷണമായ ഗംഗാ-
പുത്രൻ വിനീതമതിയീവിധമോതിനില്പൂ,
നേത്രത്തിൽനിന്നു കുതുകാശ്രുകണങ്ങൾ ചിന്തി
മാത്രയ്ക്കു തന്മതിമറന്നവൾ നിന്നുപോയി.

൨൩

പിന്നീട്ടൊല്ലിയവൾ:-"നിന്വ്രതനിഷ്ഠ വത്സ!
വെന്നീവിധം ഭുവനമാകെ വിളക്കിടട്ടേ!
സന്നീതിധമ്മനിയമാദിസമുജ്ജ്വലാത്മാ-
വാം നീ ചരിപ്പൊരു തപസ്സു ജയിച്ചിടട്ടെ!

൨൪

"പരമിരുവർപിറപ്പാലിക്കലം ശുദ്ധമാക്കീ:
പരമനവരിലേകൻ യൗവനത്യാഗി പൂരു;
സരസയുവതയിൽത്താൻ ബ്രഹ്മചര്യവ്രതത്തെ
സ്ഥിരതയൊട്ടു വഹിച്ചോനന്യനോ യോഗിയാം നീ

൨൫

"ജനകനുടെ ഹിതത്തെസ്സാദരം ചെയ്തയത്രേ
തനയനുടയ ധമ്മം ശ്ലാഘ്യമെന്നുള്ള തത്വം
ഘനശുചിചരിതത്താൽ കാട്ടിയോർ നിങ്ങൾതൻപേ
രിനശശികലം വിളങ്ങുംകാലമെല്ലാം ജയിക്കും.

൨൬

"ജനകനൊടൊട്ടവിൽത്തൻയൗവനം പൂരു കൈക്കൊ
ണ്ടനഘതരുണിമാരോടൊത്തു സൗഖ്യം ഭജിച്ചാൻ
വനതലഗതനാശ് ശ്രീരാമനും വന്നു സിംഹാ-
സനമധിഗതനായിസ്സാർവ്വഭൗമത്വമേന്തി

൨൭

"അവഹിതമതി നിത്യബ്രഹ്മചര്യം വഹിച്ച-
ന്നവതരുണതയിൽത്താൻ തീവ്രമാം യോഗിധമ്മം
അവനിയിലിഹ കൈക്കൊണ്ടുള്ള നിൻവൃത്തമോത്താ
ലവരുടെ നിലയേക്കാളെത്രയോ മേലെ നിൽപ്പൂ!

൨൮

"മുരഹരനുടെ പാദാൽ സിദ്ധമുൽപത്തിയാലും
ഹരനുടെ ജടയിങ്കൽ ബദ്ധമാം വാഴ്ചയാലും
ചിരതരമുളവായീടാത്തൊരാശ്ലാഘ്യി ഗംഗ-
യ്ക്കുരമിഹ തവ ജന്മംകൊണ്ടു കൈവന്നു നൂനം

൨൯

"പല മഹിതരൊരോരോ കാലമുണ്ടായി നാനാ
നിലയുടയവർ, മേലും ജാതരാമാത്തരക്കാർ;

ഉഭകിലിഹ യഥാർത്ഥ്യാഗവൃത്തം പ്രഭാവോ-
ജ്വലതയൊട്ട ചരിപ്പോൻ തപസമൻ ഉർല്ലഭംതാൻ

൩൩

"അരിയൊരു ഭവഭാത്മാവിങ്കലെ ജ്ഞാനതേജോ-
ത്ഥരികടാ ഭരതഭൂവിൻകാനനാന്തങ്ങളേയും
സുരുചിരമണിഹമ്മ്യൗഘത്തെയും പർവ്വതത്തിൻ-
ദരികളെയുമഭേദം വത്സ മിന്നിച്ചിട്ടും മേൽ."

൩൪

സ്വാരസ്യാധാരമാ വാക്കിതുവിധമരുളി-
ക്കൗതുകസ്നിശ്ധദൃക്കാ-
ക്കൈരണ്ടും കൂപ്പി നില്ക്കും സുതനിലലിവൊടാ-
ടിച്ചു യോഗജ്ഞ ദേവി
ധീരൻതന്മുന്നിൽനിന്നും വിരവിനൊട്ട മറ-
ഞ്ഞീടിനാളാത്മവിദ്യാ-
പാരം ദർശിച്ചു പൂർവ്വസ്ഥിതിയിലവിടെ മേ-
വീടിനാൻ ഭീഷ്മരുംതാൻ.

ശുഭം.

വടക്കുംകൂർ രാജരാജവർമ്മരാജാ.

"ആട്ടക്കഥയ്ക്കുള്ള പ്രത്യേകസ്വഭാവവും പരിഷ്കാരവും."

ആട്ടക്കഥ നാട്യപ്രബന്ധമല്ല; ഒരുവക നൃത്യപ്രബന്ധമാണ്; എന്ന മുമ്പുതന്നെ സമർത്ഥിച്ചുകഴിഞ്ഞു. പക്ഷെ—

"ശതമുഖരാമായണമി-
ത്യേകം നാട്യപ്രബന്ധമകരോദ്യഃ"

"കേനാപിതൽ പദജ്ഞാകിലദക്ഷയാഗ-
നാട്യപ്രബന്ധമുദിതം സുധിയഃപുനന്തു."

എന്നിങ്ങനെ ആട്ടക്കഥയെ നാട്യപ്രബന്ധമായി ചിലർ നിർദ്ദേശിച്ചുകാണുന്നുണ്ടെങ്കിലും താദൃശസ്ഥലങ്ങളിലെ നാട്യശബ്ദം നടനസാമാന്യപരമാണെന്നുമാത്രം ധരിച്ചാൽ മതിയാവുന്നതാണ്. "കഥകളി നാട്യപ്രബന്ധമാണെങ്കിലും അതിനു ഭരതമുനിയുടെ നാട്യശാസ്ത്രവുമായി പറയത്തക്ക ബന്ധമില്ലെന്നു പറയാം" എന്നു സാഹിതീസർവ്വസ്വ

ത്തിൽ പറഞ്ഞുകാണുന്നതിലെ സ്ഥിതിയും ഇതുതന്നെയാകുന്നു. രസം, നാട്യശബ്ദത്തിന്റെ വാച്യാർത്ഥവും, ചതുർവ്വിധാഭിനയങ്ങളോടുകൂടിയ നർത്തനം ലക്ഷ്യാർത്ഥവുമാണെന്നു സംഗീതരത്നാകരത്തിൽ പറഞ്ഞിരിക്കുന്നു.

"നാട്യശബ്ദോ രസേമുഖ്യോ രസാഭിവ്യക്തികാരണം
ചതുരർത്ഥാഭിനയോപേതം ലക്ഷണാവൃത്തിതോബുധൈഃ
നർത്തനം നാട്യമിത്യുക്തം—"

(സംഗീതരത്നാകരം)

ഈ സ്ഥിതിക്കു അഭിനയത്രയവിശിഷ്ടമായ നർത്തനവും ലക്ഷണയാൽ നാട്യശബ്ദാർത്ഥമാണെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടാണു ആട്ടക്കഥ, നാടകാദികളെപ്പോലെ നാട്യപ്രധാനമല്ലാത്തതുകൊണ്ടു, കവിക്കു രസങ്ങളുടെ അംഗാംഗിഭാവനിബന്ധത്തിൽ അധികമൊന്നും ശ്രദ്ധിക്കേണ്ട ആവശ്യമില്ലെന്നും അതതു ഘട്ടങ്ങളിലെ രസഭാവാദികളെ സ്വതന്ത്രനിലയിൽ ഉചിതമായി വ്യഞ്ജിപ്പിച്ചാൽ മതിയെന്നും സിദ്ധിക്കുന്നു. രംഗത്തിന്നനുകൂലമായി കവികഥം, ഭിന്നനായകവിഷയമായ പല സംഭവങ്ങളും ഒരേ കഥയാക്കി നിബന്ധിക്കുവാനുള്ള കാരണവും ഇതുതന്നെയാണു്. സാമാന്യമായി വീരം രൌദ്രം എന്നീ രസങ്ങൾക്കാണു് കവികഥം ആട്ടക്കഥയിൽ പ്രാധാന്യം കൊടുത്തുകാണുന്നതു്. ആട്ടക്കാരാകട്ടെ, അവയോടൊപ്പം അഥവാ അവയിലധികം ശൃംഗാരം ഇഷ്ടപ്പെടുന്നതുമുണ്ടു്. ശൃംഗാരപ്പദമില്ലാത്ത കഥ അവർ ആട്ടുകതന്നെ ദുർല്ലഭമാണെന്നു പറയാം. വൻകിടവേഷക്കാർക്കു അവരുടെ പ്രാവീണ്യം കാണിക്കുവാനുള്ള പതിഞ്ഞാട്ടത്തിന്നു ശൃംഗാരപ്പദംകൂടാതെ കഴികയില്ലെന്നായിരിക്കുന്നു. പ്രായേണ കവികഥം തങ്ങളുടെ കഥകളിൽ അപ്രകാരമൊരു സന്ദർഭം നിബന്ധിച്ചുകാണുന്നതിലുള്ള നിദാനവും അതുതന്നെ. 'വിജയ'ത്തിലെ രാവണനുള്ള വൈഭവം മുഴുവനും 'കമലദളം'കൊണ്ടുണ്ടായിട്ടുള്ളതാണല്ലൊ. എന്തിനു്, ശരിയായ സന്ദർഭം കിട്ടാത്തപക്ഷം ശൃംഗാരച്ഛായയോടുകൂടിയ വല്ല ഘട്ടവും തൽപ്രധാനമായഭിനയിക്കുവാൻപോലും ആട്ടക്കാർ മടിക്കയില്ല. കിമ്മീരവധത്തിലെ കരുണരസപ്രധാനമായ "പാലോലും മൊഴിമാർകുലതിലകേ—" എന്ന ഭാഗം ശൃംഗാരപ്രധാനമായിട്ടാണല്ലോ ഇന്നും ആട്ടക്കാർ അഭിനയിക്കുന്നതു്. പതിഞ്ഞാട്ടത്തിന്നെന്നല്ല, തങ്ങളുടെ പ്രാഗൽഭ്യപ്രകടനത്തിന്നുപോലും എതുമേ പ്രാധാന്യമായ രസം കരുണമാണെന്നുള്ള തത്വം ഇവർ ധരിച്ചിരുന്നുവെങ്കിൽ ഇപ്രകാരം കോട്ടയത്തുതമ്പുരാന്നു് അപരാധികളാവുകയില്ലായിരുന്നു. പുറമെ സ്വർഗ്ഗം, വനം, സമുദ്രം മുതലായവയിൽ വല്ലതും അഭിനയദ്വാരാ വർണ്ണിപ്പാനുള്ള അവസരവുംകൂടി കഥയിലുണ്ടായിരിക്കണം, എന്നാലെ അവക്കു തൃപ്തിയുള്ളു. ഈ വകയിൽ ഓരോന്നിന്നും അവക്കു ഓരോ ശ്ലോകവുമുണ്ടു്. താദൃശശ്ലോകാർത്ഥമാണു് അഭിനയിക്കുന്നതു്. ഈ വകയൊന്നിനും അവകാശം കൊടുക്കാത്ത കഥ, എത്ര നന്നായിരുന്നാലും അവക്കു ആടുവാൻ ഉത്സാഹമുണ്ടാവുകയില്ല.

ആട്ടക്കഥ മിക്കവാറും വധപ്രധാനമായിരിക്കും. വല്ല 'വിജയ'മോ 'സ്വയംവര'മോ ആയിരുന്നാലും, വധമോ യുദ്ധമോ അതിലുമുണ്ടാവാതിരിക്കയില്ല.

"യുദ്ധം രാജ്യഭ്രംശോ മരണം നഗരോപരോധനഞ്ചൈവ
പ്രത്യക്ഷാണിതുനാങ്കേ പ്രവേശകൈസ്സംവിധേ യാനി."

"അങ്കേ പ്രവേശകൈർവ്വാ പ്രകരണമാശ്രിത്യ നാടകേവാപി.
നവധഃ കർത്തവ്യഃ സ്യാദ്യസ്തുസനായകഃ ഖ്യാതഃ"

(നാട്യശാസ്ത്രം—അദ്ധ്യായം—18)

യുദ്ധം വധമെന്നിവ അങ്കത്തിൽ പ്രത്യക്ഷമായ്ക്കാണിക്കരുത്; ആവശ്യമുള്ളപക്ഷം, പ്രവേശകംകൊണ്ടു സൂചിപ്പിക്കുകയേ ചെയ്യാവൂ, എന്നു ഭരതമഹർഷി പറഞ്ഞിട്ടുണ്ടെങ്കിലും അങ്കവിഭാഗമില്ലാത്തതുകൊണ്ട് ആവക വിധിയൊന്നും കഥകളിക്കു ബാധകമാവില്ലായിരിക്കാം. ക്രൂരതയെ കഥകളികളിൽ നിഷിദ്ധമായ ശയനം ആലിംഗനം ഭോജനമെന്നിവയും അരങ്ങത്തു പ്രയോഗിച്ചുകാണുന്നുണ്ട്. എന്നാൽ—

"നകാര്യം ശയനം രംഗേ നാട്യധർമ്മം വിജാനതാ
കേനചിദ്വചനാത്തേന പ്രച്ഛേദമതുപ്രയോജയേൽ
യദ്വാസ്വപേദർത്ഥവശാദേകാകീ സഹിതോപിവാ
ചുംബനാലിംഗനാദീനി രംഗമദ്ധ്യേ നകാരയേൽ
ദന്തക്ഷതം നഖച്ഛേദ്യം നീവിസ്രംസനമേവച
സ്നാനാധരവിമർദ്ദഞ്ച രംഗമദ്ധ്യേ നകാരയേൽ
ഭോജനം സലിലക്രീഡാ തഥാ ലജ്ജാകരന്തുയൽ
ഏവം വിധം ഭവേദ്യത്തത്തദ്രംഗേ നകാരയേൽ
പിതൃപുത്രസ്നുഷാശ്വശ്രൂ ദൃശ്യം യസ്മാത്തു നാടകം."

(നാട്യശാസ്ത്രം—അ. 22

എന്നിങ്ങനെ പിതാവു്, മാതാവു്, പുത്രൻ, പുത്രഭാര്യ, ഭാര്യാജനനി എന്നിവരൊന്നിച്ചിരുന്നു കാണുന്നതിനു യോഗ്യമല്ലാത്തവിധം ലജ്ജാകരമായ യാതൊരു കാര്യവും രംഗത്തിൽ കാണിക്കരുതെന്നും പ്രസക്തമായ ആവക സന്ദർഭത്തിനു വല്ല സംഗതിവശാലും ഭംഗമുണ്ടാക്കിക്കൊള്ളണമെന്നും ഉപന്യസിച്ചിരിക്കുന്ന ഭരതമഹർഷിയുടെ സഹേതുകമായ ആ നിഷേധം, നാടകത്തിനെന്നപോലെ ആട്ടക്കഥക്കും ബാധകമല്ലെന്നു വിചാരിപ്പാൻ വഴിയില്ല കളിക്കാരാകട്ടെ, അതു വിലവെച്ചുകാണുന്നില്ലതാനും. സിനിമാപ്രദർശനവും മറ്റും സവ്വാത്മനാ ആദരിച്ചുവരുന്ന ഉൽപതിഷ്ണുലോകത്തിന്റെ പരിഷ്കാരദൃഷ്ടിയിൽ ഈവകയൊന്നും ആക്ഷേപയോഗ്യമാവാനും തരമില്ല. എങ്കിലും ശയനമാലിംഗനം മുതലായവ നാടകത്തിലോ, ആട്ടക്കഥയിലോ, സിനിമയിലോ ഏതിലായാലും ശരി രംഗത്തിൽ പ്രയോഗിക്കുന്നതു് അനുചിതമാണെന്നു പറവാൻ ഞാൻ ശങ്കിക്കുന്നില്ല. കോട്ടയത്തുതമ്പുരാന്റെ ശേഷമാണ് ആട്ടക്കഥകളിൽ ഈവക അസഭ്യ

സാഗതികം കടന്നുകൂടുവാൻ തുടങ്ങിയതെന്നും മുമ്പുതന്നെ ഏതാണ്ടു തെളിയിച്ചിട്ടുണ്ടു്. ഇതുപോലെ നമ്മുടെ 'മോഹിനിയാട്ടം' തമിഴരുടെ 'അവിനയം' (Nautch) എന്നീ നൃത്യവിശേഷങ്ങളിലും, നൽകീജനം, മുമ്പിലിരിക്കുന്ന പ്രമാണികളുടെ അരികെ ചെന്നിരുന്നു അവർക്കു വെറ്റിലചുരുട്ടിക്കൊടുക്കുക, ചന്ദനം തേച്ചുകൊടുക്കുക മുതലായ ചില ക്രിയകളും അനുഷ്ഠിക്കുന്നതും, ക്രമേണ ധനലാലസയാലുംമറ്റും വന്നുചേർന്നവയാകുന്നു. എന്നിങ്ങനെയായാലും കാലക്രമത്തിൽ കടന്നുകൂടിയ ഈവക ദോഷങ്ങളെ ദൂരീകരിച്ചു നൃത്യകലയെ ശുദ്ധവും സഭ്യവുമാക്കേണ്ടതായിരിക്കെ, നേരേമറിച്ചു് അതിനെ തീരെ നശിപ്പിക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ടവരുടെ മനഃസ്ഥിതി ഒരുവിധത്തിലും അഭിനന്ദനീയമാണെന്നു് എനിക്കു തോന്നുന്നില്ല. മോഹിനിയാട്ടം നഷ്ടപ്രായമായി; അഷ്ടപദിയാട്ടത്തിന്റെ കഥതന്നെ കഴിഞ്ഞു തമിഴരുടെ 'അഭിനയ'ത്തിനും അഭയസ്ഥാനമില്ലെന്നായി. ആന്റി നാച്ചു് പാർട്ടിയുടെ (Anti Nautch Party) അട്ടഹാസം ദിക്കെങ്ങുമുഴങ്ങി മാറെറാലികൊള്ളുമ്പോൾ അവയ്ക്കു് അഭയം കൊടുക്കുവാനാർക്കുണ്ടു്? വളരെ പ്രസിദ്ധികേട്ട അഭിനയവിദുഷിയായ, "തിരുവാലൂർ ജ്ഞാനം" ലോകരംഗത്തിൽനിന്നു തിരോഹിതയാവുന്നതുവരെ അതിലേക്കു ശക്തിയും ധൈര്യവുമുള്ളവരായി ചിലരുണ്ടായിരുന്നു. ഏതാണ്ടൊരു മൂകൻ സന്ദർഭവശാൽ 'ഉണ്ണിത്തണ്ടു പൊടിത്തുവലി'നെപ്പററി അഭിനയിച്ചു കാണിച്ചതുകണ്ടു് ആഹ്ലാദഭരിതരായ ഭാഗവതമേളക്കാരിൽ ചിലർ ഇതുകൊണ്ടു നടവമേളത്തിൽപെട്ട, അതിപ്രസിദ്ധിയായ 'ജ്ഞാന'ത്തിനെ ജയിക്കാമെന്ന കരുതി, ഒരു പദ്യമുണ്ടാക്കിക്കൊടുത്തു് ആ സ്ത്രീയോടു് അഭിനയിപ്പാൻ ബഹുജനസമക്ഷം ആവശ്യപ്പെടുകയും ആ നൽകീരത്നം തല്ക്കാലമല്പമൊന്നു സംഭ്രമിച്ചുവെങ്കിലും, "ലോകതസ്സിദ്ധ്യായതഃ" എന്ന ഭരതവചനം പ്രമാണമാക്കി 'മുട്ടിക്കത്തി'യിൽ ഉണ്ണിത്തണ്ടു വട്ടത്തിൽ നുരുക്കുക, നൂൽ ചുററിയെടുക്കുക മുതലായ പ്രകാരങ്ങളെ വഴിക്കുവഴിയായി കേമത്തിൽ അഭിനയിച്ചു കാണിച്ചു ഭാഗവതമേളക്കാരേയും മറും ആശ്ചര്യപരതന്ത്രരും, തനിക്കു വശംവദരുമാക്കിത്തീർക്കുകയും ചെയ്ത കഥ ഇന്നു ഇവിടങ്ങളിൽ പലർക്കുമറിയാം. നാളത്തെ കഥയെന്തോ! ഇപ്പോൾ അതുപോലെ പ്രാവീണ്യമുള്ളവരാരുണ്ടു്? ആദരിക്കാനാളില്ലാത്തതിൽ പിന്നെയെന്താശ്ചര്യം? ഇന്നുള്ള പ്രാവീണ്യവും പ്രാമാണ്യവുമൊക്കെ, ബയസ്കോപ്പു്, പാശ്ചാത്യനൃത്തം എന്നിവയിലാകുന്നു. ആന്റി നാച്ചു് പാർട്ടി (Anti Nautch Party) ക്കു് ഇവയോടടുക്കുവാൻ കഴികയില്ല. ഏതു ഹിന്ദുസ്ത്രീകളാണു് ഇവയിൽ ഏർപ്പെട്ടിരിക്കുന്നതു്! സിനിമയിലെ ആലിംഗനചുംബനാദി പ്രകാരങ്ങൾ ആലോചിക്കുമ്പോൾ, വാത്സ്യായനൻ, "മങ്ങാതോത്തു മുഴിഞ്ഞിരുന്നുകഴിച്ചീറ്റുസ്ഥമില്ലാത്തൊരാച്ചങ്ങാതിക്കിഴവൻ മുനി" തന്നെയാണു്. നർത്തകീജനം, നഗ്നപ്രായകളായി നടത്തുന്ന ഡാൻസുകളെപ്പററി—ഹസ്തപാദാദ്യവയവങ്ങളുടെ ഉൽക്ഷേപവിക്ഷേപങ്ങളെപ്പററി—ഒന്നും പറയാതിരിക്കയാണു് ഭേദം. ഇത്തരം പരിഷ്കൃതരീതിയിലുള്ള ഡാൻസുകളും ബയസ്കോപ്പുകളും രാജ്യമെങ്ങും വ്യാപിച്ചു ദിനംപ്രതി അഭിവൃദ്ധി പ്രാപിച്ചുവരുന്നു. മറിച്ചു, നായന്മാരുടെ കൈകൊട്ടിക്കളി, മോഹിനിയാട്ടം, തമിഴരുടെ ദാസിയാട്ടം, അഭിനയം എന്നിവ നിർദ്ദോഷം നാമാവശേഷ

മായിത്തീരുന്നു. അവ നടത്തുന്നതു, യുവതികളും നഗ്നകളോ നഗ്നപ്രായകളോ ആയിട്ടില്ലായ്കയാൽ ഇന്നത്തെ പരിഷ്കാരസ്ഥിതിക്കു പറ്റുന്നില്ലായിരിക്കാം. ഏതായാലും തീരെ നശിച്ചുകഴിഞ്ഞുവെന്നു പറയാറായിട്ടില്ലാത്ത കേരളത്തിലെ നൃത്യകലകൾ, ക്രുത്തു്, തുള്ളൽ, കഥകളി എന്നിവ മാത്രമാകുന്നു. അവയിൽ കഥകളിയെ മ്യൂസിയത്തിലടക്കാഞ്ഞിട്ടുള്ള അസ്വാസ്ഥ്യം ചില മഹാനുഭാവന്മാർക്കു് ചില്ലറയൊന്നുമല്ല. അപ്രകാരം ചെയ്യാനുള്ള കാലം അതിക്രമിച്ചുവെന്നാണു് അവർ മുറവിളി ക്രൂട്ടിക്കൊണ്ടിരിക്കുന്നതു്. പക്ഷെ, കേരളത്തിൽ ക്ഷേത്രങ്ങളും ഉത്സവങ്ങളുമുള്ള കാലത്തോളം ക്രുത്തു്, തുള്ളൽ, എന്നിവയെപ്പോലെ കഥകളിക്കും കാഴ്ചബംഗ്ലാവിനെ ശരണംപ്രാപിക്കേണ്ടതായ ദുരവസ്ഥ വരാനവകാശമില്ലെന്നും, അതുകൊണ്ടു വേണമെങ്കിൽ ക്ഷേത്രങ്ങളേയും ഉത്സവങ്ങളേയും അവർ അവിടേക്കു പറഞ്ഞയച്ചതിനുശേഷം കഥകളിയുടെ കഥ ചിന്തിച്ചാൽമതിയെന്നുമാണു് എനിക്കു് അവരോടു പറവാൻ ഉള്ളതു്.

മറ്റു ചിലർ കാലസ്ഥിതിക്കനുസരിച്ചു, കഥകളിയിൽ പല പരിഷ്കാരങ്ങളും വരുത്തേണ്ടതായിട്ടുണ്ടെന്നു പറയുന്നു. എന്നാൽ എന്തെല്ലാം പരിഷ്കാരങ്ങളാണു വേണ്ടതെന്നു അവരാരും നിർദ്ദേശിച്ചുകാണുന്നില്ല. കഥകളിയുടെ സ്വഭാവത്തിനോ സ്വധർമ്മത്തിനോ വിരുദ്ധമല്ലാത്തതും കാലസ്ഥിതിക്കു യോജിക്കുന്നതുമായ വല്ല പരിഷ്കാരങ്ങളും നിവൃത്തിയുണ്ടെങ്കിൽ ചെയ്യേണ്ടതുതന്നെയാണു്. ആകയാൽ അതിനെപ്പറ്റി നമുക്കു സ്വല്പമൊന്നു ചിന്തിച്ചുനോക്കാം—

നമുക്കു് ആദ്യമായി ഉദിക്കുന്ന ചിന്ത, കളി നേരംപുലരുന്നവരെ നടത്തുന്ന സമ്പ്രദായത്തെക്കുറിച്ചായിരിക്കും. ഈ സമ്പ്രദായം ഇന്നത്തെ പരിഷ്കൃതലോകത്തിനു പറ്റിയതല്ലായ്കയാൽ, നാടകങ്ങളെപ്പോലെ സുമാറു രണ്ടു മണിയോടുകൂടി കളി അവസാനിപ്പിക്കുന്നതു നന്നായിരിക്കുമെന്നതന്നെ പറയേണ്ടിയിരിക്കുന്നു. എന്നാൽ, നഗരങ്ങളിൽ ടിക്കറ്റുവെച്ചു കളിക്കുന്ന കളികൾ രണ്ടു മണിക്കോ അതിനുമുമ്പോ അവസാനിപ്പിക്കുന്നതിനു വിരോധമില്ലെങ്കിലും നാട്ടുപുറത്തും ഉത്സവങ്ങളിലും കളിക്കുന്ന കളികളിൽ ഈ നയം പറ്റുന്നതല്ല. സാധാരണ അന്യദിക്കുകളിൽനിന്നു കളികാണ്മാൻ നാട്ടുപുറത്തെത്തുന്ന ജനങ്ങൾ അർദ്ധരാത്രിക്കു കളി കഴിഞ്ഞാൽ എവിടെപ്പോകും. എങ്ങിനെ പോകും. നഗരങ്ങളിലെപ്പോലെ വാഹനസൌലഭ്യമോ, ഗതാഗതത്തിനുള്ള സൌകര്യമോ നാട്ടുപുറങ്ങളിൽ ഉണ്ടാവുകയില്ലല്ലോ? കാഴ്ചക്കാരിൽ അധികംപേരും കാൽനടയായി പാടവും പറമ്പും കുന്നും കുറിക്കാട്ടും കടന്നുവന്നവരായിരിക്കും. ഉത്സവങ്ങളിൽ കളിക്കുന്ന കളി ഉറക്കമൊഴിക്കുവാനുള്ള ഒരു ഉപായവുംകൂടിയാണു്. നാട്ടുപുറങ്ങളിലേയും ഉത്സവങ്ങളിലേയും കളി അർദ്ധരാത്രിക്കവസാനിക്കുന്നതു പലർക്കും ഉപദ്രവമായേ പരിണമിക്കൂ. അതുകൊണ്ടു, മുൻപറഞ്ഞവിധം നഗരങ്ങളിൽവെച്ചു കളിക്കുന്നതുമാത്രം രണ്ടു മണിക്കോ അതിനുമുമ്പുതന്നേയോ അവസാനിപ്പിക്കാം. അത്തരം കളികളിൽ കേളിക്കൊട്ടിനുപകരം നോട്ടീസുമാക്കാം.

ക്കൂടാതെ, നാടകങ്ങളുടേതെന്നപോലെത്തന്നെ കഥകളിയുടെ രംഗസ്ഥലിയും ഒട്ടൊന്നു പരിഷ്കരിച്ചുകൂടെന്നില്ല. ഇതു നഗരമെന്നോ നാട്ടുപുറമെന്നോ ഉള്ള ഭേദം കൂടാതെ സാർവ്വത്രികമായി ധനസ്ഥിതിയനുസരിച്ചു നടത്താവുന്നതാണ്. എന്നാൽ ആട്ടക്കാർ ആടുമ്പോഴും കലാശം ചവിട്ടുമ്പോഴും മറവും ശബ്ദമുണ്ടാകുംവണ്ണം മരംകൊണ്ടു നിർമ്മിച്ചതായിരിക്കരുതു കഥകളിയിലെ രംഗം; കല്ലുകൊണ്ടും മണ്ണുകൊണ്ടും കെട്ടിപ്പടുത്തതായിരിക്കണം. വേഷസമ്പ്രദായത്തിനു യോജിച്ച വിളക്ക്, ഇപ്പോഴും ഉപയോഗിച്ചുവരുന്ന ആ വലിയ നിലവിളക്കുതന്നെയാണെങ്കിലും അതുമാറ്റി രംഗത്തിനുനുണ്ണമായി ഗാസ്‌ലൈറുകളോ ഏലട്രിക്ക്‌ലൈറുകളോ ആക്കുന്നതിലും അധികം തരക്കേടു തോന്നുകയില്ല. ഹിരണ്യകശിപുവിന്റെ പ്രഹാരത്താൽ സ്തംഭം പിളർന്നു നരസിംഹം പുറപ്പെടുക മുതലായ ചില സീനുകളും രാജധാനി മുതലായ ചില പടുതകളും യഥോചിതം വിനിയോഗിക്കുന്നതും ശോഭാവഹമായിരിക്കും. എന്നാൽ സാധാരണ ഉപയോഗിക്കുന്ന തിരശ്ശീല ഉപേക്ഷിച്ചുകൂടാ. തിരപ്പുറപ്പാട്, തിരനോട്ടം എന്നിവ കഥകളിയിൽ അതുത്തോളം പ്രാധാന്യം വഹിക്കുന്നുണ്ട്.

വേഷസമ്പ്രദായത്തെ സംബന്ധിച്ചേടത്തോളം സ്ത്രീവേഷത്തിന്റെ 'മുലക്കോരലാരം' വേണമെങ്കിൽ ഇന്നത്തെ നാടകരീതിയിൽ കഷ്ടിച്ചു ഭേദപ്പെടുത്താം. ഇതുപോലെ 'കൊണ്ടക്കെട്ട്'കൂടി മാറ്റാമെന്നു പ്രഥമദൃഷ്ടിയിൽ തോന്നാമെങ്കിലും, അതിനു പകരം നാടകരീതിയിലുള്ള മുടിയാക്കുന്നപക്ഷം തലയിലിടുന്ന 'തട്ട്' യോജിക്കാതെവരും. മാർവാരി സ്ത്രീകളുടെ അവകുണ്ഠനംപോലെ അതു കാഴ്ചക്കു നീരസവും ആട്ടത്തിനു അസൗകര്യവുമുണ്ടാകും 'തട്ട്' വേണ്ടെന്നുവെക്കുകയാണെങ്കിൽ സാരിയില്ലാത്ത സ്ഥിതിക്ക് ഉത്തരീയശൂന്യതയാൽ അനാവൃതപോലെ തോന്നാനിടയുണ്ട്. ജാക്കറുകൊണ്ടോ മറ്റോ ആ തോന്നലില്ലാതാക്കുവാൻ പ്രയാസവുമാണ്. സ്ത്രീവേഷങ്ങളുടെ ഞെറിഞ്ഞുടുപ്പിനു ജാക്കറു ചേരുകയുമില്ല. സാരിയുടുപ്പിച്ചാൽ ആടുവാനും കഴികയില്ല. വിശേഷിച്ചു വേഷരീതിക്കു യോജിക്കയുമില്ല. ഈ സ്ഥിതിക്കു കഥകളിയിലെ വേഷസമ്പ്രദായംതന്നെ മുഴുവനും നാടകമട്ടിലാക്കിക്കളയാമെന്നു വിചാരിപ്പാൻ ന്യായമില്ലല്ലൊ. പ്രതിബന്ധങ്ങളെ വകവെക്കാതെ അങ്ങിനെ ചെയ്യുന്നതായാൽ അതു കഥകളിയാവുകയുമില്ല. ഈ അവസരത്തിൽ കഥകളിയിലെ വേഷസമ്പ്രദായം ഇത്തരത്തിലാക്കുവാൻ അവയുടെ പ്രവർത്തകന്മാർക്കു വല്ല ഉദ്ദേശവുമുണ്ടായിരുന്നിരിക്കുമോ എന്നുകൂടി നാമൊന്നു ചിന്തിച്ചുനോക്കുന്നതു നന്നായിരിക്കും. അവരുടെ കാലത്തു രാജാക്കന്മാരും രാജ്ഞിമാരും ഉണ്ടായിരുന്നില്ലെ? ആ രാജാക്കന്മാരുടെ വേഷത്തിൽനിന്നു വ്യത്യാസപ്പെട്ട വേഷസമ്പ്രദായം കഥയിലെ രാജാക്കന്മാരായ ധർമ്മപുത്രാദികൾക്കു കല്പിച്ചുകൊടുക്കുവാനുള്ള കാരണമെന്തായിരിക്കും? അവർ അവരുടെ കഥാപുരുഷന്മാരെ കേവലം രാജാക്കന്മാരായിട്ടല്ല, അവതാരപുരുഷന്മാരായ അമാനുഷന്മാരായിട്ടാണു കരുതിയിരുന്നതെന്ന് ഇതുകൊണ്ടുതന്നെ നമുക്കു നിശ്ചയിക്കാം. അതുതന്നെയാണു കഥകളിയിൽ വാചികം വേണ്ടെന്നുവെക്കുവാനുള്ള പ്രധാനകാരണവും. പുരാണപുരുഷന്മാരെ

അമാനുഷരായി ഭാവിച്ചു് അതിന്നനുഗുണമായ വേഷവിധാനവും മറ്റും വേണ്ടപോലെ യോജിപ്പിച്ചിരിക്കെ, അവരെക്കൊണ്ടു കേവലം മനുഷ്യസ്വരത്തിൽ സംസാരിപ്പിക്കുന്നതു് ഉചിതമായിരിക്കുമോ? തന്റെ ഇഷ്ടദേവത, സമുദ്രത്തിലെ തിരകൾക്കുമീതെ ഓരോ വേഷസമ്പ്രദായങ്ങളേയും പ്രത്യേകം പ്രത്യേകം കപ്പിങ്ങാട്ടു നമ്പൂരിക്കു കാണിച്ചുകൊടുത്തതനുസരിച്ചാണു കഥകളിയിലെ വേഷകല്പനമെന്നുള്ള ഐതിഹ്യം വിശ്വസിച്ചേ കഴിയൂ എങ്കിൽ അതും ഇതിലേക്കു പ്രതികൂലമല്ലെന്നേ ഞാൻ പറയുന്നുള്ളൂ. ഇങ്ങിനെയിരിക്കെ, കഥകളിയിലെ ചുട്ടിയും കിരീടവുമൊഴിച്ചു് നാടകരീതിയിലാക്കുവാൻ പാടില്ലെന്നു തീർച്ചയാണല്ലൊ. ചുട്ടിയും കിരീടവും ഒഴിച്ചുകൂടാത്ത സ്ഥിതിക്കു വസ്ത്രധാരണവിഷയത്തിലും ഭേദഗതിക്കു് അവകാശം കാണുന്നില്ല. കിരീടവും ചുട്ടിയുമുണ്ടായിരിക്കെ, നാടകമട്ടിൽ കാലുറ ധരിപ്പിക്കുന്നപക്ഷം ആവക വേഷങ്ങളുടെ രംഗം വല്ല കരിമ്പിൻതോട്ടമോ കായ്ക്കറിത്തോട്ടമോ ആക്കുകയായിയിരിക്കും നല്ലതു്. ചെണ്ട, മദ്ദളം തൊട്ടവ മാറ്റി, ഹാർമോണിയം മൃദംഗമെന്നിവയാക്കുന്നതും സ്ത്രീപ്രഭേദത്തിൽ ഉദ്ധതപ്രകാരമായ കഥകളിക്കു യോജിക്കുന്നതല്ല. ആകപ്പാടെ ആലോചിക്കുന്നതായാൽ ആദ്യം പറഞ്ഞപ്രകാരം രംഗവിധാനത്തിൽ ചില ചില്ലറ ഭേദഗതികളും ഇന്നത്തെ പരിഷ്കാരസ്ഥിക്കു വരുത്താമെന്നല്ലാതെ, പ്രധാനമായ അംശങ്ങളിൽ ഒന്നുപോലുമിളക്കുവാൻ നിവൃത്തിയില്ലാത്തവിധം അത്രകണ്ടു സുഘടിതമാണു കഥകളിയിലെ വേഷവിധാനാദി വ്യവസ്ഥയെന്നു പറയേണ്ടതായിരിക്കുന്നു.

പി. കൃഷ്ണൻനായർ.

'വരുമ്പോലെ വരട്ടെ.'

(നതോന്നത)

കണ്ണടച്ചുകിടന്നു ഞാനിതുവരെയ്ക്കുണീക്കാതെ
വിണ്ണും തോല്ക്കും സ്വപ്നസുഖംതന്നിൽ മഗ്നനായ്.
കണ്ണുങ്ങളിൽപ്പുറകം പുലരിയിൽപ്പലവിധ-
മെണ്ണിയെണ്ണിപ്പുറത്തതിൽ ശ്രദ്ധവെക്കാതെ.
അത്തണുപ്പുമസ്സുഖവും നിത്യമെന്നു നിനക്കയാ-
ലത്തലിനു വഴിയില്ലെന്നുറച്ചുപോയ് ഞാൻ.
എത്രവേഗമവപോയിട്ടിത്ര കട്ടംചൂടായല്ലോ
മാത്രാധികമിപ്പോൾ മിഴി മിഴിക്കാറായി.
കാലരൂപൻ വാനിടത്തിൻ നടുവിലേയ്ക്കേകദേശം
കാവെട്ടത്തുവെച്ചുവെന്ന മട്ടിലായല്ലൊ.

വേലയിനിയെന്തു ചെയ്യും? വൈകുങ്കമേ പറന്നുപോയ്
ക്രൂരിയാരാണെറക്കത്തിലേകുവതയ്യോ?

അന്തിനേരമിപ്പോഴെത്തുമന്തരമില്ലിതൊക്കവേ
ചിന്തിക്കുമ്പോളന്തരംഗം വെന്തുനീറുന്നു.

എന്തിനിഞ്ഞാൻ ചെയ്തിടേണ്ടു സുഖത്തിൻെറ പിമ്പെവന്ന
സന്താപത്തിൻ നിഴൽ കാണ്മാൻ കഴിഞ്ഞില്ലല്ലൊ.

ബാലാരുണൻ കുങ്കുമച്ചാർ തളിച്ചതും പുലച്ചയിൽ
കോലാഹലം കിളികുലം മുഴക്കിയതും

ആലോചനാഹീനനെന്നിൽ തെല്ലും ഫലംചെയ്തതില്ല,
കാലഭേദമെന്നുള്ളതേ ചൊല്പവാനുള്ളു.

ഒന്നു കണ്ണുമിഴിച്ചുഞാൻ തെല്ലു മുമ്പേനോക്കിയെങ്കി-
ലിന്നിങ്ങിനെ വിഷണ്ണനായ് വന്നുകൂടുമോ?

മന്നാകവേയെരിപൊരികൊള്ളും കാലത്താരാൻ ജോലി
തന്നിടുമോ? തന്നാൽത്തക്ക ക്രൂരിതരുമോ?

വരുമ്പോലെ വരട്ടെയിന്നല്ലാതേവം വിചാരിച്ചു
കരളിനെക്കരിക്കുവാൻ കരുതുന്നില്ല.

പരിരക്ഷാപരനാകും പരം പുമാൻ പരമാർത്ഥ-
മറിഞ്ഞിട്ടുണ്ടെന്നാകിലുമറിയിച്ചേക്കാം.

തേലക്കാട്ട ശങ്കരൻനമ്പീശൻ.

ഫലിതസാഹിത്യം. *

(വാചാപ്രസംഗം)

പൊരുസ്സുസാഹിത്യത്തിൻെറ പ്രാണൻ—അതിൻെറ പ്രധാനരസം—നവരസ ചക്രവർത്തിയായ ശൃംഗാരം ഒന്നുമാത്രമാണ്. അതു ശരിയാണുതാനും. ശൃംഗാരംതന്നെ ചക്രവർത്തി. നല്ല ശൃംഗാരം! അതെ, ഒരു മനോഹരിയുടെ തുമന്ദഹാസത്തേക്കാൾ സുഖപ്രദമായ രസം വേറെയില്ലെന്ന് എല്ലാവരും സമ്മതിക്കും. ഇഹലോകചിന്ത വിട്ടവർപോലും ഇതിനോടു യോജിക്കാതിരിക്കയില്ല. പുരാണപുരുഷന്മാരിൽ യയാതി-2 ഭാര്യയും തടിച്ച 5-6-മക്കളും ഉണ്ടായിരുന്ന യയാതി—അവസാനം ഋവശ്യപ്പെട്ട തെന്തായിരുന്നു? കുറച്ചുകാലത്തേക്കുകൂടി—1000 കൊല്ലത്തേക്കു—യൌവനം തിരിച്ചുതരുവാൻ. (ചിരി) പുരാണങ്ങൾ വിട്ട് ഇക്കാലത്തെ സ്ഥിതി എടുത്താൽ നമ്മുടെ ഷൌക്ക

* പുരുഷൈഴുത്തുറിപ്പോർട്ട്.

ത്താലി ഒരു ടൈപ്പിസ്റ്റിനെ (ഒരു യൂറോപ്യൻസ്ത്രീ) വിവാഹംചെയ്ത കഥ നോക്കുക. ഇന്നത്തെ നിലക്കു ഷൌക്കത്താലിയെ ഒരു നവീനയയാതിയാക്കാം. (ചിരി) അഗാഖാന്റെ ലോകൈകസുന്ദരിയുടെ കഥയും ഇവിടെ ചിന്താവിഷയമത്രെ. എന്നാൽ ഈ രസം—ശൃംഗാരം—എല്ലാ മനുഷ്യർക്കും ജീവിതത്തിൽ എല്ലാ ഘട്ടങ്ങളിലും ഒരുപോലെ അനുഭവപ്പെടുന്നുണ്ടോ? കായികമായി പക്ഷെ ഈ രസം ചിലർക്ക് എല്ലാകാലത്തും അനുഭവിക്കുവാൻ സാധിച്ചേക്കാം. (ചിരി) നമ്മുടെ ആധുനികയയാതികളോട് വെണ്മണിയുടെ ഒരു ശൃംഗാരശ്ലോകം പൊല്ലി കേൾപ്പിച്ചാൽ അവർക്ക് അതിൽ രസംതോന്നുമോ? (ചിരി) ഇല്ല. ദേഹസംബന്ധമായ ശൃംഗാരരസം അവർക്കുണ്ടായിരിക്കാം. (ചിരി) എന്നാൽ ഈവക ഭാരങ്ങളും പ്രാരബ്ധങ്ങളുമായാൽ പിന്നെ കാവ്യസഹജമായ ശൃംഗാരരസം അവർക്കനുഭവിക്കാൻ സാധിക്കയില്ല. ഞാൻ എന്റെ അനുഭവം പറയാം.

"പൂമെത്തേലെഴുനേറ്റിരുന്ന ഭയിതേ.....
....

എന്നുള്ള വെണ്മണിയുടെ വിശേഷമായ ശ്ലോകം ഒരു പത്തുകൊല്ലംമുമ്പു പൊല്ലി അനുഭവിച്ചിരുന്ന രസം എനിക്കിപ്പോഴില്ല. അന്നൊക്കെ ഒരു പൂമെത്ത, കണ്ണീരുനിറഞ്ഞ രണ്ടു കണ്ണിണകളുള്ള ഒരു മോഹനാംഗി ഇതൊക്കെ സങ്കല്പിച്ചിരുന്നു. ഇപ്പോൾ അതൊക്കെപ്പോയി. (ചിരി) വാസ്തവത്തിൽ തിരുവിതാംകൂറിലെ നായർഗ്രൂപ്പേഷൻ ഒരു ശൃംഗാരസംഹാരിയാണ്. (ചിരി) ഒരുദാഹരണമെടുക്കാം. നാലഞ്ചു കുട്ടികളുള്ള ഒരു നായർഗൃഹസ്ഥനെ സങ്കല്പിക്കുക. കുട്ടികൾക്കു ശൂല [illegible] -അതു ഒരു ചീത്ത ടീനമാണ്—ഒന്നാം രണ്ടാം വാരണ്ടുകാർ പടിക്കൽ, പി. കുഞ്ഞ— ഒരു ഭാര്യയുടെ പാരതി! കൊതുക്കളുടേയുംമറ്റും ക്രൂരത്തിൽ ചിക്കുക്കാർ, അലക്കുകാർ മുതലായവർ വേറെ. ഇങ്ങിനെ ചുട്ട.' പെഴുനേറ്റിരുന്ന ഭയിതേ" എന്നുള്ള ശ്ലോകം പൊല്ലി കേൾപ്പിക്കാൻ ശ്രമിച്ചാലത്തെ ഫലം എന്തായിരിക്കും? തീച്ചായും സിവിൽകേസുകളുടെ പുറമെ ഒരു ക്രിമിനൽകേസ്സുകൂടിയാവട്ടെ എന്നായാൽ കഷ്ടി നമ്മെ കണക്കിനു സമ്മാനിക്കും. (ചിരി)

ആ നിലക്കു ശൃംഗാരത്തെ രസങ്ങളുടെ രാജാവെന്നു പറയാമോ? രാജാവെന്നതിനു നിയമപ്രകാരം അനിയന്ത്രിതമായ അധികാരത്തോടുകൂടിയവൻ എന്നാണർത്ഥം. പിഞ്ഞാപൂരം രാജാവിനെയോ പർലക്കിമെടി രാജാവിനെയോപോലെ ഉള്ള ഒരു രാജാവെപ്പറ്റിയല്ല പറയുന്നതു്. (ചിരി) ഇങ്ങിനെ അനിയന്ത്രിതമായ അധികാര (സ്വാധീനശക്തി) മുള്ള ഒന്നല്ല ശൃംഗാരമെന്നു പറയാം. പിന്നെ ആ സ്ഥാനം എന്തിനാണു്? എന്റെ അഭിപ്രായത്തിൽ വിനോദത്തിനു്—ഫലിതത്തിനു്—അതെ അതാണു രസങ്ങളുടെ ജീവൻ. ഞാൻ ഇതിനുമുമ്പു പറഞ്ഞ പ്രാരബ്ധക്കാരന്റെ സ്ഥിതിതന്നെ എടുത്തുനോക്കുക. മേൽ പറഞ്ഞപ്രകാരം കഷ്ടപ്പെടുകയാണെങ്കിലും ആ മനുഷ്യനും ഫലിതത്തിനു വകയുണ്ടു്. എങ്ങിനെയാണതു്? മനുഷ്യന്റെ മനസ്സും സസ്യശാസ്ത്രവുമായി യോജിപ്പുണ്ടു്. സസ്യം എപ്പോഴും സൂര്യപ്രകാശത്തിലേക്കു—വെളിച്ച

ത്തേക്കു കടന്നു ചാടുവാൻ ശ്രമിക്കുന്നു. മനസ്സും അങ്ങിനെതന്നെ. വിധിദുഃഖാന്ധകാരത്തിൽ വീണുകിടക്കുന്നവന്നുകൂടി തോന്നും ഇതിൽനിന്നു അല്പനേരത്തേക്കെങ്കിലും വിടുതികിട്ടുമോ എന്നു്! നോക്കുക വാറണ്ടുശിപായിമാരുടെ ഭയം, കട്ടികളുടെ രോഗം, ഭാര്യയുടെ അലട്ടു് ഇതൊക്കെയുമാകുമ്പോൾ അവൻ വാസ്തവത്തിൽ കരഞ്ഞുപോയിട്ടുണ്ടാവും. ഇങ്ങിനെയാണെങ്കിലും ഫലിതാസ്വാദനശക്തിയുണ്ടെങ്കിൽമാത്രം അവന്നു ജീവിക്കാം. ഹിന്ദുമതതത്വങ്ങൾപ്രകാരം പുനർജ്ജന്മം, സ്വർഗ്ഗം, നരകം, മോക്ഷം സുഖം ദുഃഖം, എന്തിന്, ഈ കാണുന്നതൊക്കെയും ഈശ്വരന്റെ ലീല—വിനോദം—എന്നാണു പറയുന്നതു്. കാട്ടുകൾ, മലകൾ മുതലായ ഈ ഭയങ്കരവസ്തുക്കളൊക്കെ സൃഷ്ടിച്ച ഈശ്വരന്റെ ലീല എന്നു പറയുന്നതിന്നുപകരം ശൃംഗാരമെന്നോ, കോപമെന്നോ പറയരുതേ (ചിരി) അല്ല—നാം അതു ലീല—വിനോദം എന്നാണു പറയുന്നതു്. ഇതുയും പ്രധാനമായ ഈ രസത്തിന്നു മലയാളഭാഷയിൽ സ്ഥാനമെന്താണു്?

സാഹിത്യസംബന്ധമായി മലയാളഭാഷയുടെ നിയമം—പ്രകൃതി—സംസ്കൃതത്തിലാണല്ലൊ ഇരിക്കുന്നതു്: ചില ഗാഥയും, കേകയുമുണ്ടായിരിക്കാം. പക്ഷെ അധികവും സംസ്കൃതത്തിന്നടിമപ്പെട്ടതാണു്. അതിനാൽ വിനോദം-ഫലിതം-അതിൽ എത്രകണ്ടുണ്ടെന്നു നോക്കാം.

സംസ്കൃതത്തിൽ എനിക്കു വലിയ കയ്യൊന്നുമില്ല. എങ്കിലും എന്റെ അറിവിൽ കാളിദാസന്റെ ശാകുന്തളമോ—അങ്ങു ദൂരം ഭോജരാജാവിന്റെ സരസ്വതീകണ്ഠാഭരണമോ, മറ്റൊരു ഗ്രന്ഥം മറിഞ്ഞിട്ടുണ്ടെന്നതും വിനോദം കണ്ടേക്കാം. പക്ഷെ എല്ലാം സംസ്കൃതം—പണ്ഡിതന്മാർ—ശരിച്ചേക്കാം. സയൻസു് അഭിവൃദ്ധിപ്രാപിച്ചതുനു ശേഷം ലത്തീനിൽനിന്നു കണ്ടുപിടിത്തങ്ങളെല്ലാം ബൈബിളിലുണ്ടു്, ബൈബിളിലുണ്ടു് എന്നു ക്രിസ്ത്യാനികൾ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ എത്രകാലം പറയാൻ സാധിക്കും? "സാഹിത്യപരിഷത്തിന്നു, പണമുണ്ടു് പണമുണ്ടു് എന്നു വെറുതെ പറഞ്ഞതുകൊണ്ടു കായ്മനക്കുമോ (ചിരി) അതുപോലെ സൈൻസിന്റെ വളർച്ചയോടുകൂടി ബൈബിളിലുണ്ടു് ബൈബിളിലുണ്ടു് എന്ന വീമ്പു പൊളിഞ്ഞുപോയി. തീയും വെള്ളവുംകൂടിച്ചേർക്കുന്നതു സാത്താന്റെ കൃത്യമായിട്ടും പാപമായിട്ടുമാണു് ബൈബിൾ പറയുന്നതു്. എന്നാൽ തീക്കപ്പലിന്റെ വരവോടുകൂടി ബൈബിൾ പൊളിഞ്ഞു. എല്ലാം സംസ്കൃതത്തിലുണ്ടു്, ഉണ്ടു്, എന്നു് എത്രകാലം പറയാം. അതിൽ അതുകൊണ്ടു മാധുര്യമുണ്ടു്. (ചിരി) റൌണ്ടുടേബിൾ സമ്മേളനത്തിലെ നമ്മുടെ പ്രതിനിധികൾക്കുണ്ടായിരുന്ന പ്രാതിനിധ്യംപോലും സംസ്കൃതത്തിൽ ആ സാധു മാധുര്യമുണ്ടെന്നു പറഞ്ഞുകൂടാ. (ചിരി)

മലയാളഭാഷകൊണ്ടു വളരെക്കാലം കൈകാര്യം ചെയ്തുവന്നതു ഫലിതരസപ്രധാനികളും രസികശിരോമണികളുമായ നമ്പൂതിരിമാരായിരുന്നു. എന്നിട്ടും മലയാളത്തിൽ ഫലിതസാഹിത്യം വളരെ കുറവായി കാണുന്നതു ആ സംസ്കൃതസാഹിത്യരാക്ഷസന്റെ തുറിച്ച കണ്ണുരുട്ടലുകൊണ്ടായിരിക്കാം. നമ്പൂതിരിമാരെപ്പോലെ സാരസ്യമുള്ള

വർ വേറെയില്ല. എന്നാൽ അതു സംസാരിക്കുമ്പോൾമാത്രം. നമ്പൂതിരിമാരെ വിഡ്ഢിവേഷം കെട്ടിക്കുന്നുവെന്നുനേത്തേ എന്റെ ഒരു മാന്യസ്നേഹിതൻ ആവലാതിപ്പെടുകയുണ്ടായി. (ഭേഷ്തന്നെ നമ്പൂതിരിപ്പാട്ടിലെ പ്രസംഗത്തെപ്പറ്റി) എന്നാൽ അദ്ദേഹം തെറ്റിദ്ധരിക്കരുതു്. അവരെപ്പോലെ ഫലിതം പറയുന്നവർ വേറെ ആരുണ്ടു്. പക്ഷെ അവരുടെ ഫലിതം സംഭാഷണത്തിൽമാത്രമായിപ്പോയി. സംസാരിക്കുമ്പോൾ സ്ത്രീയോടും പുരുഷനോടും അവർ ചിരിക്കും എഴുതുമ്പോൾ സ്ത്രീയോടുമാത്രമെയുള്ളു. (ചിരി) അവരുടെ ഫലിതങ്ങൾ ആരാനും രേഖപ്പെടുത്താൻ ശ്രമിച്ചില്ല. ഒരു മുട്ടസ്സുനമ്പൂരിയുടെ കുറെ ഫലിതങ്ങൾ മി. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ കാണാനുണ്ടു്.

ഇന്നത്തെ സ്ഥിതി മഴുവൻ മാറി. ഇപ്പോൾ പത്രക്കാരും മാസികക്കാരും ഫലിതത്തിനു കിടന്നു കഷ്ണിക്കുന്നു. (ചിരി) എല്ലാവർക്കും ഫലിതം വേണമെന്നുണ്ടു്. യാതൊരു രസാസ്വാദനവും ഇല്ലാത്തവരും വേണ്ടാത്തവരുമായ നമ്മുടെ സാഹിത്യകർക്കും—അല്ല, അദ്ധ്യാപകന്മാർക്കും—കൂടി ഫലിതം വേണമെന്നായിട്ടുണ്ടു്. (ചിരി) അദ്ധ്യാപകന്മാർ എന്നുവെച്ചാൽ ഒരുമാതിരി നിർവ്വികാരശതപദ്യം എന്നായിരുന്ന ഇതേവരെ വെപ്പു്. പോര—അവയ്ക്കും നേരമ്പോക്കുണ്ടെങ്കിലേ ക്ലാസ്സിൽ നിക്കക്കള്ളിയുള്ളു—(ചിരി)

എനിക്കൊരു പ്രൊഫസർ—ഒരു സായ്പാണു്—ഉണ്ടായിരുന്നു. ലക്ചററാണു്—പ്രസംഗിക്കാത്ത ലക്ചറർ (ചിരി) പക്ഷെ മൂപ്പർക്കും ഫലിതത്തിൽ എന്തെങ്കിലും പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഒരു നോട്ടുബുക്കിൽ എങ്ങനെയെങ്കിലും ഒന്നോരണ്ടോ ഫലിതം കുറിച്ചുവെക്കും. അതങ്ങനെതന്നെ ക്ലാസ്സിൽ വിളമ്പും (ചിരി) പക്ഷെ കുറെ കഴിഞ്ഞപ്പോൾ എല്ലാവർക്കും മനസ്സിലായി. ഇന്നു പറഞ്ഞതുതന്നെയാണു് പിന്നെത്തെ മാസത്തിലും അതേ തിയ്യതിക്കു പറയുക. ഞങ്ങൾ പഴയ നോട്ടുബുക്കു നോക്കി. ഹേ! ഇന്നു പ്രൊഫസർ ഇന്ന ഫലിതം—ഒരു പട്ടിക്കഥയൊ—പൂച്ചക്കഥയൊ—പറയുമെന്നു ഞങ്ങൾ പിന്നെ മുൻകൂട്ടി നിശ്ചയിക്കയായി. പറഞ്ഞമാതിരിതന്നെ അന്നു പ്രൊഫസർ തുടങ്ങുകയായി—ഒരു പട്ടിയുണ്ടായിരുന്നു.....എന്നിങ്ങനെ! (ചിരി) കടംവാങ്ങീട്ടെങ്കിലും ഫലിതം കൈയ്യിലുണ്ടായിരിക്കണമെന്ന ബോധം ഇപ്പോൾ എല്ലാർക്കുമായിട്ടുണ്ടു്. (ചിരി) ഫലിതത്തിനു് അത്രമാത്രം പരമപ്രധാനമായ സ്ഥിതി കിട്ടിക്കഴിഞ്ഞു.

വലിയവർ പറഞ്ഞാൽ മറുള്ളവർ ചിരിക്കണമെന്നുണ്ടു്. ശ്മശാനത്തിൽവെച്ചു പറയേണ്ടതായാലുംശരി മറുള്ളവർ ചിരിച്ചേക്കണം. ഇംഗ്ലീഷിൽ സാററയർ എന്നൊരു പ്രസ്ഥാനമുണ്ടു്.—അതായതു ഹാസ്യസാഹിത്യം—അതു് ഇംഗ്ലീഷുസാഹിത്യത്തിൽ ഒരു പ്രധാനഭാഗം വഹിക്കുന്നു. കുഞ്ചൻനമ്പ്യാർ സാററയർപ്രസ്ഥാനത്തിൽ—അല്ലെങ്കിൽ ഹാസ്യസാഹിത്യത്തിൽ ലോകത്തിൽ വെച്ചുതന്നെ പ്രധാനിയാണെന്നു പറയാം. "കുഞ്ചൻനമ്പ്യാർ ഒരു യൂറോപ്യനും മലയാളഭാഷ ഇംഗ്ലീഷുമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കീർത്തി ഇന്നത്തേക്കാൾ നൂറിരട്ടി പരക്കുമായിരുന്നുവെന്നു് എന്റെ ഒരു സ്നേഹിതൻ പലപ്പോഴും പറയാറുണ്ടു്. പക്ഷെ അങ്ങിനെയാവാത്തതു നമ്മുടെ ഭാഗ്യമാണെ (ചിരി)

ഫലിതം-അഥവാ ഹാസസാഹിത്യപ്രസ്ഥാനം-രണ്ടുതരത്തിലുണ്ടെന്നു പറയാം. ഇത്തരക്കാരിൽ ചിലക്ക് അസൂയ കലശലാണ്. അമേരിക്കയിലെ ഫോർഡിന്നു പണമുണ്ടായതുകൊണ്ടു ഇവിടെ ഉറക്കംവരാത്ത ചില സ്നേഹിതന്മാരെ എനിക്കറിയാം-(ചിരി) അമേരിക്കയിലെ ഫോർഡിന്നു പണമുണ്ടെങ്കിലും ഇല്ലെങ്കിലും ഇവക്കെന്തുവേണം. പക്ഷെ അതല്ല. മനസ്സു സമ്മതിക്കണ്ടെ (ചിരി) കൊല്ലത്തുള്ള എന്റെ ഒരു വക്കീൽ സ്നേഹിതന്റെ കഥ പറയാം. ക്ലബ്ബിൽവെച്ചു് മി. കെ. പി. രാമന്മേനോന്റെ പുത്രൻ ഐ. സി. എസ്സു്. പരീക്ഷ പസ്സായി എന്നാരൊ പറഞ്ഞു. അതു് ഈ മൂപ്പക്കു രസിച്ചില്ല! ഉടനെ ചാടിഎണീറ്റ്, ഹെ! അതു ശുദ്ധകളവാണു് എന്നായി. അല്ല "ഹിന്തുവിൽ" കണ്ടതാണെന്നായി മറെറയാൾ. ഹേ! ഞാൻ വിശ്വസിക്കില്ല. ഹിന്തുവിൽ എന്തെല്ലാം കാണും. അതൊക്കെ വിശ്വസിക്കാനൊ. ശുദ്ധകമ്പം. (ചിരി) നോക്കണം. മി. രാമന്മേനോനോടൊ പുത്രനോടൊ മൂപ്പക്കു യാതൊരു വിരോധവുമില്ല. അസൂയയുമില്ല. പക്ഷെ നേരിട്ട പരിചയംതന്നെ കാണുമെന്നു തോന്നുന്നില്ല. പറഞ്ഞിട്ടെന്തു കായ്യം? ഇതാണു ചിലരുടെ മാതിരി. മറെറാരിക്കൽ ഈ മൂപ്പർതന്നെ ക്ലബ്ബിൽനിന്നു ടൈറാനിയക്കപ്പൽ (ഒരു കപ്പൽ) മുങ്ങി 600 പേർ മരിച്ചു എന്നാണു്. ഇഷ്ടന്റെ അപ്പോഴത്തെ മാതിരി പ്രത്യേകം കാണേണ്ടതാണു്. "ആഹാ! ബലെ. എന്ത600 പേരൊ. പോര 6000 ആയിരിക്കും. നോക്കട്ടെ. അടിബലെ 600 ഒരിക്കലും പോര. ഒരു കപ്പലിൽ 600 പേരൊ? പോര ആറായിരംതന്നെയായിരിക്കണം. മാറത്തു് അച്ചടിത്തെററാവും." എന്തൊരു രസം? ഉടനെ വീട്ടിലേക്കോടിച്ചെന്നു ഭാര്യയോടു് ഈ സന്തോഷം പറകയായി (ചിരി) കപ്പൽമുങ്ങി 6000 പേർ മരിച്ചുവത്രെ. 600 എന്നാണു പറയുന്നതു്. പക്ഷെ അതു വിശ്വസിക്കരുതു മരിച്ചതു 6000തന്നെയാണു്. അന്നു മൂപ്പക്കു കുളിക്കും ഊണിന്നും ബഹുരസം. ആ സംഭവത്തോടു തനിക്കു് ഒരു വിധവും ബന്ധമുണ്ടായിട്ടല്ല. മനസ്സിന്റെ ഗതിയെന്നേയുള്ളു. (ചിരി) ഇത്തരക്കാരാണു് ഒരു ഭാഗം.

മറെറാരു തരക്കാരുണ്ടു് ഇവക്കു തങ്ങൾ എഴുതുന്നതു എല്ലാവക്കും രസിക്കണമെന്നല്ലാതെ പ്രത്യേകം ഒരു സിദ്ധാന്തമില്ല. ആദ്യം പറഞ്ഞവരെപ്പോലെയുള്ള ദീനം ഇവക്കു കാണുകയില്ല. വേറൊരു തരക്കാരുണ്ടു്. പ്രസിദ്ധകൃതികൾക്കു പ്രതികൃതി—ഇംഗ്ലീഷിൽ 'പാരടി' എന്നു പറയും—എഴുതുകയാണിവരുടെ സമ്പ്രദായം. എന്തെങ്കിലും ഒരു നല്ല കവിതകണ്ടാൽ അതിന്നൊരു വികടം ഉണ്ടാക്കാതെ ഇക്കൂട്ടക്കു സുഖമില്ല. വാത്മീകിരാമായണത്തിന്റെ—ആദികാവ്യത്തിന്റെ—ഉൽഭവംതന്നെ വാത്മീകിക്കു യാദൃശ്ചികമായി തോന്നിയ "മാനിഷാദ".....ഇത്യാദി ശ്ലോകത്തിൽനിന്നാണന്നാണല്ലൊ പറയുന്നതു്.

മലയാളത്തിൽ ഈ സമ്പ്രദായം—പാരടി—ആദ്യമായി പ്രയോഗിച്ചതു ചേലപ്പുറമ്പു നമ്പൂതിരിയാണെന്നു പറയാം. വടക്കുംനാഥക്ഷേത്രത്തിൽവെച്ചു ഒരു ശ്ലോകം....."ഭക്ത്യാ ഞാനെതിരെകളിച്ചു ഭഗവൽ.....ഇത്യാദി ശ്ലോകത്തിന്റെ ഉത്തരാർദ്ധം.....എന്തോ അപകടമായി ചൊല്ലി. അതു നിങ്ങൾക്കൊക്കെ അറിയാം. (ചിരി)

പൊട്ടിയ ഉടനെ "എന്തേ പൊല്ലിയതു" എന്നു ഗുരു ചോദിച്ചു. ഉടനെ അപ്പോൾ തോന്നി എനിക്കു ബാലശശിയും..... എന്നു പൊല്ലിവിട്ടു. കേരളവർമ്മത്തമ്പുരാന്റെ മണിപ്രവാളശാകുന്തളത്തിൽ "ഫുല്ലാബ്ജത്തിനരമ്യതക്കു കുറവോ കുട്ടംകരിഞ്ഞെണ്ടിയിൽ" എന്ന പ്രസിദ്ധപദ്യം നമ്മുടെ പാരടിക്കുട്ടന്മാർ എന്താക്കി? നോക്കണം-"പുല്ലുപ്പത്തിനു സ്വാദിനെന്തു കുറവാണല്ലാ കരിഞ്ഞീടിലും, മല്ലാക്ഷീമണികഠിക്കു വക്കുവരെപോകുന്നതാക്ഷേപമോ" ഇത്യാദിയാക്കി പരിഷ്കരിച്ചുകഴിഞ്ഞു. (ചിരി) ഇംഗ്ലീഷിലുള്ള 'പഞ്ചി'ൽ ഇത്തരം പാരടികൾ എത്രയെങ്കിലും കാണാവുന്നതാണ്. പ്രസിദ്ധപ്പെട്ട കൃതികൾക്കെല്ലാംതന്നെ ഇങ്ങിനെ പാരടിസമ്പ്രദായം അംഗലഭാഷയിൽ സർവ്വസാധാരണമത്രെ. ഈ സമ്പ്രദായം കവികളെ ഗുണദോഷിക്കുന്നതിനും ഏതാണ്ടുപയോഗമാണ്. മഹാകവി കുമാരനാശാന്റെ കവിതവളരെ കേമമാണെങ്കിലും ദുർഗ്രഹതയെന്ന ക്ലിഷ്ടത അതിൽ വളരെ കാണാം. ആശാന്റെ "ഓതി, നീണ്ടജടയും നഖങ്ങളും ഭൂതിയും ചിരതപസ്സിയെന്നതും" എന്ന പദ്യത്തെ ഒരു രസികൻ പാരടിയിലാക്കിയിട്ടുണ്ട്. ഒരു യുവാവു അച്ഛന്റെ തടസ്ഥം വകവെക്കാതെ വളരെ ബുദ്ധിമുട്ടി തന്റെ പ്രേയസിയുടെ അടുത്തുചെന്നു അവളോടു പറയുന്നതാണ്, "നിന്നോടനുരാഗബന്ധനായ് കാട്ടുപോ,ത്തെന്നച്ഛൻ പൊന്നതും കേട്ടിടാതെ, ചെന്നായതൊട്ടുള്ള"..... ഇത്യാദി വരികൾ നിന്നോടുള്ള അനുരാഗംനിമിത്തം അച്ഛൻ പറഞ്ഞതു ക്ഷമിക്കാതെ കാട്ടുപാത്തു്, ചെന്നായമുതലായ ജന്തുക്കളുള്ള ഈ കാട്ടിൽക്കൂടി ഇവിടെ വന്ന എന്നാണാശയം. എന്താണതിനു ദോഷം! (ചിരി) ഇതുപോലെ ആശാന്റെ ചില ശ്ലോകങ്ങൾക്കു പിന്നേയും ചില പാരടികളുണ്ട്. ഇനി മഹാകവി വള്ളത്തോളിന്റെ കവിതകളിൽ ചിലതിനെ പാരടിയാക്കീട്ടുള്ളതിൽ ചിലതു നോക്കാം. മഹാകവിയുടെ ഒരു കൃതിയിൽ "വൃക്ഷവൃന്ദങ്ങളിൽ ചെന്തങ്ങാണങ്ങുണ്ട്, പക്ഷികുലങ്ങളിൽ താർക്ഷ്യനല്ലൊ" എന്നീ വരികളുള്ളതിനെ നമ്മുടെ രസികന്മാൻ എന്താക്കിത്തീർത്തു; "പാലങ്ങളുള്ളതിൽ നീണ്ടകരയങ്ങ്, പാലുള്ള പൈക്കളിൽ മൈസൂപ്പശു - രോഗകുലങ്ങളിൽ കാളറയങ്ങുണ്ട്" (ചിരി) തിരുവിതാംകൂറിലെ പാലങ്ങളിൽ വലിയതു നീണ്ടകരപ്പാലമാണ്. അതുകൊണ്ടാണതിനെ വർണ്ണിച്ചതു്. രോഗങ്ങളിൽവെച്ചു ഭയങ്കരം കാളറയാണെന്നറിയാം എന്താണൊരു തൊരുള്ളതു്! —വള്ളത്തോളിന്റെതന്നെ കിളിക്കൊഞ്ചൽ നിങ്ങൾ വായിച്ചിരിക്കാം. അതിൽ, "വായനക്കാക്കിഷ്ടമാണെങ്കിൽ സങ്കല്പവായുവിമാനത്തിലേറിയാലും" എന്നതിനെ, "വായനക്കാക്കിഷ്ടമാണെങ്കിൽ വേഗത്തിൽ പായുംതെരുത്തു പുറപ്പെട്ടവിൻ .....സഞ്ചാരംചെയ്യാം സാഹിത്യച്ചന്തയിങ്കൽ" എന്നാക്കി പരിഷ്കരിച്ചിരിക്കുന്നു. ഇങ്ങിനെ എടുത്തു നോക്കിയാൽ വളരെയുണ്ട്. മഹാകവികളുടെ കവിതകളായാൽ തങ്ങളുടെ പേരുംകൂടി പൊന്തിക്കാമെന്നാണ് ഇത്തരം വിദ്വേഷകന്മാരുടെ വിചാരമെന്നു തോന്നുന്നു.

ഹാസസാഹിത്യത്തിനു ഇങ്ങിനെ ഒരു പ്രാധാന്യം കിട്ടീട്ടുണ്ടെങ്കിലും അതു നമുക്കു ജീവിതത്തിൽ എത്രകണ്ടു ഫലപ്പെട്ടുണ്ടെന്നു നോക്കാം. ഒരു സാധുവിനു പലവിധത്തിലും മനസ്സു ക്ലേശിച്ചിരിക്കുമ്പോൾ എന്തു ഗതി? ഒരു പ്രമാണിയാണെങ്കിൽ

ഡ്രൈവറെ വിളിച്ചു കാറു കൊണ്ടുവരാൻ പറയാം. കാറിൽ കയറി സ്റ്റീട്ടുചെയ്യു മനസ്സിനെ കുറെ ഉല്ലസിപ്പിക്കാം. സാധാരണമാക്കുന്നതിനു നിവൃത്തിയില്ല. അവക്കു സാഹിത്യംതന്നെ ഗതി.

യഥാർത്ഥസംഭവങ്ങളെ ഫലിതരസത്തിൽ വിനോദമായി എഴുതണം. പക്ഷെ വ്യക്തിവിദ്വേഷമായി തീരരുതു്. തിരുവിതാംകൂറിലുണ്ടായ ഒരു സംഭവം പറയാം എല്ലാവിധത്തിലും-വണ്ണം നീളം മക്കളുടെ എണ്ണം-ഇതുകൊണ്ടൊക്കെ (ചിരി) യോഗ്യനായ ഒരാൾ റയിൽവെയിൽ പ്ലാറ്റുഫോറത്തിൽനിന്നു വീഴുകയുണ്ടായി. കയ്യുല്പം കേട്ടു പറ്റി. മഹായോഗ്യൻ- എല്ലാവക്കും കായ്മയിരുന്നു. എല്ലാവരും വ്യസനിച്ചു-ക്രുട്ടത്തിൽ ഞാനും വളരെ വ്യസനിച്ചു-ഏയ്-രണ്ടു ദിവസം കഴിഞ്ഞപ്പോൾ കേട്ട തീവണ്ടിക്കമ്പനിയുടെ പേരിൽ നഷ്ടത്തിനുന്യായം കൊടുത്തിട്ടുണ്ടെന്നു്. യൂറോപ്പിൽ ഇങ്ങനെത്തെ കേസ്സുകൾ നിത്യനയാണു്. പ്ലാറ്റുഫോറത്തിൽ കിടന്നിരുന്ന പഴത്തോൽ ചവിട്ടി വഴുക്കി വീണതിനാൽ ഗർഭത്തിലുണ്ടായിരുന്ന ശിശുവിനു സൌന്ദര്യക്കുറവു നേരിട്ടതിനു ഒരു റയിൽവേക്കാരുടെപേരിൽ അന്യായംകൊടുത്തു വസൂലാക്കീട്ടുണ്ടുപോലും. (ചിരി) എത്രനധികം? എല്ലാവരുടേയും ശ്രദ്ധ മേൽപറഞ്ഞ കേസിൽ പതിഞ്ഞു. ഒടുവിൽ 5-6 ആറായിരം ഉറുപ്പിക കിട്ടുകയും ചെയ്തു.

ഈ സംഭവത്തെ നിർദ്ദോഷമായ ഫലിതത്തിൽ എഴുതാം. അദ്ദേഹത്തെ ഒരു എ. ആരണനു—വേണ്ട ഒരു കൃഷ്ണപ്പിള്ളയാവട്ടെ—വെക്കുക. ഭാര്യയും മക്കളും ഒക്കെയുണ്ടു്. ചിലവിനു പണം കഷ്ടിയായി തുടങ്ങി. അടുത്തൊരു പറമ്പു വില്ക്കാനുള്ളതു വാങ്ങിയാൽ വേണ്ടില്ലെന്നു ഭാര്യ അലട്ടുതുടങ്ങി. ദിവസം അങ്ങനെ കഴിഞ്ഞു. ഒരു ദിവസം ഭാര്യയുടെ ചെവിട്ടിൽ എന്തോക്കെയൊ മൂപ്പർ സ്വകായ്മും പറഞ്ഞു. ശരി! അപകടം വരാതെ നോക്കണമെന്നു ഭാര്യയും പറഞ്ഞു. രണ്ടു ദിവസത്തെ കഴിഞ്ഞപ്പോൾ അതാ മി. കൃഷ്ണപ്പിള്ള തീവണ്ടിയിൽനിന്നു വീണു എന്നൊരു പ്രസ്താവം. എല്ലാരും വ്യസനിച്ചു. ക്രുട്ടത്തിൽ ഞാനും. ഭാര്യക്കൊരു കമ്പി. കായ്മും സാധിച്ചു. അപകടമില്ല എന്നാണതു്. 2 ദിവസം കഴിഞ്ഞു തീവണ്ടിക്കമ്പനിയുടെപേരിൽ അന്യായമായി. കേസ്സു വിധിച്ചു. പണം കിട്ടി. പറമ്പും പുരയും വാങ്ങി. പിന്നെ ചിലവിനില്ലാതെ വരുമ്പോഴൊക്കെ ഇതൊരു വിദ്യയായി. പാല് മോരു മുതലായതു വാങ്ങാൻ മോട്ടോറിനുമുമ്പിൽ വീഴുക. ബീഡി, മുറുക്കാൻ വാങ്ങൽ ഇതിനു സൈക്കിളിന്റെ മുമ്പിലും. (ചിരി) ഇതു നിർദ്ദോഷമായ ഒരു ചിത്രീകരണമാണെന്നു കരുതാവുന്നതാണു്.

മനുഷ്യന്റെ മനസ്സു പ്രകൃത്യാ വിനോദത്തിലും ഫലിതത്തിലും ആസക്തിയോടുകൂടിയതാണു്. ലോകമഹായുദ്ധത്തിലെ ചില സംഭവങ്ങളെ വിവരിക്കുന്ന ഒരു വലിയ പുസ്തകത്തിൽ ഇത്തരം ഫലിതങ്ങൾ വളരെയുണ്ടു്. ഒരു ഭടനു ഹൃദയത്തിനടുത്തു ഒരു മുറിയുണ്ടായി അപകടസ്ഥലത്തായിരുന്നതിനാൽ ദിവസത്തിൽ രണ്ടുമൂന്നു പ്രാവശ്യം ഡോക്ടർ മുറികെട്ടഴിച്ചു കെട്ടി മരുന്നുവെച്ചിരുന്നു. ഒരു ദിവസം രോഗി ചോ

ടിക്കുവാൻ; "ഇങ്ങനെയാണെങ്കിൽ രണ്ടു ബട്ടൻ തുന്നിപ്പിടിപ്പിക്കുവാൻ പറ്റുമല്ലോ" എന്ന്. (ചിരി) ആ അപകടാവസ്ഥയിൽപ്പോലും മനുഷ്യന്റെ മനസ്സു വിനോദത്തെയും ഫലിതത്തെയും അന്വേഷിക്കുന്നു.

അസ്ഥാനത്തുള്ള പ്രയോഗങ്ങളാണു വിനോദത്തിനു പലപ്പോഴും കാരണമായിരിക്കുന്നതു്. സമയം വൈകുന്നു. ഞാൻ വിസ്തരിക്കുന്നില്ല. ചുരുക്കി പറയാം. അതാണല്ലോ—എല്ലാവർക്കും ലാഭമുണ്ടാക്കുകയാണല്ലോ ഇപ്പോഴത്തെ പതിവു—(ചിരി) പനി പിടിച്ചു കിടക്കുന്ന ഒരു രോഗിയുടെ മുറിയിൽ പോയി നോക്കി. രോഗിയുടെ മീതെ ചുമരിന്മേൽ പനിയുടെ ഡിഗ്രി കാണിക്കുന്ന തെർമ്മാമീറ്ററിന്റെ അളവു വരച്ചുവെച്ചിരിക്കുന്നു. കണ്ടാൽ യമഭടന്മാരുടെ ചിത്രമാണെന്നു തോന്നിപ്പോകും. ഡിഗ്രിയുടെ സംഖ്യ കുറിച്ചുവെച്ചാൽ പോരായ്കയില്ല. പക്ഷെ അതു കണക്കുകൂട്ടാനൊക്കെ സമയം പോവില്ലെ? അതു ക്രൂരതെ കഴിക്കണം. ഹാസ്യസാഹിത്യത്തിൽ ചിത്രങ്ങൾക്കുള്ള സ്ഥാനം പ്രധാനമാണ്. ഒരു സാധുകഷ്ടന്റെ ചിത്രം ഹിന്ദുസ്ഥാൻ ടൈംസിൽ കാണുകയുണ്ടായി. വെറും എല്ലുമാത്രമായ കഷ്ടൻ, അവന്റെ ഭാര്യ, അവരെപ്പോലെയുള്ള രണ്ടു കാളകൾ കഷ്ടന്റെ ഒരു ഭാഗത്തു തടിയനായ ജന്മി. മറ്റൊരു ഭാഗത്തു, ക്രൂരനായ ഉണ്ടികക്കാരൻ. കഷ്ടന്റെ ദയനീയാവസ്ഥയെ കാണിക്കുവാൻ നാലൊ അഞ്ചൊ ബുക്കുകളെഴുതിയാൽപോലും നമ്മുടെ മനസ്സിൽ ഇത്ര പതിയുകയില്ല.

ഹാസ്യസാഹിത്യത്തിൽ ശ്രമിക്കുന്നവർ ഒരിക്കലും നിരാശപ്പെടേണ്ടിവരില്ല. ജനങ്ങൾക്കതിന്റെ ആവശ്യം ധാരാളമറിയാം. ഞാൻതന്നെ രണ്ടുനാല കൊല്ലങ്ങൾക്കു മുമ്പു തിരുവിതാംകൂറിലെ നിയമസഭയിൽ അംഗതയില്ലാത്ത ചില മെമ്പർമാർ കടന്നു ക്രൂരമുള്ളതിനെ ഉദ്ദേശിച്ചെഴുതിയ "എം. എൽ. സി. കഥകളുടെ" അനുഭവംതന്നെ അതിനു ദൃഷ്ടാന്തമാണ്. കേരളീയർ വിനോദത്തിനു പണ്ടുപണ്ടെ വിരോധമില്ലാത്ത വരാണെന്നതിനു ചാക്യാർക്കൂത്തു മുതലായ നടപ്പുകൾതന്നെ സാക്ഷ്യം വഹിക്കുന്നു. ചാക്യാരുടെ നിർദ്ദയമായ നിരൂപണങ്ങൾപോലും സ്വന്തം കണ്ണുപൂടങ്ങളിൽ അലച്ചിട്ടുകുന്നലക്കോനാതിരിയോ കുലശേഖരപ്പെരുമാളോ കോപിച്ചതായി കേട്ടിട്ടില്ല. മറുവിധത്തിലാണെങ്കിൽ ചാക്യാരെ വംശത്തോടുകൂടി അറബിക്കടലിലാഴ്ത്തുവാനുള്ള ശക്തി ഈവക മഹാരാജാക്കന്മാർക്കുണ്ട്. അങ്ങനെയുള്ള കേരളീയരുടെ വംശപരമ്പരയിൽപ്പെട്ട നാം ഒരിക്കലും ഹാസ്യസാഹിത്യത്തിനും ഫലിതത്തിനും വിരോധികളോ അതു കൊണ്ടു ക്ഷോഭിക്കുന്നവരോ ആകയില്ല. ഇതുപോലും മഹത്തായ ഈ സാഹിത്യശാഖയെ കഴിയുന്നതു പ്രോത്സാഹിപ്പിക്കുന്നുമെന്നു് ഒരിക്കൽക്കൂടി അപേക്ഷിച്ചുകൊണ്ടു വിരമിക്കുന്നു.

ഇ. വി. കൃഷ്ണപിള്ള.

ചേവടിത്താരിൽ നമസ്കരിക്കാം.

(മഞ്ജരി)

മംഗളദായികേ, മൽപ്രകൃത്യംബികേ,
സംഗീതസാഹിത്യസാരജ്ഞതേ!
എൻകണ്ണിൽ കർപ്പൂരപൂരംപുരട്ടുവാൻ,
എൻകരഠംച്ചെന്താർവിരിഞ്ഞുകാണ്മാൻ,
എൻതനുവല്ലരി രോമാഞ്ചംകൊണ്ടൊന്നു
പന്തിയിൽമൊട്ടിട്ടു കാണുവാനായ്,
എൻമുഖചന്ദ്രനപ്പാൽനറുംപുഞ്ചിരി-
വെള്ളിക്കതിരുകഠം ചിന്നുവാനായ്
എത്രമേൽക്ലേശംസഹിപ്പൂ നീ നിത്യവും
പുത്രവാത്സല്യവശീകൃതയായ്

ഒരോ വിഭാതസമാഗമത്തിങ്കലു-
മോല്പംപനിനീരിൽ മുക്കിമുക്കി
തെന്നൽകരത്താൽത്തുവർത്തിത്തുടച്ചുമാ-
പ്പൊന്നിളംവൈലായ കുങ്കുമത്താൽ
എൻനിടിലത്തിൽ തിലകമണിയിച്ചു
മെന്നമ്മയോമനിയ്ക്കുന്നിതെന്നെ.

അമ്മേ ഭവതിയെൻ കണ്ണംകളപ്പിയ്ക്കാ-
നന്നന്നുചെയ്യിക്കും പ്രേമഗാനം
ആനന്ദപ്പാൽക്കടൽവീചിയിൽത്തുള്ളിയു-
മാനല്ലയോഗിമാർമുഖ്യരേയും
കൊച്ചുകിളികഠംതൻ ഗാനപരിപാടി,
യുച്ചമാംവണ്ടിൻശ്രുതിപിടിക്കൽ,
അമ്മുകിൽത്തുണ്ടിൽ മുട്ടുമുദംഗധ്വനി;
ആണ്മയിൽതൻ മഞ്ജുനൃത്തഭേദം,
ആനന്ദദായകം, ഹാ ജഗന്മോഹനം-
താനംബ! താവകം സംഗീതകം!

ഉച്ചക്കൊട്ടംവെയിലത്തൊരുപോംവഴി-
നിശ്ചയമില്ലാതുഴലുംനേരം
തെങ്ങകഠം—പാരിടപ്പാരിജാതങ്ങഠം—ഹാ!
തിങ്ങും വിനീതസ്വഭാവമോടെ

പൊന്നിൻകടത്തിലിളംതളിർനീരുമാ-
യെന്നെയഭിഷേകം ചെയ്യുവാനും
പച്ചക്കുടകളെനിയ്ക്കുപിടിപ്പാനും-
നിശ്ചയംനിന്നാജ്ഞമൂലംനിൽപ്പൂ!

തുമണംപൂണ്ടുന്ന മന്ദപവനന-
പ്പൂമരംമെല്ലെക്കുലുക്കിമുറവും
കല്ലുനിറഞ്ഞൊരെൻമാറ്റത്തിൽപൂവിരി-
ച്ചില്ലലകറുന്ന സ്നാനകമ്പം.

വാർമഴവില്ലുവരച്ചും തുടച്ചുമേ
തുമയിൽപുൽക്കൊടിത്തെത്തലപ്പിൽ
മഞ്ഞിൻകണങ്ങളാൽ മുത്തുമണികൾനീ
മഞ്ഞുവായ് ചാർത്തിയഴിച്ചുവെച്ചും
ഒട്ടേറെഗ്ഗൗരവം പൂണ്ടൊരെന്നെയെത്ര
പൊട്ടിച്ചിരിപ്പിച്ചില്ലാത്തമോദം!
നീലാഭ്രംതേച്ചുമിനുക്കിത്തുടച്ചുടു
ലീലയാനിത്യവും സന്ധ്യതോറും
നക്ഷത്രസഞ്ചയം വാരിവിതപ്പുനീ-
യക്ഷാമമെൻ കൺകളുക്കുവാനായ്

വെണ്മതിബിംബമാം തുവെള്ളിത്താലത്തി-
ലമ്മ നിലാവാം പൈമ്പാലുമായി
ജീവിതപ്പോരിൽ തളർന്നോരെൻമെയ്യിനു
ജീവൻകൊടുക്കുവാൻ കാത്തുനിൽപ്പൂ.

കണ്ണുംകരളും കുളുപ്പിച്ചുകൊണ്ടമ്മ
തിണ്ണംതലോടിയും താലോലിച്ചും
കാരുണ്യത്താലെ വളർത്തിയതിനിന്നു
ചേരും കൃതജ്ഞതകാണിപ്പാനും
പ്രത്യുപചാരങ്ങൾ ചെയ്യാനുമിസ്സാധു-
വെത്രയുയർന്നാലും ശക്തനാകാ.
സ്നേഹാദരഭാരനമ്രശിരസ്കനായ്
ആഹാ! മുകുളിതഹസ്തനായി,
ഭാവുകം സർവ്വാ സർവ്വർക്കും ചേർക്കുംനിൻ-
ചേവടിത്താരിൽ നമസ്കരിക്കാം.

മൂത്തിരിങ്ങോട്ട് ഭേത്രാതൻനമ്പൂതിരിപ്പാട്.

ദേവവൈദ്യന്മാർ.

(പ്രസംഗസാരം.)

സാഹിത്യമഹാസമാജത്തിന്റെ സപ്തമസമ്മേളനം യാതൊരു ഹാനിയുമില്ലാതെതന്നെ നടത്താവുന്ന സ്ഥിതിക്ക് ഇവിടെ ഒരു വൈദ്യന്റെ ആവശ്യമുണ്ടായിരിക്കയില്ല. ആ നിലയ്ക്ക് എന്റെ വൈദ്യപ്രസംഗം അസ്ഥാനത്തല്ലയൊ എന്നു ചിലർ സംശയിക്കുന്നുണ്ടായിരിക്കാം. വിഷയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മനുഷ്യന്റെ അന്തഃകരണം പലവിധ വികാരങ്ങളെക്കൊണ്ടു പൂർണ്ണമാണ്. പക്ഷെ അതെല്ലാം ഒരുപോലെ വികസിക്കയില്ല. അന്തഃകരണത്തെ ഒരു ഭ്രാതക്കണ്ണാടികൊണ്ടു പരിശോധിക്കുവാൻ സാധിക്കുന്നപക്ഷം അതുകൊണ്ടു നമുക്കു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. നമ്മുടെ ജീവിതം പരമവും പ്രാകൃതവുമല്ല. അതിനു മദ്ധ്യത്തിലുള്ളതാകുന്നു. അന്തഃകരണത്തിന്റെ അപേക്ഷിതമായ ജീവിതം ഒരിക്കലും തൃപ്തികരമായിരിക്കയില്ല അന്തഃകരണത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന ജിജ്ഞാസ ശമിപ്പിക്കുവാൻ സാധിച്ചാൽ ജീവിതത്തിൽ അവൻ തൃപ്തനായി ജിജ്ഞാസ പലവിധത്തിലും രൂപത്തിലുമായിരിക്കും. അതുകൊണ്ട് ഒരു സദസ്സിൽ പലവിധജിജ്ഞാസകളും ഉണ്ടാവുക എന്നതു സ്വാഭാവികമാണ്. കഥകളിയിലായിരിക്കും ചിലരുടെ അന്തഃകരണം ജിജ്ഞാസുക്കളായിരിക്കുന്നതു്. ചിലർക്കു നാടകത്തിലും ചിലർക്കു കാവ്യങ്ങളിലും ആയിക്കൊള്ളട്ടെന്നില്ല. ശൃംഗാരാദി രസങ്ങളിൽ രുചിക്കുന്നവരായിരിക്കും കൂടുതൽപ്പേർ. അതിനാൽ സാഹിത്യസദസ്സിൽ ഫലിതമയംമാത്രംമതി എന്നു് ആരും പറയുകയില്ല. ശാസ്ത്രോത്കൃഷ്ടിയും സംസ്കൃതമതികളും മോക്ഷോത്സുക്കളുമായവർ പ്രാകൃതവും ഇന്ദ്രിയജന്യവുമായ സുഖങ്ങളിൽ രസിക്കുമെന്നു വരുന്നതല്ല. എന്നാൽ കാവ്യാദികളിലും ശാസ്ത്രങ്ങളിലും രസിക്കണമെങ്കിൽ അതുസംബന്ധിച്ച വിവിധവിഷയപരിജ്ഞാനം കൂടാതെ കഴികയില്ല ഇതൊന്നുമില്ലാത്തവർമാത്രം പൊരും ഹാസ്യരസത്തിലും പ്രാകൃതവിനോദത്തിലും തൃപ്തിപ്പെട്ടേക്കാം. ഈവക സംഗതികളെക്കൊണ്ടാണു്, സാഹിത്യകാരന്മാരുടെ ദൃഷ്ടിയിൽ ഒരു സ്ഥാനവുമില്ലാത്ത ഞാൻ വൈദ്യശാസ്ത്രത്തെപ്പറ്റി പറയുവാൻ ഇവിടെ സന്നിഹിതനായതു് (ഹസ്തതാഡനം.) രാമായണത്തിൽ യുദ്ധം, വേദാന്തം, ശൃംഗാരം ഇതെല്ലാം അടങ്ങീട്ടുണ്ടു്. അതുകൊണ്ടു് അതിൽ സാഹിത്യമില്ലെന്നു വരുന്നില്ല. സാഹിത്യം ഒരു ഭാഷയിലൊ വസ്തുവിലൊ മാത്രം ഉള്ളതല്ല. സംസ്കൃതസാഹിത്യം, ഇംഗ്ലീഷുസാഹിത്യം, ഇതുകളെപ്പോലെത്തന്നെ വൈദ്യസാഹിത്യമുണ്ടാകുന്നതിനും വിരോധമില്ല. ഇവിടെയൊന്നും ഒരു സ്ഥാനമില്ലെങ്കിൽ സാധുവൈദ്യശാസ്ത്രം എവിടെയാണൊന്നു ശ്വാസംകഴിക്കുക? (ചിരി)

ഫലിതരസത്തേയൊ ഹാസ്യരസത്തേയൊ സ്തുതിക്കുന്നതിനു മറെറാന്നിനെ നിന്ദിക്കേണ്ടതായിട്ടില്ല വിഷ്ണുവിനെ സ്തുതിക്കുന്നവൻ ശിവനെ ജടാവല്കലധാരിയാണെന്നു പറയുന്നുണ്ടെങ്കിൽ, അതു ശിവനോടുള്ള ദ്വേഷ്യംകൊണ്ടല്ല. വിഷ്ണുവിനോടുള്ള

കേതികൊണ്ടാകുന്നു. എന്റെ പുത്രൻ വികൃതിയാണ്. ഞാനവന്റെ മുഖത്തുനോക്കില്ല എന്നു നാം പറയാറുണ്ട്. എന്നാൽ അതു പറയുന്നതുതന്നെ സ്നേഹത്തിന്റെ പ്രേരണകൊണ്ടാണ്. എന്തുകൊണ്ടു മുഖത്തു നോക്കില്ലെന്നു പറയുന്നുവോ, ആ ദുർഗ്ഗുണം പോയിക്കാണണമെന്നാണു പറയുമ്പോഴത്തെ നമ്മുടെ ഉദ്ദേശം.

"കാവ്യാലാപാംശ്ച വർജ്ജയേത്" എന്നു ശാസ്ത്രകാരൻ പറയുന്നു. കാവ്യങ്ങളും വെറും വിനോദരസപ്രധാനങ്ങളാണ്. അതുകളെ നോക്കുന്നതുതന്നെ ശരിയല്ല എന്നാണു ശാസ്ത്രകാരന്റെ വാദം. "ശ്രോത്രിയജന്മാന്ധന്മാർ" എന്നു കാവ്യകാരൻ ശാസ്ത്രകാരന്മാരെയും പഴിക്കുന്നു. രസാസ്വാദനവാഞ്ഛയില്ലാത്ത ജന്മാന്ധന്മാരാണു ശാസ്ത്രകാരന്മാരെന്നതു കാവ്യകാരന്റെ അഭിപ്രായം. ഒരാൾ സംസ്കൃതരാക്ഷസന്റെ തുറിച്ചുനോട്ടത്താലാണ് (മി. ഇ. വി. യുടെ പ്രസംഗത്തിലെ ഒരഭിപ്രായത്തെപ്പറ്റി) മലയാളഭാഷ അഭിവൃദ്ധിപ്പെടാത്തതെന്നു പറയുന്നു. അതു തെറ്റാണെന്നു ഞാൻ പറയുന്നില്ല. കാവ്യം തെറ്റാണെന്നു ശാസ്ത്രകാരനും ശാസ്ത്രങ്ങൾ അനാവശ്യമെന്നു കാവ്യകാരനും പറയുന്നില്ലേ? തങ്ങളുടെ ഹിതത്തിനനുസരിച്ചു വേണ്ടുന്നതു സ്വീകരിച്ചാൽ മതിയെന്നു വെക്കുകയാണുത്തമം.

സയൻസിന്റെ വളച്ചുയോട്ടക്രൂടി ജ്ഞാനം വളരെ വർദ്ധിച്ചുവെന്നു പറയുന്നുണ്ട്; ശരിയായിരിക്കാം. ഭ്രൂതക്കണ്ണാടിയിൽനിന്നും മറ്റും കിട്ടുന്ന ജ്ഞാനവും ബുദ്ധിയിൽനിന്നുണ്ടാവുന്ന അറിവുംതമ്മിൽ വ്യത്യാസമുണ്ട്. ഒന്നു നശ്വരമാണ്. മറ്റേതു നശ്വരമല്ല. ഭ്രൂതക്കണ്ണാടികൊണ്ടു കൊതുക്കിനെ നോക്കുക. അതിന്റെ വലിപ്പം അറിയാം. കാലുകളുടെയും ചിറകിന്റെയും സ്വഭാവം മനസ്സിലാക്കാം. അതിന്റെ ജീവൻ, സുഖം, ദുഃഖം മുതലായവ അതുകൊണ്ടറിയാൻ കഴിയുന്നില്ല. പനിക്കു തെർമോമിറ്റർ വെച്ചു് അളക്കാറുണ്ട്. ഇതു ഡിഗ്രി പനി എന്നു നാം കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ ഈവക ഉപകരണങ്ങളും നശിക്കുന്നതോടൊപ്പം ആ ജ്ഞാനവും നശിക്കുന്നു. ഇതുകൊണ്ടൊന്നും മനുഷ്യൻ അറിവുള്ളവനാകുന്നില്ല. അവനു യോഗ്യത സിദ്ധിക്കുന്നുമില്ല. യോഗ്യത മുഴുവൻ ഉപകരണങ്ങൾക്കാണ്. മനുഷ്യൻ വെറും പാവയാകുന്നു. നമ്മുടെ ഹൃദയം വികസിച്ചു് അതിൽനിന്നുണ്ടാവുന്ന അറിവിനെയാണ് ശാസ്ത്രമെന്നു പറയേണ്ടതു്. അതു് എന്നേക്കും ശരിതന്നെയാകുന്നു. അത്തരത്തിലുള്ള ഒന്നാണ്, ഭാരതീയരുടെ വൈദ്യശാസ്ത്രം.

വൈദ്യശാസ്ത്രത്തിന്റെ മൂലതത്വം പ്രപഞ്ചസൃഷ്ടിയിൽ, ലോകത്തിന്റെ ഉത്ഭവത്തിൽ, അടങ്ങിക്കിടക്കുന്നു. ആയുർവേദാചാര്യന്മാരിൽ ലോകതത്വത്തെപ്പറ്റി ആദ്യമായി അന്വേഷണം നടത്തിയതു സാംഖ്യശാസ്ത്രകാരനായ കപിലനാണ്. അവ്യക്തത്തിൽനിന്നാണു ലോകത്തിന്റെ ഉത്ഭവമെന്നു കപിലൻ സിദ്ധാന്തിക്കുന്നു. ശബ്ദ,സ്പർശ,രൂപ,രസ,ഗന്ധാദി വ്യാപാരങ്ങൾക്കു വിധേയമായ പഞ്ചേന്ദ്രിയങ്ങൾക്കതീതമായതിനെ അവ്യക്തമെന്നു പറയാം. നമുക്ക് ഏതെങ്കിലും വിധത്തിൽ അറിയാൻ—സങ്കല്പിക്കാൻ—സാധിക്കു

ന്നതെല്ലാം വ്യക്തമാണ്. വാസ്തവത്തിൽ ഉള്ളതുമാത്രമല്ല, ഇല്ലാത്തതും ചില ലക്ഷണ കല്പനകൾകൊണ്ടു വ്യക്തത്തിൽ പെടുത്താവുന്നതാണ്. വന്ധ്യാപുത്രൻ വാസ്തവത്തിൽ ഇല്ലാത്തതാണെങ്കിലും, "വന്ധ്യാപുത്രൻ" എന്നു പറയുമ്പോൾ നമുക്കുണ്ടാവുന്ന തോന്നൽ, അതായതു് അതിനുമുമ്പില്ലാതിരുന്ന വികാരം അതിന്റെ ലക്ഷണമായി കരുതി അതിനെ വ്യക്തത്തിൽ ചേർക്കുവാൻ അർഹതയുള്ളതാക്കുന്നു. ഇന്ദ്രിയങ്ങളെകൊണ്ടു് അറിയാൻകഴിയാത്തവ അസത്യങ്ങളാണെന്നു കരുതുക. എന്നാൽ അങ്ങിനെയുള്ളവയും സത്യങ്ങളാണെന്നു കരുതേണ്ടിവരും. കാരണം നമുക്കവയെ കുറിച്ചുണ്ടാവുന്ന പ്രതീതിതന്നെ സത്യം. ആകാശം നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമല്ല. എന്നാൽ ആകാശം സത്യമല്ലേ? അതെ സത്യംതന്നെ, എന്തുകൊണ്ടെന്നാൽ അതിനുമുമ്പില്ലാത്ത ഒരറിവു് ആ വാക്കുകേൾക്കുമ്പോൾ നമുക്കുണ്ടാവുന്നു. എല്ലാറ്റിനും കാരണമുണ്ടെന്നാണെങ്കിൽ ശൂന്യമായിരിക്കുന്ന പദാർത്ഥത്തിനും ലക്ഷണം കല്പിക്കേണ്ടിവരും. അതിനു സങ്കല്പമാണ ലക്ഷണം. അതിൽനിന്നു വേർപെടുമ്പോൾ മനസ്സു ശാന്തമാകുന്നു. ആകാശം ശൂന്യമാണെങ്കിലും നാംകല്പലക്ഷണത്താൽ അതും വ്യക്തംതന്നെ. അതിനാൽ അവ്യക്തം ഇതിനെല്ലാം അപ്പുറമെന്നു സിദ്ധിക്കുന്നു. ഇതിന്റെ എല്ലാം കലാശം അവ്യക്തത്തിലാണ്. അറിഞ്ഞാൽ വ്യക്തം, അറിയാത്തതു് അവ്യക്തം. "അവ്യക്തം ജഗൽകാരണം". രണ്ടു ധർമ്മങ്ങളുണ്ടു്. ഇച്ഛാശക്തിയും ക്രിയാശക്തിയും. ഇതും അവ്യക്തത്തിലടങ്ങിയിരിക്കുന്നു. ഇങ്ങിനെയാണെങ്കിൽ അതിൽ ചൈതന്യമുണ്ടെന്നു സമ്മതിക്കണം. നമ്മുടെ ശക്തി, ശുക്ലശുക്താദികളിൽ അടങ്ങിക്കിടക്കുന്നു. ഇച്ഛാശക്തിയുടെ ബീജമാണ് അവ്യക്തം. അവ്യക്തത്തിൽനിന്നു ജഡപദാർത്ഥങ്ങൾക്കു ചൈതന്യം സിദ്ധിക്കുന്നു. ഇങ്ങനെ അവ്യക്തത്തിൽനിന്നു ലോകമുണ്ടായി എന്നു സാംഖ്യന്മാർ സിദ്ധാന്തിക്കുന്നു.

എന്നാൽ ഇതിനെക്കുറിച്ചൊന്നും വൈദ്യശാസ്ത്രം ആലോചിക്കുന്നില്ല. ഹിമവൽപാർശ്വത്തിൽ മഹർഷിമാരെല്ലാംകൂടി ഒരു യോഗംകൂടി ആലോചിച്ചു് ജനങ്ങളുടെ സങ്കടപരിഹാരത്തിനുള്ള മാർഗ്ഗത്തെപ്പറ്റി കണ്ടുപിടിക്കണമെങ്കിൽ ലോകതത്വത്തെപ്പറ്റി തികച്ചും അന്വേഷിച്ചറിയാതെ തരമില്ലെന്നായി. അതുപ്രകാരമുള്ള ചിന്തയുടെ ഫലമായി കണ്ടുപിടിച്ചിട്ടുള്ളതാകുന്നു വൈദ്യശാസ്ത്രസിദ്ധാന്തപരമായ ലോകോല്പത്തി

അവ്യക്തം, മഹത്തത്വം, പഞ്ചതന്മാത്രകം തുടങ്ങിയ 8 തത്വങ്ങൾ പഞ്ചഭൂതത്തിലടങ്ങിയിരിക്കുന്നുവെന്നു വൈദ്യശാസ്ത്രം സിദ്ധാന്തിക്കുന്നു. സാംഖ്യന്മാർ സത്വരജസ്തമോഗുണങ്ങളെന്നും വേദാന്തികൾ ബ്രഹ്മമെന്നും, വൈദ്യന്മാർ ദോഷത്രയമെന്നും (അതായതു വാതം,പിത്തം,കഫം,) പറയുന്ന തത്വം ഒന്നുതന്നെയാണ്. "പ്രകൃതിത്രിഗുണാത്മിക" എന്നാണ് വൈദ്യശാസ്ത്രം ലോകത്തെ കല്പിക്കുന്നതു്. സത്വഗുണം വെളുപ്പു്, രജോഗുണം ചോപ്പു്, തമോഗുണം കറുപ്പു്. ഇതുപോലെത്തന്നെ തണുപ്പു്, ചൂടു മുതലായ പ്രകൃതിഭേദങ്ങളെ വാതം,പിത്തം,കഫധർമ്മങ്ങളായി വൈദ്യന്മാർ കല്പിക്കുന്നു.

രോഗങ്ങളുടെ ഉത്ഭവത്തെപ്പറ്റി നോക്കുന്നതായാൽ എല്ലാറ്റിനേയും ത്രിദോഷരൂപമായി കാണുന്ന വൈദ്യൻ അനാരോഗ്യത്തെ ദുഃഖരൂപമായ പ്രപഞ്ചഗുണ (സ

ഭാവ)മായി കരുതാവുന്നതാണ്. പ്രപഞ്ചസൃഷ്ടി പഞ്ചഭൂതങ്ങളെക്കൊണ്ടാണ്. അവ്യക്തം, ഗുരുത്വം, ലഘുത്വം തുടങ്ങി പരസ്പരഭിന്നങ്ങളായ 20 ഗുണങ്ങളുടെ സങ്കലനമാണ് ഈ പ്രപഞ്ചം. ഇതിൽ, ഈ ഗുണങ്ങളിൽ, 10 എണ്ണം സൌമ്യവും 10 എണ്ണം ആഗ്നേയവുമാണ്. ഇങ്ങിനെ ദ്വന്ദ്വശക്തികളുടെ സമ്മേളനത്താൽ ഒരു ഭാഗം തണുപ്പായിരിക്കുമ്പോൾ മറ്റൊരു ഭാഗം ചൂടായി കലാശിക്കുന്നു. ഈ ഭിന്ന ഗുണങ്ങൾനിമിത്തമാണ് അത്യുഷ്ണാനംചെയ്ത ഒരാൾക്കു കുറെനേരം വെറുതെ ഇരിക്കുന്നതു് ഒരു ചികിത്സയുടെ (പ്രതിവിധി) നിലയിലാകുന്നതു്. ഒരു ഗുണത്തിന്റെ വർദ്ധനകൊണ്ടുള്ള ദോഷം അതിൽത്തന്നെ അടങ്ങീട്ടുള്ള മറ്റൊരു ഗുണംകൊണ്ടു ശാന്തമാകുന്നു.

ആയുർവേദാചാര്യന്മാരുടെ മതപ്രകാരം ബ്രഹ്മാവു പഞ്ചഭൂതങ്ങൾമാത്രമാണ്. ദേവവൈദ്യന്മാരിൽ ഒന്നാമൻതന്നെയാണു ബ്രഹ്മാവു്. അഗ്നിവേശൻ മുതലായവരാണു വൈദ്യശാസ്ത്രകാരന്മാർ. ശ്ലാസും ടിന്നും ക്ലോറൊഫോമും കൂടാതെതന്നെ കട്ടക്കഴിച്ചാൽ മലശോധനയുണ്ടാക്കാമെന്നും മസ്തിഷ്കം എന്നൊന്നുണ്ടെന്നും അതിന്നഭാഗത്താണെന്നും ഇന്നിന്ന പ്രവൃത്തികൾ അതിൽ നടക്കുന്നുണ്ടെന്നും അവർ—പ്രാചീനാചാര്യന്മാർ—കണ്ടുപിടിച്ചിട്ടുണ്ടല്ലൊ. ദിവ്യദൃഷ്ടി എന്നൊന്നുണ്ടു്—പക്ഷെ യുക്തിവാദികൾ പുച്ഛിക്കുമായിരിക്കാം. ബ്രഹ്മാവു രോഗപരിഹരണയുക്തികളെ ജഗൽകാരണതത്വങ്ങളിൽനിന്നു കണ്ടുപിടിച്ചുവെന്നു ചരകത്തിൽ പറയുന്നു. ബ്രഹ്മാവു് ആദ്യമായി ദക്ഷനെ വൈദ്യം പഠിപ്പിച്ചു. ഈ ദക്ഷൻ ആരായിരുന്നു? ദക്ഷയാഗത്തെപ്പറ്റിയും മറ്റും വർണ്ണിച്ച പുരാണങ്ങളിൽ പറയുന്നില്ലെ? ആ ദക്ഷൻ. അദ്ദേഹം ബ്രഹ്മാവിന്റെ അസിസ്റ്റൻറാണു്. ഉല്പാദനശക്തിയാണു് ബ്രഹ്മാവു്. ഓരോ ശക്തികളിൽ ഉള്ള ഓജസ്സാണു്—ജീവശക്തി—ദക്ഷന്റെ ആശ്രയം. അതുണ്ടെങ്കിൽ ശക്തിയുണ്ടാകും. ആ ശക്തിക്കാണു ദക്ഷപ്രജാപതി എന്നു പറയുന്നതു്. ദക്ഷന് 16 മക്കളുണ്ടായിരുന്നതായി പറയുന്നു. ഇതിൽ 13 മക്കളെ ധർമ്മനു കൊടുത്തതായി പറയുന്നു. ഇതു 13 ധർമ്മങ്ങളാണു്. ശ്രദ്ധ, തുഷ്ടി, പുഷ്ടി, സതി, രതി, ഇതെല്ലാം അന്തഃകരണധർമ്മങ്ങളത്രെ. സതി എന്നതിനു നിയന്ത്രിക്കുക എന്നും രതിയെന്നതിനു രമിക്കുക എന്നും (വിഷയസുഖാനുഭവം) അർത്ഥം വരുന്നു. സതിയുടെ (നിയന്ത്രണത്തിന്റെ) പിടിയിൽനിന്നു തെറ്റിയതിനാൽ, അതിയായ ഭോഗത്താൽ, ആകുന്നു ദക്ഷനു നാശം സംഭവിച്ചതു്. പുരാണത്തിൽ ദക്ഷന്റെ തോന്ന്യാസകാലംമുതൽക്കാകുന്നു ലോകത്തിൽ രോഗം ഉണ്ടായതു്. ദക്ഷൻ ഇന്ദ്രിയവിഷയസുഖങ്ങളിൽ ക്രമത്തിലധികം പ്രവർത്തിക്കുന്നതായാൽ അതു രോഗമാകുന്നു.

അശ്വിനീദേവന്മാർ ദേവലോകത്തിലെ വൈദ്യന്മാരാണു്. അമൃതുകഴിച്ചു ജരാനരകളറ്റ ദേവലോകത്തിൽ വൈദ്യന്മാരുടെ ആവശ്യമെന്താണു്? അശ്വിനീദേവന്മാരെപ്പറ്റി ചരകസംഹിതയിൽ വിവരിക്കുന്നുണ്ടു്. അശ്വിനീദേവന്മാർക്കു ചികിത്സയ്ക്കു യാതൊരു മരുന്നുകളും ആവശ്യമില്ല. ദക്ഷപ്രജാപതിയുടെ ഓജസ്സു ക്ഷയിച്ചപ്പോൾ ഇവരെയാണു ചികിത്സയ്ക്കു വിളിച്ചതു്. മരുന്നുകൾകൊണ്ടൊന്നും ദീനം മാറുകയില്ലെന്നായി.

ബ്രഹ്മാവു് ഇവരോടു ചികിത്സിക്കാൻ പറഞ്ഞു. "നാസത്യാവശ്വിനൌ ദസ്രൌ" എന്നാണു് ഇവരെപ്പറ്റി അമരസിംഹൻ പറയുന്നതു്. അതായതു്, "ശ്വാസോച്ഛ്വാസ" മെന്നർത്ഥം. ശുദ്ധവായു ശ്വസിച്ചു ദീനംമാറുക എന്നാണു് ഇതിന്റെ സാരം. മരുന്നുകൊണ്ടു മാറാത്ത ചില ഭയങ്കരദീനങ്ങൾക്കാണു് ഇവരുടെ ചികിത്സ വിധിക്കുന്നതു്. ഇനി ദേവേന്ദ്രനെന്ന ഒരു വൈദ്യൻകൂടിയുണ്ടു്. അദ്ദേഹത്തെക്കൂടി അറിഞ്ഞാൽ ഈ വിഷയം ഏതാണ്ടു പൂർത്തിയായി.

എന്നാൽ അദ്ധ്യക്ഷന്റെ ആജ്ഞയെ ഞാൻ അവഗണിക്കുന്നില്ല. ഈവക സംഗതികൾ വളരെ വിസ്തരിച്ചു പറയേണ്ടതാകയാൽ അതു് ഇനിയൊരവസരത്തിലേക്കു നിർത്തിവെക്കുന്നതേ ഭേദമുള്ളൂ. ഇങ്ങനെയൊരു പ്രസംഗത്തിനു സൌകര്യം തന്നതിനും ഇതു ശ്രദ്ധിച്ചുകേട്ടതിനും ഭാരവാഹികളോടും സഭ്യന്മാരോടും ഒരിക്കൽക്കൂടി വന്ദനം പറഞ്ഞുകൊണ്ടു വിരമിക്കുന്നു.

ശ്രീമാൻ വടക്കെപ്പാട്ടു നാരായണൻനായർ.

"സാഹിതീസപര്യ"

(അന്നനട)

നിരന്തരാനന്ദസുരഭിലജ്ഞാന
മരന്ദം വാർക്കുന്ന സുവർണ്ണമഞ്ജരി!
പ്രകൃതിദേവിതൻ കവിഹൃത്തടത്തിൽ
സുകൃതികൾകാണും സൂര്യഭാവമെ!
നമോ നമസ്തേ സമഗ്രസൌന്ദര്യ-
വിമോഹനാകൃതെ! കവിതെ! വെൽക! നീ.

വികാരനീരദാഗമനവേളയിൽ
സുകാവ്യകുന്മുഖവനിയിൽ നിന്നതാൻ
വിചിത്രവാങ്മയ ശിഖണ്ഡമണ്ഡലി
വിരുത്തിയാടുന്ന മയൂരമാണു നീ;
മധുരജീവിതമലരിലാനന്ദ-
മധു പകരുന്ന വസന്തമാസം നീ;
ഉലകമാം ചിത്രപടത്തിനു മോടി-
യലമരുളുന്ന കനകച്ഛായം നീ;
ഒരു കവീന്ദ്രമാനസവിഹംഗവു-
മറുതികാണാത്തൊരപരാകാശം നീ.

അഴൽമരുപ്പരപ്പിലും സുഖാമൃത-
മഴ പൊരിയുന്ന മനോജ്ഞചന്ദ്രികെ!
ഭവതിയെത്തേടിത്തിരിയുന്ന സദാ
ഭുവനമുണ്ടൊരേപരവശം.
ഹൃദയവേദിയിൽ, സതതധ്യാനത്താ-
ലുദയം ചെയ്ത നിന്നനോപമരൂപം
പല പൂഞ്ചായം ചേർത്തപരദിങ്മുഖ-
പ്പുലകമേലെഴുതുവാൻ പൊൻതൂവലാൽ
തുടർന്നുടൻ ശരിപ്പെടാഞ്ഞു മൂവ്വന്തി
തുടയ്ക്കയാം നീലഞ്ജനകിചിൻ തുമ്പിനാൽ.
പൊരുത്തവാസനാഗുണമിണങ്ങിന
മരുത്തു മമ്മരമധുരഭാഷയിൽ
തരുനിര തല കലുക്കവേ നിന്നെ
നിരുപമം വാഴ്ത്തിസ്തുതിച്ചു നീളവെ
നടന്നിടുന്ന നിൻ പദദിദൃക്ഷുവായ്
കടലിലും വനികളിലും വാനിലും.
വശഗയല്ല നീയൊരാൾക്കു, മെന്നുമേ
വിശദമല്ല നിൻമഹത്വമൊന്നുമേ.
പുരതി പുൽകവേ പുതുമന്ദസ്മിതം
കലരുമോമനമലർമുഖത്തിലും,
വിയതി സാന്ധ്യനീരദകദംബത്തി-
ലുയരും വാർമണിമയധനുസ്സിലും,
കനകതാരകലിപികളിൽ സ്വയ-
മിനൻ കുറിച്ചൊരാ പ്രണയലേഖനം
വിടുത്തു നോക്കവെ ദിനാന്തവേളതൻ
തുടുത്തു മിന്നിയ കവിൾത്തടത്തിലും,
പരിസ്ഫുരിപ്പതുണ്ടവിടുത്തെ പ്രഭാ-
സരിഞ്ഞിൽനിന്നൊഴും ചെറുതരംഗങ്ങൾ.

ചിടയും കാവിമുണ്ടുടയുമെന്നെ, വെൺ
കുടയും വൻപൊഴും പടയുംക്രൂടാതെ
പരബ്രഹ്മാനന്ദമിയന്ന പാരിടം
പരക്കെവെൽവൂ ഹാ! ജനനി! നിൻദാസൻ.
അനന്തമജ്ഞാതം ചരിതമെങ്കു തേ
ജനനി! ശ്രുതിമേ ജളനിവനെങ്ങോ?

സ്ഫുടമാക്കുകെൻ വഴികൾ മന്നിനു
കെടാവിളക്കാകും കടാക്ഷപാതത്താൽ
ജയിച്ചിതെങ്കിൽ ഞാൻ, മദന്തരാത്മാവു
ലയിച്ചു ചേർന്നാവൂ! തിരുവടികളിൽ.

കെ. എൻ. വാസുദേവൻനമ്പൂതിരി.

മലയാളഭാഷാകവിതയുടെ ആധുനികഗതി.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ സപ്തമയോഗത്തിൽവെച്ചു ഞാനൊരു പന്യാസമെഴുതി വായിച്ചാൽകൊള്ളാമെന്ന് അതിന്റെ പ്രോത്സാഹകന്മാർ എന്നോടാവശ്യപ്പെട്ടകയും അതിനുള്ള വിഷയംക്രടിപ്പറഞ്ഞുതരികയും ചെയ്തപ്പോൾ ഞാൻ വേഗം അതിനനുസരിച്ചതു് ആ വിഷയത്തിനു തക്കതായ ഗൌരവത്തോടുംക്രടി ആകൃത്യം നിവ്വഹിച്ചുകളയാമെന്നുള്ള ധൈര്യത്തിന്മേലല്ല, അവരോടു സഹകരിക്കുവാനുള്ള എന്റെ സന്നദ്ധതയെ പ്രദർശിപ്പിക്കുവാൻ മാത്രമാകുന്നു. കേരളഭാഷാകവിതയുടെ ആധുനികസ്ഥിതിയാണല്ലൊ ഇന്നത്തെ വിഷയം. ഈ വിഷയം പ്രത്യേകിച്ചു പഠിച്ചു വശത്താക്കിയിട്ടുള്ളവരും നല്ല സാഹിത്യകാരന്മാരുമായ മറനേകം യോഗ്യരിവിടെയുണ്ടെന്നെനിക്കറിവില്ലായ്കയല്ല. എന്നാൽ,

"ഇവനുള്ളോരു പോരായ്മയറിയാഞ്ഞല്ല പൊൽവതും
കയിലുണ്ടെന്നുകരുതിക്കാക്ക മിണ്ടാതിരിക്കുമോ?"

എന്നൊരു ന്യായംമാത്രമേ എനിക്കുള്ളുതാനും.

ഏതു രാജ്യത്തെയും അതതുകാലത്തെ സാഹിത്യം അതതുകാലത്തെ സമുദായസ്ഥിതിക്കനുസരിച്ചിരിക്കുമെന്നാണു സാഹിത്യചരിത്രകുശലന്മാർ പറയുന്നതു്. ഇതുപ്രകാരം നോക്കുമ്പോൾ നമ്മുടെ ആധുനികസാഹിത്യത്തിന്റെ ഗതി ആധുനികസമുദായസ്ഥിതിയെ ഏറക്കുറെ അനുഗമിക്കാതിരിപ്പാൻ പാടുള്ളതല്ല. നമ്മുടെ സമുദായമാകട്ടെ അഭ്രതപൂർവ്വമായുള്ളൊരു നിലയ്ക്കാണിപ്പോൾ നിൽക്കുന്നതും. ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ സ്ഥിരപ്രതിഷ്ഠയോടുകൂടി ഇന്ത്യയിലാകെ വന്നിട്ടുള്ളൊരു പരിഷ്കാരാതിശയം കേരളത്തിലാണെങ്കിൽ മറെറല്ലാടത്തിലെക്കാളുമധികം പ്രകൃഷ്ടമായിട്ടാണു വിലസുന്നതു്. ഇംഗ്ലീഷുപഠിപ്പിന്റെ ഫലമായി അപാരമായ ഇംഗ്ലീഷുസാഹിത്യസമുദ്രം നമ്മുടെ സേച്ഛാവിഹാരത്തിനു ഗോചരമായിക്കഴിഞ്ഞിരിക്കുന്നു. ഈ ഇംഗ്ലീഷുസാഹിത്യസമുദ്രത്തിലേക്കു മറവു സകല സാഹിത്യസരിത്തുകളും തജ്ജന്മവഴിക്കു വന്നുചേരുന്നതിനാൽ ലോകത്തിലുള്ള പ്രധാനപ്പെട്ട സാഹിത്യങ്ങളെല്ലാം ഇപ്പോൾ നമുക്കു തുറന്നാണിരിക്കുന്നതും. ഇതുകൊണ്ടെല്ലാംക്രടി നമ്മുടെ മനോഗതിക്കെന്തെന്നില്ലാത്തൊരുത്ഥാനശക്തിയാണുണ്ടായിരിക്കുന്നതു്. ഈ മാന

സികോത്ഥാനശക്തി രാഷ്ട്രം, സമുദായം, മതം മുതലായ സവ്കാര്യങ്ങളെയും സംസ്പ
ശ്ചിച്ചിരിക്കെ സാഹിത്യത്തെമാത്രം അതു തൊട്ടില്ലെന്നവരുവാൻ തരമില്ലല്ലൊ.

അതിലും അതു നല്ലവണ്ണം കാണുന്നുണ്ട്. ഗദ്യസാഹിത്യമെന്നൊരു ശാഖ ന
മ്മുടെ സാഹിത്യത്തിനുണ്ടായതുതന്നെ അതിന്റെ ഫലമാണെന്നുവേണം പറയുവാൻ.
പദ്യസാഹിത്യത്തിനും അതുകൊണ്ടു കുറച്ചൊന്നുമല്ല ഗുണമുണ്ടായിട്ടുള്ളതു്. സംസ്കൃത
രീതിയനുസരിച്ചു വല്ല കാവ്യങ്ങളും നാടകങ്ങളുമെഴുതി തൃപ്തിപ്പെടുകയാണല്ലൊ മുമ്പുള്ള
കവികളുടെ പതിവു്. ആ മാതൃകവിട്ടു പുതിയ മാതൃകകളെക്കണ്ടുപിടിപ്പാനും അതു
പ്രകാരം കാവ്യങ്ങളെഴുതുവാനും കവികൾക്കിപ്പോൾ ധൈര്യംവന്നിട്ടുള്ളതു് അതിന്റെ
ഫലമായിട്ടാണു കരുതേണ്ടതു്. ഖണ്ഡകാവ്യപ്രസ്ഥാനത്തിനിതു പ്രകാരം സിദ്ധിച്ച
തും അതിന്റെതന്നെ ഫലമാകുന്നു. ഇങ്ങനെ നോക്കുമ്പോൾ പറയത്തക്ക പല ഗുണ
ങ്ങളും പാശ്ചാത്യപരിഷ്കാരംകൊണ്ടു കേരളസാഹിത്യത്തിനു കിട്ടിയിട്ടുണ്ടെങ്കിലും അ
പരിഷ്കാരത്തിന്റെയും അതു പഠിപ്പിന്റെയും സമ്പർക്കംകൊണ്ടതിനു യാതൊരു ദോഷവും
വന്നിട്ടില്ലെന്നു ധൈര്യത്തോടുകൂടിപ്പറയുവാൻ പാടുള്ളതല്ല. സംസ്കൃതംവഴിക്കു വന്നി
ട്ടുള്ള പുരാണപരിഷ്കാരവും ഇംഗ്ലീഷുവഴിക്കു വന്നിട്ടുള്ള നൂതനപരിഷ്കാരവുംതമ്മിൽ
നല്ലവണ്ണം വേർതിരിഞ്ഞിട്ടില്ലാത്തതിനാൽ അതുകൊണ്ടുതമ്മിലുള്ള മത്സരംവഴിക്കിപ്പോൾ
ചില ദോഷങ്ങൾ കണ്ടുവരുന്നുണ്ടു്. പിന്നെ, ഒരുവക പരിഷ്കാരംമാത്രമുള്ളവർ മറ്റേ
തുണ്ടെന്നു നടിക്കുന്നതിൽനിന്നും ചില ദോഷങ്ങളും കണ്ടുവരുന്നുണ്ടു്. രണ്ടു പരിഷ്കാ
രവുംകൂടി ഏകീകരിച്ചാൽമാത്രമെ ഈവക ദോഷങ്ങളും തീരുകയുള്ളു. ഇതിനാണു
രണ്ടു പരിഷ്കാരവും സിദ്ധിച്ചിട്ടുള്ള മഹാന്മാർ നിരന്തരം ശ്രമിക്കേണ്ടതും.

ഭാഷാകവിതയുടെ ആധുനികഗതിയെപ്പറ്റിയാണല്ലൊ ഇവിടെ പറയുവാനു
ള്ളതു്. ഈ വിഷയത്തെപ്പറ്റിപ്പറയുമ്പോൾ ഒന്നരണ്ടു പുരുഷാന്തരകാലത്തെ കവിത
യെക്കുറിച്ചുണ്ടിവിടെപ്പറയേണ്ടിയിരിക്കുന്നതു്. ഇതിൽ ആദ്യത്തെ ഒരു മുപ്പതു കൊല്ലം
കേരളവർമ്മവലിയകോയിത്തമ്പുരാന്റെ ആധിപത്യമാകുന്നു. ആ മഹാകവി മുമ്പിൽ
നടന്നു വഴികാട്ടുക, മറ്റെല്ലാവരും അതിന്റെ പിന്നാലെ നടന്നുകൊള്ളുക, ഇതായി
രുന്നു അന്നത്തെ ന്യായം. വല്ലവരും പുതുതായി വല്ല കൃതിയുമുണ്ടാക്കിയാൽ അതി
നദ്ദേഹത്തിന്റെ സമ്മതമുദ്ര ലഭിച്ചാൽമാത്രമേ ആ കവിക്കു കൃതാർത്ഥതയാകയുമുള്ളു.
അദ്ദേഹം ശാകുന്തളം തർജ്ജമചെയ്തതോടുകൂടി തർജ്ജമയായൊ സ്വയംകൃതിയായൊ നാ
ടകമെഴുതുകയെന്നതു കന്യാകുമാരിമുതൽ കാസർകൊട്ടവരെ ഒരു നാടുപ്പായിത്തീർന്നു.
ആ ഉടുക്കിൽ കേരളത്തിൽ നടപ്പുള്ള സംസ്കൃതനാടകങ്ങളെല്ലാം ഓരോരുത്തരായി
മലയാളത്തിലേക്കു തർജ്ജമ ചെയ്യുകഴിഞ്ഞു. പിന്നെ അദ്ദേഹം മയൂരസന്ദേശമുണ്ടാക്കി.
അതിനെപ്പിന്തുടർന്നു പല ഭാഷാസന്ദേശങ്ങളും കേരളത്തിലുണ്ടാകയുംചെയ്തു. നൂതന
ങ്ങളായ മഹാകാവ്യങ്ങളുടെ പുറപ്പാടന്നതുണ്ടായില്ലെങ്കിലും തർജ്ജമഭ്രാന്തിന്റെ ഉടുക്കിൽ
ചില സംസ്കൃതകാവ്യങ്ങളെല്ലാം ഭാഷയിലായി. കവിയൂർ രാമൻനമ്പ്യാരുടെ ഭാഷാ
ശ്രീകൃഷ്ണവിലാസം, രാജരാജവർമ്മകോയിത്തമ്പുരാന്റെ ഭാഷാകുമാരസംഭവം, കുണ്ടൂർ

നാരായണമേനവന്റെ ഭാഷാരാമായണം ഇതു മൂന്നുണ്ടായതുകാലത്താകുന്നു. ഉണ്ണീരിക്കുട്ടിവൈദ്യരുടെ സ്വയംകൃതിയായ ഹരിശ്ചന്ദ്രചരിതം മണിപ്രവാളമുണ്ടായതും അന്നു തന്നെയാകുന്നു. ഹാലാസ്യപുരാണം, യോഗവാസിഷ്ഠം, നാരായണീയം മുതലായവയും അക്കാലത്തുണ്ടായവതന്നെ. കേരളവർമ്മദേവന്റെ അമരുകശതകം ഭാഷയും അന്യാപദേശശതകം ഭാഷയും അന്നുതന്നെ ഉണ്ടായതാണെങ്കിലും അതിനെപ്പിന്തുടർന്നു മറ്റുള്ള വരാരുമൊന്നുമുണ്ടാക്കാഞ്ഞതു സംസ്കൃതത്തിൽ ആ ജാതി കാവ്യങ്ങൾ വളരെ ഇല്ലാത്തതുകൊണ്ടുമാത്രമായിരിക്കാനേ തരമുള്ളൂ. വിദ്യാവിനോദിനി, ഭാഷാപോഷിണി, കവനോദയം, രസികരഞ്ജിനി മുതലായ മാസികകളുടെ ആവിർഭാവവും പ്രചാരവും ചില ഖണ്ഡകാവ്യങ്ങൾക്കു കാരണമായിത്തീർന്നുവെങ്കിലും ഖണ്ഡകാവ്യങ്ങൾക്കു മഹാകാവ്യങ്ങളെക്കാളും നാടകങ്ങളെക്കാളും അധികം പ്രാധാന്യം സിദ്ധിച്ചതു പിന്നെത്തെത്തലമുറയിൽ മാത്രമാകുന്നു. ഇങ്ങനെ ആകപ്പാടെ അക്കാലം ഒരു തർജ്ജമക്കാലം, അല്ലെങ്കിൽ അനുകരണകാലമായിരുന്നു. സംസ്കൃതകാവ്യങ്ങൾ തർജ്ജമചെയ്യുക, സ്വന്തമായി വല്ല കൃതികളുമുണ്ടാക്കുകയാണെങ്കിൽ അതിൽ സംസ്കൃതാദർശങ്ങളെ അനുകരിക്കുക, സർവ്വഥാ സ്വമനോധർമ്മത്തെ നടപ്പിനു കീഴടക്കിനിറുത്തുക, ഈ വഴിക്കായിരുന്നു അന്നത്തെ കവികളുടെ ഗതി. കേരളവർമ്മപ്രാസ്ഥാനികനിരയെല്ലാം പ്രാധാന്യം കിട്ടുവാനും കേരളവർമ്മദേവനു കവികുലഗുരുസ്ഥാനം കിട്ടുവാനുമുള്ള കാരണം ഈ അനുകരണഭ്രമമായിരുന്നുവെന്നുതന്നെ വേണമെങ്കിൽ പറയാം. ഇതാണന്നത്തെ കാലസ്വഭാവം. അനുകരണഭ്രമമെന്നു പറഞ്ഞതിൽനിന്ന്, ഞാനക്കാലത്തെപ്പുച്ഛിക്കയാണെന്ന് ആരും ധരിക്കാതിരിക്കണം. ചില സംഗതികളിൽ ആ അനുകരണശീലം അല്പം അധികമായ്പോയൊ എന്നെനിക്കുള്ളൊരു ശങ്കയെമാത്രമേ ഈ ഭ്രമശബ്ദത്തിൽനിന്നു മനസ്സിലാക്കേണ്ടതുള്ളൂ.

ഇപ്പറഞ്ഞതിന്റെ പിന്നെത്തെ തലമുറയാണിപ്പോൾ വർത്തമാനമായിട്ടുള്ളതു്. മേൽപറഞ്ഞ സംസ്കൃതാനുകരണഭ്രമവും ഒരു നേതാവിന്റെ കീഴിലിരിക്കുവാനുള്ള വാസനയും ഇക്കാലത്തില്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഇംഗ്ലീഷുപഠിപ്പിന്റെയും സ്വാതന്ത്ര്യത്തിന്റെയും കാലമാണിതു്. അതിവിപുലവും ഗംഭീരവുമായ ഇംഗ്ലീഷുസാഹിത്യം നമ്മുടെ യഥേഷ്ടവിഹാരത്തിനു ഗോചരമാകുംവണ്ണം തുറന്നുവെച്ചിരിക്കുന്നു. അതുമായുള്ള സംസർഗ്ഗത്താലുള്ള ഗുണങ്ങളാണതാനും ഇക്കാലത്തുള്ളവരിൽ മുഖ്യമായിക്കാണുന്നതു്. ഏതൊരു കാര്യത്തിലും യാതൊരാളെയും വകവെക്കാതിരിക്കത്തക്കവണ്ണമുള്ളൊരു വ്യക്തിസ്വാതന്ത്ര്യബോധം, സ്വശക്തിയിൽ അതിയായുള്ളൊരു വിശ്വാസം, സ്വരാജ്യാഭിമാനം, സ്ഥിതിസമതാവാദം മുതലായവയാകുന്നു ഇപ്പൊഴത്തെ കാലചിഹ്നങ്ങൾ. രാഷ്ട്രീയമായും, സാമുദായികമായും, മതവിഷയമായും മറ്റുമുള്ള സകലകാര്യങ്ങളിലും കണ്ടുവരുന്ന ഈവക ചിഹ്നങ്ങൾ സാഹിത്യത്തെമാത്രം എങ്ങനെ സ്പർശിക്കാതിരിക്കും? മുമ്പു സംസ്കൃതാനുകരണവും പദ്യപ്രാധാന്യവും കണ്ടിരുന്നതുപോലെ ഇപ്പോൾ ഇംഗ്ലീഷാദർശങ്ങളും ഗദ്യകാവ്യങ്ങളുമാണു കണ്ടുവരുന്നതു്. എന്നാൽ പദ്യകാവ്യങ്ങളും ധാരാളമില്ലെന്നില്ലതാനും. എങ്കിലും നാടകങ്ങളുടെയും മഹാകാവ്യങ്ങളുടെയും

കാലം കഴിഞ്ഞുപോയി ഖണ്ഡകാവ്യങ്ങളുടെ കാലമാണിതു്. ചില മാന്യന്മാർ പ്രശസ്തപിതയെത്തൊട്ടുകൂടി മഹാകാവ്യപദ്ധതിയിൽ കാൽവെച്ചുവെങ്കിലും പൊതുജനവൈമുഖ്യത്താൽ അതിനു തക്കതായ പ്രചാരം കിട്ടിയില്ല. ഖണ്ഡകൃതികളിൽതന്നെ പാശ്ചാത്യാശയങ്ങൾ വളരെപ്പതിഞ്ഞാണു കാണുന്നതു്. ഈശ്വരനെ വിചാരിക്കുകയാണെങ്കിൽ ശ്രീകൃഷ്ണഭഗവാനെപ്പോലെതന്നെ ബുദ്ധമുനിക്കും, ക്രിസ്തുദേവനും, മഹമ്മദുനബിക്കും പ്രാധാന്യം നൽകുവാൻ ആധുനികകവികൾക്കു വൈമനസ്യം ഒട്ടുമില്ലതന്നെ. മനുഷ്യരുടെക്കൂട്ടത്തിൽ ചിലർ മീതെയെന്നും ചിലർ താഴെയെന്നുമുള്ള ഭേദം ഇപ്പോഴത്തെ കവികൾക്കത്ര സമ്മതമല്ല. വർണ്ണനാവിഷയത്തിൽ പ്രകൃതിക്കു തുലോം പ്രാധാന്യം കുടിയിരിക്കുന്നു. കാവ്യാശയങ്ങളിൽ ഈവക മാറ്റങ്ങൾ വന്നു കാണുംപോലെതന്നെ കാവ്യങ്ങളുടെ ബാഹ്യരൂപങ്ങളിലും ചില മാറ്റങ്ങളെല്ലാം വന്നിട്ടുണ്ടു്. നാലുപാദത്തിലുള്ള ശ്ലോകങ്ങളേക്കാൾ ഇപ്പോൾ കിളിപ്പാട്ടുകൾക്കും വഞ്ചിപ്പാട്ടുകൾക്കും ഗാഥാരീതിയിലുള്ളവയ്ക്കുമാണധികം പ്രചാരം കണ്ടുവരുന്നതു്. പുതുതായുണ്ടായിട്ടുള്ള സ്വരാജ്യസ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഫലമായിട്ടാണിതെല്ലാം വിചാരിക്കപ്പെടുന്നതു്. മുമ്പു ഭാരതം കിളിപ്പാട്ടു്, ഉത്തരരാമചരിതം നാടകം മയൂരസന്ദേശം മുതലായ കൃതികൾക്കുണ്ടായിരുന്ന സ്ഥാനം ഇപ്പോൾ അവയ്ക്കുണ്ടോ എന്നു സംശയമാകുന്നു. മനുഷ്യക്കഥയല്ലാതുള്ള സ്വർഗ്ഗാദിലോകങ്ങളുടെ വർണ്ണനകളും അവിടത്തെ ദേവകളെയും ഉർവ്വശ്യാദികളായ അപ്സരസ്സുകളെയും പറ്റിയുള്ള വർണ്ണനകളും വായിക്കുമ്പോൾ ഇതോ നീരസനന്മാരുടെ ഉള്ളിൽ യഥാർത്ഥമായൊരു സത്യബോധം ജനിക്കുന്നില്ല. അക്ബർ ശിവജി, നൂർജിഹാൻ, മീരാഭായി തുടങ്ങിയുള്ളവരുടെ കഥയായാൽ യാഥാർത്ഥ്യബോധംകൂടിയുണ്ടാവില്ലയൊ എന്നാണിപ്പോഴത്തെച്ചോദ്യം. കവിതാനിർമ്മാണത്തിൽ പണ്ടത്തെ ആചാര്യന്മാരെയും ആലങ്കാരികന്മാരെയുംമാത്രം അനുസരിച്ചുകൊണ്ടിരുന്നാൽ പുരോഗതിയെന്നുള്ളതെങ്ങനെയാണുണ്ടാവുക എന്നാണവർ ചോദിക്കുന്നതു്.

ഇയ്യൊരു മട്ടിലാണിപ്പോഴത്തെ മനോഗതി. ഇതാണു കവിതകളിൽ മുഖ്യമായിക്കാണുന്നതും. ഉള്ളൂർ, ആശാൻ, വള്ളത്തോൾ, വി. ഉണ്ണികൃഷ്ണൻനായർ മുതലായ സഹൃദയന്മാരുടെ കവിതകളിൽ അധികം പ്രചാരമുള്ളവയെല്ലാം ഈവക മനോഭാവങ്ങളെ പ്രകാശിപ്പിക്കുന്നവയാകുന്നു. ഇവരെല്ലാം ആദ്യകാലങ്ങളിൽ പഴയതരക്കാരായിരുന്നുവെങ്കിലും കാലംമാറിയപ്പോൾ അതിനനുസരിച്ചവരുടെ കവിതയുടെ തരംമാറ്റുവാനും പ്രയാസമുണ്ടായില്ല. ഇപ്പോൾ കുറെക്കാലമായി ഇവരെഴുതുന്നതിലെല്ലാം ദ്രാവിഡവൃത്തങ്ങൾക്കു ധാരാളം പ്രാധാന്യം കിട്ടിയിട്ടുണ്ടു്. കീശസന്ദേശം, നഷ്ടശിഷ്ടം, പരീക്ഷയിൽ ജയിച്ചു, എന്നു മുതലായ ചില കാവ്യങ്ങളിലെ വിഷയങ്ങൾ ചില ഇംഗ്ലീഷുകാവ്യങ്ങളിലെ വിഷയങ്ങളോടു സാദൃശ്യം വഹിക്കുന്നുമുണ്ടു്. പദങ്ങൾ, വാക്യങ്ങൾ, ശൈലികൾ, അലങ്കാരങ്ങൾ ഏന്നവയും ഏറക്കുറെ പാശ്ചാത്യകാവ്യങ്ങളിൽനിന്നെടുത്തുകാണുമാറുണ്ടു്. കാവ്യങ്ങളുടെ തലക്കെട്ടിൽക്കുടി പാശ്ചാത്യമുദ്ര ധാരാളമായിക്കഴിഞ്ഞിരിക്കുന്നു. കേരളവർമ്മകാലത്തേക്കാൾ വളരെ അധികമായിരിക്കുന്ന ഇപ്പോൾ ഖണ്ഡകാവ്യങ്ങളുടെ പ്രാധാന്യവും പ്രചാരവും അന്നത്തെ വിദ്യാവിനോദിനി, രസികരഞ്ജിനി മുതലായ

മാസികകളുടെ ഭാരം ഇയ്യിടെക്കുറെക്കാലമായി കവനകൌമുദിയാണു നിർവ്വഹിച്ചിരുന്നതു്. ഒരു മാസിക മുഴുവൻ അനതിദീർഘങ്ങളായ ചാരുകാവ്യങ്ങളെക്കൊണ്ടു നിറച്ചു പ്രസാധനംചെയ്യുന്ന കായ്യം വളരെ എളുപ്പമല്ല. അതുകാലങ്ങളിൽ എല്ലാം മഹാകവികൾക്കെഴുതി കാവ്യങ്ങൾ വരുത്തേണ്ടിയും ചിലപ്പോൾ പ്രസാധകനായ പി. വി. കൃഷ്ണവാരിയർതന്നെ സ്വന്തമായി പലതും എഴുതിച്ചേർക്കേണ്ടിയും വന്നിട്ടുണ്ടു്. എന്നാൽ കുറെക്കഴിഞ്ഞപ്പോഴേയ്ക്കും കവിതകൾ ധാരാളം ഇങ്ങോട്ടു വരികതന്നെ ചെയ്തുതുടങ്ങി. തിരഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തുകമാത്രമേ പ്രസാധകനു വേണ്ടുവെന്നുള്ള ഭിക്കുമായി. എങ്കിലും കൃഷ്ണവാരിയർ കവിതയുടെ കായ്യത്തിൽ വലിയൊ "രുരോചകി"യായതുകൊണ്ടു് ആ അരോചകം മാസികയേയും ബാധിച്ചു. ഇയ്യിടെക്കുറെക്കാലമായി അതിനെ പുറത്തു കാണുമാറില്ല. മരിച്ചുവെന്നു വാരിയർ പറയുന്നുമില്ല. എന്നാലതിനെ നല്ല വണ്ണമൊന്നു ചികിത്സിച്ചു പുനരുത്ഥാപിച്ചാൽ നന്നായിരുന്നു. ഇന്നത്തെ ഉത്തിഷ്ണുമാന്മാരായ കവികൾ പലരും ആ മാസികയുടെ ശിക്ഷയിലും ലാളനയിലും വളർന്നവരാണല്ലൊ. ഇംഗ്ലീഷുപഠിപ്പിന്റെ ഫലമായി സാമാന്യേന പാശ്ചാത്യവഴിക്കാണു കൈരളിയുടെ ഇപ്പോഴത്തെ ഗതിയെന്നാണല്ലൊ ഞാൻ പറഞ്ഞതു്. ആ വഴിക്കു പോയാൽ അതിനു പലവിധത്തിലുമുള്ള ഗുണത്തിന്റെല്ലാം ഇടയുമുള്ളതാകുന്നു. ഇപ്പോൾ ആ വഴിക്കു പോഷണം തുടങ്ങീട്ടുള്ളു. ഇനിയും വളരെയെല്ലാം കിട്ടുവാനുണ്ടു്. ഇംഗ്ലീഷുസാഹിത്യത്തിൽ അനേകം കാവ്യഭേദങ്ങളുണ്ടു്. The epic, the heroic, the pastoral, the lyrical, the elegaic, the satirical, the ballad, എന്നു തുടങ്ങിയാൽ എണ്ണം അവസാനിക്കയില്ല. ഇതെല്ലാം വളരെ ഭംഗിയുള്ളതും എപ്പോ സാഹിത്യത്തിലും സ്ഥാനാർഹങ്ങളുമാകുന്നു. ഇതൊക്കെയുമെടുത്തു കൈരളിയോടു സാത്മ്യംവരുത്തി ചേർക്കുവാനുണ്ടു്. ഇങ്ങനെ ഈ വഴിക്കതിനു കിട്ടുവാനുള്ള ഭാവി ശ്രേയസ്സിനു യാതൊരതിർത്തിയുമില്ലതാനും.

ഇപ്രകാരം നമ്മുടെ ഭാവിപ്രതീക്ഷ വളരെ മഹത്തും ശോഭനവുമാണെങ്കിലും തൽകാലത്തെ പരിഷ്കാരസ്ഥിതികൊണ്ടു കൈരളിക്കു ചില ദോഷങ്ങളും വന്നുകൂടിയിട്ടില്ലെന്നില്ല. ഇപ്പോഴത്തെ പരിഷ്കാരത്തോടുകൂടി വർദ്ധിച്ചുവന്നിട്ടുള്ള സ്വാതന്ത്ര്യബോധമാണിതിന്റെ കാരണമെന്നു വേണം പറയുവാൻ. സ്വാതന്ത്ര്യമെന്നതു വളരെ വിലയുള്ളതാകുന്നു. എന്നാലത് ഔചിത്യവിചാരവുമായി വേർപെട്ടുപോയാൽ നിഷ്ഫലമായി ഭവിപ്പാനാണെളുപ്പം. ഈ പരിഷ്കാരം കിട്ടിയിട്ടുള്ളവർ ഇവിടത്തെ ജനങ്ങളുടെ സാത്മ്യം നോക്കാതെ സമുദായകായ്യങ്ങളിലെന്നപോലെ ദോഷയുടേയും സാഹിത്യത്തിന്റെയും സാഗതിയിലും വൈദേശികങ്ങളായ പല പ്രസാധനങ്ങളുംകൊണ്ടു ചെലുത്തിവരുന്നുണ്ടു്. അതുകൊണ്ടു കൈരളിക്കു കുറച്ചൊരു മിശ്രരൂപത്വവും വന്നുവശമാവുന്നുണ്ടു്. പദം, വാക്യം, ശൈലി, കവിതാരീതി മുതലായതുകളിലെല്ലാം ഇതിന്റെ വ്യാപ്തി ധാരാളം കാണാനുമുണ്ടു്. ഫൌണിയുടെ ഈ ആക്രമത്തെ സൂചിപ്പിച്ചുംകൊണ്ടല്ലയൊ രസികാഗ്രേസരനായ "പ്രപുണ്ണാമാസ്റ്റർ" ആധുനികകൈരളിയെ,

നാല്പാലിവ്വുജട്ടകേതശാഡ്വലകചം ലില്ലി
പ്രഭം വാർമുഖം
ടെന്നിസ്സോർട്ടൊളിമാറിവണ്ണമഴകിൽ
പൂമ്പട്ടണിസ്സോഫ്'യിൽ
ശീമത്തുമണിമേടമേൽ കളിരിളം ഫാർ
മോണിയംപോത്തു ഹാ
സ്വാതന്ത്ര്യപ്പുകംപിഞ്ചുപാട്ടകംപൊഴിക്കും
കൈരളീംഭാവയേ

എന്നു പറഞ്ഞു വന്ദിക്കുന്നതു? ഈ വർണ്ണനയെന്നു മാത്രമല്ല; അദ്ദേഹത്തിന്റെ "അഭിനവകാവ്യാദർശത്തിൽ" പറഞ്ഞിട്ടുള്ളതെല്ലാം ഏറക്കുറെ കൈരളിയുടെ തൽക്കാലസ്ഥിതിക്കു യോജിച്ചിട്ടുള്ളതാകുന്നു.

വൃത്തത്തിന്റെകായ്ത്തിൽ ഭാഷാകവികൾ സംസ്കൃതാപേക്ഷയാ ദ്രാവിഡവൃത്തങ്ങളോടുനേരെ അല്പം പക്ഷപാതം കാട്ടുന്നതു ക്ഷന്തവ്യമെന്നതന്നെയല്ല അത്യന്തം ആദരണീയവുമാകുന്നു. എന്നാൽ ഗൈർവ്വാണീസ്തന്യത്തിന്റെ ചിരന്തനസേവഹേതുവായിട്ടു കൈരളിയും ദ്രാവിഡവൃത്തങ്ങളുടെമ്മിൽ കുറഞ്ഞൊരു സംസ്കൃതാവസ്വനിരിക്കുന്നുവെന്നാണെനിക്കു തോന്നുന്നതു്. സംസ്കൃതവൃത്തങ്ങളിൽ ബഹു സുഖവഴിക്കു പദ്യമെഴുതുന്ന കവികൾതന്നെ കാകളി, കളകാഞ്ചി, മഞ്ജരി മുതലായതിലെഴുതുമ്പോൾ ആ സുഖം കിട്ടുന്നില്ല. മഹാകവികളെന്നു സമ്മതന്മാരായിട്ടുള്ളവരുടെ കായ്ത്തിൽ ഈ വ്യത്യാസം കുറെയധികമാണെന്നതന്നെ വ്യസനപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. ഒരു മാല കെട്ടുകയാണെങ്കിൽ നാരിന്റെ നീളത്തിൽ ചെല്ലുന്നതിലധികം പൂക്കൾ ചെലുത്തിയാൽ മാലയ്ക്കൊരു വെറുങ്ങലിപ്പും മാട്ടവഹാനിയും വരുമാറുണ്ടല്ലൊ. അതുപോലെയാണിവിടെ പറയുന്നതു്. വാസനാതിശയംകൊണ്ടും ശബ്ദധാരാളതകൊണ്ടും ഒരീരടിയിലൊ തടവിലൊ കൊള്ളാതുള്ളടത്തോളം അക്ഷരങ്ങൾ വന്നു വീണുപോകയാണു്. അതുകൊണ്ടല്ലാതൊരു മാധുര്യക്ഷയവും വന്നുപോകയാണു്. സംസ്കൃതവൃത്തങ്ങളിലാകട്ടെ, അക്ഷരസംഖ്യയ്ക്കു പുറമെ ഗുരുലഘുവിന്യാസംകൂടി നിർണ്ണയിച്ചുവെച്ചിട്ടുള്ളതിനാൽ ഇവരുടെ അതിയായ ശബ്ദപ്രവാഹത്തെതടഞ്ഞു മയ്യാക്കുവാൻ മതിയായൊരു സേതുവുണ്ടു്. ഇതുകൊണ്ടാണു മേല്പറഞ്ഞ വ്യത്യാസം കാണുന്നതും. സംസ്കൃതവൃത്തങ്ങളിൽതന്നെ മാത്രാപ്രധാനങ്ങളായ ആര്യ, ഗീതി മുതലായവയിലും ദ്രാവിഡവൃത്തങ്ങളിൽ കണ്ടുവരുന്ന ദോഷം ചിലപ്പോൾ കാണുന്നതുമുണ്ടു്. എന്നാൽ ദുർല്ലഭം ചില കവികളുടെകായ്ത്തിൽ ഈ ദോഷം അത്രതന്നെ കാണുന്നില്ല. ഒടുവിൽ ശങ്കരൻകുട്ടിമേനോൻ, വി. ഉണ്ണികൃഷ്ണൻനായർ മുതലായ ചിലരുടെ ദ്രാവിഡവൃത്തപ്രയോഗത്തിൽ ഈ ദോഷം കുറെക്കുറവാണെന്നാണെനിക്കു തോന്നുന്നതു്.

ഇനിയൊന്നു പറയുവാനുള്ളതു കവിതയുടെ ന്യൂനതയെക്കുറിച്ചല്ല, അച്ചടിക്കുറ്റത്തെക്കുറിച്ചാകുന്നു. അനർഗ്ഗളമായി പ്രവഹിക്കേണ്ട കവിത അച്ചടിക്കുമ്പോൾ അപൂർണ്ണ

വിരാമാദികളെക്കൊണ്ടു പദങ്ങളെത്തമ്മിലകത്തുന്നതു വലിയ കഷ്ടമാകുന്നു. സന്ധി വേണ്ടിടിക്കിലാകുമ്പോൾ ഇതു വിശേഷിച്ചും ക്ലേശപ്രദമാകയുംചെയ്യുന്നു. "പിട്ടണ്ണി" എന്നതു വിട്ടു,ണ്ണി എന്നും "പൊങ്ങുമലകം" എന്നതു "പൊങ്ങുമലകം" എന്നും അച്ചടിക്കുന്നതുകൊണ്ടു വിചാരിക്കുന്നകാര്യം സാധിക്കുന്നില്ലെന്നു മാത്രമല്ല, വായിക്കുവാൻ പ്രയാസമാക്കിതീർക്കുന്നുണ്ടുതാനും. ഇങ്ങനെയുള്ള വിരാമചിഹ്നങ്ങളുടെ ദുരുപയോഗം സഹിക്കുവാൻ വയ്യാഞ്ഞിട്ടാണു് അഭിനവകാവ്യാദർശകാരൻ

"ദണ്ഡപാശാങ്കുശപ്രാസദാനമത്തേഭസന്നിഭം
നടത്തിപ്പൂ, നവീനന്മാർ കൈരളീകാന്യകന്യയെ" എന്നു പറഞ്ഞിട്ടുള്ളതും.

കവിതയുടെ പുറമെയുള്ള വേഷത്തിൽ ഈവക ന്യൂനതകളും കാണുന്നുണ്ടെങ്കിൽ അത്രമായ ന്യൂനതകളും ഇതിലൊട്ടും കുറവല്ല. അതിലും ഒന്നുരണ്ടെണ്ണം ഞാനിവിടെയെടുത്തു കാട്ടാം. വിജിഗീഷുവായൊരു കവിക്കു് ഒരിക്കലും വിസ്മരിക്കുവാൻപാടില്ലാത്തൊരു മൂലമന്ത്രമാകുന്നു Truth is beauty എന്നുള്ളൊരു സിദ്ധാന്തം. സത്യമുള്ളേടത്തേ സൌന്ദര്യമുണ്ടാകയുള്ളുവെന്നാണിതുപദേശിക്കുന്നതു്. കവിതാവിഷയത്തിൽ ഭാവനയ്ക്കുതന്നെ പ്രാധാന്യമുണ്ടായാലും, സത്യത്തിനെതിരായിവന്നാൽ ആ ഭാവന ഭംഗിയായ്ക്കാണുവാൻ പ്രയാസമാകുന്നു. ഈ ഉപദേശത്തെ കവികളത്ര വിലവെക്കുന്നില്ലെന്നു തോന്നിപ്പോകും, ചില പ്രയോഗങ്ങൾകണ്ടാൽ. ഒരു കൃഷ്ണപ്പരുന്തിനെ വർണ്ണിക്കുമ്പോൾ അതു താർക്ഷ്യവംശത്തിൽ ജനിച്ചിട്ടുള്ളൊരു ക്രൂരജന്തുവാണെന്നു മറന്നാൽ പറയുകയില്ല.

"കണ്ട ജീവികളുടെ ജീവശോണിതംകൊണ്ടേ
കണ്ഠത്തിൻവരം ചയീസൌമ്യക്കനിൽക്കയുള്ളൂ".

എന്നു പറഞ്ഞു കൊക്കുകളെ കുറപ്പെടുത്തുകയും, കൃഷ്ണപ്പരുന്തിനെയാണെങ്കിൽ,

"കാവിവസ്ത്രത്താൽ സുമാച്ഛാദിതശരീരനായ്
കേവലം ഭസ്മാലിപ്തജീവനാകിയ ഭവാൻ"

എന്നു പറഞ്ഞു സൌമ്യത കല്പിക്കുകയും ചെയ്യുന്നതു ഭംഗിയാകുമോ എന്നു സംശയമാകുന്നു. പാടുങ്ങളെയുംമറും "ദീനാക്രന്ദനുന്മിഷ" മാക്കിത്തീർക്കുന്നതിൽ കൊക്കുകളെക്കാൾ വല്ല കുറവുമുണ്ടോ പരുന്തിന്നു?

ശൃംഗാരാദിരസങ്ങളെപ്പോഷിപ്പിക്കേണ്ട ഘട്ടങ്ങളിലും പ്രകൃതിവിരുദ്ധമായ വല്ല ഭാവനയും പ്രദർശിപ്പിക്കുന്നതു രസഭംഗത്തിനു കാരണമായിത്തീരുന്നു. കോമളയായൊരു യുവതിയുടെ ഹൃദയത്തിൽ ഒരു പുരുഷന്റെ മേൽ അനുരാഗം ജനിപ്പിക്കാൻവേണ്ടി ഒരു ദൂതൻ പറയുന്നതു നോക്കുക.

"കൊള്ളാമോ ശ്രേയസ്സിൽ സന്തൃപ്തി നമ്മളംകയ്
വെള്ളിനിലാവിൽ കളിച്ച രാവും
ചെമ്പൊന്നാമാദിത്യരശ്മിയെ യാരാഞ്ഞു
മുമ്പോട്ടു പോവതു കാണ്മതില്ലെ?"

രാത്രി സൂര്യനെ മോഹിക്കുംപോലെ നിണക്കു ഹുമയൂൺചക്രവർത്തിയെ കാമിക്കരുതെന്നോ? എന്നല്ലയൊ ഇതിന്റെ അർത്ഥം? രാത്രി സൂര്യനെക്കാമിച്ചുട്ടുണ്ടുചെന്നാൽ പിന്നത്തെക്കഥ യെന്താണു്? അതുപോലെയാകും തനിപ്പുരുഷന്റെ അടുത്തുചെന്നാലെന്നു സ്ത്രീക്കു തോന്നിയാൽ പിന്നെ ആ സ്ത്രീക്കവനിൽ എത്രകണ്ടു രതി ജനിക്കും? ഇങ്ങനെയുള്ള പ്രമാദങ്ങളെക്കൊണ്ടു കാവ്യജീവനായ രസത്തിനു ഹാനിതട്ടുന്നതിന്റെയും കാരണം ഒരുവിധം നോക്കുമ്പോൾ സത്യനിഷ്ഠപോരായ്മതന്നെയാണെന്നുവേണം പറയുവാൻ.

പിന്നെ കവിതയുടെ വിഷയത്തെപ്പറ്റി ഇവർക്കുള്ള അഭിപ്രായംതന്നെ വളരെ ശരിയാണെന്നു തോന്നുന്നില്ല. കവിതയ്ക്കു വിഷയമല്ലാതെ യാതൊരെണ്ണവും ഈ ലോകത്തിലില്ല എന്നു പറയുന്നതായാൽ എനിക്കു സമ്മതമാകുന്നു. എന്നാലിവരുടെ വാദമങ്ങിനെയല്ല. ഇതുവരെ മഹാകവികളെല്ലാം കവിതയ്ക്കു പ്രതിപാദിച്ചു യോജിപ്പുള്ളതായിക്കരുതുന്ന വിഷയങ്ങളല്ലാ കവിതക്കു നല്ലതെന്നും വേറെച്ചിലതാണെന്നുമാണിവർ വിശ്വസിക്കുന്നതു്—നോക്കുക.

> "മാനംമേന്നു ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും
> മാനഞ്ചുമ്മൊഴിതൻ മനോരമണനിൽ ചായുന്ന കണ്ണോണിലും
> സാനന്ദം കളിയാടിടുന്ന ശിശുവിൻതുമ്പേപ്പുണിപ്പൂകവിം-
> സ്ഥാനത്തും നിഴലിച്ചുകാൺമു കവിതേ നിൽമണ്ണൂരുപത്തെ ഞാൻ"

ഈ ശ്ലോകത്തിൽ പറയുന്ന വിഷയങ്ങളിലൊക്കയും കവിതയ്ക്കു നല്ല പ്രസക്തിയുണ്ടെന്നാണു പഴയക്രാറുകാരുടെ അഭിപ്രായം. ഇക്കവിയുടെ ദൃഷ്ടിയിലാകട്ടെ ഇവിടെയൊക്കെ കവിത നിഴലിച്ചുകാണുന്നതേയുള്ളു. ഇനി നിഴലല്ലാതെ സാക്ഷാൽ കവിതതന്നെ സ്പഷ്ടമായി വിളങ്ങിക്കാണുന്ന ദിക്കുകളെയും ഇക്കവിതന്നെ പറയുന്നുണ്ടു്.

> "പേറാണ്ടുള്ള കൃഷീവലന്റെ മുമലിൽ ചായും നകത്തിങ്കലും
> താറാവിന്റെ നടപ്പിലും തടിയനാം പോർക്കിൻ കിടപ്പിങ്കലും
> മാറാപ്പന്തിന ഭിക്ഷുവിൻനിലയിലും നാനാവിധാകാരമാ-
> മാറാഹന്ത വിളങ്ങിടുന്ന കവിതേ നിങ്കാൽക്കിതാ വന്ദനം"

കവിതയുടെ നിഴലല്ലാതെ സാക്ഷാൽ രൂപംതന്നെ വിളങ്ങിക്കാണാവുന്ന ദിക്കുകളെയാണു കവി ഇശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതു്. "നാനാവിധാകാരം" എന്നിവിടെപ്പറഞ്ഞതു യാദൃച്ഛികമായിട്ടുള്ളൊരർത്ഥമല്ല. പ്രകൃതത്തിലേക്കു നല്ലവണ്ണം യോജിപ്പുള്ളതാകകൊണ്ടതു കവി മനസ്സിരുത്തി പ്രയോഗിച്ചതാണെന്നുതന്നെ തോന്നുന്നു. ആട്ടം പറയുന്നതകത്തിനു നാനാവിധാകാരമായ കവിതയുടെ ആശ്രയമാകാനുള്ള യോഗ്യതയെ ദൃഢീകരിപ്പാനായിരിക്കണം, "പേറാണ്ടുള്ള ...." എന്നൊരു വിശേഷണം ചേർത്തിരിക്കുന്നതു്. നടത്തത്തിന്റെ കാര്യത്തിൽ ഹംസമെന്നോ അരയന്നമെന്നോ പറഞ്ഞാൽ ശ്രോതാവിന്റെ ഭാവന മാനസസരസ്സു്, അമൃതോപമമായ ശുദ്ധജലം, പൊൻതാമര, ശുദ്ധമനസ്സു, നിന്മാരായ മഹർഷിമാർ എന്നുംമറ്റുമുള്ളൊരു വഴിക്കു തിരിഞ്ഞുപോകിലൊ എന്നു ഭയപ്പെട്ടി

ട്ടാകുമല്ലൊ താറാവിന്റെ എന്നു പ്രയോഗിച്ചതു്. പോർക്കിന്റെ ശയനം ആഹാരംമുതലായതിനെ ആശ്രയിച്ചാൽ പിന്നെക്കവിതയ്ക്കു നാനാവിധാകാരത്വം പോരെന്നാകും പറകയില്ല നിശ്ചയംതന്നെ. അതുപോലെതന്നെ മാറാപ്പുന്തിന വല്ല ഭിക്ഷുവെയും ആശ്രയിക്കുന്നതായാലും—

ഇത്തരത്തിലുള്ളൊരു വാഗ്നാഗതികണ്ടിട്ടുതന്നെയായിരിക്കണം അഭിനവകാവ്യാദർശകാരൻ ഈ വിഷയത്തിൽ,

"പുതുമക്കാരുപേക്ഷിപ്പു പുരാണങ്ങളശേഷവും
പച്ചവെള്ളത്തുള്ളി, കഞ്ഞിപ്പാട, പിണ്ണാക്കു, ചാണകം,
ചവറില, മുറിച്ചിട്ട രോമം, കീറച്ചെരിപ്പിവ
ഖണ്ഡകാവ്യങ്ങൾക്കിടാനീ യോജിപ്പു വിഷയങ്ങളായ്."

എന്നു പറഞ്ഞിട്ടുള്ളതു്.

"To play to the gallary" എന്നു പാശ്ചാത്യനാടകാഭിജ്ഞന്മാരുടെ ഇടയ്ക്കൊരു വാക്കുണ്ടു്. അജ്ഞന്മാരുടെ ഇഷ്ടത്തിനാടുക എന്നാണതിന്റെ അർത്ഥം. ഇതിനാണിപ്പൊഴത്തെ ചില കവികളുടെ മോഹമെന്നു തോന്നിപ്പോകും ചില കവിതകൾ കണ്ടാൽ. "വിജ്ഞന്മാരഭിനന്ദിച്ചു വിജ്ഞാനം സാധുവായ്ത്തു" എന്നതിനുപകരം "വിജ്ഞന്മാക്കു മുഷിഞ്ഞാലുമജ്ഞന്മാക്കു രസിക്കണം" എന്നാണിവരുടെ സിദ്ധാന്തമെന്നാണു തോന്നുക.

"മരുകുതിശ്വേദനമംബുദയതിസുധീർഭ്രയ സുധിയഃ
കിമന്യാ നാമന്യാദരസപുരുഷാനാദരഭരൈഃ
യഥാ യൂനസ്തുടൽ പരമരമണീയാപി രമണീ
കുമാരാണാമന്തഃകരണഹരണം നൈവ കുരുതെ."

എന്നു പറയുവാൻ ഇവർക്കു ധൈര്യമില്ലാത്തതുകൊണ്ടു് ഇവരുടെ ആദർശത്തിനുതന്നെ അല്പാല്പം പിഴവന്നുപോകുന്നുണ്ടെന്നുതന്നെവേണം പറയുവാൻ.

ഇനിയൊന്നിവിടെപ്പറയുവാനുള്ളതു ഖണ്ഡകാവ്യങ്ങൾക്കിടയിൽ കിട്ടിയിട്ടുള്ള പ്രാധാന്യത്തെപ്പറ്റിയാകുന്നു. മഹാകാവ്യത്തെക്കാൾ അധികം പ്രാധാന്യം ഖണ്ഡകാവ്യത്തിനുണ്ടെന്നു ഗൌരവത്തോടുകൂടി പറഞ്ഞുകേൾക്കുമ്പോൾതന്നെ എനിക്കിഷ്ടമാണു തോന്നുന്നതു്. മഹാകാവ്യത്തിന്റെയും ഖണ്ഡകാവ്യത്തിന്റെയും സ്വഭാവമൊന്നാലോചിച്ചുനോക്കിയാൽതന്നെ ഇതിന്റെ രണ്ടിന്റെയും ഗുണദോഷത്തെക്കുറിച്ചു തർക്കമായതൊന്നുമുണ്ടാവാൻ തരമില്ലാതാവും. മഹത്തായിരിക്കുന്നൊരിതിവൃത്തത്തെ മഹത്താകാവണ്ണം വർണ്ണിക്കുന്നതാകുന്നു മഹാകാവ്യം. ഇതിവൃത്തത്തിനും വർണ്ണനയ്ക്കും മഹത്വം കിട്ടുവാനുള്ള ഉപായങ്ങളെയാണു പൂർവ്വാചാര്യന്മാർ അലങ്കാരഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളതു്. മഹത്വം വേണമെങ്കിൽ ഗാത്രവലിപ്പംകൂടി ആവശ്യമാണെന്നുള്ള നിലയ്ക്കു് അതിനുള്ളുപായമാക്കിയിട്ടാണു നഗരാർണ്ണവാടികളെക്കുറെയൊക്കെ എണ്ണിപ്പറ

ഞ്ഞിരിക്കുന്നതും. ഈ പലവക വണ്ണ്യങ്ങളുടെ ഗണനയിൽ എല്ലാ അലങ്കാരികന്മാരും ഒരുപോലെയല്ല പറഞ്ഞിട്ടുള്ളതും. അതുകൊണ്ടുതന്നെ അക്കാര്യം ഐച്ഛികമാണെന്നുവരുന്നു. പ്രകൃതത്തിനു യോജിപ്പുള്ളതെല്ലാം വണ്ണ്യിക്കാം എന്നേ അതിനർത്ഥമുള്ളൂതാനും. അല്ലാതെ ഇന്നിന്നതൊക്കെ വണ്ണ്യിച്ചുകൊള്ളണമെന്നൊരു സങ്കേതമുറപ്പിച്ചിരിക്കയല്ല. ഒരു മഹാകാവ്യത്തിൽ പറയുന്ന ഏതെങ്കിലുമൊരു സംഗതിയെടുത്തു് അതിനെപ്പറ്റി ഒരെട്ടോ പത്തോ, അല്ലെങ്കിൽ എമ്പതോ നൂറോ ശ്ലോകമുണ്ടാക്കിയിട്ടു് അതൊരു ഖണ്ഡകാവ്യമായി എന്നു പറഞ്ഞാൽ തെറ്റിപ്പോകയില്ല. ഉമാകേരളം പോലെയുള്ളൊരു മഹാകാവ്യമെടുത്തു വേണമെങ്കിൽ ഒരു നൂറു ഖണ്ഡകാവ്യമായി മുറിക്കാം. ആ കവിയുടെതന്നെ തരംഗിണി, അല്ലെങ്കിൽ ചിത്രശാല, അല്ലെങ്കിൽ ഇതു രണ്ടുംകൂടി കെട്ടിയൊരു പുസ്തകം ഒരു മഹാകാവ്യമാകുന്നതുമല്ല. അതുകൊണ്ടു ഖണ്ഡകാവ്യത്തിനു മഹാകാവ്യത്തേക്കാൾ അധികമൊരു പ്രാധാന്യംകൊടുക്കാൻ പാടുള്ളതല്ല. നല്ലൊരു മഹാകാവ്യമുണ്ടാക്കാൻ സാധിച്ചിട്ടുള്ളൊരു മഹാകവിക്കു ഖണ്ഡകാവ്യങ്ങളുണ്ടാക്കാൻ പ്രയാസമാണെന്നു വരികയുമില്ല.

ഒരു നിരൂപകനൊരിക്കൽ ഉമാകേരളത്തിൽനിന്നു രണ്ടുനാലു ശ്ലോകങ്ങളെടുത്തു അതുകളെയും തദ്വാരാ മഹാകാവ്യപ്രസ്ഥാനത്തെയും ദൂഷിച്ചതായി എനിക്കോർമ്മയുണ്ടു്.

അന്നമുണ്ടു കുളമൊ കബന്ധമു-
ണ്ടെന്നതക്ഷിതിപയുള്ളതിയൊ
എന്നതല്ല പലഹാരമുണ്ടു നൽ-
സന്നതാംഗിയുടെ ചാരുകണ്ണൊ?

എന്നുതുടങ്ങുന്നൊരു മൂന്നു ശ്ലോകമാണദ്ദേഹമെടുത്തുദാഹരിക്കുന്നതു്. അവയിലെ ശ്ലേഷം വഴിക്കുള്ള ഉപമയാണദ്ദേഹത്തിനു രസിക്കാഞ്ഞതു്. അത്തരത്തിലുള്ള ഉപമകൾ സാധാരണ ഉപമയെപ്പോലെതന്നെ ഭംഗിയുണ്ടെന്നു പറഞ്ഞുകൂടെങ്കിലും മഹാകാവ്യത്തിലാകുമ്പോൾ ഈ വകയെല്ലാം അതിന്റെ വൈചിത്ര്യത്തെ പോഷിപ്പിക്കുമാതുമെയുള്ളുവെന്നദ്ദേഹം ധരിക്കേണ്ടതാകുന്നു. ഈ ശ്ലോകങ്ങളെ ദൂഷിച്ചിട്ടടുത്തതന്നെ അദ്ദേഹം ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനവന്റെ ഒരു ഖണ്ഡകാവ്യത്തിൽനിന്നു്,

കഴകി മിനുസമാക്കി മുമ്പു പച്ച-
പ്പുഴ പനിനീരൊടണിഞ്ഞ കൊങ്കയുഗ്മം
കഴകിനവരസം വരായ്കമൂലം
പുഴ, പനി,നീരിടവേന്ത്രത്തിട്ടുന്നു.

എന്നൊരു ശ്ലോകമുദ്ധരിച്ചിട്ടതിന്റെ സ്വാരസ്യത്തെക്കുലശലായി പുകഴ്ത്തുന്നുണ്ടു്. ഈ രണ്ടു ശ്ലോകത്തിനുംതമ്മിൽ എത്രകണ്ടും വ്യത്യാസമുണ്ടെന്നു നോക്കുക. നിരൂപകനു സാദൃശ്യമായിട്ടുള്ള ശ്ലേഷദ്വിതീയോപമ രണ്ടിലും സമം-ആ ഉപമയെ ആസ്വദ്യമാക്കിയിട്ടൊന്നിനൊരു സന്ദേഹം, മറേതിലൊരു പൂർവ്വരൂപം-എന്നേയുള്ള ഭേദം. പിന്നെ വേണമെങ്കിൽ ഒരു വിലപിടിച്ച ഭേദമുണ്ടു്. ആദ്യത്തേതൊരു മഹാകാവ്യത്തിൽനിന്നും രണ്ടും

മത്തേതൊരു ഖണ്ഡകാവ്യത്തിൽനിന്നും എടുത്തതാകുന്നു. ഇതായിരിക്കും നമ്മുടെ നിരൂപകന്റെ ഹൃദയത്തെ രണ്ടാമത്തേതിന്റെനേരെ ആവജ്ഞിപ്പിച്ചതു്. Prejudice എന്നു പറയുന്ന പ്രമാദവിശേഷമാണിതെല്ലാം.

ഇനിയൊരു സംഗതിക്കുടിപ്പറഞ്ഞു ഞാനീയുപന്യാസം അവസാനിപ്പിച്ചുകളയാം. സുഖപരിണാമമായിട്ടും ദുഃഖപരിണാമമായിട്ടും രണ്ടുവിധം കാവ്യങ്ങളുണ്ടാകാവുന്നതിൽ ആദ്യത്തേതിനെമാത്രമേ നമ്മുടെ പൂർവ്വാചാര്യന്മാർ സമ്മതിച്ചിട്ടുള്ളൂ. എന്നാലിയ്യിടെ പാശ്ചാത്യസാഹിത്യത്തിന്റെ സംസർഗ്ഗംഹേതുവായിട്ടു രണ്ടാമത്തേതുംകൂടി നമ്മുടെ ഇടയിൽ കടന്നുകൂടിത്തുടങ്ങിയിട്ടുണ്ടു്. സത്യംമാത്രം നോക്കുകയാണെങ്കിൽ ഈ സന്നാഹം ധാരാളം സാധൂകരിക്കാമെന്നതിനു യാതൊരു സംശയവുമില്ല. എന്തെന്നാൽ ഈ ലോകത്തിൽ, അതായതു പ്രകൃതിയിൽ, എവിടെ നോക്കിയാലും ദുഃഖപരിണാമങ്ങളായ സംഗതികളാണധികം കാണുക. എന്നാൽ art-ന്റെ, അതായതു വിദ്യയുടെ, ഉദ്ദേശ്യം ഈ പ്രകൃതിക്കെതിരായിട്ടുള്ളതാണെന്നു സർവ്വസമ്മതമാകുന്നതാണും. പ്രകൃതിയെ സുഖപരിണാമമാക്കിത്തീർക്കുവാനാണെല്ലായ്പോഴും വിദ്യയുടെ ശ്രമം. ഉത്തമമായ കാവ്യത്തിന്റെയും കർത്തവ്യം ഇതുതന്നെ ആകുന്നു. "പ്ലാട്ടൈകമയീം" എന്നുത്തമകവിതയ്ക്കൊരു വിശേഷണവും "സദ്യഃപരനിർവൃതയെ" എന്നു് അതിനൊരുദ്ദേശ്യവും ആലങ്കാരികന്മാർ കല്പിച്ചതിന്റെ സാരം ഇതാകുന്നു. ഇംഗ്ലീഷുമുതലായ ചില പാശ്ചാത്യഭാഷകളിലുള്ള ദുഃഖപരിണാമങ്ങളായ കാവ്യങ്ങൾ വായിച്ചിട്ടു് ഉറക്കംകൂടിയില്ലാതായിട്ടുള്ള അനുഭവം നമുക്കുണ്ടല്ലൊ. നേരെമറിച്ചു സുഖപരിണാമങ്ങളായവ വായിച്ചിട്ടു സംസാരദുഃഖം തീരെ മറന്നിട്ടുള്ള അനുഭവവും നമുക്കുണ്ടല്ലൊ. ഇതു വിചാരിച്ചു നോക്കുമ്പോൾ ഒരു കാവ്യത്തിനുത്തമത്വം കിട്ടണമെങ്കിൽ അതു സുഖപരിണാമമായിത്തന്നെ ഇരിക്കണമെന്നാണവസാനത്തിൽ കിട്ടുന്നതു്. അതുകൊണ്ടു് ഉത്തമത്വം മോഹിക്കുന്ന കവികളുടെയെല്ലാം ശ്രമം സുഖപരിണാമമായി ഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ഞാനിപ്പോൾ ഇവിടെ നിറുത്തുന്നു.

കെ. സി. വീരരായൻരാജാ.

സാഹിത്യനിരൂപണം.

പ്രസംഗം.

അധ്യക്ഷൻതിരുമേനിയവർകളേ; സദസ്യരെ,

സാഹിതീദേവിയെ ഹൃദയപൂർവ്വം ആരാധിക്കുന്ന ഒരു എളിയ ദാസൻ എന്ന അഭിമാനം ഒന്നു മാത്രമാണ്, മറ്റൊന്നിനെക്കുറിച്ചുമുള്ള അഭിമാനമല്ല, ഇത്ര മഹത്തായ ഒരു സദസ്സിൽനിന്ന് ഒന്നരണ്ടു വാക്കു പറയുവാൻ എന്നെ പ്രോത്സാഹിപ്പിക്കുന്നതു്. അഭ്യാസക്കുറവുകൊണ്ടോ, ആശയവൈരള്യംകൊണ്ടോ എനിക്കു നിങ്ങളെ രസിപ്പിക്കുവാൻ തക്കവണ്ണം ഒരു പ്രസംഗം ചെയ്യാൻ സാധിച്ചില്ലെങ്കിൽ നിങ്ങൾ ക്ഷമിപ്പതരണം.

'മാനേജരുടെ യുക്തംപോലെ പ്രോഗ്രാം ഭേദപ്പെട്ടേ' എന്ന വാക്യം നിങ്ങളും കേട്ടിരിക്കും. പരിഷത്പ്രവർത്തകന്മാർക്കും പ്രോഗ്രാം പുറത്താക്കേണ്ടിവന്നപ്പോൾ ഞാൻ പ്രസംഗം ചെയ്യാമെന്നേറ്റിരുന്ന "സാഹിത്യവും വിമർശനവും" എന്ന വിഷയം സാഹിത്യനിരൂപണം എന്നാക്കി മാറേണ്ടിവന്നു. ഈ മാറ്റംകൊണ്ടു വലിയ ദോഷമൊന്നുമില്ലെന്നു പക്ഷേ സമാധാനിക്കാം. എന്നാൽ സമാധാനിക്കാൻ നിവൃത്തിയില്ലാത്ത സംഭവം ഇപ്പോൾ ഇവിടെ നടന്ന ഒരു കൈയേറ്റമാണ്. ശ്രീമാൻ ഭവത്രാതൻ നമ്പൂതിരി അവർകളും, ഭാഷാപരിഷ്കരണത്തിനുള്ള മാർഗ്ഗങ്ങളുടെ പേരിൽ എന്റെ പ്രസംഗവിഷയമായ വിമർശനത്തെ കടന്നാക്രമിക്കുകയുണ്ടായി. ഈ അതിക്രമണം അത്ര വലിയ കാര്യമായി ഞാൻ ഗണിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ നായക്കുള്ളതു കരസ്ഥമാക്കുന്നതിൽ തിരുമേനിമാർ പണ്ടും ഉത്സാഹം പ്രദർശിപ്പിക്കാതിരുന്നിട്ടില്ലല്ലൊ? (ഹസ്തതാഡനം) നമ്പൂതിരി അവർകളും എന്റെ പ്രയത്നത്തെ ഒട്ടൊന്നു ലഘൂകരിച്ചുതായിട്ടാണ് എനിക്കു തോന്നുന്നതു്. അദ്ദേഹം പറഞ്ഞ അതേ ആശയങ്ങൾ വീണ്ടുംവീണ്ടും ആവർത്തിച്ചു നിങ്ങളെ ഞാൻ മുഷിപ്പിക്കുന്നില്ല. അദ്ദേഹം പ്രസ്താവിക്കുവാൻ വിട്ടുപോയ ചില സംഗതികൾ നിങ്ങളുടെ മുമ്പാകെ ഞാൻ സമർപ്പിക്കാം.

സാഹിത്യമെന്നാൽ എന്തു്? നിരുക്തം ഈ വാക്കിനു കൊടുക്കുന്നതു ഹിതത്തോടുകൂടിയ അവസ്ഥ എന്ന അർത്ഥമാകുന്നു ഹിതം എന്നുള്ളതുകൊണ്ടു് അതു ലൌകികമെന്നു ചിലർ വിചാരിക്കുന്നുണ്ടായിരിക്കാം. പ്രാപഞ്ചികഹിതമെന്നതല്ല, ഇവിടെ വിവക്ഷ. പ്രപഞ്ചാതീതവും ദുർല്ലഭവുമായ ഒരു ഹിതം- അതെ, ആധ്യാത്മികഹിതം, ഏതൊന്നിൽ നിന്നു സിദ്ധിക്കുന്നുവോ, അതാണു സാഹിത്യം. മനുഷ്യർ ഹിതാഭിലാഷികളാണ്. ഹിതത്തിന്റെ പിന്നാലെ ഓടിനടന്നു കഷ്ടപ്പെടുന്നവരാണു മനുഷ്യർ. ഒന്നു സാധിച്ചാൽ മറ്റൊന്നിനുവേണ്ടിയായിരിക്കും അവരുടെ അലച്ചിൽ. അതും സാധ്യമായാൽ മൂന്നാമതൊന്നിന്റെ പിന്നാലെ കുതിച്ചുപായുകയായി. ഇങ്ങനെ ഹിതപ്രതീക്ഷയാകുന്ന അസ്ഥിവാരത്തിന്മേൽ പ്രതിഷ്ഠിക്കപ്പെട്ട ആയുഷ്കാലത്തൊട്ടുകൂടിയവരാണു ജനങ്ങൾ എന്നു വരുമ്പോൾ, സാഹിത്യം അവർക്ക് ഒഴിച്ചുകൂടാത്ത ഒന്നാണെന്നു വ്യക്തമാകും. ജീവിതലക്ഷ്യത്തിലെത്തുന്നതിനു മനുഷ്യരെ തയാറാക്കുന്ന ശക്തിവിശേഷമാകുന്നു സാഹിത്യം.

പാശ്ചാത്യർ പറയുന്നതു സാഹിത്യം ജീവിതവിമർശനമാകുന്നു എന്നാണു്. ആരുടെ ജീവിതത്തിന്റെ? ചരാചരങ്ങളുടെ! കവി, പ്രത്യക്ഷങ്ങളും പരോക്ഷങ്ങളുമായ വസ്തുക്കളിൽ ചൈതന്യത്തെ ആരോപിച്ചു് അവയ്ക്കൊരു ജീവിതമുണ്ടെന്നു സമർത്ഥിക്കുന്നു. പിന്നീടതിനെ മനോധർമ്മവുമായി കലർത്തി വിമർശിക്കുന്നു. അപ്പോൾ അതു സാഹിത്യമായിത്തീരുന്നു.

ഇനി നിരൂപണം എന്നാലെന്തെന്നു പര്യാലോചിക്കാം. ഗുണദോഷങ്ങളുടെ വിവരണമാണു നിരൂപണമെന്നു കേരളപാണിനി അഭിപ്രായപ്പെട്ടുന്നു. സാഹിത്യത്തിൽ മാത്രമല്ല ഇങ്ങനെയൊരു വിശേഷമുള്ളതു്. നിരൂപണബുദ്ധി ജീവജാലങ്ങൾക്കൊക്കെയുണ്ടു്. അപരിഷ്കൃതനായ കാട്ടാളൻ ഇടയ്ക്കിടയ്ക്കു് അയാളുടെ ശരങ്ങൾ പാറക്കല്ലുകളിൽ ഉരയ്ക്കുന്നതു കാണാം. അയാളിങ്ങനെ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണു്? മൂർച്ചയില്ലാത്ത ശരം കർമ്മക്ഷമമല്ലെന്നും നിശിതശരംകൊണ്ടല്ലാതെ വ്യാധവൃത്തി നിർവ്വഹിക്കാൻ കഴിയുന്നതല്ലെന്നുമുള്ള ഗുണദോഷബുദ്ധി അയാൾക്കുണ്ടു്. കുട്ടികൾ പറയുന്നു, പഴുക്കാത്ത കായ ഭക്ഷിക്കാൻ നന്നല്ലെന്നു്. അവരിലും ഗുണദോഷചിന്ത കുടികൊള്ളുന്നുണ്ടു്. പ്രജകളെ രഞ്ജിപ്പിക്കുന്നതുകൊണ്ടുതന്നെവേണം രാജശബ്ദം അനവദ്യമാക്കാൻ എന്നു സങ്കല്പിക്കുന്ന രാജാക്കന്മാരും നിരൂപണബുദ്ധികളാകുന്നു. ഇങ്ങനെ നോക്കുമ്പോൾ സാഹിത്യത്തിൽ മാത്രമല്ല, സാഹിത്യാതീതവസ്തുക്കളിലും നിരൂപണബുദ്ധി പ്രവർത്തിപ്പിക്കുന്നുണ്ടെന്നു കാണാം. എന്നാൽപ്പിന്നെ സാഹിത്യനിരൂപണത്തിനുമാത്രം പ്രാധാന്യം കൊടുക്കുന്നതെന്തിനു്? അതോ, സാഹിത്യം സർവ്വപ്രധാനമായതുകൊണ്ടു്, സാഹിത്യനിരൂപണത്തിനും സർവ്വോത്തമസ്ഥിതിയുണ്ടു്. അതാണു്. ഗുണദോഷങ്ങളുടെ വിവരണമാണു വിമർശനമെന്നു മുൻപു പ്രസ്താവിച്ചുവല്ലൊ. ഇങ്ങനെയുള്ള ഒരു വിമർശനംകൊണ്ടു സാഹിത്യത്തിനു് എന്തൊരു പ്രയോജനമാണുള്ളതു്. ചില പ്രത്യേകകാരണങ്ങളാൽ സാഹിത്യം ദുഷിക്കുകയും അതിനു സത്സാഹിത്യത്തിന്റെ കൂട്ടത്തിൽ പ്രതിഷ്ഠ ലഭിക്കാനിടവരികയും ചെയ്യുന്നു. എപ്പോൾ സാഹിത്യം ദുഷിക്കുന്നുവോ, അപ്പോൾ അതുകൊണ്ടു് ഉപജീവിക്കുന്ന ജനസമുദായത്തിനും ദോഷം നേരിടും. അങ്ങനെ സംഭവിക്കാവുന്ന അവസ്ഥാന്തരത്തിൽനിന്നു യഥാർത്ഥസാഹിത്യത്തെ രക്ഷിക്കുകയാണു വിമർശനംകൊണ്ടുള്ള പ്രയോജനം.

വിമർശകൻ ആരാണെന്നും, അയാളുടെ നില എന്താണെന്നും, വിമർശകധർമ്മം എന്തെല്ലാമെന്നുംകൂടി അല്പമൊന്നു വിവരിച്ചു് ഈ പ്രസംഗം അവസാനിപ്പിക്കാം. ഒരു രാജ്യത്തിന്റെ അധികാരി മാത്രമാണു രാജാവു്; ഒരു സാമ്രാജ്യത്തിന്റെ അധിപതി മാത്രമാകുന്നു സാമ്രാട്ടു്; എന്നാൽ വിമർശകനാകട്ടെ, വിശ്വത്തിന്റെ ഒട്ടാകെയുള്ള അധിപതിയാണു്. അയാൾക്കു വേണമെങ്കിൽ സത്സാഹിത്യത്തെ ഉടച്ചുവാർത്തു ദോഷത്രയിഷ്ടമാക്കാനും, ദുഷിച്ച സാഹിത്യത്തെ മേലേക്കിടയിൽ നിർത്തുന്നതിനും സാധിക്കും. അതു ഉൽകൃഷ്ടസ്ഥാനമാണു് അയാൾക്കുള്ളതു്. അയാൾ ചില ധർമ്മങ്ങൾക്കെല്ലാം കീഴ്പ്പെട്ടേ കഴിയൂ. ഒന്നാമതു് ഉഭയദോഷാസാഹിത്യജ്ഞാനം അയാൾക്കുണ്ടായിരിക്കണം.

അതായത് ഏതൊരു സാഹിത്യത്തെ നിരൂപിക്കുവാൻ അയാൾ ആരംഭിക്കുന്നുവോ, ആ സാഹിത്യത്തിൽ എന്നപോലെ വേറെ ഒന്നിലും അയാൾക്കു നൈപുണ്യമുണ്ടായിരിക്കണം. ആ 'വേറെ ഒന്ന്' ഏതായിരിക്കണമെന്നുള്ളതിനെപ്പറ്റി പലേ അഭിപ്രായവ്യത്യാസങ്ങളുമുണ്ട്. ഭാഷാവിമർശകനെ സംബന്ധിച്ചിടത്തോളം അയാൾക്കു പാശ്ചാത്യസാഹിത്യവൈദഗ്ധ്യംതന്നെയാണ് അത്യന്താപേക്ഷിതമെന്നു ഞാൻ പറയും. ആലങ്കാരം, സംസ്കാരം എന്നിവ പാശ്ചാത്യരാജ്യങ്ങൾക്ക് ഏറക്കുറെ ഒന്നാകയാൽ അവയെല്ലാം പ്രതിബിംബിപ്പിക്കുന്ന ആംഗലസാഹിത്യം ഭാഷാവിമർശകൻ അഭ്യസിക്കുന്നതു് ഉചിതമായിരിക്കും. സംസ്കൃതംമുതലായ സാഹിത്യങ്ങളിൽ പരിചയിക്കുന്നതു് അനാവശ്യമെന്നല്ല ഞാനീപ്പറഞ്ഞതിന്റെ സാരം. ഭാഷാസാഹിത്യവുമായി ഏറ്റവും അകന്നുനിൽക്കുന്ന ഒരു സാഹിത്യമാണു വിമർശകനു് അത്യാവശ്യമായിട്ടുള്ളതെന്ന തത്പരപീകായ്മാണെങ്കിൽ ആ അന്യസാഹിത്യം തീച്ചയായും ഇംഗ്ലീഷിലായിരിക്കണമെന്നേ ഇവിടെ പറയുന്നുള്ളൂ.

വിമർശകൻ നിഷ്പക്ഷപാതിയായിരിക്കണം. ചരിത്രങ്ങളിലും, ശാസ്ത്രങ്ങളിലും, കലകളിലും അയാൾ വിചക്ഷണനായിരിക്കണം. താൻ കേട്ടിട്ടുള്ള വിശ്വാസത്തെമാത്രം ആധാരമാക്കി ഒരു സാഹിത്യകാരന്റെ പ്രയത്നഫലം ഗ്രഹിഷ്യുമെന്നോ ദോഷഭ്രയിഷ്യുമെന്നോ പരിച്ഛേദിക്കുന്നതു നന്നല്ല. ഏതെങ്കിലും ഒരു ഗ്രന്ഥം പണ്ടെഴുതി ഉഷ്പ്പരു സമ്പാദിച്ച ഒരു ഗ്രന്ഥകാരൻ എന്നുകരുതി, അയാൾ പിന്നീടെഴുതുന്നതെല്ലാം ആവിധം അസാമഞ്ജസ്യങ്ങളായേ ഇരിക്കയുള്ളൂ എന്നു കരുതുന്നതു മഹാപാപമാണ്. ഒരുകാലത്തു വാദകോലാഹലങ്ങൾക്കു വിഷയീഭവിച്ച ഒരു ഗ്രന്ഥമെന്നുവെച്ചു്, അതിന്റെ പിന്നീടുള്ള ഗാമികളും അങ്ങനെയുള്ളവയായി നിന്നുകൊള്ളണമെന്നില്ലല്ലൊ.

ജാതി, മതം ഇവയെ തൊട്ടുനിൽക്കുന്ന സ്നേഹദ്വേഷങ്ങൾ വിമർശനത്തെ സ്പർശിച്ചുകൂടാ. വിമർശകനു ജാതിയും മതവുമില്ല. അയാൾ നിസ്സംഗനായ ഒരു സന്ന്യാസിമാത്രമാണു്, വിമർശനധർമ്മാനുഷ്ഠാനത്തിൽ.

മേൽപ്പറഞ്ഞ ഗുണങ്ങളെ മുൻനിറുത്തിക്കൊണ്ടു സാഹിത്യവിമർശനംചെയ്യാൻ കഴിവുള്ള ഒരു കൂട്ടം വിമർശകന്മാരെയാണു നമുക്കിന്നാവശ്യം. അവരെക്കൊണ്ടല്ലാതെ സാഹിത്യത്തിനു് ഉയർച്ചയും ഉണ്ടാകുന്നതല്ല. അല്ലാത്തപക്ഷം നല്ല നാണ്യങ്ങൾക്കുള്ള വില കള്ളനാണ്യങ്ങൾക്കും സിദ്ധിക്കാൻ ഇടയാകും.

വിദ്വാൻ ടി. കെ. രാമൻമേനോൻ.

അമ്മാനാട്ടം.

മദ്ധ്യകേരളത്തിലെ അസവർണ്ണരുടെ ഇടയിൽ സാധാരണമായി നടപ്പുണ്ടായിരുന്ന ഒന്നാണ് അമ്മാനപ്പാട്ട്. ഈഴവരുടെ താലികെട്ടുകല്യാണത്തിൽ അമ്മാനപ്പാട്ട പ്രധാനമായിരുന്നു. വാത്തികം എന്നൊരു വർഗ്ഗക്കാരാണ് ഈഴവരുടെ പുരോഹിതവൃത്തി നടത്തിപ്പോന്നിരുന്നതു്. വാത്തിസ്ത്രീകൾ കുലപരമ്പരയായി പ്രസ്തുതകലയിൽ നൈപുണ്യം നേടിയിരുന്നു.

നാലും അതിൽ അധികവും കായകൾ പിടിച്ച് അമ്മാനാടുന്ന കാക്കാലന്മാരേയും ചില സക്കസ്സുകാരേയും ഞാൻതന്നെ കണ്ടിട്ടുണ്ട്. കാക്കാലസ്ത്രീകളിൽ പാട്ടവശമുള്ളവരും ഉണ്ടായിരുന്നു. കാക്കാലസ്ത്രീകൾക്കു വാത്തിസ്ത്രീകളെപ്പോലെ 'അടി'യിലും 'തൊടി'യിലും 'തള'യിലും 'താള'ത്തിലും അത്ര നിഷ്കർഷ കണ്ടിരുന്നില്ല. നായന്മാരുടേയും മറ്റും സമുദായങ്ങളിൽ ഇന്നും നടന്നുവരുന്നതുപോലെയുള്ള താലികെട്ടുകല്യാണം അടുത്തകാലംവരെ ഈഴവരുടെ ഇടയിലും നടപ്പുണ്ടായിരുന്നു. കല്യാണദിവസം പാതിരാത്രി കഴിഞ്ഞാൽ പെൺകെട്ടുപന്തലിൽ വാത്തിസ്ത്രീകളുടെ അമ്മാനാട്ടം തുടങ്ങും. പുലർകാലത്തു കന്യകയ്ക്കൊണ്ടു് ആദിത്യനെ തൊഴുവിക്കുന്നതുവരെ വാത്തിസ്ത്രീകളുടെ അമ്മാനാട്ടം ഉണ്ടാകും.

തലയിൽ നിറകിണ്ടിവച്ചു് അതിൽനിന്നു താളത്തിനു വെള്ളത്തുള്ളികൾ പുറമാറ്റു് ആടുവാൻ വശമുള്ള സ്ത്രീകൾ ഈ അടുത്തനാൾവരെ അവരുടെ വർഗ്ഗത്തിൽ ഉണ്ടായിരുന്നു. കിണ്ടിവെള്ളത്തുള്ളികൾ നിലത്തും ആടുന്ന കായകൾ കൈകളിലും ഒരുസമയത്തു താളത്തിനു വീണുകൊണ്ടിരിക്കത്തക്കവണ്ണം വാത്തിസ്ത്രീകൾ ആ കലയിൽ അത്ഭുതകരമായ 'സാധകം' സമ്പാദിച്ചിരുന്നു. ഇപ്പോൾ പ്രതിപാദിച്ചതിലും ഉപരിയായ അഭ്യാസാതിശയങ്ങളാൽ സുവിദിതകളായ വളരെ സ്ത്രീകൾ വാത്തിവർഗ്ഗത്തിൽ ഉണ്ടായിരുന്നു. താലികെട്ടുകല്യാണം ഇപ്പോൾ ഈഴവരിൽ അത്രം കഴിക്കാറില്ല അങ്ങനെ അമ്മാനാട്ടത്തിന്റെ ആവശ്യവും ഇല്ലാതായി. ദേശങ്ങളുടേയോ സമുദായങ്ങളുടേയോ ചരിത്രങ്ങളേയോ അമ്മാനപ്പാട്ട് സഹായിക്കുന്നകാര്യം സംശയാധീനം തന്നെ. ഞാൻ കേട്ടിടത്തോളം പാട്ടുകളിലെല്ലാം പുരാണകഥകളാണു വിഷയങ്ങൾ.

'മലയാളത്തിലെ പഴയ പാട്ടുകൾ' എന്ന പേരിൽ ശ്രീമാൻ സി. പി. ഗോവിന്ദപ്പിള്ള, എം. ആർ. ഏ. എസ്സ്. അവർകൾ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകത്തിൽ 70-ൽപരം പാട്ടുകളുടെ പേരു കൊടുത്തിട്ടുണ്ട്. ആ കൂട്ടത്തിൽ അമ്മാനപ്പാട്ടിന്റെ പേരും കാണ്മാനുണ്ട്. അമ്മാനാട്ടത്തിന്റെ ആഗമത്തെക്കുറിച്ചു ഞാൻ അന്വേഷിച്ചുവരികയാണു്. പൂർണ്ണമായ വിവരം കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ അതിനെക്കുറിച്ചു് ഇപ്പോൾ ഒന്നും പ്രതിപാദിക്കാത്തതാണു്.

ചരിത്രപരവും സാമുദായികവുമായ മേന്മ കുറെ കായുമെങ്കിലും ഗാനകലകളുടെ ക്ഷേത്രത്തിൽ അമ്മാനപ്പാട്ടിന് അന്യാദൃശമായ ഒരു സ്ഥാനം കൊടുക്കാതെ തരമില്ല. അത്രമേൽ കലാപ്രധാനമാണ് അമ്മാനാട്ടം.

ഏകം, രൂപം, ചെമ്പട, അടന്ത മുതലായ താളങ്ങളുടെ കാലപരിമാണം കോലടി, കൈയടി മുതലായ അടികളെക്കൊണ്ട് സാധിക്കണമെങ്കിൽതന്നെ ജന്മവാസനക്കാർ വേണം. ആ നിലയ്ക്ക് ആട്ടമ്പോൾ എപ്പോഴും പൊന്തിവീണുകൊണ്ടിരിക്കുന്ന കായകർമം, ആട്ടക്കാരത്തികളുടെ കരതലങ്ങളിൽ, മാതുപിഴക്കാതെ, കാലക്രിയകളെ സാധിച്ചുകൊണ്ടു വരുന്ന ആ ഭ്രമണവ്യാപാരം അത്യാസൈകസാധ്യവും അത്യുത്താവഹവും തന്നെ ആണെന്നു സമ്മതിക്കാതെ കഴികയില്ല. പാദതാൽപാതങ്ങളുടെ ദൂരം മനസ്സുകൊണ്ടു കഴിയുംവണ്ണം ക്രമീകരിച്ചിട്ടില്ലെങ്കിൽ ക്രടെക്രുടെ താളം തെറ്റുവാൻ ഇതു എളുപ്പമായിട്ടു മറെറാരു കലാപ്രകടനമുണ്ടെന്നു തോന്നുന്നില്ല. ഉള്ളിൽ തറിയിട്ട് ഓട്ടുകൊണ്ടു ദംഗിയിൽ പൊള്ളയായി വാത്തെടുക്കുന്ന ഓട്ടുരുളകളാണ് അമ്മാനാട്ടത്തിലെ കായകർമം. ഇവ, തരിവളകളെപ്പോലെ കിലുങ്ങും. താളപ്പറവുള്ളവർ അല്പം മനസ്സിരുത്തിയാൽ കാണാം, ഈ അമ്മാനക്കായകർമം, മുറിയടന്തക്കം അടന്തക്കമൊക്കെ ഒപ്പിച്ചു കിലുങ്ങിക്കിലുങ്ങി പാതോൽപാതക്രിയാനിവ്വഹണം ചെയ്യുന്നതു്. സാമുദായിക ഗാനകലക (Folk lore)ളിൽ പ്രവീണനും സുപ്രസിദ്ധനുമായ ഡാക്ടർ ആർണോൾഡ് ബെക്ക്, എം. ഏ പി. എച്ച്. ഡി. ഇയ്യിടെ കൊച്ചി ഗവർമെണ്ടിന്റെ അതിഥിയായിട്ട് ഏറണാകുളത്തു താമസിച്ചിരുന്നു. പുള്ളുവർപാട്ട്, വള്ളുവർപാട്ട്, കടങ്കളി, കോലാട്ടം, പടിതുള്ളൽ, പന്തലാട്ടം മുതലായ പലതരം പാട്ടുകളുടേയും കളികളുടേയും മാതൃകകളെ അദ്ദേഹം സ്വനഗ്രാഹിയന്ത്രം വഴിയായും ഛായാഗ്രഹണയന്ത്രം വഴിയായും ശേഖരിച്ചു. ഗാനകലകളിൽ അദ്ദേഹത്തെ അധികം രസിപ്പിച്ചതു് ഈ അമ്മാനാട്ടമായിരുന്നു. വിചിത്രവൃത്തങ്ങളായ ഗാനഭേദങ്ങളും വിസ്മയാവഹങ്ങളായ ഗോളതാളങ്ങളും ആയുഷ്മാൻ ബെക്കിനേയും അദ്ദേഹത്തിന്റെ സഹധർമ്മിണിയേയും അധികമധികം സന്തോഷിപ്പിച്ചിട്ടുണ്ട്. അമ്മാനാട്ടക്കാർ ക്രമത്തിന് ആടിയാടി അടന്തയിലെത്തി. അപ്പോൾ അമ്മാനക്കായകർമം ശരിക്ക് ആ ഗായികകളുടെ കരതലങ്ങളിൽ തിത്തിത്തിത്തൈ—തിത്തിത്തിത്തൈ-തൈ-തൈ എന്നു കിലുങ്ങിക്കിലുങ്ങിത്താളമൊപ്പിക്കുവാൻ തുടങ്ങി. ഉടനെ മിസ്റ്റർ ബെക്ക്, തന്റെ പ്രേയസിയെ വിളിപ്പിച്ചു. അവർ രണ്ടുപേരും താളനിരീക്ഷണത്തിൽ സൂത്രകരായി. അടന്തയ്ക്കുശേഷം രണ്ടു താളവട്ടംകൂടിപ്പിന്നിട്ട് ആട്ടം കംഭതാളത്തിലെത്തി. അതിലെ 'തള'യ്ക്കാത്ത പാട്ടുകളേയും 'താള'മൊത്ത ആട്ടങ്ങളേയും യന്ത്രദ്വാരംവഴി ആ മാന്യദമ്പതിമാർ സത്വരം സ്വീകരിച്ചു.

ഈ പാട്ടിനു പല വൃത്തങ്ങളും ചേരും. അതുകൊണ്ട് ഇതിനു പ്രത്യേകമായി ഒരു വൃത്തലക്ഷണം കല്പിക്കേണ്ടതായിട്ടില്ല. എങ്കിലും പ്രായേണ പാടിവരാറുള്ളതു് ഏതാണ്ടു 'കേക'യോടു കിടപിടിക്കുന്ന ഒരു രീതിയിലാണ്. അമ്മാനാട്ടം താളപ്രധാന

മായ ഒരു കവിവിശേഷമായതുകൊണ്ടു ക്രമേണ വിളംബിത, മധ്യ, ദ്രുതകാലങ്ങളിലും പാടുകയുണ്ടു്. വിളംബിതകാലത്തെ പുസ്സരിച്ചു ലക്ഷണസമന്വയമെയ്യാൻ പുറപ്പെടുകയാണെങ്കിലാണു്, ആ രീതിക്കു് 'കേകാസാദൃശ്യമുള്ളതു്'.

ഉയർത്തിലോരോ ഗണവും
മൂവ്വശയ്ക്കിരുചീരതു്
എഴുത്തിങ്കലെഴുനാങ്കെന്നാ
ലഴകുള്ളൊരു കേകയാം.

എന്നാണല്ലൊ കേകാലക്ഷണം. ഈ ലക്ഷണത്തോടുകൂടിയതുതന്നെയാണു പാടിവരാറുള്ള പാട്ടിലെ ഓരടി. ഈരടിയുടെ അവസാനത്തിലേ മൂന്നക്ഷരത്തിന്റെ കുറവുകൊണ്ടുമാത്രമേ അമ്മാനം കേകയിൽനിന്നു ഭേദിക്കുന്നുള്ളു.

ഉദാഹരണം:-എങ്കിലോ പണ്ടു പുരനാശനൻ പരമീശൻ പങ്കജേക്ഷണകേതനംബരീഷൻ-

ഇതു കേകയാക്കുവാൻ ഈരടിയുടെ അവസാനത്തിൽ പങ്കജേക്ഷണകേതനം ബരീഷായിൻ നൃപൻ-എന്നു പാഠപരിവർത്തനം ചെയ്താൽമതി. മേലടികളിൽ,അതായതു മൂന്നും നാലും പാദങ്ങളിൽ തെരളിക്രുട്ടി നിബന്ധനംചെയ്യുന്നതുകൊണ്ടു് ഈ പ്രസ്ഥാനത്തിനു കൊഴപ്പും സുഖവും ക്രുടിക്കൊണ്ടിരിക്കും. തെരളിയുടെ പ്രകൃതം വന്നുപോയാൽ പിന്നെ അക്ഷരക്രമത്തിൽ അധികം ദൃഷ്ടിവയ്ക്കണമെന്നില്ല. മാത്രകളിൽ മാത്രം മനസ്സിരുത്തിയാൽ മതിയാകും. അമ്മാനപ്പാട്ടുകളുടെ രചനാസമ്പ്രദായം കണ്ടാൽ അവയൊക്കെ ആധുനികകൃതികളിൽപ്പെട്ടതാണെന്നു പറയാം. ഉദ്ദേശം 50 കൊല്ലത്തെ പഴക്കമുള്ളതും എന്റെ ഒരു പിതൃവ്യന്റെ കൃതിയുമായ "മോഹിനീമാഹനം" അമ്മാനപ്പാട്ടിൽനിന്നും ഏതാനും വരികൾ ഞാൻ ഇവിടെ ഉദ്ധരിക്കാം. സാഹിത്യദൃഷ്ടികൊണ്ടു പരിശോധിക്കുമ്പോൾ അതിൽ അവിടേയും ഇവിടേയും കുറേയെല്ലാം സ്ഖലിതങ്ങൾ ഇങ്ങനാൽതന്നെയും അതിലെ സാരസ്വതപരിമളത്തെപ്പറ്റി സഹൃദയന്മാർക്കു രണ്ടഭിപ്രായത്തിനു വകയുണ്ടാകയില്ലെന്നാണു് എന്റെ വിശ്വാസം. ഈ പാട്ടു് അച്ചടിപ്പിച്ചിട്ടുള്ളതുമല്ല. വിഷ്ണുമായയിൽനിന്നും ശാസ്താവിന്റെ ഉത്ഭവമാണു വിഷയം.

വിഷ്ണുമായ.
(അമ്മാനപ്പാട്ടു്)

1. ആവമുണ്ടാനനടെസൂനു വൈകുണ്ഠനെന്റെ
മാലുകൾപോവാൻ തുണചെയ്ക ചിത്തേ.
2. നീലക്കാർവേണി, സരസ്വതി, നീലാംബുജലോലവിലോചന,
ചാലെയെൻ നാവിൽ വിളങ്ങുക പാൽമൊഴിമാതും
3. സുരവാഹിനിതന്നിൽ തിരമാലകൾപോലെ
ഗുരുഭൂതനിക്കവിക്കായ് തുണയ്ക്ക.

4. പൂക്കളുടെ കണ്ണവനുദാരൻ താമരസാക്ഷൻ മുകിൽവർണ്ണൻ,
കാമിനിമണി മോഹിനിവേഷം പൂണ്ടിതുപണ്ട്.
5. അക്കഥകേട്ട പുരനാശനൻ പരമീശൻ
തക്കത്തിൽ വൃഷഭേന്ദ്രൻ കണുമേറി.
6. മൈക്കണ്ണാംപാർവ്വതിയോടും ശീഘ്രംനടകൊണ്ടു ഗിരീശൻ
പൊൽക്കൊള്ളും ദാമോദരനുടെ സവിധമണഞ്ഞു.
7. സുപ്രഭ്രഷണൻ തന്നെസ്സൽക്കരിച്ചങ്ങിരുത്തി
സുപ്രീന്ദ്രരായിമന്ദം പൊൽതുടങ്ങി.
8. വണ്ടണിപൂങ്കുഴലാംമോഹിനി പണ്ടുവാൻ പൂണ്ടൊരു ചമയം
കണ്ടു രസിപ്പാനായ് വന്നിതുഞാനിവിടത്തിൽ
9. ഖിന്നതകൂടാതിന്നു കൈലാസേ ഗമിച്ചാലും
ഇന്നിയങ്ങൊരു ദിനം കണ്ടുകൊള്ളാം.
10. കന്നൽമിഴിപാർവ്വതി കൂടെയതുള്ളൊരുസമയത്തിതുചെയ്യാൻ
എന്നുള്ളതിൽ പെരുതായൊരു ഖേദവുമുണ്ട്.
11. മധുരിപുതന്നുടെ വചനമങ്ങതുകേട്ട
മതിയതിൽ ഖേദം പെരുതായി മതിചൂഡൻ.
മധുമൊഴി ഗൌരിയൊടുമഥ ഗമനവും തുടർന്നതിവേഗാൽ
12. മാർഗ്ഗമദ്ധ്യത്തിലുള്ള പുഷ്പവാടികാമദ്ധ്യേ
ഭർഗചിത്തത്തെ വെൽവാൻ മോഹിനിയായ്
13. മലഹരി, നല്ല ബലഹരി, ഭൈരവി,
തെളിവിയലിന, പാടി, വരാടി,
തിറമൊട്ട സരിഗമ ഗരിസനിധപമിടയിടപാടി
14. പൊന്നനുലതികയെയിളക്കിപ്പന്താടിയും
ചിന്തുപാടിയും താളമേളമാർന്നും
കളഭഗാമിനി കരമിളക്കുന്നനേര-
മിളകുന്ന കുഴ, പൊഴിയുന്ന, പുതുമലർ
വളർകാതിൽ മിന്നും കനകതാടങ്കമതിൻ പ്രഭയതുമഥ വിചിത്രം.

(അപൂർണ്ണം)

ഇങ്ങനെ ഗാനകലകളുടെ ക്രുദ്ധത്തിൽ എതുകൊണ്ടും സംഭാവനീയമായ നമ്മുടെ ഈ സുകുമാരകല നവീനപരിഷ്കാരങ്ങളുടെ വലിയ വ്യാമർദ്ദത്തിൽപ്പെട്ട കണ്ണുപ്രാണയായിക്കിടക്കുന്ന കാലത്താണു്, കേരളസാഹിത്യചക്രവർത്തിയുടെ—അതേ—ഇന്നത്തെ ഈ പരിഷന്നായകനായ മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെ കരുണാമസൃണങ്ങളായ തൃക്കൺകടാക്ഷങ്ങൾക്ക് അവശം വിധേയമായിത്തീർന്നതു്. അതിന്റെ ഫലമായി എറണാകുളത്തുവെച്ചു സമ്മേളിക്കപ്പെട്ട പരിഷത്തിൽ ഈ കലാവിലാസിനിക്കും പ്രവേശം ലഭിച്ചു. അന്നവിടെ, ആ കലാകാമിനിയുടെ

മൃദുപദവിന്യാസങ്ങളും ലലിതലലിതങ്ങളായ ഭാവഭേദങ്ങളും പാഷ്ടരെ ഒരുപോലെ സമാകഷ്ടിച്ചിട്ടുണ്ടെന്നു ധൈര്യം പറയുവാൻ തരമില്ല. എന്തായാലും കൊച്ചുതിരുമേനിയെപ്പോലെയുള്ള കലാഹൃദയവേത്താക്കളെ പലരേയും അവിടം സമാരാധിക്കാതിരുന്നില്ല. അരസപുരുഷന്മാരുണ്ടെങ്കിൽ അവരോടു ശ്രീഹർഷന്റെ വാക്കിൽ 'യഥായുനഃ ശശ്വൽ പരമരമണീയാപിരമന്നീകുമാരാണാമന്തഃകരണഹരണം നൈവ കുരുതേ' എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

തത്തുല്യമായ തിരുവുള്ളത്തിന്നും, കവിരാജ പരമേശ്വരനായ ഉള്ളൂർ മഹാശയപ്പട്ടികളുടെ സംഭാവനയ്ക്കും യോഗ്യം ലഭിച്ച നമ്മുടെ കലാകുലാംഗന മുന്നാണ്ടിൽ തൃശ്ശിവപേരൂരിലും തന്നാണ്ടിൽ മഹാമഹിമശ്രീ സാമൂതിരിമഹാരാജശേഖരാദികളാൽ സമലങ്കൃതയായ ഈ പരിഷത്തിലും സ്വീകരിക്കപ്പെട്ടു. ഇനി, ഇവളുടെ ഭാവിയെപ്പറ്റി ഇനിക്ക് അശേഷം ആശങ്കയില്ല.

കെ. പി. കറുപ്പൻ.

മംഗളം.

(കിളിപ്പാട്ട്)

ഉള്ളിലും പുറത്തുമുണ്ടല്ലോ നിൻരാജ്യം, കാണാ-
നുള്ളതുമില്ലാത്തതും നിന്നുടെ സാമ്രാജ്യംതാൻ!
മർത്യന്റെ വാഴ്ച്ചയ്ക്കുള്ളിൽ നിൻവാഴ്ച്ച നടക്കുന്നു,
മർത്യന്റെ നീതിയേയും നിൻനീതി ഭരിയ്ക്കുന്നു!
മർത്യന്റെ ചെങ്കോൽതന്നെ നിൻദയാങ്കുരമല്ലോ,
മർത്യന്റെ മണിമുടി, നിന്നനുഗ്രഹമല്ലോ.

തങ്കത്തിൽ വാർത്തെടുത്തപോലെ, ഭംഗിയാലേറ്റം
തുംഗമായ്ത്തിളങ്ങുന്നൊരുദയാചലശൃംഗം,
നിൻമണിപീഠം, കൃത്യനേരത്തു ചമയിപ്പാൻ
നിത്യവും വന്നെത്തുന്നു, ഭാസുരം പുലർകാലം!
അന്നേരത്തൊരു ദിക്കിലൊതുങ്ങിനിന്നുംകൊണ്ടു
മന്ദമായ്പ്പൊരുമാറും പവനൻ വെൺചാമരം;
വാരുറുകാണാം വാനം പൊന്നലക്കുകൊടുത്തുക്കി
വാനവർ നിവർത്തിയ നീലിച്ചകുടപോലെ!

പൊങ്ങുന്നിതുടൻതന്നെ വീഴുന്നു കീഴ്പോട്ടെയ്യുന്നീ
മംഗളപ്രഭമിന്നും തിങ്കളും കതിരോനും
എന്തവരണ്ടും, മറന്നാ,വിശ്വനത്തകിയായ
നിന്തിരുവടിയുടെ കളിപ്പന്തുകളാമോ?
പേത്തുമിങ്ങവിടുത്തെ മാഹാത്മ്യവിലാസങ്ങ,
ളോത്തോത്തിട്ടന്തംകാണാതമ്പരന്നപോലൂഴി
ആനന്ദക്കണ്ണീർധാരപൊഴിയും മുഖത്തോടി-
ങ്ങാംഗ്യങ്ങൾകാട്ടുന്നെന്തോ മാമലനിരകളാൽ!
കേട്ടതട്ടിയഭാഗം പുതുക്കിപ്പണിയെയ്യും
മോടിയില്യുക്കളാൽ ശില്പഭംഗികൾചേർക്കും!
മൃത്യുവിൽ വെളുപ്പിക്കും;-കാലപുരുഷനെന്നും
പുത്തനായ്വെച്ചുകാത്തു കൊൾവൂ നിൻകൊട്ടാരത്തെ!

നിന്മഹാകാവ്യത്തിലെപ്പദ്യമോരാന്നായിങ്ങു
നിത്യവുമന്തിനേരത്തെഴുതിത്തരുന്നു നീ
നീലവിൺപലകമേൽ നക്ഷത്രാക്ഷരങ്ങളിൽ
ബാലരാമീ ഞങ്ങൾക്കു വായിച്ചുപഠിക്കാനായ്!
കണ്ണിനുമുമ്പിൽ വിണ്ണിൽ വരച്ചുകാണിച്ചു നീ
രണ്ടുനേരവും ചിത്രമെഴുത്തു ശീലിപ്പിപ്പൂ;
പുലരിയിങ്ങുണരുല്ലോ, പൈങ്കിളിനാദത്തിനാൽ
പുളകംകൊള്ളിക്കുന്ന കീർത്തനം പഠിപ്പിക്കാൻ!
ഞാനാകുമപസ്വരം സുസ്വരമായീടാവൂ,
ഞാനുമിന്നതിലൊരു കീർത്തനം പഠിക്കാവൂ!

പി. കുഞ്ഞിരാമൻനായർ.

അനുബന്ധം.

I.

പ്രദർശനം.

കലാശാലയിലേക്കുള്ള പ്രവേശനദ്വാരത്തിന്റെ ഇടത്തുവശത്തായി സ്ഥിതി ചെയ്തിരുന്ന വിശാലമായ ഒരു ഹാളിൽ പ്രദർശനത്തിനുവേണ്ട സകല ഒരുക്കങ്ങളും ചെയ്തിരുന്നു. 1. താളിയോലഗ്രന്ഥങ്ങൾ. 2. പഴയപുസ്തകങ്ങൾ. 3. പുതിയപുസ്തകങ്ങൾ. 4. സാഹിത്യകാരന്മാരുടെ ഛായാപടങ്ങൾ. 5. നിന്നുപോയവയും നിലവിലുള്ളവയുമായ പത്രങ്ങളും മാസികകളും—എന്നിങ്ങനെ പ്രദർശനസാമഗ്രികളെ അഞ്ചായിട്ടാണു തരംതിരിച്ചിരുന്നതു്. സാമൂതിരിക്കോവിലകത്തുനിന്നു കിട്ടിയവയും ശ്രീമാൻ വി എം കുട്ടികൃഷ്ണമേനോൻ ബി ഏ തൃശ്ശൂർനിന്നു കൊണ്ടുവന്നിരുന്നവയുമായ താളിയോലഗ്രന്ഥങ്ങൾ ഭാഷാചരിത്രഗവേഷകന്മാർക്കു് ഉപകാരപ്രദങ്ങളായ പല വിവരണങ്ങളുമടങ്ങിയവയായിരുന്നു. കേരളപാണിനീയത്തിന്റെയും വ്യാകരണമിത്രത്തിന്റെയും ആദ്യത്തെ പതിപ്പുകൾ, മാത്തൻഗിവർഗീസ് കത്തനാരെഴുതിയ മലയാണ്മയുടെ വ്യാകരണം എന്നതുടങ്ങി ഇപ്പോൾ കാണാൻപോലും കിട്ടാത്ത പല അമൂല്യഗ്രന്ഥങ്ങളും പഴയ പുസ്തകങ്ങളുടെ കൂട്ടത്തിൽ പെട്ടിരുന്നു. ഇംഗ്ലീഷിലെ Men of Letters series-നെ അനുകരിച്ചു് എറണാകുളം വി. വി. പബ്ലിഷിങ്ങ് ഹൌസ്സിൽനിന്നു പ്രസിദ്ധീകരിച്ച കേരളഭാഷാപ്രണയികൾ എന്ന ഗ്രന്ഥമാലയിലെ എട്ടു നല്ല പുസ്തകങ്ങളാണു പുതിയ പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ പ്രാഥമ്യത്തെയും പ്രാധാന്യത്തെയും അഛ്ചിച്ചിരുന്നതു്. സാഹിത്യകാരന്മാരുടെ ഛായാപടങ്ങളും അനവധി സന്ദർശകരുടെ പ്രത്യേകശ്രദ്ധയെ ആകഷ്ടിക്കുകയുണ്ടായി. കേരളത്തിൽ ജനിച്ചു മരിച്ചുപോയിട്ടുള്ള പത്രങ്ങളുടേയും മാസികകളുടേയും സീമാതീതമായ സംഖ്യ പലരേയും വിസ്മയിപ്പിച്ചു. തൃശ്ശിവപേരൂർ, കോട്ടയ്ക്കൽ, എറണാകുളം എന്നീ സ്ഥലങ്ങളിൽവെച്ചു നടന്ന സാഹിത്യപ്രദർശനങ്ങളിലിടപെട്ട പ്രദർശനവിഷയത്തിൽ നല്ല തഴക്കവും പഴക്കവും സമ്പാദിച്ചിട്ടുള്ള ശ്രീമാന്മാരായ വി. എം കുട്ടികൃഷ്ണമേനോൻ ബി. ഏ., വിദ്വാൻ ഏ. ഡി. ഹരിശർമ്മ എന്നീ മാന്യന്മാർ നേരത്തെ സ്ഥലത്തെത്തി പ്രദർശനവിഷയത്തിൽ ഞങ്ങൾക്കു വളരെ സഹായം ചെയ്തരികയുണ്ടായി. സാമൂതിരിക്കോവിലകത്തുള്ള പഴയ ഈടുവെപ്പിൽനിന്നു പല അമൂല്യഗ്രന്ഥങ്ങളും പ്രദർശനത്തിനായി അയച്ചുതന്നിരുന്നുവെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

പ്രദർശനസാമഗ്രികളുടെ ഒരു സംക്ഷിപ്തവിവരണം താഴെ ചേർക്കുന്നു:—

1. താളിയോലഗ്രന്ഥങ്ങൾ	45
2. പഴയപുസ്തകങ്ങൾ	25
3. പുതിയ പ്രസിദ്ധീകരണങ്ങൾ	12

4. പത്രങ്ങൾ	145
5. മാസികകൾ	395
6. ഛായാപടങ്ങൾ	55

ഇതുകൂടാതെ കൊച്ചി ഭാഷാപരിഷ്കരണകമ്മിറ്റിയിൽനിന്നു ഇതേവരെ പ്രസിദ്ധീകരിച്ച 29 പുസ്തകങ്ങളും ശ്രീമാൻ വാരിയത്തു കുട്ടിരാമമേനോൻ മുതലായ ചില ഭാഷാപ്രണയികൾ അയച്ചുതന്ന മറ്റുപല പുസ്തകങ്ങളും പ്രദർശനസാമഗ്രികളുടെ കൂട്ടത്തിൽ ഉൾപെട്ടിരുന്നു.

II.

സാമർത്ഥ്യപരീക്ഷകൾ.

1. ഗദ്യനിർമ്മാണം.

ചേർന്നവർ	11
വിജയി	ശ്രീമാൻ. കെ. സി. പി. രാജാ
സമ്മാനം	പുസ്തകങ്ങൾ

2. പദ്യനിർമ്മാണം.

ചേർന്നവർ	14
വിജയി	വിദ്വാൻ, ടി. കെ. രാമൻമേനോൻ
സമ്മാനം	പുസ്തകങ്ങൾ

3. പ്രസംഗം.

ചേർന്നവർ	13
വിജയി	ശ്രീമാൻ യൻ. നാരായണകുറുപ്പ്
സമ്മാനം	പുസ്തകങ്ങൾ

4 ഇംഗ്ലീഷ്-മലയാളവിവർത്തനം.

ചേർന്നവർ	13
വിജയി	ശ്രീമാൻ യൻ. നാരായണകുറുപ്പ്
സമ്മാനം	പുസ്തകങ്ങൾ

5. ഹിന്ദീ-മലയാളവിവർത്തനം.

ചേർന്നവർ	11
വിജയി	ശ്രീമാൻ. യം. അച്യുതമേനോൻ
സമ്മാനം	കീർത്തിമുദ്ര

6. അക്ഷരശ്ലോകപരീക്ഷ.

ചേർന്നവർ	11
വിജയികൾ	(1) ശ്രീമാൻ ഈ. ശങ്കരൻനമ്പൂതിരി
	(2) ,, സി. എ. കുഞ്ഞുണ്ണിരാജാ
സമ്മാനം	(1) കീർത്തിമുദ്ര
	* (2) പുസ്തകങ്ങൾ.

* സമ്മാനം വാങ്ങീട്ടില്ല.

7. 50 ഉത്തമപുസ്തകങ്ങളുടെ ലിസ്റ്റ്.

ചേർന്നവർ	1
വിജയി	ശ്രീമതി. ഏ. മാലതി.
സമ്മാനം	പുസ്തകങ്ങൾ.

8. അഭിനന്ദനപത്രങ്ങൾ.

1. ശ്രീമാൻ. പി. വി. കൃഷ്ണവാരിയർ-പ്രദർശനത്തിൽ വളരെ സാഹിത്യകാരന്മാരുടെ ഛായാപടങ്ങൾ പ്രദർശിപ്പിച്ചതിന്ന്.
2. ശ്രീമാൻ. ഏ. ഡി. ഹരിശർമ്മാ—ടി. അനേകം പഴയ മാസികകൾ ശേഖരിച്ചു പ്രദർശിപ്പിച്ചതിന്ന്.
3. വി. വി. പ്രസിദ്ധീകരണശാല —സാഹിത്യവിഷയത്തിൽ പല പുതിയ പുസ്തകങ്ങളും പ്രസിദ്ധംചെയ്തതിന്ന്

9. തോമസ്പാൽ സ്മാരകകീർത്തിമുദ്ര.

"ഒരു കാവ്യകാരന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ കാവ്യങ്ങളെ അഭിനന്ദിക്കുന്ന വിഷയത്തിൽ എത്രത്തോളം സഹായമായിരിക്കും" എന്ന വിഷയത്തെപ്പറ്റി എഴുതപ്പെട്ടന്ന ഉത്തമ ഉപന്യാസത്തിന്ന് കൊടുക്കുവാൻ തീച്ചപ്പെടുത്തിയിരുന്ന സുവർണ്ണകീർത്തിമുദ്ര സമ്മാനാർഹനെന്ന പരീക്ഷകകമ്മിറ്റി തീരുമാനിച്ച ശ്രീമാൻ കുന്നത്തു ജനാർദ്ദനമേനോനെ, അധ്യക്ഷൻ അണിയിച്ചു.

III:

കാവ്യപരിപാടി.

കുന്നാംദിവസം.

1933 ഏപ്രിൽ 22-ാംനു- ശനിയാഴ്ച വൈകുന്നേരം, 3½മണിമുതൽ

1. പ്രാർത്ഥന. പദ്യം. ശ്രീമതി. കെ. അമ്മിണിഅമ്മ.
2. സ്വാഗതപ്രസംഗം. സ്വാഗതസംഘാദ്ധ്യക്ഷൻ-
   ശ്രീമാൻ. പാട്ടത്തിൽ നാരായണമേനോൻ.
3. അധ്യക്ഷപ്രസംഗം. മഹാമഹിമശ്രീ. രാമവർമ്മ-അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്.
4. (i) പ്രദർശനോദ്ഘാടനപ്രസംഗം. ശ്രീമാൻ അറവൂർ കൃഷ്ണപിഷാരോടി.
   (ii) പ്രദർശനോദ്ഘാടനം.
5. കവിത. ശ്രീമാൻ കുട്ടമത്തു കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്
6. വിഷയനിർണ്ണയസംഘരൂപീകരണം.
7. കോൽക്കളി.
8. (രാത്രി പത്തുമണിമുതൽ) കൃഷ്ണനാട്ടം.

രണ്ടാംദിവസം.

1933 ഏപ്രിൽ 23-ാംനു ഞായറാഴ്ച രാവിലെ 8½മണിമുതൽ.

1. പ്രാർത്ഥന ഗാനം- ശ്രീമതി മഞ്ചേരി കമലാംബാൾ
   ,, എം. ഈ. കമലം.
2. "സാഹിതീസ്വാതന്ത്ര്യം"- ശ്രീമാൻ എസ്. ശ്രീധരൻനമ്പൂതിരി
3. 'അമ്മാനാട്ടം-ഒരു ചെറുവിവരണം'-പണ്ഡിതർ കെ. പി. കറുപ്പൻ
4. അമ്മാനാട്ടം.
5. കവിത- ശ്രീമാൻ. വടക്കുംക്കൂർ രാജരാജവർമ്മരാജാ.
6. പ്രസംഗം-"ഭാഷാപോഷണോപായങ്ങൾ"
   ശ്രീമാൻ മൂത്തിരിങ്ങോട്ട് ഭവത്രാതൻനമ്പൂതിരി.
7. കവിത- കെ. യൻ. ചന്ദ്രശേഖരൻനമ്പൂതിരി.
8. പ്രസംഗം- 'സാഹിത്യനിരൂപണം' ശ്രീമാൻ ടി. കെ. രാമൻമേനോൻ.
9. കവിത- ശ്രീമാൻ കടത്തനാട്ട് കെ. കൃഷ്ണവാരിയർ.

ഉച്ചക്ക്

വിഷയനിർണ്ണയസംഘത്തിന്റെ യോഗം.

ഉച്ചതിരിഞ്ഞു 4 മണിമുതൽ

1. പ്രാർത്ഥന-ഗാനം-ശ്രീമതി മഞ്ചേരി കമലാംബാൾ
   ,, എം. ഈ. കമലം
   ,, കെ. കാർത്യായിനിഅമ്മ
2. കവിത- ശ്രീമാൻ പി. വി. കൃഷ്ണവാരിയർ
3. പ്രസംഗം- ,, ഈ. വി. കൃഷ്ണപിള്ള
4. കവിത- ,, ടി. ശങ്കരൻനമ്പീശൻ
5. പ്രസംഗം-"ദേവവൈദ്യന്മാർ". ശ്രീമാൻ വടക്കേപ്പാട്ട് നാരായണൻനായർ
6. കവിത- ശ്രീമാൻ ജി. ശങ്കരക്കുറുപ്പ്
7. പ്രസംഗം-"പൂരക്കളി". ശ്രീമാൻ മൂക്കോത്തു കുമാരൻ
8. പൂരക്കളി
9. രാത്രി 9-30 നു നാടകം-'മാർത്താണ്ഡവർമ്മ'-നമ്പൂതിരിവിദ്യാലയം
   പൂർവ്വവിദ്യാർത്ഥിസംഘനടന്മാർ

മൂന്നാംദിവസം.

ഏപ്രിൽ 24-ാംനു തിങ്കളാഴ്ച രാവിലെ 8 മണിമുതൽ

1. കരിപ്പുയറ്റു. 2. കായ്വിചാരയോഗം.

(ഭാഷാചരിഷ്കരണസംബന്ധമായ പ്രമേയങ്ങളും വാദപ്രതിവാദങ്ങളും.)

ഉച്ചക്ക് 1 മണിമുതൽ 3 മണിവരെ പരീക്ഷകൾ.

ഉച്ചതിരിഞ്ഞു 3 മണിമുതൽ

1. സൌഹാർദ്ദസമ്മേളനം
2. പ്രസംഗം- ശ്രീമതി ദേവകിഅമ്മ
3. ഭാരതമഹിളാസമാജംവക സംഗീതം
4. കവിത-"സാഹിതീസപര്യ"-ശ്രീമാൻ. കെ. എൻ. വാസുദേവൻനമ്പൂതിരി
5. പ്രബന്ധം-ശ്രീമാൻ കെ. സി. വീരരായൻരാജാ
6. പ്രസംഗം-"സാമൂതിരികോവിലകവും സാഹിത്യവും"- ഉള്ളൂർ
7. കവിത- ശ്രീമാൻ ചങ്ങരംകോത കൃഷ്ണൻകർത്താവു്
8. കവിത- ,, പി. കുഞ്ഞിരാമൻനായർ
9. പ്രബന്ധം-'കഥകളി' ശ്രീമാൻ. പി. കൃഷ്ണൻനായർ
10. പ്രസംഗം- 'ഹാസസാഹിത്യം'- ശ്രീമാൻ പുത്തേഴത്തു രാമൻമേനോൻ
11. കവിത- ശ്രീമാൻ മൂത്തിരിങ്ങോട്ടു് ഭവത്രാതനമ്പൂതിരി
12. സമ്മാനദാനം.
13. അധ്യക്ഷന്റെ ഉപസംഹാരപ്രസംഗം
14. കൃതജ്ഞതാപ്രകാശനം-ശ്രീമാൻ വി. ഉണ്ണികൃഷ്ണൻനായർ
15. അതിനു മറുപടി- ,, പുത്തേഴത്തു രാമൻമേനോൻ
16. ഇനിയത്തെ സമ്മേളനനിശ്ചയം.
17. മംഗളം.

IV,

കാവ്യവിചാരയോഗങ്ങൾ.

I

ഏപ്രിൽ 22-ാംനു- ശനിയാഴ്ച വൈകുന്നേരം പൊതുയോഗത്തിൽവെച്ചു് താഴെ പറയുന്നവർ വിഷയനിർണ്ണയസംഘാംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

1. മഹാമഹിമശ്രീ രാവമമ്മ-അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ടു്
2. മഹാകവി ഉള്ളൂർ
3. ശ്രീമാൻ ആറൂർ കൃഷ്ണപിഷാരോടി
4. ,, പി. കെ. മാനവിക്രമൻരാജാ
5. ,, പാട്ടത്തിൽ നാരായണമേനോൻ
6. ,, ഏ. വി. കുട്ടികൃഷ്ണമേനോൻ
7. ,, പി. വി. കൃഷ്ണവാരിയർ
8. ,, ഇ. വി. കൃഷ്ണപിള്ള
9. ,, വി. ഉണ്ണികൃഷ്ണൻനായർ

10. ശ്രീമാൻ വി. കരുണാകരൻനായർ
11. ,, പുത്തേഴത്ത് രാമൻമേനോൻ
12. ,, കെ. വി. യം.
13. ,, കെ. പരമേശ്വരക്കുറുപ്പ്
14. ,, ഏ ഡി. ഹരിശർമ്മ
15. ,, ടി. തോമസ്
16. ,, സയിദ് മുഹമ്മദ്
17. ,, യു ഗോപാലമേനോൻ
18. ,, ചേലനാട്ട് അച്യുതമേനോൻ
19. ,, യം. അച്യുതൻവൈദ്യൻ
20. ,, കെ. പി. കുറുപ്പൻ
21. ,, പള്ളത്തു രാമൻ
22. ,, വി. ടി. ശങ്കുണ്ണിമേനോൻ
23. ,, മധുരവനം കൃഷ്ണക്കുറുപ്പ്
24. ,, ജി. ശങ്കരക്കുറുപ്പ്
25. ,, കോങ്ങോട്ട കൃഷ്ണൻനായർ
26. ,, കുട്ടമത്തുകുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്
27. ,, ചങ്ങരംകോത കൃഷ്ണൻകുത്താവു്
28. ,, വടക്കംക്കൂർ രാജരാജവർമ്മരാജാ
29. ,, മൂത്തിരിങ്ങോട്ട് ഭവത്രാതൻനമ്പൂതിരി
30. ,, പി. കൃഷ്ണൻനായർ
31. ,, കെ സി. വീരരായൻരാജ
32. ,, കുന്നത്തു ജനാർദ്ദനമേനോൻ
33. ,, പി. നാരായണൻനായർ
34. ,, കെ. വി. അച്യുതൻനായർ
35. ,, കെ. യം. സീതി
36. ,, മൂക്കോത്തു കുമാരൻ
37. ,, കെ. വി. ശങ്കരൻനായർ
38. ,, കെ. രാമുണ്ണിമേനോൻ
39. ശ്രീമതി ഈ. നാരായണിക്കുട്ടിഅമ്മ
40 ,, ടി. അമ്മുക്കുട്ടിഅമ്മ
41. ,, ടി. യം. നാരായണികോവിലമ്മ.

II

ഏപ്രിൽ 23-ാംനു-, വിഷയനിർണ്ണയസംഘത്തിന്റെ യോഗത്തിൽ, സ്ഥിര പരിഷത്തിനെ എല്ലാവിധത്തിലും സഹായിക്കേണ്ടതാണെന്നും, പ്രസാധനം, നിഖണ്ഡു

നിർമ്മാണം എന്നീ വിഷയങ്ങളെസംബന്ധിച്ചു സ്ഥിരപരിഷത്തിന്റെ നിർദ്ദേശങ്ങളെ അനുസരിച്ചു പ്രമേയങ്ങൾ പാസ്സാക്കേണ്ടതാണെന്നും തീരുമാനിച്ചു.

"കേരളസാഹിത്യകലകളുടെ അഭിവൃദ്ധിയെ പുരസ്കരിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ള കേരളകലാമണ്ഡലം അതിന്റെ പ്രവൃത്തികളെപ്പറ്റി സമസ്തകേരളസാഹിത്യപരിഷത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കണമെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു." എന്ന ഒരു പ്രമേയം പാസ്സാക്കേണ്ടതാണെന്നു ശ്രീമാൻ ഇ. വി. കൃഷ്ണപിള്ള അഭിപ്രായപ്പെട്ടു. ശ്രീമാൻ പുത്തേഴത്തു രാമമേനോൻ അതിനെ എതിർത്തു. വാദപ്രതിവാദങ്ങൾക്കുശേഷം വോട്ടെടുത്തതിൽ പ്രമേയം വേണമെന്ന് അധികപക്ഷപ്രകാരം തീർച്ചയാക്കി.

III

ഏപ്രിൽ 24-ാംനു- രാവിലെ 9 മണിക്ക് പ്രാർത്ഥനയ്ക്കുശേഷം, കാര്യവിചാരയോഗം കൂടി. താഴെപറയുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി.

(1) പ്രസാധനവിഷയത്തിൽ സാഹിത്യപരിഷത്തിന്റെ ആദർശങ്ങളോടു യോജിച്ചും ആധുനികകാലത്തെ ആവശ്യങ്ങളനുസരിച്ചും വർത്തിച്ചുപോന്ന ഒരു ഉത്തമഭാഷാബന്ധുവും, ഉത്സാഹശാലിയുമായിരുന്ന തോമസ് പാറേമ്പാടം അവർകളുടെ അകാലനിര്യാണത്താൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നേരിട്ട അപരിഹാര്യമായ നഷ്ടത്തിൽ ഈ സമ്മേളനത്തിനുള്ള ദുഃഖം രേഖപ്പെടുത്തിക്കൊള്ളുന്നു.

അവതാരകൻ—അധ്യക്ഷൻ
എല്ലാവരും നിന്നുകൊണ്ട് പാസ്സാക്കി.

(2) പരിഷത്തിന്റെ ഉദ്യമങ്ങൾക്കു വ്യവസ്ഥയും വ്യാപ്തിയും അഭിവൃദ്ധിയും ഉണ്ടാകുവാൻ സ്ഥിരപരിഷത്തിനെ താഴെ നിർദ്ദേശിക്കുന്നവിധത്തിൽ എല്ലാവരും സഹായിക്കേണ്ടതാണെന്ന് ഈ സമ്മേളനം അഭിപ്രായപ്പെടുന്നു:—

i അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.
ii ത്രൈമാസികത്തിനു വരിക്കാരെ വർദ്ധിപ്പിക്കുക.
iii മൂലധനം ശേഖരിക്കുവാൻ പ്രയത്നിക്കുക.
iv ഓരോ വിഷയങ്ങളിൽ പരീക്ഷകളേർപ്പെടുത്തി സമ്മാനങ്ങൾ കൊടുക്കുവാൻ പ്രത്യേകമൂലധനം ശേഖരിക്കുക.

അവതാരകൻ—ഉള്ളൂർ
അനുവാദകൻ—വെള്ളാട്ട കരുണാകരൻനായർ

(3) (ക) പ്രസാധനം, നിർമ്മാണം എന്നീ സംഗതികളിൽ പ്രസിദ്ധപ്പെടുത്തത്തക്കതെന്നു തോന്നുന്ന പ്രാചീനഗ്രന്ഥങ്ങളും പുതുതായി നിർമ്മിക്കുന്ന ഗ്രന്ഥങ്ങളും സ്ഥിരംപരിഷത്തിനു് അയച്ചുകിട്ടുന്നതു് സ്ഥിരംപരിഷത്തിലെ നിർവ്വാഹകസംഘം പ്രത്യേകകമ്മിറ്റിമുഖാന്തരം പരിശോധിപ്പിച്ചു് തൽക്കാലം ഭാഷാപരിഷ്കരണകമ്മിറ്റി

യിലേക്കോ മറ്റു പ്രസാധകന്മാക്കോ അയച്ചുകൊടുക്കേണ്ടതും സ്ഥിരംപരിഷത്തിലേക്ക് അതിനുവേണ്ട ധനം ഉണ്ടാകുമ്പോൾ പരിഷത്തിൽനിന്നുതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

(ഖ) മേൽപ്രകാരം പരിഷത്തിൽനിന്ന് അയച്ചുകൊടുക്കുന്ന പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ ഭാഷാപരിഷ്കരണകമ്മിറ്റിക്ക് അനുവാദം കൊടുക്കുന്നതിന്നായി നിർവ്വാഹകസംഘം കൊച്ചിഗവൺമെണ്ടിനോടപേക്ഷിക്കേണ്ടതാണ്.

അവതാരകൻ—വി. ഉണ്ണിക്കൃഷ്ണൻനായർ
അനുവാദകൻ—മൂക്കോത്തു കുമാരൻ

(4) നിഘണ്ടുനിർമ്മാണത്തെസംബന്ധിച്ച് ആറാംസമ്മേളനത്തിൽ ഉണ്ടായ നിർദ്ദേശങ്ങളുടെ ആന്തരമായ അഭിപ്രായത്തെ സ്വീകരിച്ച് അതിനെ പ്രവൃത്തിപഥത്തിയിൽ കൊണ്ടുവരുവാൻ താഴെ പറയുന്ന നിശ്ചയങ്ങൾ ചെയ്യേണ്ടതാണെന്ന് ഈ സമ്മേളനം അഭിപ്രായപ്പെടുന്നു:—

(i) പ്രയത്നത്തെ ലഘൂകരിക്കുന്നതിനു തക്കതായ നിർദ്ദേശങ്ങൾ ചെയ്യുന്നതിലേക്ക മഹാമഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ട്, ശ്രീമാൻ ആറ്റൂർ കൃഷ്ണപിഷാരോടി, ശ്രീമാൻ കെ. വാസുദേവൻമൂസ്സ് എന്നിവർചേർന്ന ഒരു ഉപസംഘം രൂപവൽകരിക്കുക.

(ii) മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ ഏഴാംസമ്മേളനത്തിലെ വിഷയനിർണ്ണയക്കമ്മിറ്റിമെമ്പർമാക്കും സ്ഥിരംപരിഷത്തിലെ ഇവിടെ സന്നിഹിതരാവാത്ത മെമ്പർമാക്കും, ഉപസംഘത്തിനു യുക്തമെന്നുതോന്നുന്ന മറ്റു സാഹിത്യകാരന്മാക്കും അയച്ചുകൊടുക്കുകയും അവരവർ സ്വീകരിക്കുന്ന വിഷയങ്ങളെസംബന്ധിച്ചു ശേഖരിച്ചുവാക്കുകൾ സ്ഥിരപരിഷത്തിലെ കാര്യദർശിക്കയച്ചുകൊടുക്കുകയും ചെയ്യുക.

(iii) രണ്ടാം വകുപ്പിൽ നിർദ്ദേശിച്ചപ്രകാരം അയച്ചുകിട്ടുന്ന വാക്കുകൾ സ്വീകരിച്ച് അവയെസംബന്ധിച്ച് വേണ്ടുംവിധം പ്രവർത്തിക്കേണമെന്ന് സ്ഥിരംപരിഷത്തിനോടപേക്ഷിക്കുക.

അവതാരകൻ—മേലനാട്ട് അച്യുതമേനോൻ
അനുവാദകൻ—കെ. വി. ശങ്കരൻനായർ

(iv) മലയാളഭാഷയുടെ കാലാനുസൃതമായ അഭിവൃദ്ധിക്ക് പരിപൂർണ്ണമായ ഒരു മലയാളശബ്ദകോശം അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ പ്രസ്തുതകാര്യസാദ്ധ്യത്തിന്ന് ആവശ്യമുള്ള ദ്രവ്യം ശേഖരിക്കുന്നതിനു താഴെ പറയുന്ന അംഗങ്ങൾ * അടങ്ങിയ ഒരു കമ്മിറ്റിയെ ഈസമ്മേളനത്തിൽനിന്ന് നിയമിക്കണമെന്നും പ്രസ്തുതകമ്മിറ്റിക്കു കൂടുതൽ അംഗങ്ങളെ ചേർക്കുവാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നും ഈ കമ്മിറ്റി

യിൽനിന്നു ശുപീകരിക്കുന്ന നിവേദകസംഘങ്ങൾ തിരുവിതാംകൂർ, കൊച്ചി, മദിരാശി എന്നീ സംസ്ഥാനങ്ങളിലെ ഭരണാധികൃതസ്ഥാനങ്ങളെയും സർവ്വകലാശാലാധികൃതന്മാരെയും പ്രമുഖകുടുംബങ്ങളെയും പൊതുസ്ഥാപനങ്ങളെയും അഭിമുഖമായി സമീപിച്ച് ധനാഭ്യർത്ഥന അനുഷ്ഠിക്കേണമെന്നും ഈ സമ്മേളനം അഭിപ്രായപ്പെടുന്നു.

* അംഗങ്ങൾ.

1. മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2. റാവുസാഹിബ്ബ് ഉള്ളൂർ എസ്. പരമേശ്വരയ്യർ
3. ശ്രീമാൻ പി. കെ. നാരായണപിള്ള
4. ,, ഇ. വി. കൃഷ്ണപിള്ള
5. ,, തോമസ് ജോഷ്വ
6. ,, കെ. ജി. ശങ്കർ
7. ,, ടി. കെ. കൃഷ്ണമേനോൻ
8. ,, അമ്പാടി ശങ്കരമേനോൻ
9. ശ്രീമതി ലക്ഷ്മിക്കുട്ടിനേത്യാരമ്മ
10. ശ്രീമാൻ കെ. യം. സീതി
11. ,, പാട്ടത്തിൽ നാരായണമേനോൻ
12. ,, നിലമ്പൂർ മാനവേദൻ വലിയതിരുമൽപ്പാട്
13. ,, ഏ. വി. കുട്ടികൃഷ്ണമേനോൻ
14. ,, കെ. ടി. ചന്തുനമ്പ്യാർ
15. ,, മൂക്കോത്തു കുമാരൻ
16. ,, ചേലനാട്ട് അച്യുതമേനോൻ
17. ,, ആർ. എം. പാലാട്ട്
18. ,, യു. ഗോപാലമേനോൻ (സംഘടകൻ)

അവതാരകൻ—ശ്രീമാൻ ഇ. വി. കൃഷ്ണപിള്ള
അനുവാദകൻ— ,, കെ. വി. യം.

(v) എറണാകുളത്തുവെച്ചു നടന്ന ആറാമത്തെ പരിഷത്സമ്മേളനത്തിന്റെ ചെലവുകഴിച്ച് ബാക്കിയിരിപ്പുള്ള സംഖ്യകൊണ്ട് ആ സമ്മേളനത്തിന്റെ പരിപൂർണ്ണമായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്ന് ഈ സമ്മേളനം എറണാകുളം കോളേജിലെ ഭാഷാസാഹിത്യമണ്ഡലത്തോടപേക്ഷിക്കുന്നു.

അവതാരകൻ—ശ്രീമാൻ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്
അനുവാദകൻ—വടക്കംകൂർ രാജരാജവർമ്മരാജാ.

വാദപ്രതിവാദത്തിനിടയാകയും പാസ്സാകാതെ നീട്ടിവെക്കപ്പെടുകയും ചെയ്ത പ്രമേയം.

കേരളകലകളുടെ അഭിവൃദ്ധിക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ള കേരളകലാമണ്ഡലം മുതലായ സ്ഥാപനങ്ങളും സംഘങ്ങളും ഏതൽപ്രവർത്തനങ്ങളെപ്പറ്റി സമസ്തകേരള സാഹിത്യപരിഷത്തിന്റെ സമ്മേളനങ്ങളും രൂപീകരിക്കുന്ന നിർദ്ദേശങ്ങളും കഴിവുള്ളവിധത്തിൽ അംഗീകരിക്കേണ്ടതാണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു.

അവതാരകൻ—ശ്രീമാൻ പാട്ടത്തിൽ നാരായണമേനോൻ
അനുവാദകൻ— ,, വടക്കുംകൂർ രാജരാജവർമ്മരാജാ.

ശ്രീമാന്മാർ പഴയന്നൂർ രാമപ്പിഷാരോടി, മൂക്കോത്തു കുമാരൻ ഇവർ പ്രമേയത്തിന് അനുകൂലമായും ശ്രീമാന്മാർ കുന്നത്തു ജനാർദ്ദനമേനോൻ, കെ. വി. യം. ഇവർ പ്രതികൂലമായും സംസാരിച്ചു. പിന്നീട് വളരെ വാദപ്രതിവാദങ്ങൾക്കുശേഷം ഇത് ഇനിയത്തെ സമ്മേളനത്തിലേക്ക് നീട്ടിവെക്കപ്പെട്ടു.

V.

സ്വാഗതസംഘം.

അദ്ധ്യക്ഷൻ.

ശ്രീമാൻ പാട്ടത്തിൽ നാരായണമേനോൻ

ശ്രീമാൻ ഏ വി. കുട്ടിക്കൃഷ്ണമേനോൻ, ശ്രീമാൻ വി. കരുണാകരൻനായർ (കായ്ദർശികൾ)

അംഗങ്ങൾ.

ശ്രീമാൻ പി. കെ. മാനവിക്രമൻരാജാ
,, റാവുബഹദൂർ ടി. യം. അപ്പുനെടുങ്ങാടി
,, യം. കരുണാകരൻ
,, ഇ. നാരായണൻനായർ
,, സി. കൃഷ്ണൻനാർ
,, സി. വി. നാരായണമേനോൻ
,, ആർ. ലക്ഷ്മണയ്യർ
ശ്രീമതി ഗൌരീശങ്കുണ്ണി
,, മൂട്ടിയിൽ ജാനകി
ശ്രീമാൻ യൻ. രാധാകൃഷ്ണമേനോൻ
,, പി. കെ. മാനവേദൻരാജാ
,, വി. ആർ. മേനോൻ
,, കെ. കരുണാകരൻനായർ
,, കെ. പരമേശ്വരക്കുറുപ്പ്

ശ്രീമാൻ വി. ഉണ്ണികൃഷ്ണൻനായർ
,, യം. നാരായണൻനായർ
,, ജി. യസ്. പ്രസാദ്
,, വി. യം. സ്വാമിനാഥയ്യർ
,, ഡോക്ടർ. വി. കൃഷ്ണമേനോൻ
,, ഏ. കരുണാകരമേനോൻ
,, യസ്. നടരാജൻ
,, സി. ആർ. നായർ
,, കെ. പി. രാമന്മേനോൻ
,, ടി. യൻ. ശ്രീമാനവിക്രമൻതിരുമുല്പാട്
,, യം. പി. കൃഷ്ണമേനോൻ
,, ബി. കുമാരമേനോൻ
,, കെ. യം. നായർ
,, വെങ്ങാലിൽ കൃഷ്ണമേനോൻ

ശ്രീമാൻ കെ. സി. മാനവിക്രമൻരാജാ	ശ്രീമാൻ ടി. യം. കോവുണ്ണിനെടുങ്ങാടി
,, ടി. രാമന്മേനോൻ	,, ഇ. രാമന്മേനോൻ
,, പി. സി. അനുജൻരാജാ	,, കെ. കുഞ്ഞിരാമൻനായർ
,, സി. പി. രാമൻനായർ	,, പി. ഗോപാലൻനായർ
,, ചേലനാട്ട് അച്യുതമേനോൻ	,, ടി. വി. അനന്തക്കുറുപ്പ്
,, ഡി. പരമേശ്വരൻനമ്പൂതിരിപ്പാട്	,, ടി. വി. രയരപ്പക്കുറുപ്പ്
,, ടി. ശങ്കുണ്ണിക്കുറുപ്പ്	,, പി. കുഞ്ഞിരാമൻനായർ
,, വി. ടി. ശങ്കുണ്ണിമേനോൻ	,, കെ. വി. കൃഷ്ണയ്യർ
,, പി. താഴ്ത്തുന്മേനോൻ	,, സി. കൊച്ചുണ്ണിരാജാ
,, പി. കെ. ശ്രീവീരരായൻരാജാ	,, കെ. സി. ഉണ്ണിഅനുജൻരാജാ
,, യം. സി. കൃഷ്ണക്കുറുപ്പ്	,, വി. ഐ. തിരുമൽപാട്
,, വി. കെ. രാമന്മേനോൻ	,, മഞ്ചേരി രാമയ്യർ
,, കോങ്ങോട്ട് കൃഷ്ണൻനായർ	,, പി. ഗോപാലൻനായർ
,, യൻ. യസ്. മേനോൻ	,, പൂത്തേഴത്ത് രാമന്മേനോൻ
,, മഞ്ചേരി സുബ്രഹ്മണ്യൻ	,, കെ. സി. വീരരായൻരാജാ
,, വി. ഗോപാലകൃഷ്ണയ്യർ	ശ്രീമതി ഇ. നാരായണിക്കുട്ടിഅമ്മ
മിസിസ് ഇ. നാരായണൻനായർ	,, മഞ്ചേരി കമലം
,, ടി. അമ്മുക്കുട്ടിഅമ്മ	മിസിസ്. ജി. സർവ്വോത്തമറാവു
,, ടി. യം. നാരായണിക്കോവിലമ്മ	,, ടി. യം. ദാക്ഷായണിക്കോവിലമ്മ
മിസിസ്. പി. കെ. മാനവിക്രമൻരാജാ.	

VI.

സമ്മേളനനിർവ്വഹണസംഘത്തിന്റെ യോഗനടപടിച്ചുരുക്കം.

I

27-1-33 നു സാമൂതിരികോളേജിൽവെച്ചു കൂടിയ പൊതുയോഗത്തിൽവെച്ചു പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ.

(1) സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഇനിയത്തെ (7-ാമത്തെ) സമ്മേളനം കോഴിക്കോട്ടുവെച്ചു നടത്തേണ്ടതാണെന്നും അതിനു പരിഷത്തിനെ ഇങ്ങോട്ടു ക്ഷണിക്കേണ്ടതാണെന്നും അതിനു പ്രവർത്തകസംഘത്തെ അധികാരപ്പെടുത്തേണ്ടതാണെന്നും ഈ യോഗം തീരുമാനിക്കുന്നു.

(2) താഴെ പേർ പറയുന്നവർ അടങ്ങിയ ഒരു പ്രവർത്തകസംഘം രൂപീകരിക്കേണ്ടതാണു്.

1. ശ്രീമാൻ റാവുബഹദൂർ ടി. യം. അപ്പുനെടുങ്ങാടി
2. ശ്രീമാൻ മഞ്ചേരി രാമയ്യർ
3 ,, യം. കരുണാകരൻ
4. ,, ഏ. വി. കുട്ടികൃഷ്ണമേനോൻ
5. ,, യം. നാരായണൻനായർ
6. ,, പാട്ടത്തിൽ നാരായണമേനോൻ
7. ,, കെ. കുഞ്ഞിരാമൻനായർ
8. ,, വി. ഉണ്ണികൃഷ്ണൻനായർ
9. ,, യു ഗോപാലമേനോൻ
10. ,, കെ. പരമേശ്വരകുറുപ്പ്
11. ശ്രീമതി ഇ. നാരായണിക്കുട്ടിയമ്മ
12. ശ്രീമതി മഞ്ചേരി കമലാംബാഠം
13. ,, കെ. അമ്മുഅമ്മ
14. ,, വി. അമ്മുക്കുട്ടിയമ്മ
15. സ്വാമി സുവിചാരാനന്ദസന്യാസി
16. ശ്രീമാൻ ടി. യൻ. ശ്രീമാനവിക്രമൻ തിരുമുൽപാട്
17. ശ്രീമാൻ പി.കെ. മാനവിക്രമൻരാജാ
18. ,, ടി. കുഞ്ഞിരാമന്മേനോൻ
19. ,, വെള്ളാട്ട കരുണാകരൻനായർ
20. ,, കെ. വാസുദേവൻനായർ

(3) ശ്രീമാൻ പാട്ടത്തിൽ നാരായണമേനോൻ സംഘത്തിന്റെ അധ്യക്ഷനും ശ്രീമാന്മാർ ഏ. വി. കെ. കൃഷ്ണമേനോനും വെള്ളാട്ട കരുണാകരൻനായരും കായ്യദർശിമാരും, ശ്രീമതി ഇ. നാരായണിക്കുട്ടിയമ്മ ഖജാൻജിയും, ശ്രീമാൻ കെ. വാസുദേവൻനായർ പ്രസാധകനും ആയിരിക്കണ്ടതാണ്.

(4) പ്രവർത്തകസംഘത്തിൽ ഇനിയും ആളെ ചേർക്കുവാൻ ഇവർക്ക് അധികാരമുണ്ട്.

(5) സമ്മേളനസംബന്ധമായ ചിലവിലേക്ക് ധനസഹായം ചെയ്യുവാൻ മലബാർജില്ലയിലെ സാഹിത്യതല്പരന്മാരായ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും മറ്റും ഒരഭ്യർത്ഥന അയക്കുവാനും സ്വാഗതസംഘത്തിലേക്ക് അംഗങ്ങളെ ചേർക്കുവാനും പ്രവർത്തകസംഘത്തെ അധികാരപ്പെടുത്തേണ്ടതാണ്.

(6) സമ്മേളനത്തിന്റെ പ്രധാനരക്ഷാധികാരിയായിരിക്കണമെന്ന് സാമൂതിരിരാജാവവർകളോടപേക്ഷിക്കുവാൻ പ്രവർത്തകസംഘത്തെ അധികാരപ്പെടുത്തേണ്ടതാണ്.

(7) സമ്മേളനത്തെസംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തുവാനും സംഭാവനകൾ സ്വീകരിക്കുവാനും ആവശ്യമുള്ള ചിലവുകൾ ചെയ്യുവാനും കായ്യദർശികളെ അധികാരപ്പെടുത്തേണ്ടതാണ്.

II

14-3-33 നു- കൂടിയ പ്രവർത്തസംഘയോഗത്തിലെ നടപടിച്ചുരുക്കം.

(1) സമ്മേളനം ഏപ്രിൽ 22, 23, 24 ഈ തിയ്യതികളിൽ സാമൂതിരികോളേജിൽവെച്ചു കൂടേണമെന്നും

(2) (a) മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിനെ അധ്യക്ഷനായും ശ്രീമാൻ ആറാർ കൃഷ്ണപ്പിഷാരോടിയെ പ്രദർശന ഉദ്ഘാടകനായും ക്ഷണിക്കേണമെന്നും

(b) മേല്പറഞ്ഞ രണ്ടുപക്ഷം വല്ല അസൌകര്യങ്ങളും നേരിടുന്നതായാൽ ശ്രീമാന്മാർ യം. രാജരാജവർമ്മ, ഉള്ളൂർ പരമേശ്വരയ്യർ, വള്ളത്തോൾ, പി. കെ. നാരായണപിള്ള, കുണ്ടൂർ നാരായണമേനോൻ, കൊളത്തേരി ശങ്കരമേനോൻ ഇവരിൽ ആരെയെങ്കിലും ക്ഷണിക്കുന്നതിന് നിവ്വാഹകസംഘത്തെ അധികാരപ്പെടുത്തണമെന്നും,

(3) സ്വാഗതസംഘാംഗങ്ങൾക്ക് ഏറ്റവും ചുരുങ്ങിയ ഫീസ് 5 ക. യും പരിഷൽസാമാജികന്മാരായിമാത്രം ചേരുന്നവർക്ക് 3 ക. യും ഫീസു നിശ്ചയിക്കേണ്ടതാണെന്നും എന്നാൽ പ്രധാനപ്രവർത്തകന്മാരായ സ്വാഗതസംഘാംഗങ്ങളുടെ കാര്യത്തിൽ ആവശ്യമുള്ള വിട്ടുവീഴ്ചകൾ ചെയ്യാനും സന്ദർശകന്മാരുടെ ഫീസ് വിഷയപരിപാടി അനുസരിച്ചു ക്രിപ്പപ്പെടുത്തുവാനും നിവ്വാഹകസംഘത്തിനധികാരമുണ്ടായിരിക്കേണ്ടതാണെന്നും,

(4) (a) സമ്മേളനസംബന്ധിച്ച് ഇനിയുള്ള പ്രവൃത്തികൾ ജാഗ്രതയിൽ നടത്തുവാൻ ഇപ്പോഴുള്ള പ്രവർത്തകസംഘത്തെ സ്വാഗതസംഘമായി മാറ്റേണ്ടതാണെന്നും അതിൽ കൂടുതൽ അംഗങ്ങളെ ചേർക്കുവാൻ നിവ്വാഹകസംഘത്തിനധികാരമുള്ളതാണെന്നും സ്വാഗതസംഘത്തിന്റെ യോഗങ്ങൾക്ക് കോറം 9 ആയിരിക്കേണ്ടതാണെന്നും (b) താഴെ പറയുന്ന ജോലികൾക്ക് * ഓരോ ഉപസംഘങ്ങൾ രൂപീകരിക്കേണ്ടതാണെന്നും ഓരോ ഉപസംഘത്തിന് ഓരോ സംയോജകൻ ഉണ്ടായിരിക്കേണ്ടതാണെന്നും അവർക്ക് അതതു് ഉപസംഘത്തിൽ അത്യാവശ്യം അംഗങ്ങളെ കൂട്ടിച്ചേർക്കുവാൻ അധികാരമുള്ളതാണെന്നും (c) ഈ ഉപസംഘങ്ങളുടെ സംയോജകന്മാരും ഇപ്പോഴത്തെ പ്രവർത്തകസംഘത്തിലെ അദ്ധ്യക്ഷൻ, കാര്യദർശികൾ, ഖജാൻജി, പ്രസാധകൻ ഇവരും ചേർന്ന ഒരു നിവ്വാഹകസംഘം രൂപീകരിക്കേണ്ടതാണെന്നും (d) നിവ്വാഹകസംഘത്തിലെ മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാർ എല്ലാ ഉപസംഘങ്ങളിലെയും മെമ്പർമാരായിരിക്കുന്നതാണെന്നും (e) നിവ്വാഹകസംഘത്തിന്റെ യോഗങ്ങൾക്ക് കോറം 5 ആയിരിക്കേണ്ടതാണെന്നും,

* 1. പണംപിരിവ്, 2. പ്രദർശനം, 3. കാര്യപരിപാടി, 4. സേവാസംഘം, 5. കാര്യവിചാരയോഗങ്ങൾ, 6. അതിഥിസൽക്കാരം, 7. വിനോദങ്ങൾ, 8. പന്തൽമുതലായവ, 9. സാമർത്ഥ്യപരീക്ഷകൾ.

(5) പ്രസംഗം, അക്ഷരശ്ലോകം, ഗദ്യോപന്യാസം, പദ്യോപന്യാസം, അയ്യപ്പൻപാട്ടിനെപ്പറ്റി പ്രബന്ധം, വിവർത്തനം (ഇംഗ്ലീഷ്-മലയാളവും, ഹിന്ദീ-മലയാളവും), 50 ഉത്തമ പുസ്തകങ്ങളുടെ പേരുകൾ, പ്രദർശനവസ്തുക്കൾ-ഇവയിൽ സാമർത്ഥ്യപരീക്ഷകൾ നടത്തേണ്ടതാണെന്നും

തീരുമാനിച്ചു

III

17-6-33 ൽ- ക്രൂടിയ സ്വാഗതസംഘയോഗത്തിൽ വരവുചിലവുകണക്കുകൾ പരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ചു.

IV

9-7-33 ൽ- ക്രൂടിയ സ്വാഗതസംഘയോഗം.

1. ജൂലായി 1-ാംൽ-വരെയുള്ള വരവുചിലവുകണക്കും, കട-ധനക്കണക്കും താഴെ പറയുന്ന അഭിപ്രായത്തോടുകൂടി പാസ്സാക്കി:—

"തയ്യാറാക്കീട്ടുള്ള കണക്കുകളും പരിശോധകകമ്മിറ്റിയുടെ റിപ്പോർട്ടും (മലയാളത്തിലാക്കീട്ട്) പണം തന്നിട്ടുള്ളവരുടെ പട്ടികയും ('വിട്ടുപോയ വല്ല ഇനവും ഉണ്ടെങ്കിൽ പണം തന്നിട്ടുള്ളവർ അറിയിച്ചുതരണം' എന്ന നോട്ടോടുകൂടി) 3 പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ അയച്ചുകൊടുക്കണം".

2. നമ്പൂതിരിവിദ്യാലയം പൂവ്വവിദ്യാർത്ഥിസംഘത്തിന്റെ നാടകം കളിച്ചുവകയിൽ മുമ്പു കൊടുത്ത സംഖ്യക്കുപുറമെ 40 ക. യും സമ്മേളനത്തിന്റെ ഭക്ഷണശാല നടത്തിയ മി. വെങ്കിടേശ്വരയ്യർക്ക് 10 ക. യും കോളേജിലെ കസാലകളും വേലിയും നഷ്ടം വന്നവകക്ക് 22 ക. യും കൊടുക്കേണ്ടതാണെന്നു തീരുമാനിച്ചു.

3. സമ്മേളനസംബന്ധമായ വരവുചിലവുകണക്ക് കലാശിക്കുമ്പോൾ ഉണ്ടായേക്കുമെന്നുദ്ദേശിക്കുന്ന ബാക്കി സുമാർ 200 ക. കൊണ്ട് സമ്മേളനറിപ്പോർട്ട പ്രസിദ്ധീകരിക്കുവാൻ, ആ സംഖ്യകൊണ്ട് അതു സാധിക്കാത്തക്കവണ്ണം റിപ്പോർട്ട ചുരുക്കുവാനും മാറ്റും ഉള്ള അധികാരത്തോടുകൂടി ടി സംഖ്യയും ഇതുവരെ കിട്ടീട്ടുള്ള 'മാറ്റ'വും ശ്രീമാൻ വെള്ളാട്ട കൃഷ്ണാകരൻനായരെ ഏല്പിക്കുവാൻ തീച്ചയാക്കി.

4. സമ്മേളനഫോട്ടോവിന്റെ മൂന്നു പ്രതികളിൽ 1 സാമൂതിരിരാജാവു തിരുമനസ്സിലേക്കും ഒന്ന് അപ്പൻതമ്പുരാൻതിരുമനസ്സിലേക്കും ഒന്നു സാമൂതിരികോളേജിലേക്കും കൊടുക്കുവാൻ തീർച്ചയാക്കി.

5. പരിഷത്തിനു സൌജന്യമായി അയച്ചുതരപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ സാമൂതിരികോളേജിലേക്കു സമ്മാനമായി കൊടുക്കുവാൻ തീരുമാനിച്ചു.

സമസ്തകേരളസാഹിത്യപരിഷത്ത് സപ്തമസമ്മേളനം കോഴിക്കോട്.

വരവുചിലവുകണക്ക് (1933 ജൂലായി 1-ംനു-വരെ)

വിവരം	വരവ് ക.	ണ.	പ	വിവരം	ചിലവ് ക.	ണ.	പ.
സംഭാവന	888	0	0	യാത്രച്ചിലവ്	40	11	0
സ്വാഗതസംഘാംഗങ്ങളുടെ ഫീസ്	280	0	0	വാഹനച്ചിലവ്	115	12	6
സമ്മേളനസാമാജികന്മാരുടെ ഫീസ്	124	0	0	അച്ചടിക്കൂലി	85	0	6
ടിക്കറ്റവില്പന	326	8	0	തപാൽക്കൂലി	46	10	6
പലവക	6	4	0	എഴുത്തുസാമാനങ്ങൾ	11	0	5
				കൂലിക്കാർ	33	14	6
				വിനോദങ്ങൾ	206	11	9
				സാമാനങ്ങൾ കൊണ്ടുവരുവാൻ	16	8	0
				ഭക്ഷണച്ചിലവ്	290	12	9
				വിളക്ക്	42	6	0
				വിതാനം, മാല	37	0	0
				അച്ചീസുചിലവ്	82	13	0
				സമ്മാനം, കീർത്തിമുദ്ര	45	2	0
				അതിഥിസൽക്കാരം, ഫോട്ടോ.	56	1	6
				കസാല, ബഞ്ച് വാടക	19	8	0
				പന്തൽ, മറ	121	0	0
				സൂചീകരണം	8	5	9
				മുനിസിപ്പാലിറ്റിനികുതി	11	4	6
				സേവാസംഘച്ചിലവ്	14	14	0
				പലവക	41	10	7
					1327	3	3
				ബാക്കിയിരുപ്പ്	297	8	9
	1624	12	0		1624	12	0

പരിശോധകകമ്മിറ്റിയുടെ റിപ്പോർട്ട്.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ സപ്തമസമ്മേളനംസംബന്ധിച്ചുള്ള വരവുചിലവുകണക്കുകൾ പരിശോധിക്കുവാൻവേണ്ടി മേപ്പടി സമ്മേളനം

സഭാഗതസംഘം 17-6-33-ന് കൂടിയ യോഗത്തിൽവെച്ച് നിശ്ചയിച്ച കമ്മിറ്റിക്കാരായ ഞങ്ങൾ താഴെ പറയുംപ്രകാരം റിപ്പോർട്ടുചെയ്യുന്നു:—

ഞങ്ങൾ കണക്കുകൾ വിവരമായി പരിശോധിക്കുകയും ഉണ്ടായിരുന്ന രശീതികളുമായി ഒത്തുനോക്കുകയും ചെയ്തു. സംഖ്യാന്യൂനം എല്ലാ ചിലവുകൾക്കും രശീതികൾ ഉണ്ടായിരുന്നുവെങ്കിലും നാന്നൂറുറുപ്പികയ്ക്കും രശീതികൾ ഇല്ലാതെയുണ്ട്. വരവുള്ള സംഖ്യകൾക്കും മുഴുവനും രശീതികൾ കണ്ടില്ല. അച്ചടി രശീതിബുക്കുകൾ മുഴുവനും സൂക്ഷിച്ചിട്ടില്ല. ഉപയോഗിക്കാത്ത ബുക്കുകൾ മേലിൽ ആവശ്യമില്ലെന്നുകണ്ട് നശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇവ സൂക്ഷിക്കാതിരുന്നതും സകല ചിലവുകൾക്കും രശീതി വാങ്ങിവെക്കാത്തതും കണിശമായ 'ബിസിനസ്സ്'നിയമങ്ങൾ നോക്കുമ്പോൾ ശരിയല്ലെങ്കിലും വരവുകൾ ചേർക്കാത്തതുകൊണ്ടോ ചിലവുകൾ അധികംചേർത്തോ പണം ദുരുപയോഗപ്പെടുത്തീട്ടുണ്ടെന്നുള്ള യാതൊരു ശങ്കയ്ക്കും അവകാശമില്ല. അങ്ങിനെ പരിശോധിച്ചു തൃപ്തിപ്പെട്ടപ്രകാരം ഞങ്ങൾ കണ്ട വരവ് 28-4-33 നു-ക്ക് ക. 1624-12-0; 18-6-33 നു-വരെ ചിലവ് ക. 1327-3-3-ം ബാക്കി 297-8-9-ം ആകുന്നു. ബാക്കിസംഖ്യയിൽ 296 ക. കോഴിക്കോട്ട് District Co-operative Bank-ലും ശേഷം ആപ്പീസിലും ഉണ്ട്.

1. പാട്ടത്തിൽ നാരായണമേനോൻ (ഒപ്പ്)
2. കൊച്ചുണ്ണിരാജാ (ഒപ്പ്)
3. കെ. പരമേശ്വരകുറുപ്പ് (ഒപ്പ്)
4. പി. വി. ഉണ്ണിഅനുജൻരാജാ (ഒപ്പ്)

ധന-കടക്കണക്ക് (1933 ജൂലായി 9-ാംനു-ക്ക്)

വിവരം	ധനം ക.	ണ	പ.	വിവരം	ചിലവ് ക.	ണ.	പ.
ബാങ്കിൽ	296	0	0	വടകര-ശ്രീമൻ രാമക്കുറുപ്പവർകളുടെ കണക്കുപ്രകാരം			
ആപ്പീസിൽ	1	8	9	ചിലവെഴുതുവാനുള്ളതു്	15	15	6
വടകര-ശ്രീമൻ പി. രാമക്കുറുപ്പിന്റെ കണക്കുപ്രകാരം കണ				റിപ്പോർട്ടക്ക് കൊടുക്കേണ്ടതു്	15	0	0
ക്കിൽ കൊള്ളിക്കുവാനുള്ളതു്:-				നോർമൻ അച്ചുകൂടം	0	13	0
ശ്രീമൻ അമ്പാടിനമ്പ്യാർ	2	0	0	ശ്രീമൻ വാസുദേവൻനായക്ക്-സ്റ്റാമ്പുവക	0	15	0
,, സി. സി. അപ്പുകുട്ടിനമ്പ്യാർ	5	0	0	ടി ലക്കോട്ടുവക	0	6	0
ശ്രീമതി ലക്ഷ്മിക്കുട്ടിലാമ	5	0	0	ടി റിക്ഷാച്ചൂലി	0	7	0
പീപ്പ, ബക്കറ് മുതലായവ വിറ്റവക	2	10	0	വി. വി. പ്രസിദ്ധീകരണശാലക്ക്	6	0	0
സമ്മാനത്തിനു വാങ്ങിയ പുസ്തകങ്ങളിൽ ബാക്കി	2	0	0	നമ്പൂതിരിവിദ്യാലയം പൂർവ്വവിദ്യാർത്ഥിസംഘത്തിനു്	40	0	0
തപാൽമുദ്ര	0	2	0	മി. വെങ്കിടേശ്വരയ്യക്ക്	10	0	0
പൂട്ട് വ.	0	4	0	സാമൂതിരികോളേജിലേക്ക്	22	0	0
	314	8	9		111	8	6

റിപ്പോർട്ട് പ്രസിദ്ധം ചെയ്തതിന്റെ കണക്ക്.

വിവരം	വരവ്. ക	ണ.	പ	വിവരം.	ചിലവ്. ക.	ണ	പ
സമ്മേളനച്ചിലവു കഴിച്ചു് ബാക്കി	203	0	3	അച്ചടി, കെട്ടു്.....	112	8	0
				കടലാസ്സു്	24	11	3
				ബ്ലോക്കുകൾ	15	0	0
				ആപ്പീസ്സു് വേലക്കു്	30	0	0
				ഉപന്യാസങ്ങൾ പകർത്തി എഴുതിക്കുവാൻ	5	0	0
				തപ്പാൽക്കൂലി. എഴുത്തുസാമാനങ്ങൾ	3	12	9
				റിപ്പോർട്ട് 160 കോപ്പികൾ അയച്ചുകൊടുക്കുവാൻ നീക്കിവെച്ചതു്.	12	0	3
	203	0	3		203	0	3

PUBLIC LIBRARY K. JACOB THOMAS MEMORIAL KARYALAYA MANIMALA